www.malankaralibrary.com

# സങ്കീർത്തനങ്ങൾ

## (*മസ്മോറേ*)

സങ്കീർത്തനങ്ങൾ ദാവീദിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും വിവിധകാലങ്ങളിൽ, വിവിധ കർത്താക്കൾ നിർമ്മിച്ച ദൈവാരാധനാഗീതങ്ങളാണ് അവ. ഇസ്രായേൽജനം അവരുടെ ജീവിതത്തിലെ ക്ലേശങ്ങൾ, സന്തോഷങ്ങൾ, സുഖം, ദുഃഖം, ജയം, പരാജയം എന്നുവേണ്ട അനുദിന ജീവിതത്തിലെ അനുഭവങ്ങളത്രയും ആരാധനാരൂപത്തിൽ തങ്ങളുടെ ദൈവമായ കർത്താവിന്റെ മുമ്പിൽ സമർപ്പിക്കയാണു ഈ ഗീതങ്ങളിൽ. അങ്ങനെ സങ്കീർത്തനങ്ങളുടെ അന്തർധാര, ദൈവാരാധന തന്നെ! ദൈവം തങ്ങളുടെ സ്വന്തമാണ്, തങ്ങൾ ദൈവത്തിന്റെ ജനവുമാണ്. തങ്ങൾക്കു സംഭവിക്കുന്നതിലെല്ലാം ദൈവഹിതം അടങ്ങിയിരിക്കുന്നു. അതിനാൽ തങ്ങൾ അനുഭവിക്കേണ്ടി വരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കുമെല്ലാം പകരം ചോദിക്കാൻ അവൻ കടപ്പെട്ടവനാണ്. ഈ ചിന്താരീതിക്കനുസൃതമായി രൂപപ്പെടുത്തിയ പ്രാർത്ഥനകളാണ് സങ്കീർത്തനങ്ങൾ. നമ്മുടെ ഹൃദയത്തിന്റെ നിജസ്ഥിതി യഥായഥം ദൈവത്തിനു മുമ്പിൽ അർപ്പിക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥനയെന്നു സങ്കീർത്തനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

മനസ്സിൽ കടന്നുവരുന്ന വൈരാഗ്യം, ഇതരരെ ശപിക്കാനുള്ള പ്രവണത, തങ്ങൾ ദൈവത്തിന്റേതായിരുന്നിട്ടും അവൻ തങ്ങളെ കൈവെടിഞ്ഞു എന്നുള്ള പരാതി– ഇവയെല്ലാം അതേപടി തിരുസന്നിധിയിൽ സമർപ്പിക്കുന്നതും പ്രാർത്ഥനയാണ്. ഈ കാഴ്ചപ്പാടിൽ ആയാസരഹിതമായ ഒരു പ്രവൃത്തിയാണ് പ്രാർത്ഥന. അത് മനുഷ്യപ്രകൃതിയ്ക്കനുഗുണവുമാണ്.

സങ്കീർത്തനങ്ങൾ ദാവീദുമായി ബന്ധപ്പെട്ടവയാണ്. അയാൾതന്നെ പല സങ്കീർത്തനങ്ങളും രചിച്ചു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. തന്റെ ജീവിതത്തിലെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും ദാവീദ് പ്രാർത്ഥനാരൂപമേകി. അതിനു സാമൂഹികമായ ഒരു മാനം നൽകി. സങ്കീർത്തനഗ്രന്ഥത്തിൽ വ്യക്തിയുടേത് എന്നു തോന്നാവുന്ന പ്രാർത്ഥനകൾക്കുപോലും സാമൂഹികമായ മേഖലയുണ്ട്. മനുഷ്യൻ സാമൂഹ്യജീവിയാണ്. തന്മൂലം മറ്റുള്ളവരോടൊന്നിച്ചുവേണം ദൈവത്തിലേക്കു തിരിയാൻ. സർവ്വ സൃഷ്ടജാലങ്ങളോടുംകൂടി ദൈവത്തെ സ്തുതിക്കുക അയാളുടെ കർത്തവ്യമാണ്. ആത്മാവു മാത്രമല്ല ദൈവാരാധനയിൽ പങ്കുകൊള്ളേണ്ടത്, ശരീരവും അതിൽ ഭാഗഭാക്കാകണം.

സങ്കീർത്തനങ്ങളിൽ മുഖ്യമായ രണ്ടു ഗണങ്ങളാണ് പരിദേവനത്തിന്റെയും സ്തുതിയുടെയും പ്രാർത്ഥനകൾ. വ്യക്തിയുടേതും സമൂഹത്തിന്റേതുമായ പരിദേവനങ്ങളുണ്ട്. വ്യക്തിഗത വിലാപങ്ങളിൽ സമൂഹ ജീവിയായ മനുഷ്യന്റെ ആത്മാവു നിഴലിക്കുന്നു. ഇത്തരം സങ്കീർത്തനങ്ങൾ പരാതി പറച്ചിലിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല; അവ അവസാനിക്കുക പ്രകീർത്തനത്തിലാണ്. ചുരുക്കത്തിൽ എല്ലാവിധ പ്രാർത്ഥനകളും സ്തുതിയിലേക്കു നയിക്കുന്നവയാണ്. ദൈവത്തെ പുകഴ്ത്തുക, ജീവിതം സ്തുതിയുടെ ആഘോഷമാക്കിത്തീർക്കുക– ഇതാണു മനുഷ്യന്റെ ദൈവവിളി.

സങ്കീർത്തനങ്ങൾ വിജ്ഞാന ഗ്രന്ഥപരമ്പരയിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിന്റെ ഒരു പ്രധാന കാരണം സങ്കീർത്തനങ്ങളിൽ ചിലവ വിജ്ഞാനസങ്കീർത്തനങ്ങളാണെന്നതാണ്. നിയമത്തെക്കുറിച്ചുള്ള സങ്കീർത്തനങ്ങളും വിജ്ഞാനശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു.

മറ്റു ചില സങ്കീർത്തന രൂപങ്ങൾ: രാജകീയ സങ്കീർത്തനങ്ങൾ (ദൈവത്തിന്റെയും അവന്റെ പ്രതിനിധിയായ രാജാവിന്റെയും), സെഹിയോൻ സങ്കീർത്തനങ്ങൾ, ചരിത്രസങ്കീർത്തനങ്ങൾ, മുതലായവ.

സങ്കീർത്തനങ്ങളെ കൃത്യമായി തരംതിരിക്കുക അസാദ്ധ്യമാണ്. ചില സങ്കീർത്തനങ്ങൾ സമ്മിശ്രിതങ്ങളാണ്. വിവിധതരം സങ്കീർത്തനങ്ങളുടെ ഏകദേശമായ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| പരിദേവനങ്ങൾ, വ്യക്തിയുടെ | : | 3, (4?), 5, 7, 9, 10, 13, 14, 17, 22, 25, 26, |
| | | 27:7–14, 28, 31, 35, 39, 40:12–17, 41, 42, |

www.malankaralibrary.com

| | | |
|---|---|---|
| | | 43, 52, 53, 54, 55, 56, 57, 59, 61, 64, 69, 70, 71, 77, 86, 88, 89, 109, 120, 139, 140, 141, 142. |
| പരിദേവനങ്ങൾ, സമൂഹത്തിന്റെ | : | 12, 44, 58, 60, 74, 79, 80, 83, 85, 90, 94, 123, 126, 129, 137. |
| സ്തുതിഗീതങ്ങൾ | : | 8. 19:1–6, 33, 100, 103, 104, 113, 114, 117, 145, 146, 147, 148, 149, 150. |
| കൃതജ്ഞതാഗീതങ്ങൾ, വ്യക്തിയുടെ | : | 18, 30, 32, 34, 40:1–11, 66:13–20, 92, 116, 118, 138. |
| കൃതജ്ഞതാ ഗീതങ്ങൾ, സമൂഹത്തിന്റെ | : | 65, 67, 75, 107, 124, 136 |
| രാജകീയ സങ്കീർത്തനങ്ങൾ | : | 2, 18, 20, 21, 45, 72, 101, 110 |
| സിംഹാസനാരോഹണഗീതങ്ങൾ | : | 24, 29, 47, 93, 95, 96, 97, 98, 99 |
| ചരിത്ര സങ്കീർത്തനങ്ങൾ | : | 50, 78, 89, 105, 106, 132, 135, 136 |
| വിജ്ഞാനകീർത്തനങ്ങൾ | : | 36, 37, 49, 73, 112, 127, 128, 133. |
| നിയമ സങ്കീർത്തനങ്ങൾ | : | 1, 19: 7–14, 119 |
| സെഹിയോൻ സങ്കീർത്തനങ്ങൾ | : | 46, 48, 76, 84, 87, 122. |

സങ്കീർത്തനങ്ങൾക്കാമുഖമായി ചില വാക്കുകളും വാചകങ്ങളും പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഉദാ: ദാവീദിന്റെ, സംഗീതോപകരണങ്ങളുടെ നാമങ്ങൾ, ഗാനസംഘത്തിനുള്ള മറ്റു നിർദ്ദേശങ്ങൾ..... ഇത്തരം മുഖവുരകൾ ഈ വിവർത്തനത്തിൽച്ചേർത്തിട്ടില്ല.

സങ്കീർത്തനങ്ങൾ തിരുസ്സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ്. ഈശോയിലും അവൻ ഉടമ്പടി ചെയ്ത് സ്വന്തമാക്കിയ സമൂഹമായ തിരുസ്സഭയിലും പഴയ നിയമസങ്കീർത്തനങ്ങൾ നിവർത്തിതമാകുന്നു. സഭാത്മകമായ ഈ കാഴ്ചപ്പാടിൽ വേണം സങ്കീർത്തനങ്ങളെ നാം സമീപിക്കുക.

## സങ്കീർത്തനം 1

ദുഷ്ടന്മാരുടെ വഴിയിൽ നടക്കാത്തവനും
പാപികളുടെ അഭിപ്രായത്തിൽ നില്ക്കാത്തവനും
2. പരിഹാസകരുടെ സംഘത്തിൽ വ്യാപരിക്കാത്തവനും ഭാഗ്യവാൻ.
അയാളുടെ മനസ്സ് കർത്താവിന്റെ പ്രമാണത്തിലാണ്.
അതേപ്പറ്റി അയാൾ രാപകൽ ധ്യാനിക്കുന്നു.
3. നീർച്ചാലിനു സമീപം നട്ടിരിക്കുന്നതും
യഥാകാലം ഫലം തരുന്നതും
ഇലകൾ കൊഴിയാത്തതുമായ
മരം പോലെയാണ് അയാൾ.
തുടങ്ങുന്നതെല്ലാം അയാൾ പൂർത്തിയാക്കുന്നു.
4. ദുഷ്ടന്മാർ അങ്ങനെയല്ല;
പിന്നെയോ കാറ്റു പറത്തുന്ന പൊടിപോലെയാണ്.
5. ആകയാൽ ദുഷ്ടന്മാർ വിധിയിൽ
നീതീകരിക്കപ്പെടുകയില്ല.
പാപികൾ നീതിമാന്മാരുടെ സമൂഹത്തിലും.
6. എന്തെന്നാൽ നീതിമാന്മാരുടെ വഴി കർത്താവറിയുന്നു.
ദുഷ്ടന്മാരുടെ വഴി നശിക്കും.

## സങ്കീർത്തനം 2

എന്തിനാണ് വിജാതീയർ കലഹിച്ചത്?
ജനതകൾ വ്യർത്ഥത വിചാരിച്ചതുമെന്തിന്?
2. കർത്താവിനും അവന്റെ അഭിഷിക്തനും എതിരെ
ഭൂമിയിലെ രാജാക്കന്മാരും അധികാരികളും എഴുന്നേറ്റു.
3. നമുക്ക് അവരുടെ ബന്ധങ്ങൾ തകർത്ത്
അവരുടെ നുകം നമ്മിൽ നിന്നു നീക്കം ചെയ്യാം.
4. ആകാശത്തിലിരിക്കുന്നവൻ ചിരിക്കും;
കർത്താവ് അവരെ പരിഹസിക്കും.
5. അവൻ അവരോടു രോഷാകുലനായി സംസാരിക്കും.
അവന്റെ ക്രോധത്തിൽ അവരെ വിറപ്പിക്കും.
6. എന്റെ ഉടമ്പടി അറിയിക്കുന്നതിനായി,
7. എന്റെ പരിശുദ്ധഗിരിയായ സെഹിയോനിൽ
എന്റെ രാജാവിനെ ഞാൻ വാഴിച്ചു;
കർത്താവ് എന്നോട് അരുളിച്ചെയ്തു:
നീ എന്റെ പുത്രനാകുന്നു;
ഇന്നു ഞാൻ നിനക്കു ജന്മമേകി.
8. എന്നോടു ചോദിക്കുക, വിജാതീയരെ നിന്റെ അവകാശമായും

www.malankaralibrary.com


9. ഭൂമിയുടെ അതിരുകളെ നിനക്കു കൈവശമായും ഞാൻ തരാം.
ഇരുമ്പുദണ്ഡുകൊണ്ട് നീ അവരെ ഭരിക്കും;
കുശവന്റെ പാത്രങ്ങൾപോലെ നീ അവരെ തകർക്കും.
10. രാജാക്കന്മാരേ, നിങ്ങൾ ഇപ്പോൾ ഗ്രഹിക്കുക;
ഭൂമിയിലെ ഭരണാധികാരികളേ, മനസ്സിലാക്കുക.
11. ഭയത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുക;
വിറയലോടെ അവനെ ആശ്ലേഷിക്കുക.
12. അവൻ കോപിക്കുകയും, നിങ്ങൾ അവന്റെ വഴിവിട്ട്
നശിക്കയും ചെയ്യാതിരിക്കേണ്ടതിന്
അവന്റെ പാദം ചുംബിക്കുക.
കാരണം, പെട്ടെന്ന് ജ്വലിക്കുന്നതാണ് അവന്റെ കോപം.
അവനിൽ ആശ്രയിക്കുന്നവർ ഭാഗ്യവാന്മാർ!

## സങ്കീർത്തനം 3

കർത്താവേ, എന്നെ പീഡിപ്പിക്കുന്നവർ എത്രയേറെ വർദ്ധിച്ചിരിക്കുന്നു;
എനിയ്ക്കെതിരായി നിന്നവരും വളരെ.
2. 'നിന്റെ ദൈവത്തിൽ നിനക്കു രക്ഷയില്ല'
എന്ന് എന്നോടു പറയുന്നവർ ഏറെയുണ്ട്.
3. എന്നാൽ എന്റെ തുണയും മഹത്വവും, എന്റെ സമുദ്ധാരകനും,
കർത്താവേ, നീ ആകുന്നുവല്ലോ.
4. സ്വരമുയർത്തി ഞാൻ കർത്താവിനെ വിളിച്ചു;
തന്റെ വിശുദ്ധമലയിൽനിന്ന് അവൻ എനിക്ക് മറുപടി തന്നു.
5. ഞാൻ കിടന്നുറങ്ങുകയും ഉണരുകയും ചെയ്തു;
കാരണം കർത്താവ് എന്നെ സഹായിച്ചു.
6. എന്നെ വലയം ചെയ്ത് എനിക്കെതിരായി നിലകൊള്ളുന്ന ജനത്തിന്റെ പതിനായിരങ്ങളെ
ഞാൻ ഭയപ്പെടുകയില്ല.
7. എന്റെ ദൈവമായ കർത്താവേ,
എഴുന്നേറ്റ് എന്നെ രക്ഷിക്കേണമേ!
നീ എന്റെ ശത്രുക്കളുടെയെല്ലാം കന്നത്തടിച്ച്,
ആ ദുഷ്ടന്മാരുടെ പല്ലുകൾ നീ തകർത്തു.
8. രക്ഷ കർത്താവിന്റേതാകുന്നു;
നിന്റെ ജനത്തിന്മേൽ നിന്റെ അനുഗ്രഹമെന്നേക്കും.

## സങ്കീർത്തനം 4

എന്റെ ദൈവമേ, എന്റെ നീതിമാനായ രക്ഷിതാവേ,
ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എനിക്ക് ഉത്തരം നൽകി.
എന്റെ ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ചു.
എന്നിൽ ദയതോന്നി എന്റെ പ്രാർത്ഥന കേൾക്കണമേ.
2. മനുഷ്യരേ, നിങ്ങൾ എത്രനാൾ എന്റെ പ്രശസ്തി മറച്ചുവയ്ക്കുകയും
വ്യർത്ഥതയെ സ്നേഹിച്ച് നിത്യം വ്യാജം തേടി നടക്കുകയും ചെയ്യും?
3. തിരഞ്ഞെടുക്കപ്പെട്ടവനെ കർത്താവ് അത്ഭുതകരമായി
തനിക്കുവേണ്ടി വേർതിരിച്ചു എന്ന് നിങ്ങൾ അറിയുവിൻ.
ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.
4. കോപിച്ചുകൊള്ളുക; പക്ഷേ പാപമാകരുത്;
നിങ്ങൾ ഹൃദയംകൊണ്ടു പ്രാർത്ഥിക്കുവിൻ;
നിങ്ങളുടെ കിടക്കയിൽ ധ്യാനിക്കുവിൻ.
5. നീതിയുടെ ബലികൾ അർപ്പിക്കുകയും
കർത്താവിൽ പ്രത്യാശവയ്ക്കുകയും ചെയ്യുവിൻ.
6. നല്ലവനെ നമുക്കു കാണിച്ചുതരാൻ ആരാണുള്ളത്?
അവന്റെ മുഖപ്രകാശം നമ്മുടെമേൽ ചൊരിയാൻ ആരുണ്ട്?
എന്നു ചോദിക്കുന്ന പലരുമുണ്ട്.
7. അവരുടെ കോതമ്പും വീഞ്ഞും എണ്ണയും
സമാധാനകാലത്ത് വർദ്ധിച്ചതിലുപരി
കർത്താവേ, നിന്റെ സന്തോഷം എന്റെ ഹൃദയത്തിൽ നീ പ്രദാനം ചെയ്തു.
8. ഞാൻ കിടന്നുറങ്ങും;
കർത്താവേ, എന്നെ മാത്രമാണല്ലോ നീ
സമാധാനത്തിൽ വസിപ്പിക്കുന്നത്.

## സങ്കീർത്തനം 5

കർത്താവേ, എന്റെ വചനങ്ങൾ ചെവിക്കൊള്ളുകയും,
എന്റെ ചിന്ത മനസ്സിലാക്കുകയും ചെയ്യണമേ.
2. എന്റെ രാജാവേ, എന്റെ ദൈവമേ,
എന്റെ നിലവിളിയുടെ സ്വരം നീ ശ്രദ്ധിക്കേണമേ!
നിന്നോടാണല്ലോ ഞാൻ പ്രാർത്ഥിക്കുന്നത്.
3. കർത്താവേ പ്രഭാതത്തിൽ നീ എന്റെ സ്വരം കേൾക്കണമേ;
രാവിലെ ഞാൻ ഒരുങ്ങി നിന്റെ മുമ്പാകെ ആഗതനാകും.
4. നീ ദുഷ്ടതയിൽ പ്രസാദിക്കാത്ത ദൈവമാണല്ലോ.
ദുഷ്ടൻ നിന്നോടൊത്തു വസിക്കുകയുമില്ല.
5. ആത്മപ്രശംസകർ നിന്റെ കൺമുമ്പിൽ നിൽക്കുകയില്ല;
വഞ്ചന പ്രവർത്തിക്കുന്നവരെയെല്ലാം നീ വെറുക്കുന്നു.
6. വ്യാജം പറയുന്നവരെ നീ നശിപ്പിക്കും;
രക്തംചൊരിയുന്നവനെയും ചതിയനെയും
കർത്താവ് തിരസ്കരിക്കും.
7. ഞാനോ നിന്റെ കൃപയുടെ സമൃദ്ധിയാൽ നിന്റെ ഭവനത്തിൽ പ്രവേശിച്ച്,
നിന്റെ വിശുദ്ധാലയത്തിൽ ആരാധന നടത്തും.
8. കർത്താവേ, നിന്റെ ഭയത്തിലും നിന്റെ നീതിയിലും
നീയെന്നെ നയിക്കണമേ!
എന്റെ ശത്രുക്കൾ കാരണം എനിക്കുമുമ്പിൽ നിന്റെ
വഴി ചൊവ്വാക്കിത്തരേണമേ.
9. എന്തെന്നാൽ അവരുടെ നാവിൽ സത്യമില്ല.
അവരുടെ ഉള്ളിലോ ദുഷ്ടതയാകുന്നു.

തുറന്ന ശവക്കുഴിപോലെയാകുന്നു അവരുടെ തൊണ്ട
കൾ;
അവർ വാക്കുവ്യത്യാസം ചെയ്യുന്നവരുമാകുന്നു.
10. ദൈവമേ, അവരെ നീ ശിക്ഷിക്കണമേ!
അവരുടെ വാഗ്ദാനങ്ങളിൽ അവർ വീഴ്ചവരുത്തു
ന്നു;
അവരുടെ ദുഷ്ടതയുടെ ആധിക്യത്താൽ
അവർ നിന്നെ നീരസപ്പെടുത്തിയതുകൊണ്ട്
നീ അവരെ തള്ളിക്കളയണമേ!
11. നിന്നിൽ പ്രത്യാശ വയ്ക്കുന്നവരെല്ലാം സന്തോഷി
ക്കും;
അവർ എന്നേക്കും നിന്നെ സ്തുതിക്കുകയും,
നീ അവരിൽ വസിക്കുകയും ചെയ്യും.
നിന്റെ നാമത്തെ സ്നേഹിക്കുന്നവരെല്ലാം നിന്നിൽ
ശക്തിപ്രാപിക്കും.
12. എന്തെന്നാൽ നീതിമാന്മാരെ നീ അനുഗ്രഹിക്കും;
കർത്താവേ, തക്ക പരിചകൊണ്ടെന്നപോലെ
എന്നെ നീ സംരക്ഷിക്കേണമേ.

## സങ്കീർത്തനം 6

കർത്താവേ, കോപത്തോടെ എന്നെ ശാസിക്കരുതേ;
ക്രോധത്തോടെ എന്നെ ശിക്ഷിക്കുകയുമരുതേ!
2. കർത്താവേ, ഞാൻ രോഗിയാണ്;
എന്നിൽ കനിയണമേ.
എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു;
കർത്താവേ, എന്നെ സുഖപ്പെടുത്തണമേ.
3. എന്റെ മനസ്സ് ഏറ്റം ഇളകിവശായിരിക്കുന്നു.
കർത്താവേ, ഇത് എത്ര നാളത്തേക്കാണ്?
4. കർത്താവേ, കടാക്ഷിച്ച് എന്നെ രക്ഷിക്കണമേ.
നിന്റെ കൃപയാൽ എനിക്കു രക്ഷ നല്കേണമേ.
5. എന്തെന്നാൽ മരണത്തിൽ നിന്റെ സ്മരണ ഇല്ല;
ശിയോലിൽ ആരു നിന്നെ സ്തുതിക്കും?
6. എന്റെ നെടുവീർപ്പുകളാൽ ഞാൻ ക്ഷീണിച്ചു;
എല്ലാ രാത്രിയിലും കണ്ണുനീരുകൊണ്ട് എന്റെ കട്ടിൽ
നനച്ച്,
എന്റെ കിടക്ക ഞാൻ ഈറനാക്കി.
7. കോപം മൂലം എന്റെ കണ്ണിനു വേദനയായി;
എന്റെ ശത്രുക്കൾ നിമിത്തം ഞാൻ കലങ്ങി.
8. ദുഷ്കർമ്മം ചെയ്യുന്നവരേ, നിങ്ങളെല്ലാം എന്നെ
വിട്ടകലുവിൻ;
എന്തുകൊണ്ടെന്നാൽ എന്റെ വിലാപസ്വരം കർത്താവ്
കേട്ടിരിക്കുന്നു.
9. എന്റെ യാചന കർത്താവു കേട്ടു.
കർത്താവ് എന്റെ പ്രാർത്ഥന കൈക്കൊണ്ടു.
10. എന്റെ ശത്രുക്കളെല്ലാം ലജ്ജിതരാകട്ടെ;
അവർ നിശ്ശേഷം ചിതറിക്കപ്പെടട്ടെ;
അവർ പിന്തിരിഞ്ഞ് അതിവേഗം നാശമടയട്ടെ.

## സങ്കീർത്തനം 7

എന്റെ ദൈവമായ കർത്താവേ, നിന്നിൽ ഞാൻ
പ്രത്യാശയർപ്പിച്ചു,
എന്നെ നീ രക്ഷിക്കണമേ,
എന്നെ പീഡിപ്പിക്കുന്നവരിൽ നിന്നെല്ലാം എന്നെ
മോചിപ്പിക്കണമേ.
2. സിംഹത്തെപ്പോലെ എന്നെ തകർക്കാതിരിക്കാൻ
എന്റെ എല്ലാ മർദ്ദകരിൽനിന്നും എന്നെ രക്ഷിക്ക
ണമേ!
എന്നെ രക്ഷിക്കുന്നതിനും മോചിപ്പിക്കുന്നതിനും ആരു
മില്ല.
3. എന്റെ ദൈവമായ കർത്താവേ, ഞാൻ ഇതു ചെയ്തെ
ങ്കിൽ,
എന്റെ പക്കൽ കുറ്റമുണ്ടെങ്കിൽ,
4. എന്നോടു തിന്മ ചെയ്തവനോടു ഞാൻ പ്രതികാരം
ചെയ്തിട്ടുണ്ടെങ്കിൽ,
എന്റെ ശത്രുവിനെ കാരണം കൂടാതെ ഞാൻ പീഡി
പ്പിച്ചിട്ടുണ്ടെങ്കിൽ,
5. ശത്രു എന്നെ പിന്തുടർന്നു പിടികൂടട്ടെ;
നിലത്തിട്ട് എന്നെ ചവിട്ടി മെതിക്കട്ടെ;
എന്റെ അഭിമാനത്തെ പൂഴിയിലാഴ്ത്തട്ടെ.
6. കർത്താവേ, കോപത്തോടെ നീ എഴുന്നേല്ക്കണമേ!
എന്റെ ശത്രുക്കൾക്കുമേൽ നീ പ്രബലപ്പെടണമേ!
നീ കല്പിച്ച വിധിക്കു തക്കവണ്ണം എന്നിൽ തത്പരനാ
യാലും
7. ജനതകളുടെ സമൂഹം നിന്നെ വലയം ചെയ്യും.
അവരെ പരിഗണിക്കാതെ ഉയരത്തിലേയ്ക്കു നീ
തിരിയും.
8. കർത്താവ് വിജാതീയരെ വിധിക്കും;
എന്റെ നീതിയനുസരിച്ചും എന്റെ പരമാർത്ഥതയെക്കാ
ത്തവിധവും
കർത്താവേ, എന്നെ വിധിക്കണമേ!
9. ഹൃദയത്തെയും അരകളെയും പരിശോധിക്കുന്നവനേ,
നീതിമാനെ ഉറപ്പിക്കണമേ.
ദുഷ്ടരുടെമേൽ തിന്മ പൂർത്തിയാകട്ടെ!
10. നീതിമാനായ ദൈവം എന്റെ സഹായകൻ ആകുന്നു;
ഹൃദയപരമാർത്ഥതയുള്ളവരെ രക്ഷിക്കുന്ന ദൈവം.
11. ദൈവം നീതിയുള്ള വിധിയാളനാകുന്നു;
അവൻ എന്നും കോപിക്കുന്നില്ല.
എന്നാൽ അയാൾ മനസ്സു തിരിയാതിരുന്നാൽ
അവൻ തന്റെ വാളിനു മൂർച്ച കൂട്ടുകയും
വില്ലു കുലയ്ക്കുകയും ചെയ്യും.
13. കോപത്തിന്റെ ആയുധങ്ങൾ അവൻ തന്നെ ഒരു
ക്കുന്നു;
തന്റെ അസ്ത്രങ്ങളെ അവൻ തീയമ്പുകളാക്കുന്നു.
14. പാപി സംഗമിച്ച് ദുഷ്ടതയെ ഗർഭം ധരിച്ചു;
വ്യാജത്തെ പ്രസവിച്ചു.
15. അയാൾ കുഴി കുഴിച്ച് കുറ്റക്കാരനായി.
അയാൾ കുത്തിയ കുഴിയിൽതന്നെ അയാൾ വീണു.
16. അയാളുടെ ദുഷ്കൃത്യം സ്വന്ത തലയിൽത്തന്നെ
പതിക്കട്ടെ;
അയാളുടെ ദുഷ്ടത അയാളുടെ നെറുകയിലിറങ്ങട്ടെ.
17. എന്റെ നീതിക്കനുസൃതമായി ഞാൻ കർത്താവിനെ
സ്തുതിക്കും;

www.malankaralibrary.com


ഉന്നതനായ കർത്താവിന്റെ നാമത്തെ ഞാൻ പാടി
പ്പുകഴ്ത്തും.

## സങ്കീർത്തനം 8

കർത്താവേ, ഞങ്ങളുടെ കർത്താവേ,
ഭൂമിയിലെങ്ങും എത്ര മഹത്വമേറിയതാണ് നിന്റെ തിരു
നാമം;
നിന്റെ മഹത്വം ആകാശങ്ങൾക്കുമേൽ നീ സ്ഥാപിച്ചി
രിക്കുന്നു.
2. പ്രതികാരം ചെയ്യുന്ന ശത്രു നശിക്കേണ്ടതിന്;
നിന്റെ ശത്രുക്കൾ നിമിത്തം;
യുവാക്കന്മാരുടെയും ബാലന്മാരുടെയും വായിൽനിന്ന്
നിനക്കു സ്തുതി നീ തയ്യാറാക്കി.
3. നിന്റെ അംഗുലികളുടെ പ്രവൃത്തിയായ ആകാശ
ങ്ങളെയും,
നീ സ്ഥാപിച്ച ചന്ദ്രനെയും നക്ഷത്രങ്ങളെയും അവർ
കണ്ടു.
4. നീ മനുഷ്യനെ ഓർക്കാൻ അവൻ എന്താണ്?
അല്ലെങ്കിൽ മർത്യനെ സന്ദർശിക്കാൻ അവൻ ആ
രാണ്?
5. മാലാകാമാരെക്കാൾ വലിയ ഭേദമെന്യേ
നീ അവനെ സൃഷ്ടിച്ചു.
മഹിമയാലും മഹത്വത്താലും നീ അവനെ അലങ്കരിച്ചു.
6. നിന്റെ കരങ്ങളുടെ പ്രവൃത്തികളിന്മേൽ അവനെ നീ
അധികാരപ്പെടുത്തി;
എല്ലാറ്റിനെയും അവന്റെ കാലുകൾക്കു കീഴിലാക്കി.
7. എല്ലാ ആടുമാടുകളെയും എന്നല്ല വന്യജീവികളെയും,
8. ആകാശപ്പറവകളെയും,
സമുദ്രവീഥികളിൽ ചരിക്കുന്ന മത്സ്യങ്ങളെയും എല്ലാം.
9. കർത്താവേ, ഞങ്ങളുടെ കർത്താവേ,
ഭൂമിയിലെങ്ങും എത്ര മഹത്വമേറിയതാണ് നിന്റെ
നാമം!

## സങ്കീർത്തനം 9

പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു
സ്തോത്രം അർപ്പിക്കും:
നിന്റെ അത്ഭുത പ്രവൃത്തികൾ എല്ലാം ഞാൻ വിവ
രിക്കും.
2. ഞാൻ നിന്നിൽ സന്തോഷിച്ച് ആഹ്ളാദിക്കും;
അത്യുന്നതനേ, നിന്റെ നാമത്തെ ഞാൻ പാടിസ്തുതി
ക്കും.
3. എന്റെ ശത്രുക്കൾ പിന്തിരിയുമ്പോൾ,
അവർ നിന്റെ മുമ്പിൽ ഇടറി വീണു നശിക്കും.
4. എന്തെന്നാൽ എന്റെ പ്രതികാരവും ന്യായവിധിയും
നീ ചെയ്തു.
നീതിമാനായ ന്യായാധിപാ, നീ ന്യായാസനത്തിലിരുന്ന്,
5. ജനതകളെ ശാസിക്കുകയും, ദുഷ്ടരെ നശിപ്പിക്കുക
യും ചെയ്തു.
നീ അവരുടെ നാമങ്ങൾ എന്നേക്കുമായി മായിച്ചു
കളഞ്ഞു.
6. എന്റെ ശത്രുക്കൾ വാളാൽ നിത്യമായി നശിച്ചു;
പട്ടണങ്ങൾ നീ നിർമ്മൂലമാക്കി;
അവരുടെ ഓർമ്മയും നീ ഇല്ലാതാക്കി.
7. എന്നാൽ കർത്താവ് എന്നേക്കും നിലനില്ക്കുന്നു;
8. ലോകത്തെ നീതിയോടും
ജനതകളെ ന്യായത്തോടും വിധിക്കേണ്ടതിന്,
അവന്റെ സിംഹാസനം നീതിവിധിക്കായി ഒരുക്കപ്പെട്ടി
രിക്കുന്നു.
9. കർത്താവ് ദരിദ്രരുടെ അഭയവും,
അനർത്ഥകാലത്ത് അവരുടെ സഹായകനും ആയി
രിക്കും.
10. നിന്റെ നാമത്തെ അറിയുന്നവരെല്ലാം നിന്നിൽ പ്രത്യാശ
അർപ്പിക്കും;
കർത്താവേ, നിന്നെ തേടുന്നവരെ നീ ഉപേക്ഷിക്കയി
ല്ലല്ലോ.
11. സെഹിയോനിൽ വസിക്കുന്ന കർത്താവിന്
കീർത്തനങ്ങൾ ആലപിക്കുവിൻ;
അവന്റെ ചെയ്തികളെ ജനതകളുടെ ഇടയിൽ
വിവരിക്കുവിൻ.
എന്തെന്നാൽ ദരിദ്രരുടെ നിലവിളി അവൻ വിസ്മരി
ക്കുന്നില്ല;
അവരുടെ രക്തത്തിന് പ്രതികാരം ചെയ്യാൻ
അവനോർമ്മയുണ്ട്.
13. കർത്താവേ, എന്നിൽ കനിയണമേ.
മരണ കവാടങ്ങളിൽനിന്ന് എന്നെ ഉദ്ധരിക്കുന്നവനേ,
എന്നെ ദ്വേഷിക്കുന്നവർ നിമിത്തമുള്ള
എന്റെ അടിമത്തം കണ്ടാലും!
14. സെഹിയോന്റെ കവാടങ്ങളിൽ നിന്റെ
അത്ഭുതപ്രവൃത്തികളെ ഞാൻ പ്രഘോഷിക്കും;
നീ നല്കിയ രക്ഷയിൽ ഞാൻ ആഹ്ലാദിക്കും.
15. ജാതികൾ കുഴിച്ച കുഴിയിൽ അവർ തന്നെ താണു;
അവർ ഒളിച്ചുവച്ച കെണിയിൽ അവരുടെ കാലുകൾ
കുടുങ്ങി.
16. കർത്താവു ചെയ്യുന്ന വിധി താൻ പരസ്യമാക്കുന്നു.
അവന്റെ കരങ്ങളുടെ പ്രവൃത്തിയിൽ ദുഷ്ടൻ കുടുങ്ങി
പ്പോകുന്നു.
17. ദുഷ്ടരും ദൈവത്തെ മറക്കുന്ന എല്ലാ ജനങ്ങളും
ശിയോലിൽ പതിക്കും.
18. എന്തെന്നാൽ ദരിദ്രൻ നിത്യമായി വിസ്മരിക്കപ്പെടുക
യില്ല;
ദരിദ്രരുടെ പ്രത്യാശയെ നീ ഒരിക്കലും വ്യർത്ഥമാക്കു
കയില്ല.
19. കർത്താവേ എഴുന്നേറ്റാലും; മനുഷ്യൻ പ്രബലപ്പെടാ
തിരിക്കട്ടെ,
ജനതകൾ നിന്റെ സന്നിധിയിൽ വിധിക്കപ്പെടട്ടെ.
20. തങ്ങൾ മനുഷ്യർ മാത്രമാണെന്ന് വിജാതീയർ ഗ്രഹി
ക്കാൻ വേണ്ടി
അവർക്ക് ഒരു നിയമദാതാവിനെ നീ നിയോഗിക്ക
ണമേ.

## സങ്കീർത്തനം 10

കർത്താവേ,എന്തുകൊണ്ട് നീ അകലെ നില്ക്കുകയും,

www.malankaralibrary.com

കഷ്ടപ്പാടിന്റെ കാലത്ത് നിന്റെ ദൃഷ്ടി മാറ്റുകയും ചെയ്തു?
2. ദുഷ്ടന്റെ ജല്പനത്തിൽ ദരിദ്രൻ എരിയുന്നു;
അവർ ഒരുക്കിയ പദ്ധതിയിൽ അവർ തന്നെ പിടിക്കപ്പെടും.
3. എന്തുകൊണ്ടെന്നാൽ ദുഷ്ടൻ തന്റെ ദുരാശകളിൽ പ്രശംസിക്കുന്നു.
ദുഷ്ടന്റെ അഭിവൃദ്ധിയിൽ
കർത്താവ് അതൃപ്തനാണ്.
4. അക്രമി തന്റെ അഹന്തയിൽ ദൈവത്തെ തേടുന്നില്ല.
അയാളുടെ ചിന്തകളിലൊന്നും ദൈവമില്ല.
5. അയാളുടെ വഴികൾ എപ്പോഴും വഷളാകുന്നു;
നിന്റെ വിധി അയാൾക്കെതിരെ ഉയർന്നു നില്ക്കുന്നു.
വിരോധികളെയെല്ലാം അയാൾ നിന്ദിക്കുന്നു.
6. ഞാൻ ഒരിക്കലും ഇളകുകയില്ല എന്ന് അയാൾ ഹൃദയത്തിൽപ്പറയുന്നു;
അയാൾ തിന്മ വിചാരിക്കുന്നു.
7. അയാളുടെ വായ് ശാപം നിറഞ്ഞതാകുന്നു;
ചതിയും വഞ്ചനയും, ദ്രോഹവും വ്യാജവും അയാളുടെ നാവിലുണ്ട്.
8. അയാൾ കെണിയൊരുക്കി സ്വവസതിയിൽ പതിയിരിക്കുന്നു;
ഒളിവിൽ നീതിമാനെ നിഗ്രഹിക്കുന്നു;
അയാളുടെ കണ്ണുകൾ അഗതിയെ നോട്ടമിടുന്നു.
9. അയാളുടെ കെണിയിൽ ദരിദ്രനെപ്പിടിക്കാൻ അയാൾ പതിയിരിക്കുന്നു.
10. അയാൾ ഭഗ്നഗർവനാക്കപ്പെടുകയും നിപതിക്കയും ചെയ്യും;
അയാളുടെ അസ്ഥികളിൽ രോഗവും വേദനയും.
11. അയാൾ ഹൃദയത്തിൽപ്പറയുന്നു: ദൈവം മറന്നിരിക്കുന്നു;
അവൻ തന്റെ മുഖം തിരിച്ചിരിക്കുന്നു;
അവൻ ഇനിയൊരിക്കലും കാണുകയില്ല.
12. എന്റെ ദൈവമായ കർത്താവേ എഴുന്നേല്ക്കണമേ;
നിന്റെ കരം ഉയർത്തണമേ!
അഗതിയെ വിസ്മരിക്കരുതേ!
13. എന്തുകൊണ്ട് പാപി ദൈവത്തെ കോപിപ്പിക്കയും,
അവൻ പ്രതികാരം ചെയ്യില്ലെന്ന് ഹൃദയത്തിൽ പറയുകയും ചെയ്യുന്നു?
14. ദുഷ്ടതയും കോപവും ഉണ്ടെന്നു നീ കാണുന്നു;
അയാൾ നിന്റെ കരങ്ങളിൽ ഏല്പിക്കപ്പെടുന്നതിനായി നീ കാത്തിരിക്കുന്നു.
അഗതി നിന്റെ പക്കൽ ഏല്പിക്കപ്പെടും.
നീയാണല്ലോ അനാഥന്റെ സഹായി.
15. പാപിയുടെയും ദുഷ്ടന്റെയും ഭുജം നീ തകർക്കണമേ!
അയാളുടെ പാപത്തിന് പ്രതികാരമുണ്ടാകും.
പിന്നീട് അയാൾ കണ്ടെത്തപ്പെടുകയില്ല.
16. കർത്താവ് എന്നേക്കും രാജാവാകുന്നു.
ജനതകൾ അവന്റെ ദേശത്തു ഇല്ലാതായി.
17. കർത്താവേ, നീ ദരിദ്രരുടെ പ്രത്യാശ ഗ്രഹിക്കുന്നുണ്ടല്ലോ;
അവരുടെ ഹൃദയസന്നദ്ധത നീ മനസ്സിലാക്കുന്നു.
18. ഭൂമിയിൽനിന്ന് മനുഷ്യരെ വീണ്ടും നശിപ്പിക്കാനിടയാകാതെ
അനാഥർക്കും അഗതികൾക്കും നീ ന്യായവിധി ചെയ്തു കൊടുക്കണമേ.

## സങ്കീർത്തനം 11

ഞാൻ കർത്താവിൽ ശരണപ്പെട്ടു.
കുരുവിയെപ്പോലെ മലയിൽ അലഞ്ഞു വസിക്കാൻ
എന്നോടു നിങ്ങൾ എങ്ങനെ പറയും?
2. നോക്കൂ, നിർവ്യാജഹൃദയരെ ഇരുട്ടിൽ എയ്യുന്നതിന്
പാപികൾ വില്ലു കുലച്ചിരിക്കുന്നു;
ഞാണിന്മേൽ അമ്പു തൊടുത്തിരിക്കുന്നു.
3. എന്തുകൊണ്ടെന്നാൽ നീ സജ്ജീകരിച്ചതിനെ അവർ നശിപ്പിച്ചു.
എന്നാൽ നീതിമാന് എന്തുചെയ്യാൻ കഴിയും?
4. കർത്താവു തന്റെ വിശുദ്ധാലയത്തിൽ:
കർത്താവിന്റെ സിംഹാസനം ആകാശത്തിൽ;
അവന്റെ കണ്ണുകൾ കാണുകയും ഇമകൾ മനുഷ്യരെ പരിശോധിക്കുകയും ചെയ്യുന്നു.
5. കർത്താവ് നീതിമാന്മാരെയും ദുഷ്ടന്മാരെയും പരിശോധിക്കുന്നു;
ദുഷ്ടതയെ സ്നേഹിക്കുന്നവരെ അവന്റെ ആത്മാവ് വെറുത്തു.
6. ദുഷ്ടരുടെമേൽ കെണിയും തീയും ഗന്ധകവും മഴപോലെ നിപതിച്ചു;
പീഡനത്തിന്റെ അരൂപി അവരുടെ പാനപാത്രത്തിന്റെ ഭാഗമത്രേ.
7. എന്തെന്നാൽ, കർത്താവു നീതിമാനും, നീതിയെ സ്നേഹിക്കുന്നവനുമാകുന്നു.
അവന്റെ മുഖം നിർവ്യാജതയെ ദർശിക്കുന്നു.

## സങ്കീർത്തനം 12

നല്ലവർ കുറഞ്ഞു; ഭൂമിയിൽ വിശ്വാസം ഇല്ലാതായി.
കർത്താവേ, രക്ഷിക്കണമേ!
2. മനുഷ്യൻ വ്യർത്ഥത സംസാരിക്കുന്നു;
ഒരുവൻ അപരനോടു വ്യാജം പറയുന്നു;
ഇരട്ടത്താപ്പായി സംസാരിക്കുന്നു.
3. വ്യാജം പറയുന്ന അധരങ്ങളെയും
ആത്മപ്രശംസ നടത്തുന്ന നാവുകളെയും കർത്താവു നശിപ്പിക്കും.
4. എന്നാൽ അവർ പറഞ്ഞു: നമ്മുടെ നാവുകൾ
മഹത്വം വർദ്ധിപ്പിക്കട്ടെ.
അധരങ്ങൾ നമ്മുടേതാണ്.
ആരാണ് നമ്മുടെ നാഥൻ?
5. ദരിദ്രർ കവർച്ച ചെയ്യപ്പെട്ടതു മൂലവും
അഗതികളുടെ പ്രലാപം നിമിത്തവും
കർത്താവു പറയുന്നു: ഇപ്പോൾ ഞാൻ എഴുന്നേറ്റ്
പ്രകടമായി രക്ഷ നൽകും.
6. കർത്താവിന്റെ വചനം പരിശുദ്ധമാകുന്നു.

www.malankaralibrary.com


ഭൂമിയിൽ സംശോധന ചെയ്ത്
ഏഴുപ്രാവശ്യം സ്ഫുടം ചെയ്ത വെള്ളിയോടു തുല്യ
മാണത്.
7. കർത്താവേ, നീ അവരെ കാത്തുകൊള്ളണമേ!
ഈ തലമുറയിൽ നിന്ന് എന്നെ നിത്യമായി രക്ഷിച്ച്
സ്വതന്ത്രനാക്കണമേ!
8. എന്തെന്നാൽ ആദോംകാരെപ്പോലെ മ്ലേച്ഛമായ അഹ
ന്തയോടെ ദുഷ്ടന്മാർ ചുറ്റി നടക്കുന്നു.

## സങ്കീർത്തനം 13

കർത്താവേ എത്രകാലം നീ എന്നെ വിസ്മരിക്കും?
എന്നന്നേക്കുമോ?
എത്രകാലം നിന്റെ മുഖം എന്നിൽ നിന്ന് നീ തിരിച്ചു
കളയും?
2. എത്ര കാലത്തേക്ക് എന്റെ ഉള്ളിൽ ദുഃഖവും
ഹൃദയത്തിൽ അനുദിനം ഞെരുക്കവും നീ നൽകും?
എത്രകാലത്തേയ്ക്ക് എന്റെ ശത്രു എനിക്കെതിരെ
അഹങ്കരിക്കും?
3. എന്റെ ദൈവമായ കർത്താവേ,
എന്നിൽക്കനിഞ്ഞ് ഉത്തരം നൽകണമേ!
ഞാൻ മരണത്തോളം അശ്രദ്ധനാകാതെ
എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ!
4. ഞാൻ അവനെ തോല്പിച്ചു എന്ന് എന്റെ ശത്രു
പറയാതിരിക്കട്ടെ;
ഞാൻ ചഞ്ചലനായാൽ എന്നെ ഞെരുക്കുന്നവർ
സന്തോഷിക്കും.
5. ഞാനോ എന്നാൽ നിന്റെ കൃപയിൽ ആശ്രയിച്ചു;
നിന്റെ രക്ഷയിൽ എന്റെ ഹൃദയം ആനന്ദിക്കും.
6. എന്നെ രക്ഷിച്ച കർത്താവിനെ ഞാൻ സ്തുതിക്കും.

## സങ്കീർത്തനം 14

ദൈവമില്ല എന്ന് ദുഷ്ടൻ ഹൃദയത്തിൽപ്പറയുന്നു.
വഞ്ചനകൊണ്ട് അവർ ദുഷിച്ചു വഷളായി.
നന്മചെയ്യുന്നവർ ആരുമില്ല.
2. ജ്ഞാനിയും ദൈവത്തെ അന്വേഷിക്കുന്നവനുമുണ്ടോ
എന്നു കാണാൻ
കർത്താവ് ആകാശത്തിൽ നിന്ന് മനുഷ്യരെ നോക്കി.
3. എല്ലാവരും ഒന്നടങ്കം വഴിതെറ്റുകയും തിരസ്ക്കരി
ക്കപ്പെടുകയും ചെയ്തു.
നന്മ ചെയ്യുന്നവനില്ല; ഒരുവൻ പോലുമില്ല.
4. അപ്പം എന്നപോലെ എന്റെ ജനത്തെ തിന്നുന്ന
ദുഷ്കർമ്മികൾ മനസ്സിലാക്കിയില്ല;
അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചുമില്ല.
5. ദൈവം നീതിമാന്മാരുടെ ഗണത്തോടൊപ്പമാകയാൽ
അവർ അത്യധികം ഭയപ്പെട്ടു.
6. ദരിദ്രന്റെ ആലോചനയെ അവർ അവഹേളിച്ചു;
കാരണം കർത്താവാകുന്നു അയാളുടെ ആശ്രയം.
7. സെഹിയോനിൽനിന്ന് ഇസ്രായേലിനു രക്ഷ നൽകാ
നാരുണ്ട്?
കർത്താവു തന്റെ ജനത്തിന്റെ അടിമത്തം മാറ്റുമ്പോൾ
യാക്കോബ് ആഹ്ലാദിക്കയും ഇസ്രായേൽ സന്തോഷി
ക്കയും ചെയ്യും.

## സങ്കീർത്തനം 15

കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും?
നിന്റെ വിശുദ്ധ ഗിരിയിൽ ആരു പാർക്കും?
2. കളങ്കമെന്യേ വ്യാപരിക്കുന്നവനും, നീതി പ്രവർത്തി
ക്കുന്നവനും,
ഹൃദയത്തിൽ സത്യമുള്ളവനും,
3. നാവിൽ വഞ്ചനയില്ലാത്തവനും,
സ്നേഹിതനോടു തിന്മ ചെയ്യാത്തവനും,
അയല്ക്കാരനെതിരായി കൈക്കൂലി വാങ്ങാത്തവനും;
4. കോപിപ്പിക്കുന്നവനെ തിരസ്കരിക്കുന്നവനും,
കർത്താവിനെ ഭയപ്പെടുന്നവരെ ബഹുമാനിക്കുന്ന
വനും,
സത്യപ്രതിജ്ഞ ലംഘിക്കാത്തവനും,
5. പണം പലിശയ്ക്കു കൊടുക്കാത്തവനും, നിരപരാധി
ക്കെതിരെ കൈക്കൂലി വാങ്ങാത്തവനും,
ഇവ ചെയ്യുന്നവൻ നീതിമാനാകുന്നു
അവൻ ഒരിക്കലും ഇളകുകയില്ല.

## സങ്കീർത്തനം 16

ദൈവമേ, നിന്നിൽ ഞാൻ ആശ്രയിച്ചതിനാൽ എന്നെ
കാത്തരുളണമേ.
2. എന്റെ കർത്താവു നീയാകുന്നു എന്നും,
എന്റെ നന്മ നിന്നിൽ നിന്നാകുന്നു എന്നും,
കർത്താവിനോടു ഞാൻ പറഞ്ഞു.
3. ഭൂമിയിലുള്ള പരിശുദ്ധരോടും ഉൽകൃഷ്ടരോടും
എന്റെ താത്പര്യമെല്ലാം അവരിലാണെന്ന് ഞാൻ
പറഞ്ഞു.
4. ദുഷ്ടരുടെ അവസാനവേദനകൾ വേഗം വർദ്ധിക്കും;
എന്തെന്നാൽ അവരുടെ രക്തബലികളെ ഞാൻ
സമർപ്പിക്കയില്ല;
അവരുടെ നാമങ്ങൾ എന്റെ അധരങ്ങൾ ഉരുവിടുക
യുമില്ല.
5. എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും
ഓഹരി കർത്താവാകുന്നു:
എന്റെ അവകാശം എനിക്കു പങ്കിട്ടുതരുന്നവനും
നീയത്രേ.
6. നല്ല സ്ഥലത്താണ് എനിക്കു അളവു ചങ്ങല വീണത്.
എന്റെ അവകാശം എനിക്കിഷ്ടപ്പെടുകയും ചെയ്തു.
7. എനിക്ക് ഉപദേശം തന്ന കർത്താവിനെ ഞാൻ
വാഴ്ത്തും.
രാത്രികാലങ്ങളിലും എന്റെ ഹൃദയം എനിക്കഭ്യസനം
നൽകി.
8. കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ ഞാൻ
ദർശിച്ചിരുന്നു.
ഞാൻ ഇളകാതിരിക്കാൻ എപ്പോഴും അവൻ എന്റെ
വലതുവശത്തുണ്ട്.
9. തന്മൂലം എന്റെ ഹൃദയം സന്തോഷിക്കയും
എന്റെ മഹത്വം പ്രകടമാകയും ചെയ്തു.
എന്റെ ജഡവും ശാന്തതയിൽക്കഴിയും.

16:7 'ഹൃദയം' 'കടിതടം' എന്നു സുറിയാനി.

www.malankaralibrary.com


10. കാരണം, എന്നെ നീ ശിയോലിൽ ഉപേക്ഷിച്ചില്ല;
നിന്റെ പരിശുദ്ധൻ ജീർണ്ണിക്കുന്നതിന് നീ സമ്മതിച്ചു മില്ല.
11. ജീവനിലേയ്ക്കുള്ള നിന്റെ വഴി നീ എന്നെ ക്കാണിക്കും;
നിന്റെ മുഖപ്രസാദം നിമിത്തവും
നിന്റെ വലതുകരത്തിന്റെ വിജയമാധുര്യം നിമിത്തവും
ഞാൻ സംതൃപ്തനാകും.

## സങ്കീർത്തനം 17

പരിശുദ്ധനായ കർത്താവേ, എന്റെ പ്രാർത്ഥനകേട്ട് കടാക്ഷിക്കണമേ!
കാപട്യമില്ലാത്ത അധരങ്ങളിൽ നിന്നുള്ള എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ!
2. എന്റെ വിധി നിന്റെ സന്നിധിയിൽനിന്നു വന്നു കൊള്ളട്ടെ!
നിന്റെ കണ്ണു നേരു കാണട്ടെ!
3. നീ എന്റെ ഹൃദയം പരിശോധിച്ചു;
രാത്രിയിൽ നീ എന്നെ സന്ദർശിച്ചു.
നീ എന്നെ പരിശോധിച്ചു;
എന്നാൽ നീ എന്നിൽ തിന്മ കണ്ടെത്തിയില്ല.
മനുഷ്യരുടെ പ്രവൃത്തികളെക്കുറിച്ചുള്ള സംസാരം
എന്റെ വായിൽനിന്നു നിർഗ്ഗളിച്ചിട്ടില്ല.
4. ദുർമ്മാർഗ്ഗങ്ങളിൽനിന്ന് ഞാൻ അകന്നു നിന്നു.
5. എന്റെ കാലടികൾ ഇടറാതിരിക്കാൻ,
നിന്റെ ഊടുവഴികളിലൂടെയുള്ള എന്റെ നടപ്പിനെ നീ സഹായിച്ചു.
6. നീ എനിക്ക് ഉത്തരം നൽകിയതിനാൽ ഞാൻ നിന്നെ വിളിച്ചു:
ദൈവമേ, നിന്റെ ചെവിചായിച്ച്
എന്റെ വാക്കുകൾ ശ്രവിക്കണമേ!
7. നിന്റെ പരിശുദ്ധനെ ആശ്ചര്യവിഷയമായും,
നിന്റെ വലങ്കൈയ്ക്കെതിരായി നില്ക്കുന്നവരിൽ നിന്ന്
നിന്നിൽ ആശ്രയിക്കുന്നവർക്കു രക്ഷകനായും, സ്ഥാപിക്കണമേ!
8-9 എന്നെ അപഹരിച്ച പാപികളിൽനിന്നും
എന്നോട് എതിർത്ത എന്റെ ശത്രുക്കളിൽനിന്നും
കണ്ണിലെ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ള ണമേ.
നിന്റെ ചിറകുകളുടെ തണലിൽ എന്നെ സംരക്ഷിക്ക ണമേ.
10. വമ്പു പറഞ്ഞവരുടെ വായ് നീ അടക്കണമേ.
11. അവർ എന്നെ പ്രശംസിച്ചു;
എന്നാൽ ഇപ്പോൾ എന്നെ വലയം ചെയ്ത്
നിലം പതിപ്പിക്കുന്നതിനായി നോട്ടമിട്ടിരിക്കുന്നു.
12. കടിച്ചുകീറാൻ നോക്കുന്ന സിംഹത്തിനും
പതിയിരിക്കുന്ന സിംഹക്കുട്ടിക്കും അവർ സദൃശരാ കുന്നു.
13. കർത്താവേ, നീ അവരുടെ മുമ്പിൽ എഴുന്നേറ്റ്
അവരെ മുട്ടുകുത്തിക്കണമേ.
ദുഷ്ടരിൽനിന്നും വാളിൽനിന്നും
14. കർത്താവേ, നിന്റെ കയ്യാൽ മരിക്കുന്നവരിൽ നിന്നും
മൃത്യുവിന്റെ ഗർത്തത്തിൽനിന്നും
എന്റെ ജീവനെ നീ രക്ഷിക്കണമേ!
അവരുടെ സമ്പത്ത് ജീവിക്കുന്നവരുടെയിടയിൽ നീ വിഭജിക്കും.
നിന്റെ സമ്പത്തുകൊണ്ട് അവരുടെ ഉദരം നീ നിറയ്ക്കണമേ.
മക്കൾ ഭക്ഷിച്ചു തൃപ്തരായി, ശിഷ്ടാംശം അവരുടെ മക്കൾക്കായി നീക്കിവയ്ക്കട്ടെ,
15. ഞാനോ നീതിയിൽ നിന്റെ മുഖം ദർശിക്കും.
നിന്നിലുള്ള വിശ്വാസം സജീവമാകുമ്പോൾ ഞാൻ സംതൃപ്തനാകും.

## സങ്കീർത്തനം 18

എന്റെ ബലവും ആശ്രയവുമായ കർത്താവേ, ഞാൻ
നിന്നെ സ്നേഹിക്കും.
2. എന്റെ സങ്കേതവും എന്റെ രക്ഷകനും
ഞാൻ ആശ്രയിക്കുന്ന ശക്തനായ ദൈവവും
എന്റെ സഹായകനും, എന്റെ രക്ഷയുടെ കൊമ്പും
മഹത്വമുള്ള അഭയകേന്ദ്രവും (നീ ആകുന്നു).
3. കർത്താവിനെ ഞാൻ വിളിക്കും;
ശത്രുക്കളിൽ നിന്ന് ഞാൻ രക്ഷിക്കപ്പെടും.
4. എന്തെന്നാൽ; മരണവേദനകൾ എന്നെ വലയം ചെയ്തു;
ദുഷ്ടന്മാരുടെ പ്രവാഹങ്ങൾ എന്നെ കലക്കി.
5. ശിയോലിലെ വേദനകൾ എന്നെച്ചുറ്റി;
മരണക്കെണികൾ എന്റെ മുന്നിൽ നിരന്നു.
6. എന്റെ ക്ലേശത്തിൽ ഞാൻ കർത്താവിനെ വിളിച്ചു.
ഞാൻ ദൈവത്തെയും വിളിച്ചപേക്ഷിച്ചു.
അവൻ തന്റെ ആലയത്തിൽനിന്ന് എന്റെ സ്വരം കേട്ടു;
എന്റെ നിലവിളി അവന്റെ ചെവിയിൽ എത്തി.
7. ഭൂമി ഇളകി ഭ്രമിച്ചു.
മലകളുടെ അടിസ്ഥാനങ്ങൾ ഇളകിപ്പിളർന്നു.
കാരണം, അവയുടെ മേൽ അവൻ കോപിച്ചു.
8. അവന്റെ കോപത്തിന്റെ പുക പൊങ്ങി;
അവന്റെ മുഖത്തുനിന്നു തീ ജ്വലിച്ചു;
അവനിൽനിന്നും തീക്കനലുകൾ എരിഞ്ഞു.
9. അവൻ ആകാശം ചായിച്ച് ഇറങ്ങി;
അവന്റെ കാലുകളുടെ കീഴിൽ കാർമേഘം.
10. ക്രോവേകളുടെ മേലിരുന്ന് അവൻ സഞ്ചരിച്ചു;
കാറ്റിൻചിറകുകളിൽ അവൻ പറന്നു.
11. അവനെ മറയ്ക്കുന്നതിന് അന്ധകാരത്തെ അവൻ സ്ഥാപിച്ചു;
ആകാശത്തിലെ മേഘങ്ങളിൽ ജലരാശിയുടെ ഇരുട്ട്
അവനെച്ചുറ്റി, അവന് കൂടാരമായി.
12. അവന്റെ കൂടാരത്തിന്റെ ശോഭയാൽ,
അവന്റെ മേഘങ്ങൾ ആലിപ്പഴവും തീക്കനലുകളും ഉളവാക്കി.

www.malankaralibrary.com

13. ആകാശത്തിൽ കർത്താവ് ഇടിമുഴക്കി;
അത്യുന്നതൻ തന്റെ സ്വരം കേൾപ്പിച്ചു.
ആലിപ്പഴവും തീക്കനലുകളും (ഉണ്ടായി).
14. അവൻ തന്റെ അസ്ത്രങ്ങൾ അയച്ച് അവരെച്ചിതറിച്ചു;
തന്റെ ഇടിമിന്നൽ വർദ്ധിപ്പിച്ച് അവരെ സംഭ്രമിപ്പിച്ചു.
15. കർത്താവേ, നിന്റെ ശാസനയാലും
നിന്റെ കോപത്തിന്റെ നിശ്വാസത്താലും
നീരുറവകൾ കാണപ്പെടുകയും;
ഭൂലോകത്തിന്റെ അടിസ്ഥാനങ്ങൾ വെളിപ്പെടുകയും
ചെയ്തു.
16. ഉന്നതത്തിൽനിന്ന് ആളയച്ച് എന്നെ പൊക്കിയെ
ടുത്തു;
പെരുവെള്ളത്തിൽനിന്നും എന്നെ സ്വീകരിച്ചു.
17. കരുത്തരായ എന്റെ ശത്രുക്കളിൽനിന്നും,
എന്നെക്കാൾ പ്രബലരായ എന്റെ വിരോധികളിൽ
നിന്നും എന്നെ രക്ഷിച്ചു.
18. എന്റെ ദുഃഖത്തിന്റെ ദിവസം അവർ എന്നെത്തടഞ്ഞു.
അപ്പോൾ കർത്താവ് എനിക്കു രക്ഷകനായിത്തീർന്നു.
19. അവൻ എന്നെ ആശ്വാസത്തിലേക്കു കൊണ്ടുവന്നു
എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ട് അവനെന്നെ
രക്ഷിച്ചു.
20. എന്റെ നീതിക്കു യോജിച്ചവിധം കർത്താവ് എനിക്കു
പ്രതിഫലം തന്നു;
എന്റെ കൈകളുടെ ശുദ്ധിക്കനുസരിച്ച് അവൻ എന്നെ
പൂർണ്ണനാക്കി.
21. കാരണം, കർത്താവിന്റെ വഴികളെ ഞാൻ കാത്തു;
എന്റെ ദൈവത്തോടു ഞാൻ മറുതലിച്ചില്ല.
22. അവന്റെ അനുശാസനങ്ങളെല്ലാം എന്റെ മുമ്പിലുണ്ട്.
അവന്റെ നിയമങ്ങളെ എന്നിൽനിന്നു ഞാൻ നീക്കി
യില്ല.
23. ഞാൻ അവന്റെ മുമ്പിൽ കളങ്കരഹിതനായിരുന്നു;
എന്റെ പാപങ്ങളെപ്പറ്റി ഞാൻ ശ്രദ്ധാലുവായിരുന്നു.
24. കർത്താവ് എന്റെ നീതിക്കനുസരിച്ചും,
അവന്റെ ദൃഷ്ടിയിൽ എന്റെ കൈകളുടെ ശുദ്ധിക്കനു
സരിച്ചും എനിക്കു പ്രതിഫലം തന്നു.
25. നിർമ്മലനോടു നീ നിർമ്മലനായിരിക്കും;
നിഷ്കളങ്കനോടു നീ നിഷ്കളങ്കനായിരിക്കും.
26. തിരഞ്ഞെടുക്കപ്പെട്ടവനോടു നീ ഉൽക്കൃഷ്ടനായി
രിക്കും.
വക്രബുദ്ധിയോടു നീ കപടത പ്രയോഗിക്കും.
27. എന്തെന്നാൽ, എളിയജനത്തെ നീ രക്ഷിക്കും;
ധൃഷ്ടനയനങ്ങളെ നീ വിനീതമാക്കും.
28. നീ എന്റെ വിളക്കു കത്തിക്കും;
എന്റെ ദൈവമായ കർത്താവ് എന്റെ അന്ധകാരത്തെ
പ്രകാശിപ്പിക്കും.
29. എന്തെന്നാൽ നീ വഴിയായി ഞാൻ കൊള്ളസംഘത്തി
നെതിരെ പായും;
എന്റെ ദൈവത്തിന്റെ ശക്തിയാൽ ഞാൻ കോട്ട ചാടി
ക്കടക്കും.
30. ദൈവത്തിന്റെ വഴി കളങ്കരഹിതമാകുന്നു;
കർത്താവിന്റെ വചനം പരിശോധിതമാകുന്നു.
അവനിൽ ആശ്രയം തേടുന്നവരെ അവൻ സഹായി
ക്കുന്നു.
31. കാരണം കർത്താവല്ലാതെ ദൈവമില്ല;
നമ്മുടെ ദൈവത്തെപ്പോലെ ശക്തനും ഇല്ല.
32. ദൈവമാണ് എന്നെ ശക്തി ധരിപ്പിക്കയും,
എന്റെ വഴി ഊനമറ്റതാക്കുകയും ചെയ്തത്.
33. അവൻ എന്റെ കാല് കലമാന്റേതുപോലെയാക്കി.
എന്നെ അവൻ ഗിരിമേൽ നിറുത്തി.
34. എന്റെ കൈകളെ അവൻ യുദ്ധത്തിനായി പരിശീലി
പ്പിച്ചു;
എന്റെ ഭുജങ്ങളെ പിത്തളവില്ലുപോലെ ഉറപ്പുള്ള
താക്കി.
35. നീ എനിക്ക് രക്ഷയുടെ പരിച തന്നു;
നിന്റെ വലതുകൈ എന്നെ താങ്ങുകയും,
നിന്റെ ശിക്ഷണം എന്നെ വളർത്തുകയും ചെയ്യും.
36. വീണ് എന്റെ കാൽമുട്ടുകൾ ഇളകാതിരിക്കാൻ
എന്റെ പദവിന്യാസം നീ സ്വതന്ത്രമാക്കി.
37. എന്റെ ശത്രുക്കളെ ഞാൻ പിന്തുടർന്നു പിടികൂടും;
അവരെ നശിപ്പിക്കുന്നതുവരെ ഞാൻ പിന്തിരിയുക
യില്ല.
38. അവരെ ഞാൻ പ്രഹരിക്കും;
(എതിർത്തു) നില്ക്കാൻ അവർ പ്രാപ്തരാകയില്ല;
അവർ എന്റെ കാൽക്കീഴിൽ വീഴും.
39. യുദ്ധത്തിൽ നീ എന്നെ ശക്തി ധരിപ്പിക്കും;
എന്നോട് എതിർക്കുന്നവരെ നീ എനിക്ക് കീഴ്പ്പെ
ടുത്തും.
40. നീ എന്റെ ശത്രുക്കളെ എന്റെ മുമ്പാകെ നശിപ്പിക്കും;
എന്റെ വിരോധികളെ ഞാൻ നിശ്ശബ്ദരാക്കും.
41. അവർ നിലവിളിക്കും,
എന്നാൽ അവൻ അവർക്കു രക്ഷകനായിരിക്കയില്ല.
അവർ കർത്താവിനോടപേക്ഷിക്കും;
എന്നാൽ അവൻ അവർക്ക് ഉത്തരം നൽകുകയില്ല.
42. കാറ്റിന്റെ മുമ്പിൽ പൊടിപോലെ അവരെ ഞാൻ
പൊടിച്ചു കളയും;
തെരുവിലെ ചെളിപോലെ ഞാൻ അവരെച്ചവിട്ടും.
43. ജനത്തിന്റെ വിധികളിൽനിന്നു നീ എന്നെ രക്ഷിക്ക
ണമേ!
നീ എന്നെ ജനതകളുടെ തലവനാക്കണമേ!
ഞാൻ അറിയാത്ത ജനത എന്നെ സേവിക്കട്ടെ.
44. ശ്രദ്ധയോടുകൂടെ കേട്ട് അവർ എന്നെ അനുസരി
ക്കട്ടെ.
അന്യർ എനിക്കു കീഴ്പ്പെട്ടിരിക്കട്ടെ.
45. അന്യർ തടയപ്പെട്ട് തങ്ങളുടെ വഴികളിൽനിന്ന് മാറി
പ്പോകും.
46. കർത്താവു ജീവിക്കുന്നു; എന്നെ ശക്തിപ്പെടുത്തുന്ന
വൻ; വാഴ്ത്തപ്പെട്ടവനാകുന്നു!
എന്റെ ദൈവം എന്റെ രക്ഷകൻ മഹത്വപ്പെടട്ടെ.
47. എനിക്കു രക്ഷ നൽകുകയും
വിജാതീയരെ എനിക്കു കീഴ്പ്പെടുത്തുകയും
48. എന്റെ ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കയും ചെയ്ത
ദൈവമേ,

www.malankaralibrary.com



എനിക്കെതിരായി നില്ക്കുന്നവരിൽനിന്ന് എന്നെ ഉദ്ധരിക്കണമേ!
ദുഷ്ടമനുഷ്യരിൽനിന്ന് എന്നെ രക്ഷിക്കണമേ!
49. ഇതിനാൽ എന്റെ കർത്താവേ, വിജാതീയരുടെ
ഇടയിൽ നിന്നെ ഞാൻ പുകഴ്ത്തും;
നിന്റെ നാമത്തിന് ഞാൻ ഗാനമാലപിക്കും.
50. നിന്റെ രാജാവിന്റെ രക്ഷയെ മഹത്വപ്പെടുത്തുകയും;
നിന്റെ അഭിഷിക്തനായ ദാവീദിനോടും
അയാളുടെ സന്തതിയോടും എന്നേയ്ക്കും കൃപകാണിക്കുകയും ചെയ്യുന്നവനേ,
നിന്റെ നാമത്തിനു ഞാൻ (സ്തുതി പാടും)

## സങ്കീർത്തനം 19

ആകാശം ദൈവത്തിന്റെ മഹത്വം വിവരിക്കുന്നു.
ആകാശവിതാനം അവന്റെ കരവിരുതു കാണിക്കുന്നു.
2. പകൽ പകലിനു വചനം പ്രദാനം ചെയ്യുന്നു.
രാത്രി രാത്രിക്കു അറിവു കാണിച്ചു കൊടുക്കുന്നു;
3. അവയുടെ സ്വരം കേൾക്കാത്ത ഭാഷയില്ല, വാക്കുകളുമില്ല.
4. അവയുടെ സന്ദേശം ഭൂമിയിലെല്ലാം ചെന്നെത്തി,
അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളിലും,
അവൻ അവകൊണ്ട് സൂര്യനിൽ തന്റെ കൂടാരം തീർത്തു.
5. അത് മണവറയിൽനിന്നു പുറപ്പെടുന്ന മണവാളനെപ്പോലെ,
ഓടാനൊരുങ്ങുന്ന മല്ലനെപ്പോലെ ആഹ്ളാദിക്കും.
6. അതിന്റെ പുറപ്പാട് ആകാശത്തിന്റെ ഒരതിർത്തിയിൽ നിന്നാണ്.
ആകാശത്തിന്റെ മറ്റേ അതിർത്തിയിലാണ് അതിന്റെ ശയ്യ.
അതിന്റെ ചൂടിൽനിന്ന് മറഞ്ഞിരിക്കുന്നതായി യാതൊന്നുമില്ല.
7. കർത്താവിന്റെ പ്രമാണം കറയില്ലാത്തതും
മനുഷ്യനെ സത്യത്തിലേക്കു നയിക്കുന്നതുമാകുന്നു.
കർത്താവിന്റെ സാക്ഷ്യം വിശ്വസനീയമാണ്.
അത് ശിശുക്കളെ ജ്ഞാനികളാക്കുന്നു.
8. കർത്താവിന്റെ കല്പനകൾ നീതിയുക്തമാണ്.
അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.
കർത്താവിന്റെ കല്പന വിശിഷ്ടവും
കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.
9. കർത്താവിനോടുള്ള ഭയം ശുദ്ധവും
എന്നേക്കും നിലനില്ക്കുന്നതുമാകുന്നു.
കർത്താവിന്റെ വിധികൾ സത്യവും
സകലത്തിലും നീതിയുക്തവുമാകുന്നു.
10. അവ സ്വർണ്ണത്തെയും വിലപിടിച്ച കല്ലുകളെയുംകാൾ അഭികാമ്യമാകുന്നു.
തേനിനെയും തേൻകട്ടയെയുംകാൾ മധുരമുള്ളതാണവ.
11. നിന്റെ ദാസൻ അവയിൽ ശ്രദ്ധാലുവായിരിക്കും.
അയാൾ അവ പാലിക്കുമെങ്കിൽ സമൃദ്ധമായി പ്രതിസമ്മാനിതനാകും.
12. വഴുക്കലുള്ള സ്ഥലം ആരു മനസ്സിലാക്കും?
അറിയപ്പെടാത്ത പാപങ്ങളിൽനിന്നു എന്നെ മോചിക്കണമേ.
13. ദുഷ്ടന്മാർ എന്റെമേൽ ശക്തിപ്പെടാതിരിക്കാനായി
നിന്റെ ദാസനെ തിന്മയിൽനിന്ന് തടയണമേ!
എന്റെ പാപങ്ങളിൽനിന്ന് ഞാൻ ശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.
14. എന്റെ വാക്കുകൾ നിനക്കു പ്രീതികരമായിരിക്കട്ടെ,
എന്റെ സഹായിയും രക്ഷകനുമായ കർത്താവേ,
എന്റെ ഹൃദയത്തിലെ ചിന്ത നിന്റെ മുമ്പാകെയുണ്ടല്ലോ.

## സങ്കീർത്തനം 20

കഷ്ടതയുടെ കാലത്ത് കർത്താവു നിനക്കുത്തരമരുളട്ടെ!
യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സഹായിക്കട്ടെ!
2. അവന്റെ വിശുദ്ധസ്ഥലത്തുനിന്ന് അവൻ നിനക്കു സഹായം അയയ്ക്കട്ടെ;
സെഹിയോനിൽനിന്ന് അവൻ നിന്നെ തുണയ്ക്കട്ടെ.
3. കർത്താവ് നിന്റെ എല്ലാ ബലികളെയും ഓർമ്മിക്കട്ടെ;
നിന്റെ ഹോമബലികൾ അവൻ സ്വീകാര്യമാക്കട്ടെ.
4. കർത്താവ് നിന്റെ ഹൃദയത്തിനനുസൃതം നിനക്കു തരുമാറാകട്ടെ;
നിന്റെ എല്ലാ അഭിലാഷവും അവൻ പൂർത്തിയാക്കട്ടെ.
5. നിന്റെ രക്ഷയിൽ ഞാൻ സ്തുതി പാടും;
ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ ഉയർത്തപ്പെടും
നിന്റെ അഭിലാഷമെല്ലാം കർത്താവു നിറവേറ്റട്ടെ!
6. തന്റെ വലംകൈയുടെ രക്ഷാശക്തിയാൽ
ദൈവം തന്റെ അഭിഷിക്തനെ രക്ഷിച്ചു എന്നും,
തന്റെ വിശുദ്ധിയുടെ ആകാശത്തുനിന്ന് അവനു ഉത്തരം നൽകിയെന്നും,
ഇപ്പോൾ മുതൽ അറിയപ്പെട്ടിരിക്കുന്നു.
7. ചിലർ രഥങ്ങളിലും മറ്റുചിലർ കുതിരകളിലും (ആശ്രയിച്ചു);
എന്നാൽ ഞങ്ങളാകട്ടെ, ഞങ്ങളുടെ ദൈവമായ
കർത്താവിന്റെ നാമത്തിൽ ശക്തരാകും.
8. അവർ മുട്ടുകുത്തി വീണു;
എന്നാൽ ഞങ്ങൾ തയ്യാറായിനിന്നു.
9. കർത്താവ്, ഞങ്ങളെ രക്ഷിക്കും;
ഞങ്ങളുടെ രാജാവ്, ഞങ്ങൾ വിളിക്കുന്ന നാളിൽ
ഞങ്ങൾക്ക് ഉത്തരമരുളും.

## സങ്കീർത്തനം 21

കർത്താവേ, നിന്റെ ശക്തിയിൽ രാജാവ് ആനന്ദിക്കും;
നിന്റെ രക്ഷയിൽ അയാളേറെ ആഹ്ളാദിക്കും.
2. നീ അയാളുടെ ഹൃദയാഭിലാഷം നിറവേറ്റി;
അയാളുടെ അധരങ്ങളുടെ ശ്രമം നീ നിരസിച്ചില്ല.

www.malankaralibrary.com


3. എന്തെന്നാൽ, നല്ല അനുഗ്രഹം നീ അയാൾക്കു
മുൻകൂട്ടി നൽകി;
മഹിമയുള്ള കിരീടം അയാളുടെ ശിരസ്സിൽ നീ വച്ചു.
4. നിന്നോട് അയാൾ ജീവൻ യാചിച്ചു;
എന്നേയ്ക്കുമുള്ള ജീവിതം നീ അയാൾക്കു നൽകി.
5. നിന്റെ രക്ഷയാൽ അയാളുടെ മഹിമ വളർന്നു;
മഹത്വവും, പ്രതാപവും നീ അയാൾക്കു നൽകി.
6. എന്തെന്നാൽ, അയാളെ നീ എന്നേക്കും ആശീർവ്വദി
ക്കയും;
നിന്റെ മുഖപ്രസാദത്താൽ സന്തോഷിപ്പിക്കയും ചെയ്യു.
7. കാരണം, രാജാവ് കർത്താവിൽ ആശ്രയിച്ചതുകൊണ്ട്
അത്യുന്നതന്റെ കൃപയാൽ അയാൾ ഇളകുകയില്ല.
8. നിന്റെ എല്ലാ ശത്രുക്കളെയും നിന്റെ കരം കണ്ടെത്തും;
നിന്നെ വെറുക്കുന്നവരെ നിന്റെ വലംകൈ കണ്ടു
പിടിക്കും.
9. കോപത്തിന്റെ കാലത്ത് നീ അവരെ തീച്ചൂളപോലെ
യാക്കും;
തന്റെ കോപത്തിൽ കർത്താവ് അവരെ ദഹിപ്പിക്കും.
അഗ്നി അവരെ വിഴുങ്ങുകയും ചെയ്യും.
10. ഭൂമിയിൽനിന്ന് അവരുടെ ഫലങ്ങളെയും,
മനുഷ്യരിൽനിന്ന് അവരുടെ സന്തതികളെയും നീ
നശിപ്പിക്കും.
11. കാരണം, അവർ നിനക്കെതിരേ തിന്മ ചെയ്യാനാലോ
ചിച്ചു;
ദുരാലോചന നടത്തി
എന്നാൽ അവർക്കു കഴിഞ്ഞില്ല.
12. നീ അവരിൽ പാപമാരോപിക്കും.
അവർക്കെതിരായി നിന്റെ സജ്ജീകരണം നീ
നിരത്തും.
13. കർത്താവേ, നിന്റെ ശക്തിയിൽ നീ മഹത്വപ്പെടട്ടെ!
ഞങ്ങൾ നിന്റെ പ്രാഭവത്തെ പാടി പ്രകീർത്തിക്കും.

## സങ്കീർത്തനം 22

എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു
നീ എന്നെ ഉപേക്ഷിച്ചു?
എന്റെ ബുദ്ധിശൂന്യമായ വാക്കുകൾ മൂലം എന്റെ
രക്ഷ എന്നിൽനിന്ന് അകറ്റിക്കളഞ്ഞതെന്തിന്?
2. എന്റെ ദൈവമേ, പകൽ ഞാൻ നിന്നെ വിളിച്ചു;
നീ എനിക്കു മറുപടി തന്നില്ല.
രാത്രിയിലും വിളിച്ചു പ്രാർത്ഥിച്ചു. എന്നാൽ നീ എനി
ക്കായി കാത്തിരുന്നില്ല.
3. നീ പരിശുദ്ധനാകുന്നു;
നിന്റെ മഹിമയിൽ ഇസ്രായേൽ ഇരിക്കുന്നു.
4. എന്റെ പിതാക്കന്മാർ നിന്നിൽ ആശ്രയിച്ചു;
അവർ നിന്നിൽ ശരണപ്പെട്ടു; നീ അവരെ രക്ഷിക്കയും
ചെയ്തു.
5. നിന്നോടവർ നിലവിളിച്ചു, അവർ രക്ഷിക്കപ്പെടുകയും
ചെയ്തു.
നിന്നിലവർ ആശ്രയിച്ചു; അവർ ലജ്ജിതരായില്ല.
6. ഞാൻ പുഴുവാകുന്നു. മനുഷ്യനല്ല;
മനുഷ്യരുടെ നിന്ദയും ജനത്തിന്റെ പരിഹാസവും
(ആകുന്നു)
7. എന്നെ കണ്ടവരെല്ലാം എന്നെ പരിഹസിച്ചു;
അവർ ചുണ്ടുകൊണ്ടു ഗോഷ്ടികാണിക്കയും, തലകു
ലുക്കുകയും ചെയ്തു.
8. അയാൾ കർത്താവിൽ ആശ്രയിച്ചു; അവൻ അയാളെ
രക്ഷിക്കട്ടെ;
അയാളിൽ സംപ്രീതനാണെങ്കിൽ അവൻ അയാളെ
മോചിപ്പിക്കട്ടെ!
9. എന്തു കൊണ്ടെന്നാൽ ഗർഭപാത്രത്തിൽനിന്നു തന്നെ
നീ എന്റെ ആശ്രയവും,
എന്റെ അമ്മയുടെ മുലയൂട്ടുകാലം മുതൽ നീ എന്റെ
ശരണവുമാകുന്നു.
10. ഗർഭപാത്രം മുതൽ തന്നെ ഞാൻ നിനക്ക് ഏല്പിക്ക
പ്പെട്ടു;
എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവമാ
കുന്നു.
11. നീ എന്നിൽനിന്ന് അകന്നിരിക്കരുതേ!
അനർത്ഥം അടുത്തിരിക്കുന്നല്ലോ;
എന്നെ സഹായിക്കാൻ ആരുമില്ല.
12. അനേകം കാളകൾ എന്നെ ചൂഴ്ന്നു;
ബയ്ശാനിലെ കാളക്കൂറ്റന്മാർ എന്നെ വളഞ്ഞു.
13. അലറി ആക്രമിക്കുന്ന സിംഹംപോലെ
അവ എന്റെ നേരെ വായ്തുറന്നു.
14. ജലംപോലെ ഞാൻ ഒഴിക്കപ്പെട്ടു;
എന്റെ അസ്ഥികളെല്ലാം ചിതറിക്കപ്പെട്ടു;
എന്റെ ഹൃദയം മെഴുകുപോലെയായി;
എന്റെ ഉള്ളിൽ കുടലുകൾ അഴുകിത്തുടങ്ങി.
15. എന്റെ ശക്തി കുശവന്റെ മൺപാത്രംപോലെ ഉണങ്ങി
വരണ്ടിരിക്കുന്നു;
എന്റെ നാവ് എന്റെ അണ്ണാക്കിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു:
മരണത്തിന്റെ പൂഴിയിലേയ്ക്ക് നീ എന്നെ എറിഞ്ഞു.
16. നായ്ക്കൾ എന്നെ ചുറ്റിയിരിക്കുന്നു;
ദുഷ്ടന്മാരുടെ ഗണം എന്നെ വളഞ്ഞു:
എന്റെ കൈകളും കാലുകളും അവർ തുളച്ചു.
17. എന്റെ അസ്ഥികളെല്ലാം പ്രലപിച്ചു;
അവർ എന്നെ തുറിച്ചു നോക്കി
18. എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു;
എന്റെ അങ്കിക്കുവേണ്ടി അവർ നറുക്കിട്ടു.
19. എന്നാൽ, കർത്താവേ, നീ എന്നിൽനിന്നും അകല
രുതേ!
എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ സഹായ
ത്തിനു വേഗം വരണമേ!
20. വാളിൽനിന്ന് എന്റെ ജീവനെ രക്ഷിക്കണമേ!
നായ്ക്കളുടെ പിടിയിൽ നിന്ന് ഏകാകിയായ
എന്നെയും!
21. സിംഹത്തിന്റെ വായിൽനിന്ന് എന്നെ രക്ഷിക്കണമേ,
അഹങ്കാരികളിൽനിന്ന് എളിയവനായ എന്നെ സംര
ക്ഷിക്കണമേ.
22. എന്റെ സഹോദരരെ ഞാൻ നിന്റെ നാമം അറിയിക്കും.
സമൂഹമദ്ധ്യേ നിന്നെ ഞാൻ പുകഴ്ത്തും.

www.malankaralibrary.com



23. കർത്താവിനെ ഭയപ്പെടുന്നവരേ, നിങ്ങൾ അവനെ സ്തുതിക്കുവിൻ.
യാക്കോബിന്റെ സന്തതിയെല്ലാം അവനെ മഹത്വപ്പെടുത്തട്ടെ!
ഇസ്രായേലിന്റെ എല്ലാ സന്തതിയും അവനെ ഭയപ്പെടട്ടെ!
24. കാരണം, ദരിദ്രന്റെ നിലവിളിയെ
അവൻ നിന്ദിക്കയോ അവഗണിക്കയോ ചെയ്തില്ല.
അയാളിൽനിന്ന് തന്റെ മുഖം അവൻ തിരിച്ചില്ല.
അവനോടു വിളിച്ചപേക്ഷിച്ചപ്പോൾ അവൻ അയാളെ ശ്രവിച്ചു:
25. വലിയ സമൂഹത്തിൽ എന്റെ പ്രശംസ നിന്റെ പക്കൽ നിന്നാകുന്നു.
അവനെ ഭയപ്പെടുന്നവരുടെ മുമ്പിൽ എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും.
26. ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും;
കർത്താവിനെ തേടുന്നവർ അവനെ സ്തുതിക്കും.
അവരുടെ ഹൃദയം എന്നേയ്ക്കും ജീവിക്കും.
27. ഭൂമിയുടെ അതിർത്തികളെല്ലാം കർത്താവിനെ അനുസ്മരിച്ച്
അവനിലേക്കു തിരിയട്ടെ.
വിജാതീയരുടെ തലമുറകളെല്ലാം അവനെ ആരാധിക്കട്ടെ.
28. കാരണം, രാജ്യം കർത്താവിന്റേതാകുന്നു;
അവൻ തന്നെയാകുന്നു വിജാതീയരുടെ അധികാരി.
29. ഭൂമിയിൽ വിശക്കുന്നവരെല്ലാം ഭക്ഷിക്കയും
കർത്താവിനെ ആരാധിക്കയും ചെയ്യട്ടെ!
പൊടിയിൽ ഇറങ്ങുന്നവരെല്ലാം അവന്റെ മുമ്പിൽ മുട്ടുമടക്കട്ടെ.
എന്റെ ആത്മാവ് അവന് വേണ്ടിയാകുന്നു ജീവിക്കുന്നത്.
30. അവനെ സേവിക്കുന്ന സന്തതി തന്റെ തലമുറയെക്കുറിച്ച് അവനിൽ പ്രത്യാശ വയ്ക്കും.
31. അവർ വന്ന് ജനിക്കാനിരിക്കുന്ന ജനത്തിന്
കർത്താവിന്റെ നീതി കാണിച്ചുകൊടുക്കും.

## സങ്കീർത്തനം 23

കർത്താവ് എന്നെ മേയ്ക്കും.
എനിക്ക് ഒന്നിനും അവൻ കുറവു വരുത്തുകയില്ല.
2. തഴച്ച മേച്ചിൽസ്ഥലത്ത് അവൻ എന്നെ വസിപ്പിക്കും.
ശാന്തമായ ജലാശയത്തിലേക്ക് അവൻ എന്നെ ആനയിക്കും.
3. നിന്റെ നാമത്തെ പ്രതി എന്റെ ആത്മാവിനെ തിരിച്ച്
നീതിയുടെ ഊടുവഴികളിൽക്കൂടി അവൻ എന്നെ നയിച്ചു.
4. മരണത്തിന്റെ നിഴൽവീണ താഴ്വരകളിൽക്കൂടെ ഞാൻ നടന്നാലും,
നീ എന്നോടുകൂടെ ഉള്ളതുകൊണ്ട് തിന്മയെ ഞാൻ ഭയപ്പെടുകയില്ല.
നിന്റെ വക്രദണ്ഡും വടിയും എന്നെ ആശ്വസിപ്പിച്ചു.
5. എന്റെ ശത്രുക്കൾക്കെതിരായി എന്റെ മുമ്പിൽ നീ മേശയൊരുക്കി;
തൈലംകൊണ്ട് നീ എന്റെ ശിരസ് പൂശി;
എന്റെ പാനപാത്രം ശുദ്ധവീഞ്ഞുപോലെ ലഹരി പിടിപ്പിക്കുന്നു.
6. ദീർഘദിനങ്ങൾ ഞാൻ കർത്താവിന്റെ ഭവനത്തിൽ വസിക്കേണ്ടതിന്
നിന്റെ കൃപയും കരുണയും
എന്റെ ജീവിതത്തിന്റെ എല്ലാ ദിവസവും
എന്നെ പിന്തുടർന്നു.

## സങ്കീർത്തനം 24

ഭൂമി അതിന്റെ പൂർണ്ണതയിൽ കർത്താവിന്റേതാകുന്നു.
ലോകവും അതിന്റെ എല്ലാ നിവാസികളും.
2. എന്തെന്നാൽ, അതിന്റെ അടിസ്ഥാനങ്ങളെ അവൻ സമുദ്രത്തിൽ സ്ഥാപിച്ചു.
നദികളിൽ അതിനെ ഉറപ്പിച്ചു.
3. കർത്താവിന്റെ മലയിൽ ആരു കയറും?
അവന്റെ വിശുദ്ധ ഗിരിയിൽ ആരു നില്ക്കും?
4. ശുദ്ധമായ കരങ്ങൾ ഉള്ളവനും, ഹൃദയത്തിൽ വെടിപ്പുള്ളവനും
വ്യാജസത്യം ചെയ്യാത്തവനും
ചതിയായി ശപഥം ചെയ്യാത്തവനും.
5. അവൻ കർത്താവിൽനിന്ന് അനുഗ്രഹവും,
നമ്മുടെ രക്ഷകനായ ദൈവത്തിൽനിന്ന് നീതീകരണവും പ്രാപിക്കും.
6. യാക്കോബിന്റെ ദൈവമേ, നിന്റെ മുഖദർശനം
തേടി ശരണപ്പെടുന്ന തലമുറ ഇതാകുന്നു.
7. വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളേ, ഉയരുവിൻ;
മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ.
8. മഹത്വപൂർണ്ണനായ ഈ രാജാവ് ആരാണ്?
ശക്തനും പ്രബലനുമായ കർത്താവ്.
പ്രബലനും യുദ്ധവീരനുമായ കർത്താവ്.
9. മഹത്വത്തിന്റെ രാജാവ് പ്രവേശിക്കുന്നതിനായി
വാതിലുകളേ, ശിരസ്സുയർത്തുവിൻ!
സനാതനകവാടങ്ങളേ, ഉയരുവിൻ!
10. മഹത്വപൂർണ്ണനായ ഈ രാജാവാരാകുന്നു?
ശക്തനായ കർത്താവ്.
നിത്യബഹുമാന്യനായ രാജാവ് അവനത്രേ.

## സങ്കീർത്തനം 25

കർത്താവേ, നിന്റെ പക്കലേയ്ക്ക് എന്റെ മനസ്സു ഞാനുയർത്തി
2. എന്റെ ദൈവമേ, നിന്നിൽ ഞാൻ ശരണപ്പെട്ടു;
ഞാൻ ലജ്ജിക്കുകയില്ല.
എന്റെ ശത്രുക്കൾ എനിക്കെതിരായി വൻപു പറയാതിരിക്കട്ടെ.
3. നിന്നിൽ ശരണപ്പെടുന്നവരാരും ലജ്ജിക്കയില്ല.
ദുഷ്ടർ അവരുടെ വ്യർത്ഥതയിൽ ലജ്ജിക്കും.

www.malankaralibrary.com


4. കർത്താവേ, നിന്റെ മാർഗ്ഗങ്ങൾ എന്നെ കാണിക്കണമേ!
നിന്റെ ഊടുവഴികൾ എന്നെ അറിയിക്കണമേ!
5. നിന്റെ സത്യത്തിൽ എന്നെ നയിക്കേണമേ, എന്നെ പഠിപ്പിക്കേണമേ;
നീയാണല്ലോ എന്റെ ദൈവവും എന്റെ രക്ഷകനും;
എല്ലാ ദിവസവും ഞാൻ നിന്നെ കാത്തിരിക്കും.
6. കർത്താവേ, ആദിമുതലുള്ള നിന്റെ കരുണയും
കൃപയും നീ ഓർമ്മിക്കണമേ.
7. എന്റെ ചെറുപ്പകാലത്തെ തെറ്റുകൾ എനിക്കെതിരായി നീ ഓർക്കരുതേ;
എന്നാൽ ദൈവമേ, നിന്റെ കൃപയെ പ്രതി, നിന്റെ
കരുണയുടെ ആധിക്യം നിമിത്തം എന്നെ ഓർക്കണമേ.
8. കർത്താവ് നല്ലവനും നീതിനിഷ്ഠനുമാകുന്നു.
അതിനാൽ അവൻ പാപികളെ നേർവഴിക്കു തിരിക്കുന്നു.
9. വിനീതരെ ന്യായവിധിയിൽ നയിക്കുന്നു,
ദരിദ്രരെ തന്റെ മാർഗ്ഗങ്ങൾ പഠിപ്പിക്കുന്നു.
10. കർത്താവിന്റെ ഉടമ്പടിയും അവന്റെ സാക്ഷ്യവും പാലിക്കുന്നവർക്ക്
അവന്റെ വഴികളെല്ലാം കൃപയും നീതിയുമുള്ളതാകുന്നു.
11. എന്റെ കഠിനമായ പാപത്തിൽനിന്ന്,
നിന്റെ നാമത്തെ പ്രതി, കർത്താവേ, എന്നെ ശുദ്ധീകരിക്കേണമേ.
12. തന്നെ ഭയപ്പെടുന്നവനെ, താൻ തിരഞ്ഞെടുത്ത വഴി കർത്താവു പഠിപ്പിക്കും.
13. അയാളുടെ മനസ്സ് കൃപയിൽ വസിക്കും.
അയാളുടെ സന്തതി ഭൂമിയെ അവകാശമാക്കും.
14. കർത്താവിന്റെ ചിന്ത തന്റെ ഭക്തരെക്കുറിച്ച് (ആകുന്നു).
അവൻ തന്റെ ഉടമ്പടി അവരെ അറിയിച്ചു.
15. എന്റെ കണ്ണുകൾ എപ്പോഴും കർത്താവിന്റെ പക്കലേയ്ക്ക്.
എന്തെന്നാൽ അവൻ എന്റെ കാലുകളെ വലയിൽ നിന്നു മോചിപ്പിക്കും.
16. ഞാൻ ഏകാകിയും നിസ്സഹായനുമാകയാൽ,
എന്നിലേക്ക് തിരിഞ്ഞ് എന്നിൽ കനിയണമേ.
17. എന്റെ ഹൃദയവ്യഥകൾ വർദ്ധിച്ചിരിക്കുന്നു.
എന്റെ വ്യഥകളിൽനിന്ന് എന്നെ മോചിപ്പിക്കേണമേ.
18. എന്റെ അടിമത്തവും അദ്ധ്വാനവും നീ ദർശിച്ച് എന്റെ
പാപമെല്ലാം എന്നോടു പൊറുക്കണമേ.
19. എന്റെ ശത്രുക്കൾ പെരുകിയിരിക്കുന്നു എന്നും
ദുഷ്ടമായ വിദ്വേഷത്തോടെ
അവർ എന്നെ വെറുക്കുന്നു എന്നും കണ്ടാലും.
20. ഞാൻ നിന്നിൽ അഭയം തേടിയതിനാൽ
എന്നെക്കാത്തു രക്ഷിക്കണമേ.
21. ഞാൻ നിന്നിൽ പ്രത്യാശവെച്ചതിനാൽ നിഷ്ക്കപടരും
സത്യസന്ധരും എന്നോടു ചേർന്നു.
22. ദൈവം ഇസ്രായേലിനെ അവന്റെ എല്ലാ
മർദ്ദകരിൽനിന്നും രക്ഷിച്ചു.

## സങ്കീർത്തനം 26

കർത്താവേ, ഞാൻ എന്റെ പരമാർത്ഥതയിൽ വ്യാപരിച്ചതുകൊണ്ട്,
നീ എന്നെ വിധിക്കണമേ.
ഞാൻ കർത്താവിൽ വിശ്വാസമർപ്പിച്ചു; ഞാൻ ഇളകുകയില്ല.
2. കർത്താവേ, എന്നെ നിരീക്ഷിച്ച് പരിശോധിക്കണമേ.
എന്റെ അരകളെയും എന്റെ ഹൃദയത്തെയും
നീ പരിശോധിക്കണമേ!
3. (എന്തെന്നാൽ) നിന്റെ കരുണ എന്റെ കൺമുമ്പിലുണ്ട്.
ഞാൻ വിശ്വസ്തതയോടെ വ്യാപരിച്ചു.
4. ഞാൻ ദുഃഷ്ടരോടുകൂടെ വ്യാപരിച്ചില്ല.
നിന്ദ്യരോടു ഞാൻ സംസർഗ്ഗം ചെയ്തുമില്ല.
5. ദുർവൃത്തരുടെ സമൂഹത്തെ ഞാൻ വെറുത്തു.
ദുഷ്ടരുമായി ഞാൻ സഹവസിച്ചില്ല.
6-7. നിന്റെ സ്തുതിയുടെ ഗാനം പാടുന്നതിനും,
നിന്റെ അത്ഭുതങ്ങളെല്ലാം വിവരിക്കുന്നതിനും,
ഞാൻ എന്റെ കൈകൾ കഴുകി നിർമ്മലമാക്കി.
കർത്താവേ, നിന്റെ ബലി പീഠത്തിനു ഞാൻ പ്രദക്ഷിണം വച്ചു.
8. കർത്താവേ, നിന്റെ ഭവനത്തിന്റെ ശുശ്രൂഷയും
നിന്റെ മഹത്വം കുടികൊള്ളുന്ന ഇടവും ഞാൻ സ്നേഹിച്ചു.
9. കർത്താവേ, പാപികളോടുകൂടി, എന്നെയും,
രക്തദാഹികളോടുകൂടി എന്റെ ജീവനെയും നശിപ്പിക്കരുതേ.
10. അവരുടെ കൈയിൽ ചതിയും,
അവരുടെ വലംകൈ നിറയെ കോഴയുമത്രേ.
11. ഞാനോ എന്നാൽ പരമാർത്ഥതയോടെ വ്യാപരിച്ചു;
എന്നെ രക്ഷിച്ച് എന്നോടു കരുണയായിരിക്കണമേ.
12. എന്റെ കാല് നേരായ വഴിയിൽ നിലനിന്നു.
സഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും.

## സങ്കീർത്തനം 27

കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു.
ഞാനാരെ ഭയപ്പെടണം?
കർത്താവ് എന്റെ ജീവന്റെ ശക്തിയാകുന്നു.
ഞാനാരെ പേടിക്കണം?
2. ദുർവൃത്തരായ എതിരാളികളും ശത്രുക്കളും എന്റെ
മാംസം ഭക്ഷിക്കാനായി എന്നെ സമീപിച്ചപ്പോൾ,
അവർ ഒന്നടങ്കം മറിഞ്ഞു വീണു.
3. സൈന്യം എനിക്കെതിരെ പാളയമടിച്ചാലും
എന്റെ ഹൃദയം ഭയപ്പെടുകയില്ല.
എനിക്കെതിരായി യുദ്ധമുണ്ടായാലും
ഇതിൽ ഞാൻ ആശ്രയിക്കും.
4. ഒരു കാര്യം ഞാൻ കർത്താവിനോടു ചോദിച്ചിട്ടുണ്ട്.
അതു തന്നെയാണു ഞാൻ തേടുന്നതും.

www.malankaralibrary.com


എന്റെ ജീവിതകാലം മുഴുവനും
കർത്താവിന്റെ ഭവനത്തിൽ എനിക്കു വസിക്കണം.
കർത്താവിന്റെ മാധുര്യം എനിക്കാസ്വദിക്കണം.
അവന്റെ ആലയം എനിക്കു സന്ദർശിക്കണം.
5. അനർത്ഥകാലത്ത് അവൻ
തന്റെ സംരക്ഷണത്തിൽ എന്നെ മറച്ചുവയ്ക്കും.
തന്റെ കൂടാരത്തിന്റെ നിഴലിൽ എന്നെ സംരക്ഷിക്കും.
പാറമേൽ എന്നെ അവൻ ഉയർത്തി നിറുത്തും.
6. ഇനിമേൽ എന്നെ വലയം ചെയ്തിരിക്കുന്ന ശത്രുക്കൾക്കുപരി
എന്റെ ശിരസ്സുയരും.
അവന്റെ കൂടാരത്തിൽ സ്തുതിയുടെ ബലികൾ ഞാൻ അർപ്പിക്കും;
കർത്താവിനെ ഞാൻ സ്തുതിച്ചു പാടും.
7. കർത്താവേ, ഞാൻ നിന്നെ വിളിക്കുമ്പോൾ എന്റെ സ്വരം നീ കേൾക്കണമേ.
എന്നിൽക്കനിഞ്ഞ് എനിക്കുത്തരമരുളണമേ.
8. എന്റെ ഹൃദയം നിന്നോടു സംസാരിക്കുന്നു.
എന്റെ മുഖം നിന്റെ വദനത്തെ തേടുന്നു.
9. കർത്താവേ നിന്റെ മുഖം എന്നിൽനിന്നു തിരിക്കരുതേ!
നിന്റെ ദാസനെ കോപത്തോടെ പീഡിപ്പിക്കരുതേ!
കർത്താവാണ് എന്റെ സഹായകൻ.
എന്റെ ദൈവമായ രക്ഷകാ,
എന്നെ നിരസിക്കയോ ഉപേക്ഷിക്കയോ ചെയ്യരുതേ.
10. എന്തെന്നാൽ എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചു.
എന്നാൽ കർത്താവ് എന്നെ സ്വീകരിച്ചു.
11. കർത്താവേ, നിന്റെ വഴി എന്നെ പഠിപ്പിക്കണമേ!
നിന്റെ ചൊവ്വുള്ള ഊടുവഴികളിലൂടെ എന്നെ നയിക്കണമേ.
12. എന്റെ ശത്രുക്കൾക്ക് എന്നെ നീ വിട്ടു കൊടുക്കരുതേ
എന്തെന്നാൽ എനിക്കെതിരായി കള്ളസാക്ഷികൾ തിന്മ സംസാരിച്ചു.
13. ഞാനോ, എന്നാൽ, ജീവിക്കുന്നവരുടെ നാട്ടിൽ
കർത്താവിന്റെ നന്മകൾ കാണാമെന്നു വിശ്വസിക്കുന്നു.
14. കർത്താവിൽ ശരണപ്പെടുവിൻ. നിങ്ങളുടെ ഹൃദയം ധൈര്യമാർജ്ജിക്കട്ടെ.
കർത്താവിൽ ആശ്രയിക്കുവിൻ.

## സങ്കീർത്തനം 28

കർത്താവേ, നിന്നെ ഞാൻ വിളിച്ചു;
എന്റെ ദൈവമേ, എന്നോടു മൗനമായിരിക്കരുതേ,
നീ എന്നോടു മിണ്ടാതിരുന്നാൽ,
കുഴിയിലിറങ്ങുന്നവരോടുകൂടെ
എന്റെ കാര്യവും അവസാനിക്കും.
2. ഞാൻ നിന്നോടു നിലവിളിക്കുമ്പോഴും
നിന്റെ വിശുദ്ധാലയത്തിലേക്കു എന്റെ കൈകൾ ഉയർത്തുമ്പോഴും
എന്റെ യാചനയുടെ സ്വരം ശ്രവിക്കണമേ!
3. ദുഷ്ടരോടുകൂടെയും തിന്മചെയ്യുന്നവരോടൊപ്പവും എന്നെ എണ്ണരുതേ
അവർ കൂട്ടുകാർക്കു അഭിവാദനമർപ്പിക്കുന്നു,
പക്ഷേ തിന്മയാണ് അവരുടെ ഉള്ളിൽ.
4. അവരുടെ പ്രവൃത്തികൾക്കും അവരുടെ ദുഷ്ടതയ്ക്കും
അനുസൃതമായി അവരോടു പ്രതികാരം ചെയ്യണമേ.
5. കർത്താവിന്റെ ചെയ്തികളും അവന്റെ കരവേലയും
അവർ ഗ്രഹിക്കാത്തതിനാൽ
അവൻ അവരെ തകർക്കും,
പുനരുദ്ധരിക്കയുമില്ല.
6. എന്റെ യാചനാസ്വരം കേട്ട കർത്താവ്
വാഴ്ത്തപ്പെട്ടവനാകുന്നു.
7. കർത്താവ് എന്റെ തുണയും എന്റെ സഹായവും;
അവനിൽ എന്റെ ഹൃദയം ആശ്രയിച്ചു;
എന്റെ ജഡം പുഷ്ടി പ്രാപിച്ചു.
സ്തോത്രമാലപിച്ച് അവനു ഞാൻ നന്ദി പറയും.
8. കർത്താവ് തന്റെ ജനത്തിന്റെ ശക്തിയും,
തന്റെ അഭിഷിക്തന്റെ രക്ഷയുടെ സഹായകനുമാകുന്നു.
9. നിന്റെ ജനത്തെ രക്ഷിച്ചാലും;
നിന്റെ അവകാശത്തെ അനുഗ്രഹിച്ചാലും!
അവരെ നീ എന്നേയ്ക്കും മേയിച്ചു നയിക്കണമേ.

## സങ്കീർത്തനം 29

കർത്താവിന് ആട്ടിൻകുട്ടികളെ കൊണ്ടുവരുവിൻ;
കർത്താവിന് സ്തുതിയും ബഹുമാനവും അർപ്പിക്കുവിൻ;
2. കർത്താവിന്റെ നാമത്തിന് ബഹുമതി നൽകുവിൻ;
കർത്താവിനെ തന്റെ പരിശുദ്ധാങ്കണത്തിൽ ആരാധിക്കുവിൻ.
3. ജലത്തിനു മീതെ കർത്താവിന്റെ സ്വരം;
സ്തുത്യനായ ദൈവം ഇടിമുഴക്കി!
കർത്താവു പെരുവെള്ളത്തിനു മീതെ!
4. കർത്താവിന്റെ സ്വരം ശക്തിയോടു കൂടിയതും
കർത്താവിന്റെ സ്വരം മഹത്വത്തോടു കൂടിയതുമാകുന്നു.
5. കർത്താവിന്റെ ശബ്ദം കാരകിലുകളെ പിളർക്കുന്നു
ലെബ്നാനിലെ അർസ് മരങ്ങളെ കർത്താവു തകർക്കുന്നു.
6. അവൻ അവയെ കാളക്കുട്ടികളെപ്പോലെയും,
ലെബ്നാനെയും, സാനീറിനെയും കാണ്ടാമൃഗക്കുട്ടികളെപ്പോലെയും തുള്ളിച്ചു.
7. കർത്താവിന്റെ സ്വരം അഗ്നിജ്വാലയെ പിളർക്കുന്നു.
8. കർത്താവിന്റെ സ്വരം വനത്തെ ഇളക്കുന്നു.
കർത്താവ് ഖ്ദെശ് മരുഭൂമിയെ കുലുക്കുന്നു.
9. കർത്താവിന്റെ ശബ്ദം മരച്ചില്ലകളെ ഇളക്കുകയും
വനങ്ങളെ കടപുഴക്കുകയും ചെയ്യുന്നു.
അവന്റെ ആലയത്തിൽ സർവ്വരും സ്തുതിപാടുന്നു.
10. കർത്താവു കടൽക്ഷോഭം മാറ്റി,
നിത്യരാജാവായി കർത്താവു വാഴുന്നു.

www.malankaralibrary.com


11. കർത്താവ് തന്റെ ജനത്തിന് ശക്തി നൽകും.
കർത്താവ് തന്റെ ജനത്തെ സമാധാനം നൽകി
അനുഗ്രഹിക്കും.

## സങ്കീർത്തനം 30

എന്നെ ഉയർത്തിയ കർത്താവേ,
ഞാൻ നിന്നെ മഹത്വപ്പെടുത്തും.
എന്നെയോർത്ത് എന്റെ ശത്രു സന്തോഷിക്കാൻ
നീ അനുവദിച്ചില്ല.
2. എന്റെ ദൈവമായ കർത്താവേ, ഞാൻ നിന്നോടപേ
ക്ഷിച്ചു;
നീ എനിക്ക് സൗഖ്യം നൽകി.
3. എന്നെ ശിയോലിൽനിന്ന് നീ കരേറ്റി;
മരിച്ചവരിൽനിന്ന് നീ എന്നെ ഉയിർപ്പിച്ചു;
4. കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരേ, അവനെ
പാടി സ്തുതിക്കുവിൻ;
അവന്റെ പരിശുദ്ധമായ ഓർമ്മ പ്രകീർത്തിക്കുവിൻ.
5. എന്തെന്നാൽ അവന്റെ കോപത്തിൽ ശാസനയും
അവന്റെ ദിവ്യഹിതത്തിൽ ജീവനുമുണ്ട്.
പ്രദോഷത്തിൽ നീ വിലാപത്തോടെ കഴിഞ്ഞാലും
പ്രഭാതത്തിൽ നിനക്കു സന്തോഷമുണ്ടാകും.
6. ഞാനോ, എന്റെ സമാധാനകാലത്തു പറഞ്ഞു:
'ഞാനൊരിക്കലും കുലുങ്ങുകയില്ല'.
7. ദൈവമേ, നിന്റെ ഇഷ്ടാനുസരണം എന്റെ സ്തുതിയെ
നീ സമൃദ്ധമാക്കി.
എന്നാൽ നീ മുഖം തിരിച്ചപ്പോൾ,
ഞാൻ ഇളകിപ്പോയി.
8. കർത്താവേ, നിന്നെ ഞാൻ വിളിച്ചു.
എന്റെ കർത്താവേ, നിന്നോടു ഞാൻ യാചിച്ചു.
9. നാശത്തിലേക്ക് ഞാൻ താഴുകയാണെങ്കിൽ
എന്റെ രക്തം കൊണ്ട് എന്തു പ്രയോജനം?
പൂഴി നിന്നെ സ്തുതിക്കുന്നില്ല.
നിന്റെ വിശ്വസ്തതയെ കാണിക്കുന്നുമില്ല.
10. ദൈവമേ ശ്രവിച്ച് എന്നിൽ കനിയണമേ
കർത്താവേ, നീ എനിക്ക് സഹായകനാകണമേ.
11. എന്റെ വിലാപം നീ സന്തോഷമായി പകർത്തി;
എന്റെ ചാക്കുവസ്ത്രം നീക്കി നീ എന്നെ സന്തോഷം
ധരിപ്പിച്ചു.
12. ഇതിനാൽ നിനക്കു ഞാൻ സ്തുതിപാടും;
ഞാൻ മൗനമായിരിക്കയില്ല.
എന്റെ ദൈവമായ കർത്താവേ, നിനക്കു ഞാൻ
എന്നേക്കും നന്ദിപറയും.

## സങ്കീർത്തനം 31

കർത്താവേ, നിന്നിൽ ഞാൻ ശരണപ്പെട്ടു;
ഞാൻ ഒരിക്കലും ലജ്ജിക്കയില്ല.
നിന്റെ നീതിയാൽ എന്നെ രക്ഷിച്ചാലും!
2. എന്നിലേയ്ക്ക് നിന്റെ ചെവി ചായിച്ച്,
എനിക്കു വേഗം ഉത്തരം തരണമേ.
ദൈവമേ, നീ എന്റെ സഹായകനും
എന്റെ സങ്കേതവും ആയിരുന്ന്,
എന്നെ രക്ഷിക്കണമേ.
3. നീയാണല്ലോ എന്റെ ശക്തിയും എന്റെ സങ്കേതവും,
കർത്താവേ, നിന്റെ നാമത്തെ പ്രതി എന്നെ ആശ്വ
സിപ്പിക്കണമേ.
4. അവർ എനിക്കായി മറച്ചുവച്ചിരിക്കുന്ന ഈ വലയിൽ
നിന്ന്
എന്നെ വിടുവിക്കണമേ.
നീയാണല്ലോ എന്റെ സഹായകൻ.
എന്റെ അരൂപി നിന്നെ കാത്തിരുന്നു.
5. നീതിയുള്ള ദൈവമായ കർത്താവേ, നീയെന്നെ
രക്ഷിച്ചു.
6. വ്യർത്ഥവിഗ്രഹങ്ങൾ സൂക്ഷിക്കുന്നവരെ നീ
ദ്വേഷിച്ചു.
ഞാനോ, കർത്താവേ, നിന്നിൽ ആശ്രയിച്ചു.
7. നിന്റെ കൃപയിൽ ഞാൻ സന്തോഷിച്ചാഹ്ലാദിക്കും.
കാരണം നീ എന്റെ താഴ്മയെക്കണ്ട്
എന്റെ കഷ്ടത മനസ്സിലാക്കി.
8. എന്റെ ശത്രുക്കളുടെ കയ്യിൽ നീ എന്നെ ഏല്പിച്ചില്ല.
എന്റെ പാദങ്ങളെ വിശാലമായസ്ഥലത്ത് നീ നിർത്തി.
9. ഞാൻ ദുഃഖിതനാകയാൽ കർത്തവേ, എന്നോടു
കൃപ ചെയ്യണമേ;
കോപത്താൽ എന്റെ കണ്ണും എന്റെ
ആത്മാവും എന്റെ ഉദരവും കലങ്ങിയിരിക്കുന്നു.
10. എന്റെ ആയുസ്സ് ദുഃഖത്തിലും എന്റെ വത്സരങ്ങൾ
നെടുവീർപ്പിലും കഴിഞ്ഞുപോയിരിക്കുന്നു.
ദാരിദ്ര്യത്താൽ എന്റെ ശക്തിക്ഷയിച്ചു.
എന്റെ ശത്രുക്കൾ എല്ലാവരും നിമിത്തം
എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു.
11. എന്റെ അയല്ക്കാർക്ക് ഞാൻ നിന്ദാപാത്രമായി
പരിചിതർക്ക് ഞാൻ ഭയ വിഷയവുമായി.
തെരുവിൽ എന്നെക്കാണുന്നവർ എന്നിൽനിന്ന് ഓടി
പ്പോയിരുന്നു.
12. മരിച്ചവനെപ്പോലെ ഞാൻ മനസ്സിൽ നിന്നു മായ്ക്ക
പ്പെട്ടു.
ഉടഞ്ഞപാത്രംപോലെ ഞാൻ ആയിത്തീർന്നു.
13. അവർ എനിക്കെതിരായി കൂടിയാലോചിക്കയും,
എന്റെ ജീവൻ അപഹരിക്കാൻ ആലോചിക്കയും
ചെയ്തപ്പോൾ,
അനേകരുടെ വിചിന്തനം ഞാൻ ഗ്രഹിച്ചു.
14. എന്നാൽ കർത്താവേ, ഞാൻ നിന്നിൽ ആശ്രയിച്ചു.
എന്റെ ദൈവമായ കർത്താവ് നീയാണെന്ന് ഞാൻ
പറഞ്ഞു.
15. കാലങ്ങൾ നിന്റെ കരങ്ങളിലാകുന്നു.
ശത്രുക്കളിൽനിന്നും എന്നെ പീഡിപ്പിക്കുന്നവരിൽ
നിന്നും എന്നെ രക്ഷിക്കണമേ.
16. നിന്റെ ദാസന്റെമേൽ നിന്റെ മുഖം പ്രകാശിപ്പിക്കയും,
നിന്റെ കൃപയാൽ എന്നെ രക്ഷിക്കയും ചെയ്യണമേ.
17. കർത്താവേ, നിന്നെ വിളിച്ചപേക്ഷിച്ചതിനാൽ ഞാൻ
ലജ്ജിക്കയില്ല.
ദുഷ്ടർ ലജ്ജിച്ച് ശിയോലിലേയ്ക്കിറങ്ങട്ടെ.

www.malankaralibrary.com


18. നീതിമാനെതിരായി കപടതയും നിന്ദനവും കാണിക്കുന്ന
ധിക്കാരികളുടെ, അധരങ്ങൾ അടയ്ക്കപ്പെടട്ടെ.
19. മനുഷ്യരുടെ മുമ്പാകെ നിന്നിൽ ശരണപ്പെടുന്ന
നിന്റെ ആരാധകർക്കായി,
നീ കരുതി വച്ചിരിക്കുന്ന കൃപ
എത്രയോ വലുതാകുന്നു.
20. മനുഷ്യരുടെ കലക്കങ്ങളിൽ നിന്ന്
അവരെ നിന്റെ സംരക്ഷണയിൽ നീ മറയ്ക്കും.
കലഹത്തിൽ നിന്ന് നിന്റെ നിഴലിൽ നീ അവരെ സംരക്ഷിക്കും
21. ഉറപ്പുള്ള പട്ടണത്തിൽ തനിക്കായി ഉത്തമന്മാരെ
തിരഞ്ഞെടുത്ത കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.
22. നിന്റെ സന്നിധിയിൽ ഞാൻ നശിച്ചു എന്ന്
എന്റെ പരിഭ്രമത്തിൽ ഞാൻ പറഞ്ഞു.
ഞാൻ നിന്നെ വിളിച്ചപ്പോൾ എന്റെ അപേക്ഷയുടെ സ്വരം നീ കേട്ടു.
23. കർത്താവിന്റെ നീതിമാന്മാരേ, അവനെ സ്നേഹിക്കുക.
വിശ്വസ്തരെ കർത്താവു പാലിക്കുന്നു.
ദുഷ്ടന്മാരോട് അവരുടെ പ്രവൃത്തിക്ക് അവൻ പ്രതികാരം ചെയ്യുന്നു.
24. കർത്താവിൽ ശരണപ്പെടുന്നവരേ, നിങ്ങൾ ധൈര്യപ്പെടുവിൻ.
നിങ്ങളുടെ ഹൃദയം കരുത്തുറ്റതാകട്ടെ.

## സങ്കീർത്തനം 32

തന്റെ അപരാധം ക്ഷമിക്കപ്പെടുകയും
തന്റെ പാപങ്ങൾ മറയ്ക്കപ്പെടുകയും ചെയ്തവൻ ഭാഗ്യവാനാകുന്നു.
2. ആരിൽ കർത്താവു പാപം ആരോപിക്കുന്നില്ലയോ
ആരുടെ ഹൃദയത്തിൽ ചതിയില്ലാതിരിക്കുന്നുവോ
അവൻ ഭാഗ്യവാൻ.
3. ദിവസംമുഴുവൻ ഞാൻ തേങ്ങിക്കരഞ്ഞപ്പോൾ
ശബ്ദമടക്കിയതുമൂലം എന്റെ അസ്ഥികൾ ക്ഷയിച്ചു.
4. കാരണം രാപകൽ നിന്റെ കരം എന്റെമേൽ ഭാരപ്പെട്ടു.
വ്യാകുലത എന്നെക്കൊല്ലാൻ എന്റെ ഹൃദയത്തിൽ ആഞ്ഞിറങ്ങി.
5. എന്റെ പാപങ്ങൾ ഞാൻ നിന്നെ അറിയിച്ചു;
എന്റെ അപരാധങ്ങൾ നിന്നിൽനിന്നു ഞാൻ മറച്ചില്ല.
എന്റെ തെറ്റുകൾ കർത്താവിനോട് ഏറ്റു പറയുമെന്ന് ഞാൻ പറഞ്ഞു.
നീ എന്റെ പാപങ്ങളെല്ലാം എന്നോടു ക്ഷമിക്കുന്നു.
6. ഇതുമൂലം നിന്നാൽ തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും
തക്കമെയത്ത് നിന്നോട് പ്രാർത്ഥിക്കും.
എന്നാൽ പെരുവെള്ളപ്പാച്ചിൽപോലും
അയാളെ സമീപിക്കയില്ല.
7. നീ എന്നെ സംരക്ഷിക്കണമേ
എന്റെ ശത്രുക്കളിൽനിന്ന് എന്നെ കാക്കണമേ;
ഞാൻ നിന്നെ മനസ്സിലാക്കുന്നതിനുവേണ്ടി,
സ്തുതിയും രക്ഷയുംകൊണ്ട് എന്നെ ആവരണം ചെയ്യണമേ.
8. നീ പോകേണ്ട വഴി നിന്നെ ഞാൻ അറിയിക്കും.
നിന്റെമേൽ എന്റെ ദൃഷ്ടി ഞാൻ വയ്ക്കും.
9. നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും (കോവർ) കഴുതയേയുംപോലെ ആകരുത്;
കുട്ടിപ്രായം മുതൽ അവയെ കടിഞ്ഞാൺകൊണ്ട് അമർത്തുന്നു.
അല്ലെങ്കിൽ അവയെ സമീപിക്കാൻ കഴിയുകയില്ല.
10. ദുഷ്ടന്റെ വേദനകൾ വളരെയാകുന്നു;
കർത്താവിൽ ശരണപ്പെടുന്നവനെ കൃപ വലയം ചെയ്യും.
11. നീതിമാന്മാരേ, കർത്താവിൽ സന്തോഷിച്ച് ആനന്ദിക്കുവിൻ;
ഹൃദയപരമാർത്ഥതയുള്ളവരേ, നിങ്ങളേവരും അവനെ സ്തുതിക്കുവിൻ!

## സങ്കീർത്തനം 33

നീതിമാന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ
പരമാർത്ഥികൾക്കു സ്തുതി യോഗ്യമാകുന്നു.
2. കിന്നരം മീട്ടി കർത്താവിനെ വാഴ്ത്തുവിൻ;
പത്തുതന്ത്രിയുള്ള വീണയാൽ അവനു സംഗീതമുതിർക്കുവിൻ;
3. അവന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ
സ്വരത്തിൽ നന്നായി ആലപിക്കുവിൻ.
4. കർത്താവിന്റെ വചനം നീതിനിഷ്ഠമാകുന്നു.
അവന്റെ പ്രവൃത്തികളെല്ലാം വിശ്വസ്തതയുള്ളവ.
5. അവൻ നീതിന്യായങ്ങളെ സ്നേഹിക്കുന്നു.
കർത്താവിന്റെ കൃപകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.
6. കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു.
അവന്റെ വദനനിശ്വാസത്താൽ എല്ലാ ആകാശശക്തികളും.
7. തോൽക്കുടത്തിലെന്നപോലെ അവൻ കടൽവെള്ളം ശേഖരിച്ചു.
ആഴങ്ങളെ അവൻ അറകളിൽ സ്ഥാപിച്ചു,
8. ഭൂമി മുഴുവൻ കർത്താവിനെ ഭയപ്പെടട്ടെ;
ഭൂവാസികൾ മുഴുവൻ അവന്റെ മുമ്പാകെ വിറകൊള്ളട്ടെ.
9. കാരണം അവൻ അരുളിച്ചെയ്തു, അവ ഉണ്ടായി;
അവൻ കല്പിച്ചു, അവ നിലവിൽ വന്നു.
10. കർത്താവ് ജനതകളുടെ ആലോചനയെ വ്യർത്ഥമാക്കുന്നു.
അവൻ വിജാതീയരുടെ പദ്ധതികളെ നിഷ്ഫലമാക്കുന്നു.
11. കർത്താവിന്റെ ആലോചന നിത്യം നിലനിൽക്കുന്നു.
അവന്റെ ഹൃദയവിചാരം എല്ലാതലമുറകളിലും.
12. കർത്താവു ദൈവമായിട്ടുള്ള ജനത,
തന്റെ അവകാശമായി അവൻ തെരഞ്ഞെടുത്തിട്ടുള്ള ജനം, അനുഗൃഹീതം!
13. കർത്താവ് ആകാശത്തിൽ നിന്നു സൂക്ഷിച്ചുനോക്കി;
അവൻ മനുഷ്യപുത്രരെയെല്ലാം കണ്ടു.

www.malankaralibrary.com

14. തന്റെ സിംഹാസനത്തിൽ നിന്നു
ഭൂവാസികളെയെല്ലാം അവൻ കണ്ടു.
15. അവരുടെ ഹൃദയങ്ങളെ ഒരുപോലെ അവൻ മെനഞ്ഞു.
അവരുടെ എല്ലാ പ്രവൃത്തികളും അവൻ അറിയുന്നു.
16. ശക്തിവർദ്ധിക്കുന്നതുകൊണ്ട്
രാജാവ് രക്ഷിക്കപ്പെടുന്നില്ല.
ശക്തിമാനും തന്റെ ശക്തിയുടെ ആധിക്യത്താൽ
മോചിതനാകുന്നില്ല.
17. കുതിര തരുന്ന രക്ഷ ആശ്രയിക്കാവുന്നതല്ല.
കുതിര അതിന്റെ ശക്തിയുടെ ഊറ്റം കൊണ്ട്
കുതിരക്കാരനെ രക്ഷിക്കുന്നില്ല.
18. കർത്താവിന്റെ കണ്ണുകൾ തന്റെ കൃപയെ
പ്രതീക്ഷിക്കുന്ന നീതിമാന്മാരുടെ മേലാകുന്നു.
19. അങ്ങനെ അവരുടെ ജീവനെ മരണത്തിൽ നിന്നു രക്ഷിക്കുന്നു.
ക്ഷാമത്തിൽ അവരെ ജീവനോടെ നിലനിർത്തുന്നു.
20. ഞങ്ങളുടെ ആത്മാവ് കർത്താവിനെ കാത്തിരുന്നു.
അവനാണ് നമ്മുടെ സഹായവും ആശ്രയവും.
21. നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കും.
എന്തെന്നാൽ നാം അവന്റെ പരിശുദ്ധനാമത്തിൽ ആശ്രയിച്ചു.
22. കർത്താവേ, ഞങ്ങൾ നിന്നിൽനിന്നു പ്രതീക്ഷിക്കുന്നതുപോലെ,
നിന്റെ കൃപ ഞങ്ങളിൽ ഉണ്ടായിരിക്കട്ടെ.

## സങ്കീർത്തനം 34

എപ്പോഴും ഞാൻ കർത്താവിനെ വാഴ്ത്തും;
എപ്പോഴും അവന്റെ സ്തുതി എന്റെ ചുണ്ടിൽ.
2. എന്റെ ആത്മാവ് കർത്താവിൽ പ്രശംസിക്കും.
ദരിദ്രർ ഇത് കേട്ട് സന്തോഷിക്കയും ചെയ്യും.
3. എന്നോടുകൂടെ കർത്താവിനെ മഹത്വപ്പെടുത്തുക;
നമുക്കൊരുമിച്ച് അവന്റെ നാമം വാഴ്ത്താം.
4. ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു, അവൻ എനിക്ക് ഉത്തരമരുളി.
എന്നെ എല്ലാ അനർത്ഥങ്ങളിൽനിന്നും അവൻ മോചിപ്പിച്ചു.
5. അവനെ നോക്കി അവനിൽ പ്രത്യാശയർപ്പിക്കുവിൻ,
അപ്പോൾ നിങ്ങളുടെ വദനങ്ങൾ ലജ്ജാഭരിതമാകയില്ല.
6. ഇതാ കർത്താവിനെ വിളിച്ച ദരിദ്രൻ;
അയാളെ അവൻ ശ്രവിച്ചു.
അയാളെ എല്ലാ കഷ്ടതയിൽനിന്നും അവൻ രക്ഷിച്ചു.
7. കർത്താവിന്റെ മാലാകാമാരുടെ സൈന്യം അവന്റെ
ഭക്തരെ വലയം ചെയ്യുന്നു,
അവൻ അവരെ രക്ഷിക്കയും ചെയ്യുന്നു.
8. കർത്താവു നല്ലവനാകുന്നു എന്ന് നിങ്ങൾ അനുഭവിച്ചറിയുവിൻ.
അവനിൽ അഭയം തേടുന്നവർ ഭാഗ്യവാന്മാർ.
9. ധനികന്മാർ ദരിദ്രരാക്കപ്പെടുകയും അവർക്കു
വിശക്കുകയും ചെയ്യും.
10. കർത്താവിനെ തേടുന്നവർക്കോ നന്മയ്ക്കൊന്നും കുറവുണ്ടാകയില്ല.
11. മക്കളേ, വന്ന് എന്നെ കേൾക്കൂ,
ദൈവഭയം നിങ്ങളെ ഞാൻ പഠിപ്പിക്കാം.
12. ജീവിതം ഇഷ്ടപ്പെടുകയും
നല്ലദിനങ്ങൾ കാണാൻ കാംക്ഷിക്കുകയും ചെയ്യുന്ന മനുഷ്യാ,
13. തിന്മയിൽനിന്ന് നിന്റെ നാവിനെ കാക്കുക.
നിന്റെ അധരങ്ങൾ വ്യാജം പറയാതിരിക്കട്ടെ.
14. തിന്മയിൽ നിന്നകന്ന് നന്മ ചെയ്യുക.
സമാധാനം തേടി അതിനെ പിൻതുടരുക.
15. കർത്താവിന്റെ കണ്ണുകൾ നീതിമാന്മാരുടെമേൽ (പതിച്ചിരിക്കുന്നു).
അവന്റെ കർണ്ണങ്ങൾ അവരെ ശ്രവിക്കാനും.
16. ദുർവൃത്തരുടെ ഓർമ്മ ഭൂമിയിൽനിന്ന് തുടച്ചുമാറ്റാൻ (വേണ്ടി)
കർത്താവിന്റെ മുഖം അവർക്കെതിരാകുന്നു.
17. നീതിമാന്മാർ നിലവിളിച്ചു.
കർത്താവ് അവരെക്കേട്ടു; അവരെ രക്ഷിച്ചു.
18. ഹൃദയം തകർന്നവർക്കു കർത്താവു സമീപസ്ഥനാകുന്നു.
വിനീതഹൃദയരെ അവൻ രക്ഷിക്കുന്നു.
19. ധർമ്മിഷ്ഠന്റെ കഷ്ടതകൾ അനേകമാകുന്നു.
എന്നാൽ അവയിൽ നിന്നെല്ലാം കർത്താവ് അയാളെ മോചിക്കുന്നു.
20. അവൻ അയാളുടെ അസ്ഥികളെല്ലാം സംരക്ഷിക്കുന്നു.
അവയിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല.
21. തിന്മ ദുഷ്ടരെക്കൊല്ലും;
നീതിമാന്മാരെ ദ്വേഷിക്കുന്നവർ നശിക്കും.
22. കർത്താവ് തന്റെ ദാസരുടെ ജീവൻ രക്ഷിക്കും.
അവനിൽ പ്രത്യാശയർപ്പിക്കുന്നവരാരും ശിക്ഷിക്കപ്പെടുകയില്ല.

## സങ്കീർത്തനം 35

കർത്താവേ എനിക്കു നീ ന്യായവിധിചെയ്യണമേ.
എന്നോടു പൊരുതുന്നവരോടു് നീ പൊരുതണമേ.
2. ആയുധവും പരിചയുമേന്തി എനിക്കു സഹായം നില്ക്കണമേ.
3. എന്നെ പീഡിപ്പിക്കുന്നവർക്കെതിരായി നീ വാളൂരി വീശണമേ.
എൻെറ ആത്മാവിനോടു ഞാനാണു നിൻെറ രക്ഷകൻ എന്നു പറയണമേ.
4. എൻെറ ജീവനെ അന്വേഷിക്കുന്നവർ ലജ്ജിച്ചു പരിഭ്രമിക്കും.
എനിക്കെതിരായി തിന്മ വിചാരിക്കുന്നവർ പിന്തിരിഞ്ഞു ലജ്ജിക്കും.
5. അവർ കാറ്റിൽപ്പെട്ട പൊടിപോലെയാകട്ടെ!
കർത്താവിൻെറ മാലാകാ അവരെ തുരത്തട്ടെ!
6. അവരുടെ വഴി ഇരുണ്ടതും വഴുവഴുക്കുന്നതുമാകട്ടെ.
ദൈവത്തിന്റെ മാലാകാ അവരെ പീഡിപ്പിക്കട്ടെ.

www.malankaralibrary.com

7. അവൻ എനിക്കായി കെണികൾ കുഴിച്ചുവയ്ക്കുകയും
എൻെറ ജീവനുവേണ്ടി വലവിരിക്കുകയും ചെയ്തു.
8. പെട്ടെന്ന് അവരുടെമേൽ നാശംവരും.
അവർ വിരിച്ച വല അവരെത്തന്നെ പിടിക്കും.
അവർ കുഴിച്ചകുഴിയിൽ അവർതന്നെ നിപതിക്കും.
9. അപ്പോൾ എന്റെ ആത്മാവ് ദൈവത്തിൽ ആനന്ദിക്കും.
അവൻെറ രക്ഷ ആസ്വദിക്കുകയും ചെയ്യും.
10. എൻെറ അസ്ഥികളെല്ലാം ഉദ്ഘോഷിക്കും:
കർത്താവേ നിന്നെപ്പോലേ ആരുണ്ട്?
നിരാലംബനെ അയാളുടെ ശത്രുക്കളിൽ നിന്നും,
ദരിദ്രനെയും നിസ്സഹായനെയും ബലാല്ക്കാരമായി
കവർച്ച ചെയ്യുന്നവനിൽനിന്നും നീ രക്ഷിക്കുന്നല്ലോ.
11. ദ്രോഹികളായ സാക്ഷികൾ എഴുന്നേറ്റുനിന്ന്,
ഞാനറിയാത്ത കാര്യം എന്നോടു ചോദിച്ചു.
12. അവർ എന്നോട് നന്മയ്ക്കു പകരം തിന്മചെയ്തു.
മനുഷ്യരുടെ ഇടയിൽനിന്ന് എന്നെ അവൻ നശിപ്പിച്ചു.
13. അവരുടെ രോഗാവസ്ഥയിൽ ഞാൻ ചാക്കുടുത്ത്,
ഉപവാസത്താൽ എന്നെത്തന്നെ താഴ്ത്തി.
എന്നാൽ എന്റെ പ്രാർത്ഥന എന്നിലേക്കു മടങ്ങി.
14. സ്നേഹിതനെപ്പോലെയും സഹോദരനെപ്പോലെയും
ഞാൻ വ്യാപരിച്ചിരുന്നു.
വിലാപത്തിലിരിക്കുന്നവനെപ്പോലെ ഞാൻ ദുഃഖിച്ചു.
15. എന്റെ ക്ലേശത്തിൽ അവർ കൂട്ടം കൂടി സന്തോഷിച്ചു.
എനിക്കെതിരെ വളരെനേരം അവർ സമ്മേളിച്ചു.
എന്നാൽ ഞാൻ അത് അറിഞ്ഞില്ല.
16. അവർ അഹങ്കാരത്തോടും പരിഹാസത്തോടുംകൂടി
[illegible] എനിക്കെതിരേ പല്ലിറുമ്മി.
17. എന്റെ കർത്താവേ, ഞാൻ വേണ്ടുവോളം കണ്ടു.
എന്റെ ആത്മാവിനെ അവരുടെ കലഹത്തിൽനിന്നും
ഏകനായ എന്നെ സിംഹങ്ങളിൽനിന്നും രക്ഷിക്കണമേ.
18. വലിയ സമൂഹത്തിൽ നിന്നെ ഞാൻ സ്തുതിക്കും.
വളരെ ജനങ്ങളുടെ ഇടയിൽ നിന്നെ ഞാൻ പാടിപ്പുകഴ്ത്തും.
19. കാരണം കൂടാതെ എന്നെ വെറുക്കുന്ന ദ്രോഹികളും ശത്രുക്കളും
എന്നെക്കുറിച്ച് ആനന്ദിക്കാതിരിക്കട്ടെ.
എന്തെന്നാൽ അവർ കണ്ണിറുക്കുകയും,
സമാധാനം ആശംസിക്കാതിരിക്കുകയും ചെയ്യുന്നു.
20. ഭൂമിയിലെ വിനീതനെതിരായി അവർ വഞ്ചന ആലോചിക്കുന്നു.
21. എനിക്കെതിരായി അവർ വായ് തുറന്നു പറഞ്ഞു.
അഹോ! ഞങ്ങളുടെ കണ്ണ് അവനെ നോക്കി.
22. ദൈവമേ, നീ കണ്ടല്ലോ, കർത്താവേ മൗനമായിരിക്കരുതേ,
എന്നിൽനിന്ന് അകന്നുപോകരുതേ.
23. എന്റെ ദൈവമേ, എന്റെ കർത്താവേ, എന്റെ ന്യായവിധിക്ക് നീ തയ്യാറാകണമേ.
എന്റെ ഞെരുക്കത്തെ തൃക്കൺപാർക്കണമേ.
24. കർത്താവേ, നിന്റെ നീതിക്കു ചേർന്നവിധം എന്നെ നീ വിധിക്കണമേ.
അവർ എന്നെക്കുറിച്ച് സന്തോഷിക്കാതിരിക്കട്ടെ.
25. "ഞങ്ങളുടെ ആത്മാവ് സമാശ്വസിച്ചു.
അയാളെ ഞങ്ങൾ വെള്ളത്തിൽ ആഴ്ത്തി"
എന്ന് അവരുടെ ഉള്ളിൽ അവർ പറയാതിരിക്കട്ടെ.
26. എന്റെ തിന്മ ആഗ്രഹിക്കുന്നവർ ഒന്നടങ്കം ലജ്ജിച്ചു തല താഴ്ത്തും.
എന്റെ നേരെ വലിമ നടിക്കുന്നവർ ലജ്ജ ധരിക്കും.
27. എന്റെ ജയം ആഗ്രഹിക്കുന്നവർ ആർത്തുപാടി ആനന്ദിക്കും.
തന്റെ ദാസന്റെ സമാധാനം കാംക്ഷിക്കുന്ന കർത്താവ്
വലിയവനാണെന്ന് അവർ എപ്പോഴും പറയും.
28. എന്റെ നാവ് നിന്റെ നീതിയെയും ദിവസം മുഴുവൻ
നിന്റെ സ്തുതികളെയും ഉദ്ഘോഷിക്കും.

## സങ്കീർത്തനം 36

ദുഷ്ടൻ തന്റെ ഹൃദയത്തിൽ ദുഷ്ടത വിചാരിക്കുന്നു.
അയാളുടെ മിഴികൾക്കു മുന്നിൽ ദൈവഭയമില്ല.
2. എന്തെന്നാൽ, തന്റെ പാപങ്ങളെ ത്യജിക്കുന്നതും
അവയെ വെറുക്കുന്നതും അയാളുടെ കണ്ണുകളിൽ വെറുപ്പുള്ളതാകുന്നു.
3. അയാളുടെ വായിലെ വാക്ക് വഞ്ചനയും ദ്രോഹവും നിറഞ്ഞതാണ്.
നന്മ ചെയ്യാൻ അയാൾ ഇഷ്ടപ്പെടുന്നില്ല.
4. അയാൾ തന്റെ കിടക്കയിൽ ദ്രോഹത്തിനു പദ്ധതി തയ്യാറാക്കുന്നു.
ദുഷ്ടത പ്രവർത്തിക്കാൻവേണ്ടി കൊള്ളരുതാത്ത വഴിയിൽ
അയാൾ ചരിക്കുന്നു.
5. കർത്താവേ നിന്റെ കരുണ സ്വർഗ്ഗത്തിലാണ്.
നിന്റെ വിശ്വസ്തത അത്യുന്നതമായ ആകാശംവരെയും.
6. നിന്റെ നീതി വലിയ പർവ്വതംപോലെ,
നിന്റെ ന്യായവിധികൾ അത്യഗാധതപോലെയും.
കർത്താവേ, നീ മനുഷ്യരെയും മൃഗങ്ങളെയും രക്ഷിക്കുന്നു.
7. ദൈവമേ, നിന്റെ കരുണ എത്രയോ വലുതാകുന്നു!
മനുഷ്യർ നിന്റെ ചിറകുകളുടെ തണലിൽ സംരക്ഷിക്കപ്പെടും.
8. നിന്റെ ഭവനത്തിന്റെ സമൃദ്ധിയിൽ അവർ വളരെ സന്തോഷിക്കും.
നിന്റെ മധുരമുള്ള നീർച്ചാലിൽനിന്ന് നീ അവരെ കുടിപ്പിക്കും.
9. കാരണം ജീവന്റെ ഉറവ നിന്റെ പക്കലാണ്
നിന്റെ വെളിച്ചത്തിലാണ് ഞങ്ങൾ പ്രകാശം കാണുന്നത്.
10. നിന്നോട് അടുത്തിരിക്കുന്നവർക്കായി നിന്റെ കൃപ നീ പാലിക്കണമേ
നിന്റെ നീതി നിഷ്ക്കപടഹൃദയർക്കായും.
11. കരുത്തുറ്റ കാലടി എന്റെമേൽ നീ വരുത്തരുതേ.
ദുഷ്ടന്മാരുടെ കരം ഞങ്ങളെ ഇളക്കാതിരിക്കട്ടെ.
12. ദുഷ്ടത പ്രവർത്തിക്കുന്നവരെല്ലാം അവിടെ വീഴും
അവർ തള്ളിയിടപ്പെടും. എഴുന്നേൽക്കാൻ അവർക്കു സാധിക്കയില്ല.

## സങ്കീർത്തനം 37

ദുഷ്ടനെപ്പറ്റി നീ ഉത്ക്കണ്ഠാകുലനാകേണ്ട
ദുഷ്ക്കർമ്മം ചെയ്യുന്നവരോട് നീ കോപിക്കയും വേണ്ടാ.
2. കാരണം അവർ ചുള്ളിപോലെ വേഗം ഉണങ്ങുന്നു.
പച്ചപ്പുല്ലുപോലെ വാടുകയും ചെയ്യുന്നു.
3. ദൈവത്തിൽ ആശ്രയിച്ച് നന്മ ചെയ്യുക.
ഭൂമിയിൽ വിശ്വസ്തതയോടെ ജീവിക്കുക.
4. കർത്താവിൽ ശരണപ്പെടുക, നിന്റെ ഹൃദയാഭിലാഷങ്ങൾ അവൻ നിനക്കു നൽകും.
5. കർത്താവിന്റെ മുമ്പിൽ നിന്റെ വഴി നേരെയാക്കി അവനിൽ ശരണപ്പെടുക.
അവൻ (എല്ലാം) ഫലപ്രദമാക്കും.
6. അവൻ നിന്റെ നീതിയെ പ്രകാശംപോലെയും
നിന്റെ ന്യായവിധികളെ മദ്ധ്യാഹ്നംപോലെയും ആക്കും.
7. കർത്താവിനോടു യാചിക്കുകയും അവന്റെ മുമ്പാകെ പ്രാർത്ഥിക്കുകയും ചെയ്യുക.
ഒരുവന്റെ വഴി വിജയകരമാണെങ്കിലും ദുഷ്ടതപ്രവർത്തിക്കുന്നവനോടു നീ മത്സരിക്കേണ്ട.
8. ക്രോധം വിട്ടൊഴിയുക; കോപത്തിൽനിന്നും ശാന്തനാകുക.
തിന്മ പ്രവർത്തിക്കുന്നതിന് മത്സരിക്കുകയും വേണ്ടാ.
9. കാരണം ദുഷ്ടർ നശിക്കുന്നു.
കർത്താവിൽ ശരണപ്പെടുന്നവർ ഭൂമി അവകാശമാക്കുന്നു.
10. അല്പസമയത്തിനുശേഷം നീ ദുഷ്ടനെ അന്വേഷിക്കും.
എന്നാൽ അയാൾ ഉണ്ടായിരിക്കയില്ല.
അയാളുടെ സ്ഥലത്ത് നീ നോക്കും;
എന്നാൽ കണ്ടെത്തുകയില്ല.
11. ദരിദ്രർ ഭൂമി അവകാശപ്പെടുത്തും.
അവർ വലിയ സമാധാനം ആസ്വദിക്കും.
12. ദുഷ്ടൻ നീതിമാനെതിരായി രോഷം കൊള്ളുന്നു.
അയാളുടെ നേരെ പല്ലിറുമ്മുന്നു.
13. എന്നാൽ കർത്താവ് അയാളെ നോക്കി പരിഹസിക്കും
എന്തെന്നാൽ അയാളുടെ ദിവസം അടുത്തിരിക്കുന്നെന്ന് അവൻ അറിയുന്നു.
14. ദരിദ്രരെയും പാവപ്പെട്ടവരെയും സന്മാർഗ്ഗികളെയും
വധിക്കാൻ ദുഷ്ടന്മാർ വാളൂരുകയും വില്ലുകുലയ്ക്കുകയും ചെയ്യു.
15. അവരുടെ വാൾ അവരുടെ ഹൃദയത്തിൽത്തന്നെ കടക്കും.
അവരുടെ വില്ലുകൾ തകർക്കപ്പെടും.
16. നീതിമാനുള്ള അല്പം
ദുഷ്ടരുടെ വലിയ സമ്പത്തിനേക്കാൾ ഏറെ മെച്ചമാണ്.
17. കാരണം ദുഷ്ടരുടെ ഭുജങ്ങൾ തകർക്കപ്പെടും.
നീതിമാന്മാരെ കർത്താവ് താങ്ങിക്കൊള്ളും.
18. കർത്താവ് നിരപരാധികളുടെ ദിനങ്ങൾ അറിയുന്നു.
അവരുടെ അവകാശം ശാശ്വതമായിരിക്കും.
19. കഷ്ടകാലത്ത് അവർ ലജ്ജിക്കയില്ല.
ക്ഷാമദിനങ്ങളിൽ അവർ തൃപ്തരാകും.
20. ദുഷ്ടരോ നശിച്ചുപോകുന്നു.
കർത്താവിന്റെ ശത്രുക്കൾ തടിച്ചവരെങ്കിലും ശോഷിക്കുന്നു;
പുകപോലെ അവർ മാഞ്ഞുപോകുകയും ചെയ്യുന്നു.
21. ദുഷ്ടൻ കടം വാങ്ങുന്നു; എന്നാൽ വീട്ടുന്നില്ല.
നീതിമാനോ ദയതോന്നിക്കൊടുക്കുന്നു.
22. കാരണം കർത്താവിനെ പ്രണമിക്കുന്നവർ ഭൂമിയെ അവകാശമാക്കുന്നു.
അവനെ ശപിക്കുന്നവർ നശിക്കും.
23. മനുഷ്യന്റെ ചുവടുവയ്പുകൾ
കർത്താവിന്റെ മുമ്പിൽ ക്രമീകരിക്കപ്പെട്ടവയാകുന്നു.
അയാളുടെ പാത ഒരുക്കപ്പെട്ടിരിക്കുന്നു.
24. അയാൾ വീണാലും ഉപദ്രവം ഏല്ക്കുന്നില്ല.
കർത്താവ് അയാളുടെ കൈക്കു പിടിച്ചിട്ടുണ്ട്.
25. ഞാൻ ബാലനായിരുന്നു; ഇപ്പോൾ വൃദ്ധനായി.
എന്നിട്ടും നീതിമാൻ തിരസ്കൃതനാകുന്നതോ,
അയാളുടെ സന്തതി അപ്പം ഇരക്കുന്നതോ ഞാൻ കണ്ടിട്ടില്ല.
26. പിന്നെയോ അയാൾ ദിവസം മുഴുവൻ ദയകാണിക്കുകയും കടം കൊടുക്കുകയും ചെയ്യുന്നു.
അയാളുടെ സന്തതി ആശീർവദിക്കപ്പെടുന്നു.
27. തിന്മ വിട്ടൊഴിഞ്ഞ് നന്മ ചെയ്യുക.
അങ്ങനെ എന്നേക്കും നീ ആശ്വസിക്കുക.
28. കർത്താവു നീതിയെ സ്നേഹിക്കുന്നു.
തന്റെ നീതിമാന്മാരെ അവൻ കൈവെടിയുകയില്ല.
എന്നേയ്ക്കും അവരെ അവൻ കാക്കുന്നു.
ദുഷ്ടരുടെ സന്തതിയെ അവൻ നശിപ്പിക്കും.
29. നീതിമാന്മാർ ഭൂമി അവകാശമാക്കും.
അതിൽ ശാശ്വതമായി വസിക്കും.
30. നീതിമാന്റെ വായ് വിജ്ഞാനം മന്ത്രിക്കുന്നു.
നാവ് ന്യായം പറയുന്നു.
31. ദൈവത്തിന്റെ പ്രമാണം അയാളുടെ ഹൃദയത്തിലുണ്ട്.
അയാളുടെ പാദങ്ങൾ ഇളകുകയില്ല.
32. ദുഷ്ടൻ നീതിമാനെക്കാത്തിരിക്കുന്നു,
അയാളെക്കൊല്ലാൻ ശ്രമിക്കുന്നു.
33. എന്നാൽ കർത്താവു നീതിമാനെ അയാളുടെ
കയ്യിൽ ഏല്പിക്കുകയില്ല.
പിന്നയോ ദുഷ്ടനെ ശിക്ഷയ്ക്കു വിധിക്കും.
34. കർത്താവിനെ ആശ്രയിക്കുക, അവന്റെ മാർഗ്ഗത്തിൽ ചരിക്കുക,
അപ്പോൾ ഭൂമി അവകാശമാക്കാൻ അവൻ നിന്നെ ഉയർത്തും.
ദുഷ്ടൻ നശിക്കുന്നത് നീ കാണും.
35. കാരണം ദുഷ്ടൻ പ്രശംസിക്കുന്നതും കാട്ടിലെ വൃക്ഷം
പോലെ ഉയർന്നു നിൽക്കുന്നതും ഞാൻ കണ്ടു.
36. പക്ഷേ പിന്നീട് ഞാൻ കടന്നുപോയപ്പോൾ അയാൾ ഇല്ലായിരുന്നു.
ഞാൻ അയാളെ അന്വേഷിച്ചു, കണ്ടെത്തിയില്ല.
37. പരമാർത്ഥത കാക്കുക, നീതി പാലിക്കുക.
എന്തെന്നാൽ സമാധാനശീലന് നല്ല അന്ത്യം ലഭിക്കും.

www.malankaralibrary.com


38. പാപികൾ ഒന്നടങ്കം നശിക്കും.
ദുഷ്ടന്റെ അവസാനം നാശമായിരിക്കും.
39. നീതിമാന്മാരുടെ രക്ഷകൻ കർത്താവാകുന്നു.
ഞെരുക്കകാലത്ത് അവരെ അവൻ സഹായിക്കും.
40. കർത്താവ് അവരെ സഹായിക്കുന്നു, അവരെ വിമോചിപ്പിക്കുന്നു.
ദുഷ്ടരിൽ നിന്ന് അവരെ കാക്കുന്നു.
തന്നിൽ ശരണപ്പെട്ടതുകൊണ്ട് അവരെ രക്ഷിക്കയും ചെയ്യുന്നു.

## സങ്കീർത്തനം 38

കർത്താവേ നിന്റെ കോപത്തിൽ എന്നെ ശാസിക്കരുതേ,
നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കരുതേ.
2. എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു.
നിന്റെ കരം എന്റെമേൽ പതിച്ചിരിക്കുന്നു.
3. നിന്റെ കോപം നിമിത്തം
എന്റെ ശരീരത്തിന് സമാധാനമില്ല.
എന്റെ പാപങ്ങൾ മൂലം
എന്റെ അസ്ഥികൾക്കു സ്വസ്ഥതയുമില്ല.
4. കാരണം എന്റെ അപരാധങ്ങൾ എന്റെ തലയ്ക്കു മീതെ കടന്നു.
ദുർവഹമായ ചുമടുപോലെ അവ എന്നെ ഭാരപ്പെടുത്തുന്നു.
5. എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി.
എന്റെ പാപങ്ങൾ നിമിത്തം ഞാൻ വളരെ അസ്വസ്ഥനായി.
6. ദിവസം മുഴുവൻ ഞാൻ വിഷാദത്തോടെ നടന്നു.
7. എന്തെന്നാൽ എന്റെ കണങ്കാലുകൾ വിറച്ചു,
എന്റെ ശരീരത്തിന് സമാധാനമില്ല.
8. ഞാൻ പരിഭ്രമിച്ച് വളരെ നിർഭാഗ്യനായി,
ഹൃദയക്ലേശത്താൽ ഞാൻ വിലപിച്ചു.
9. കർത്താവേ എന്റെ അഭിലാഷമെല്ലാം നിന്റെ സന്നിധിയിലുണ്ടല്ലോ
എന്റെ നെടുവീർപ്പുകൾ നിന്നിൽനിന്ന് മറഞ്ഞിരിക്കുന്നവയുമല്ല.
10. എന്റെ ഹൃദയം ഇളകി മറിഞ്ഞു, എന്റെ ശക്തി എന്നെ വിട്ടുമാറി.
എന്റെ കണ്ണുകളുടെ പ്രകാശം മാഞ്ഞുപോയി.
11. എന്റെ സ്നേഹിതരും സഹചാരികളും എന്റെ വേദനയിൽ എന്നോടു സഹതപിച്ചില്ല.
എന്റെ ബന്ധുക്കളും അകന്നുമാറി നിന്നിരുന്നു.
12. എന്റെ ജീവൻ തേടുന്നവരും എനിക്ക് തിന്മ
ആഗ്രഹിക്കുന്നവരും എന്നെപ്പിടികൂടി.
അവർ ദുഷ്ടതയും വഞ്ചനയും സംസാരിച്ചു.
ദിവസം മുഴുവൻ അവർ ദുരാലോചനയിൽ മുഴുകിയിരുന്നു.
13. ഞാനോ ബധിരനെപ്പോലെ ഒന്നും കേൾക്കാതിരുന്നു.
മൂകനെപ്പോലെ ഞാൻ വായ് തുറന്നില്ല.
14. കേൾവിയില്ലാത്തവനെപ്പോലെയും വായിൽ പ്രത്യുത്തരമില്ലാത്തവനെപ്പോലെയും ഞാൻ ആയിത്തീർന്നു.
15. എന്നാൽ കർത്താവേ, നിന്നെ ഞാൻ കാത്തിരുന്നു.
എന്റെ ദൈവമായ കർത്താവേ, നീ എനിക്ക് പ്രത്യുത്തരം നൽകി.
16. ഞാൻ നിമിത്തം അവർ സന്തോഷിക്കരുതെന്നും,
എന്റെ കാൽ വഴുതുമ്പോൾ എനിക്കെതിരായി വമ്പു പറയരുതെന്നും,
ഞാൻ പ്രാർത്ഥിച്ചു.
17. എന്തെന്നാൽ ഞാൻ പീഡയ്ക്ക് ഒരുങ്ങിയിരിക്കുന്നു,
എന്റെ ക്ലേശം എപ്പോഴും എന്റെ മുമ്പാകെയുണ്ട്.
18. എന്റെ അപരാധങ്ങൾ ഞാൻ നിന്നെ അറിയിക്കും.
എന്റെ പാപങ്ങളിൽനിന്ന് ഞാൻ ശുദ്ധീകരിക്കപ്പെടും.
19. എന്റെ ശത്രുക്കൾ ശക്തിപ്രാപിച്ച് (എന്നെ) നോക്കി.
എന്നെ അകാരണമായി ദ്വേഷിക്കുന്നവർ പെരുകിയിരിക്കുന്നു.
20. നന്മയ്ക്കു പകരം തിന്മയാണെനിക്കവർ പ്രതിഫലം തന്നത്.
ഞാൻ നന്മ അന്വേഷിച്ചതിനാൽ അവർ എന്നെ വെറുത്തു.
21. എന്റെ ദൈവമായ കർത്താവേ, നീയെന്നെ കൈവെടിയരുതേ.
നീ എന്നിൽ നിന്ന് അകന്നിരിക്കരുതേ,
എന്റെ സഹായത്തിന് വേഗം വന്ന്
എന്നെ രക്ഷിക്കണമേ.

## സങ്കീർത്തനം 39

ഞാൻ പറഞ്ഞു: ഞാൻ എന്റെ മാർഗ്ഗത്തിൽ ശ്രദ്ധാലുവായിരിക്കും.
എന്റെ നാവുകൊണ്ട് ഞാൻ പാപം ചെയ്കയില്ല.
എനിക്കെതിരായി നില്ക്കുന്ന ദുഷ്ടന്മാരെക്കുറിച്ച്,
എന്റെ വായ് തിന്മയിൽ നിന്ന് ഞാൻ കാക്കും.
2. ഞാൻ മൗനിയും, ദുഃഖിതനും സുകൃതഹീനനുമായിരുന്നു.
എന്റെ വേദന പൂർവ്വാധികം ശക്തമായി.
3. എന്റെ ഉള്ളിൽ ഹൃദയം ചൂടുപിടിച്ചു.
എന്റെ ശരീരത്തിൽ തീപിടിച്ചു.
നാവെടുത്തു ഞാൻ സംസാരിച്ചു.
4. എന്റെ ആയുസിന്റെ ദൈർഘ്യം എന്തെന്നും,
ഞാൻ എന്തിനുവേണ്ടി ജീവിക്കണമെന്നും അറിയുന്നതിന്,
എന്റെ അന്ത്യം കർത്താവ് എനിക്കു കാണിച്ചുതന്നു.
5. കണ്ടാലും, അളന്നാണല്ലോ
നീയെനിക്കു ദിനങ്ങൾ തന്നത്.
എന്റെ ആയുഷ്കാലം നിന്റെ മുമ്പാകെ ഒന്നുമല്ലാത്തതുപോലെയാകുന്നു.
എല്ലാ മനുഷ്യരും പുകപോലെയത്രേ.
6. എന്തെന്നാൽ മനുഷ്യൻ മായയിൽ വ്യാപരിക്കുന്നു.
പുകപോലെ അയാൾ മാഞ്ഞുപോകുന്നു.
അയാൾ സമ്പത്തു വാരിക്കൂട്ടുന്നു.
എന്നാൽ ആര് അവ എടുത്തുകൊണ്ടുപോകുമെന്ന്
അയാൾ അറിയുന്നില്ല.

www.malankaralibrary.com


7. എന്നാൽ കർത്താവേ നീ അല്ലാതെ മറ്റാരുണ്ട് എനി
ക്ക് ആശ്രയം?
8. എന്റെ എല്ലാതെറ്റുകളിൽനിന്നും എന്നെ മോചിപ്പി
ച്ചാലും,
എന്നെ ദുഷ്ടരുടെ നിന്ദാപാത്രമാക്കരുതേ,
9. ഞാൻ മൂകനായി; എന്റെ വായ് തുറന്നില്ല.
ഇത് ചെയ്തതു നീയാണല്ലോ.
10. നിന്റെ ചമ്മട്ടിയും നിന്റെ കരങ്ങളുടെ പ്രഹരവും
എന്നിൽനിന്നു മാറ്റിക്കളയണമേ.
11. എന്റെ പാപങ്ങളെ പ്രതിയുള്ള കുറ്റപ്പെടുത്തലാൽ
ഞാൻ ക്ഷീണിച്ചു.
നീ മനുഷ്യനെ ശാസിച്ച് അയാളുടെ ദുരാശകളെ
വൈക്കോൽപോലെ നിർമ്മാർജ്ജനം ചെയ്യുന്നു.
സർവ്വമർത്ത്യരും പുകപോലെയാകുന്നു.
12. കർത്താവേ, നീയെന്റെ പ്രാർത്ഥനയും എന്റെ യാച
നയും കേൾക്കണമേ.
എന്റെ കണ്ണുനീരു നീ ശ്രദ്ധിക്കണമേ. നീ മൗനമായി
രിക്കരുതേ.
എന്തെന്നാൽ ഞാൻ നിന്നോടൊത്തു വസിക്കുന്ന
വനും
എന്റെ എല്ലാ പിതാക്കന്മാരെയുംപോലെ പരദേശിയു
മാകുന്നു.
13. നീ എന്നെ രക്ഷിക്കണമേ.
ഭൂമിയിൽനിന്ന് വേർപിരിഞ്ഞ് ഒന്നുമല്ലാതായിത്തീരു
ന്നതിനുമുമ്പ്
ഞാൻ ആശ്വാസം അനുഭവിക്കട്ടെ!

## സങ്കീർത്തനം 40

കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു
അവൻ എന്നിലേക്കു തിരിഞ്ഞ് എന്റെ യാചന കേട്ടു.
2. അനർത്ഥത്തിന്റെ കുഴിയിൽനിന്നും നാശത്തിന്റെ
ചെളിയിൽനിന്നും
അവൻ എന്നെ കരേറ്റി.
പാറമേൽ എന്റെ കാലുകളെ നിറുത്തി.
എന്റെ കാലടികളെയും ഉറപ്പിച്ചു.
3. അനേകർ കണ്ടു സന്തോഷിക്കുന്നതിനും
കർത്താവിൽ ശരണപ്പെടുന്നതിനുമായി,
ദൈവസ്തുതിയാകുന്ന ഒരു നവഗീതം,
അവൻ എന്റെ നാവിൽ നിവേശിപ്പിച്ചു
4. കർത്താവിന്റെ നാമത്തിൽ ആശ്രയിക്കയും,
വ്യർത്ഥതയിലേക്കും അസത്യഭാഷണത്തിലേക്കും
ചായാതിരിക്കയും ചെയ്യുന്ന മനുഷ്യന് ഭാഗ്യം.
5. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾക്കുവേ
ണ്ടി നീ ചെയ്ത അത്ഭുതപ്രവൃത്തികളും
നിന്റെ പദ്ധതികളും നിരവധിയാകുന്നു.
നിന്നെപ്പോലെ ആരുമില്ല.
ഞാൻ അവ പ്രസിദ്ധമാക്കുകയും പ്രഘോഷിക്കയും
ചെയ്യും.
അവ സംഖ്യാതീതമാണല്ലോ!
6. ബലികളിലും കാഴ്ചകളിലും നീ സംപ്രീതനായില്ല.
പ്രത്യുത എനിക്കു നീ ചെവി പ്രദാനം ചെയ്തു.
പാപങ്ങൾക്കുള്ള ദഹനബലികൾ നീ ആവശ്യപ്പെട്ടു
മില്ല.
7. അപ്പോൾ ഞാൻ പറഞ്ഞു: 'ഇതാ ഞാൻ വന്നിരി
ക്കുന്നു.
പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുത
പ്പെട്ടിട്ടുണ്ടല്ലോ.
8. ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ മനസ്സായിരി
ക്കുന്നു.
നിന്റെ പ്രമാണം എന്റെ ഉള്ളിലുണ്ട്.
9. നിന്റെ നീതിയെ വലിയ സമൂഹത്തിൽ ഞാൻ
പ്രഘോഷിച്ചു.
എന്റെ അധരങ്ങളെ ഞാൻ തടഞ്ഞില്ലെന്ന്,
കർത്താവേ, നിനക്ക് അറിയാമല്ലോ.
10. നിന്റെ നീതിയെ എന്റെ ഹൃദയത്തിൽ ഞാൻ ഒളിച്ചു
വച്ചില്ല.
ഞാൻ നിന്റെ രക്ഷയെയും വിശ്വസ്തതയെയും പ്രഘോ
ഷിച്ചു.
നിന്റെ നന്മയെയും വിശ്വസ്തതയെയും മഹാസംഘ
ത്തിൽ ഞാൻ മറച്ചുവച്ചില്ല.
11. കർത്താവേ, നീയും എന്നിൽനിന്ന് നിന്റെ കാരുണ്യം
പിൻവലിക്കരുതേ.
നിന്റെ കാരുണ്യവും വിശ്വസ്തതയും
സദാ എന്നെ സംരക്ഷിക്കട്ടെ!
12. എന്തെന്നാൽ അസംഖ്യം അനർത്ഥങ്ങൾ എന്നെ
വലയം ചെയ്തിരിക്കുന്നു.
എന്റെ പാപങ്ങൾ എന്നെപ്പിടികൂടി.
എനിക്ക് (ഒന്നും)കാണാൻ കഴിഞ്ഞില്ല.
എന്റെ തലമുടിയിഴകളെക്കാൾ അവ പെരുകി.
എന്റെ മനോവീര്യം നശിക്കുകയും ചെയ്തു.
13. കർത്താവേ, എന്നെ രക്ഷിക്കാൻ കനിഞ്ഞാലും!
കർത്താവേ, എന്റെ സഹായത്തിന് വേഗം വരണമെ!
14. എന്റെ ജീവനെ നിഗ്രഹിക്കാൻ അന്വേഷിക്കുന്നവർ
ലജ്ജിച്ചു തലതാഴ്ത്തട്ടെ!
എന്റെ അനർത്ഥം കൊതിക്കുന്നവർ,
പിന്തിരിഞ്ഞ് അപമാനിതരാകട്ടെ!
15. അഹോ! അഹോ! എന്ന് എന്നോടു പറഞ്ഞവർ,
അവരുടെ ലജ്ജയിൽ വീണ്ടും വിസ്മയ ഭരിതരാകും.
16. നിന്നെ അന്വേഷിക്കുന്നവരെല്ലാം നിന്നിൽ സന്തോ
ഷിക്കും.
നിന്റെ രക്ഷയെ സ്നേഹിക്കുന്നവർ കർത്താവു വലിയ
വനാണ് എന്ന് എപ്പോഴും പറയും.
17. ഞാൻ ദരിദ്രനും നിസ്സഹായനും ആകുന്നു.
എന്റെ കർത്താവേ, അവർ എനിക്കെതിരായി ആലോ
ചിച്ചു.
നീയാണ് എന്റെ സഹായി, എന്റെ പരിത്രാതാവ്.
എന്റെ ദൈവമേ, വൈകരുതേ!

---

40:6 'ചെവി പ്രദാനം ചെയ്തു' 'ചെവിതുളച്ചു' എന്നു നിഷ്കൃഷ്ടാർത്ഥം.

www.malankaralibrary.com

## സങ്കീർത്തനം 41

ദരിദ്രനെ ദയാപൂർവ്വം കടാക്ഷിക്കുന്നവൻ ഭാഗ്യവാൻ.
കഷ്ടതയുടെ നാളിൽ കർത്താവ് അയാളെ സംരക്ഷിക്കും.
2. കർത്താവ് അയാളെ സംരക്ഷിച്ച് ജീവിപ്പിക്കും.
ഭൂമിയിൽ അയാൾക്കു നന്മവരുത്തും.
അയാളെ ശത്രുക്കൾക്ക് ഏല്പിച്ചുകൊടുക്കുകയില്ല.
3. ക്ലേശങ്ങളുടെ ശയ്യയിൽ കർത്താവ് അയാളെ താങ്ങിക്കൊള്ളും.
രോഗത്തിൽനിന്ന് അയാളെ പൂർണ്ണമായി സുഖപ്പെടുത്തും.
4. ഞാൻ പറഞ്ഞു: "നീ എന്റെ കർത്താവാകുന്നു, എന്നോടു കൃപചെയ്യണമെ!
എന്റെ ആത്മാവിനെ സൗഖ്യമാക്കിയാലും!
ഞാൻ നിനക്കെതിരെ പാപം ചെയ്തിരിക്കുന്നുവല്ലോ
5. അയാൾ എന്നു ചാകും! അയാളുടെ നാമം എന്നു നശിക്കും?
എന്ന് എന്റെ ശത്രുക്കൾ എനിക്കെതിരായി ദുഷിച്ചു പറഞ്ഞു.
6. എന്നെക്കാണാൻ വന്നിരുന്നപ്പോൾ അവർ വ്യാജം സംസാരിച്ചിരുന്നു.
അവരുടെ ഹൃദയത്തിൽ ദുരാലോചന ചെയ്ത്
തെരുവിൽച്ചെന്ന് വിളിച്ചു പറഞ്ഞു
7. എന്നെ ദ്വേഷിക്കുന്നവരെല്ലാം എനിക്കെതിരായി പരസ്പരം മന്ത്രിച്ചു.
എനിക്കെതിരെ അവർ തിന്മ ആലോചിച്ചു.
8. നിന്ദ്യമായത് അവർ ചിന്തിച്ചിരുന്നു.
"കിടപ്പിലായതിനാൽ അയാൾ ഇനി എഴുന്നേല്ക്കുകയില്ല"?
9. ഞാൻ ആശ്രയിച്ച, എനിക്കു സമാധാനമാശംസിച്ച,
എന്റെ അപ്പം ഭക്ഷിച്ച് എന്റെ പ്രത്യാശാ പാത്രമായ മനുഷ്യൻപോലും
എനിക്കെതിരായി ഒട്ടേറെ ചതിവു ചെയ്തു.
10. എന്നാൽ കർത്താവേ നീ എന്നോടു കൃപചെയ്യണമേ;
എന്നെപ്പിടിച്ചുയർത്തണമേ,
ഞാൻ അവരോടു മറുപടി പറഞ്ഞുകൊള്ളാം.
11. എന്റെ ശത്രു എന്നെ ഉപദ്രവിക്കുന്നില്ല.
അതിനാൽ നീ എന്നിൽ പ്രസാദിച്ചിരിക്കുന്നു എന്ന് ഞാൻ അറിഞ്ഞു.
12. എന്റെ പരമാർത്ഥത നിമിത്തം നീയെന്നെ സഹായിച്ചു.
നിന്റെ സന്നിധിയിൽ നിത്യമായി എന്നെ നീ നിർത്തിയിരിക്കുന്നു.
13. ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു!
ആദിമുതൽ എന്നേക്കും ആമ്മേൻ, ആമ്മേൻ.

## സങ്കീർത്തനം 42

നീരുറവയ്ക്കായി നിലവിളിക്കുന്ന കലമാനെപ്പോലെ
കർത്താവേ, എന്റെ ആത്മാവു നിന്റെ പക്കലേക്കു നിലവിളിക്കുന്നു.
2. ജീവനുള്ള ദൈവമേ, എന്റെ ആത്മാവ്
നിന്നെ ദാഹിക്കുന്നു.
നിന്റെ മുഖം എപ്പോഴാണു ഞാൻ വന്നു ദർശിക്കുക?
3. എവിടെയാണു നിന്റെ ദൈവം എന്ന് അവർ
നിരന്തരമായി എന്നോടു ചോദിക്കവെ,
രാപകൽ എന്റെ കണ്ണുനീർ എനിക്കു ആഹാരമായിത്തീർന്നു
4. ഇവ അനുസ്മരിച്ച് എന്റെ ആത്മാവ് പീഡിതമായി
എങ്കിലും നിന്റെ ശക്തമായ സംരക്ഷണത്തിൽ
ദൈവഭവനത്തോളം ഞാൻ കടന്നു ചെല്ലും.
സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ കേട്ട് അനേകർ സന്തോഷിക്കും.
5. എന്റെ ആത്മാവേ, നീ എന്തിനു അസ്വസ്ഥമായിരിക്കുന്നു?
എന്തിന് പരിഭ്രമിക്കുന്നു?
ദൈവത്തെ കാത്തിരിക്കുക.
എന്റെ രക്ഷകനും എന്റെ ദൈവവുമായ അവനെ ഞാൻ വീണ്ടും സ്തുതിക്കും.
6. എന്റെ ആത്മാവ് എന്നെ അസ്വസ്ഥനാക്കിയിരിക്കുന്നു.
തന്മൂലം യോർദ്ദനാന്റെ ദേശത്തുവച്ചും ഹെർമ്മോനിൽവച്ചും ചെറിയ മലയിൽവച്ചും
ഞാൻ നിന്നെ ഓർത്തു.
7. ആഴം ആഴത്തെ വിളിക്കുന്നു.
സ്വരം നിന്റെ വെള്ളപ്പാച്ചിലിന്റെ ആരവത്തെയും.
നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എനിക്കുമീതെ കടന്നു പോയി.
8. കർത്താവ് പകൽ തന്റെ കൃപയും രാത്രിയിൽ തന്റെ
സ്തുതികളും എനിക്കു കല്പിച്ചു തന്നു.
ജീവിക്കുന്ന ദൈവത്തോടുള്ള പ്രാർത്ഥന എന്റെ കൂടെയുണ്ട്.
9. നീ എന്നെ വിസ്മരിച്ചത് എന്തിനെന്നും
ശത്രുക്കൾ ഞെരുക്കിയപ്പോൾ ഞാൻ ദുഃഖിച്ചു നടന്നത് എന്തിനെന്നും
ഞാൻ ദൈവത്തോട് ചോദിച്ചു.
10. എന്റെ അസ്ഥിയുടെ തകർച്ചയിൽ എന്റെ ശത്രുക്കൾ വ്യസനം നിനച്ച്,
നിരന്തരം എന്നോട് ചോദിക്കുന്നു:
'നിന്റെ ദൈവം എവിടെ?
11. എന്റെ ആത്മാവേ, നീ എന്തിന് അസ്വസ്ഥമായിരിക്കുന്നു?
എന്തിനു പരിഭ്രമിക്കുന്നു?
ദൈവത്തെ കാത്തിരിക്കുക.
എന്റെ രക്ഷകനായ ദൈവത്തിന് വീണ്ടും ഞാൻ നന്ദി പറയും.

## സങ്കീർത്തനം 43

ദൈവമേ, എനിക്കു ന്യായവിധിചെയ്യണമേ;
കരുണയില്ലാത്ത ജനത്തോട് എനിക്കുവേണ്ടി നീ പകരം ചോദിക്കണമേ.
2. ദുഷ്ടരും ചതിയരുമായ മനുഷ്യരിൽ നിന്ന് എന്നെ മോചിപ്പിക്കണമേ.

www.malankaralibrary.com


എന്റെ ശക്തനായ ദൈവം നീയാണല്ലോ;
എന്നെ എന്തിനു നീ വിസ്മരിച്ചു?
ശത്രുക്കളിൽ നിന്നുള്ള പീഡനത്താൽ
ഞാൻ എന്തിനു ദുഃഖിച്ചുഴലണം?
3. നിന്റെ പ്രകാശവും വിശ്വാസവും അയച്ചാലും!
അവ എന്നെ ആശ്വസിപ്പിച്ച്,
നിന്റെ വിശുദ്ധ മലയിലേക്കും
നിന്റെ കൂടാരത്തിലേക്കും എന്നെ ആനയിക്കട്ടെ!
4. അപ്പോൾ ഞാൻ ദൈവത്തിന്റെ ബലിപീഠത്തിലേക്കും,
ബാലനായ എന്നെ ആനന്ദിപ്പിക്കുന്ന ദൈവത്തിന്റെ പക്കലേക്കും ഞാൻ വരും.
ദൈവമേ, എന്റെ ദൈവമേ,
കിന്നരം മീട്ടി നിന്നെ ഞാൻ സ്തുതിക്കും.
5. എന്റെ ആത്മാവേ, നീ എന്തിനു കലങ്ങിയിരിക്കുന്നു?
നീ എന്തിന് ആകുലപ്പെടുന്നു?
ദൈവത്തിൽ പ്രതീക്ഷ വയ്ക്കുക.
രക്ഷകനും എന്റെ ദൈവവുമായ അവനെ ഇനിയും ഞാൻ സ്തുതിക്കും.

## സങ്കീർത്തനം 44

ദൈവമേ, പൂർവ്വകാലങ്ങളിൽ, ഞങ്ങളുടെ പിതാക്കന്മാരുടെ ദിനങ്ങളിൽ,
നീ ചെയ്തതെല്ലാം ഞങ്ങൾ കേട്ടിട്ടുണ്ട്;
ഞങ്ങളുടെ പിതാക്കന്മാർ പറഞ്ഞുതന്നിട്ടുമുണ്ട്.
2. നിന്റെ കൈ ജനതകളെ നശിപ്പിച്ച്,
അവരെ നട്ടുപിടിപ്പിച്ചു.
രാജ്യങ്ങൾക്കു ദ്രോഹം വരുത്തിക്കൊണ്ടുപോലും,
അവരെ നീ ഉറപ്പിച്ചു.
3. സ്വന്തം വാളുകൊണ്ടല്ല, അവർ ഭൂമി സമ്പാദിച്ചത്.
സ്വന്തം ഭുജവുമല്ല അവരെ രക്ഷിച്ചത്.
പിന്നെയോ നിന്റെ വലതുകരവും നിന്റെ ഭുജവും നിന്റെ മുഖ തേജസ്സുമത്രേ.
കാരണം, നീ അവരിൽ സംപ്രീതനായിരുന്നു.
4. യാക്കോബിനു രക്ഷ കല്പിച്ച,
നീയാണ് എന്റെ രാജാവായ ദൈവം.
5. നീ വഴിയായി ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ തകർക്കും.
ഞങ്ങളെ ദ്വേഷിക്കുന്നവരെ നിന്റെ സഹായത്താൽ
ഞങ്ങൾ ചവിട്ടുകയും ചെയ്യും.
6. എന്തെന്നാൽ, ഞങ്ങളുടെ വില്ലിലല്ലാ ഞങ്ങൾ ആശ്രയം വച്ചിരിക്കുന്നത്;
ഞങ്ങളെ രക്ഷിക്കേണ്ടതിന് ഞങ്ങളുടെ ആയുധത്തിലും ഞങ്ങൾ ആശ്രയിക്കുന്നില്ല.
7. ഞങ്ങളുടെ വിരോധികളിൽനിന്ന് ഞങ്ങളെ രക്ഷിച്ചത് നീയാകുന്നു.
ഞങ്ങളുടെ ശത്രുക്കളെ നീ ലജ്ജിപ്പിച്ചു.
8. ദൈവമേ, ദിവസം മുഴുവൻ ഞങ്ങൾ നിന്നെ സ്തുതിച്ചു.
നിന്റെ നാമത്തെ എന്നേക്കും ഞങ്ങൾ സ്തുതിക്കും.
9. ഇപ്പോൾ നീ ഞങ്ങളെ വിസ്മരിക്കുകയും
അപമാനിതരാക്കയും ചെയ്തിരിക്കുന്നു.
ഞങ്ങളുടെ സൈന്യത്തോടൊപ്പം നീ പുറപ്പെടുന്നില്ല.
10. മാത്രമല്ല നീ ഞങ്ങളെ പിന്നോക്കം പായിച്ചു.
ശത്രുക്കൾ ഞങ്ങളെ കൊള്ളയടിക്കയും ചെയ്തു.
11. ഭക്ഷണത്തിനുള്ള ആടുകളെ എന്നപോലെ നീ ഞങ്ങളെ കൊടുത്തു;
ജനതകൾക്കിടയിൽ നീ ഞങ്ങളെ ചിതറിച്ചുകളഞ്ഞിരിക്കുന്നു.
12. നിന്റെ ജനത്തെ വിലകൂടാതെ വിറ്റു.
അവരുടെ വില നീ വർദ്ധിപ്പിച്ചുമില്ല.
13. നീ ഞങ്ങളെ അയൽക്കാർക്കു നിന്ദാവിഷയമാക്കി,
ചുറ്റുമുള്ളവർക്ക് പരിഹാസവിഷയം, ആക്ഷേപപാത്രം;
14. വിജാതീയരുടെ ഇടയിൽ നീ ഞങ്ങളെ പഴമൊഴിയാക്കി.
ജനപദങ്ങൾക്കിടയിൽ പ്രധാന പരിഹാസവിഷയവും.
15. ദിവസം മുഴുവൻ എന്റെ അപമാനം എന്റെ മുമ്പിൽ ഉണ്ട്.
എന്റെ മുഖത്തിന്റെ ലജ്ജ എന്നെ മൂടുകയും ചെയ്തു.
16. നിന്ദിക്കുകയും ദുഷിക്കുകയും ചെയ്യുന്നവന്റെ സ്വരം നിമിത്തവും,
പ്രതികാരം ചെയ്യുന്ന ശത്രു നിമിത്തവും,
ഇവയെല്ലാം ഞങ്ങൾക്കു സംഭവിച്ചു.
എങ്കിലും ഞങ്ങൾ നിന്നെ വിസ്മരിച്ചില്ല.
നിന്റെ ഉടമ്പടിയെ ഞങ്ങൾ ലംഘിച്ചുമില്ല.
18. ഞങ്ങൾ പിന്നോക്കം തിരിഞ്ഞില്ല;
നിന്റെ വഴി വിട്ട് ഞങ്ങളുടെ ഊടുവഴികളിലേക്ക് മാറിയുമില്ല.
19. വീണ്ടും ഞങ്ങളെ നീ താഴ്ത്തി.
മരണത്തിന്റെ നിഴലിൽ ഞങ്ങളെ നീ മൂടിയെങ്കിലും,
20. ഞങ്ങളുടെ ദൈവത്തിന്റെ നാമം ഞങ്ങൾ വിസ്മരിച്ചില്ല;
അന്യദേവന്മാരുടെ നേർക്ക് ഞങ്ങൾ കൈനീട്ടിയുമില്ല.
21. ഇക്കാര്യം പരിശോധിക്കുന്നത് ദൈവം തന്നെയാണ്.
എന്തെന്നാൽ ഹൃദയവിചാരങ്ങൾ അവൻ അറിയുന്നു.
22. നിന്നെ പ്രതി അനുദിനം ഞങ്ങൾ വധിക്കപ്പെടുന്നു.
അറുക്കുവാനുള്ള ആടുകളെപ്പോലെ ഞങ്ങൾ പരിഗണിക്കപ്പെടുകയും ചെയ്യുന്നു.
23. കർത്താവേ ഉറങ്ങാതെ നീ ഉണർന്നിരുന്നാലും.
ഞങ്ങളെ നീ ഓർക്കണമെ, ഞങ്ങളെ മറക്കരുതേ!
24. തിരുമുഖം ഞങ്ങളിൽ നിന്നു തിരിച്ചു കളയരുതേ.
ഞങ്ങളുടെ അധഃസ്ഥിതിയും ഞെരുക്കങ്ങളും നീ വിസ്മരിക്കരുതേ!
25. എന്തെന്നാൽ, ഞങ്ങളുടെ ആത്മാവ് പൊടിയോളം താണു.
ഞങ്ങളുടെ ഉദരം ഭൂമിയോടു പറ്റിച്ചേർന്നു.
26. നിന്റെ കാരുണ്യത്താൽ എഴുന്നേറ്റ്
ഞങ്ങളെ സഹായിച്ചു രക്ഷിക്കേണമെ.

## സങ്കീർത്തനം 45

എന്റെ ഹൃദയമേ, സദ്വചനങ്ങൾ പുറപ്പെടുത്തുക.
എന്റെ പ്രവൃത്തികളെ (എന്റെ)രാജാവിനോട് ഞാൻ പറയും.

www.malankaralibrary.com


എന്റെ നാവ് സമർത്ഥനായ എഴുത്തുകാരന്റെ തൂലി
കപോലെയാകുന്നു.
2. മനുഷ്യപുത്രരിൽ നീ ഏറ്റം കോമളനാകുന്നു.
നിന്റെ അധരങ്ങളിൽ പ്രസാദം തുടിച്ചു നിൽക്കുന്നു.
ഇതിനാൽ ദൈവം നിന്നെ എന്നെന്നേക്കും അനുഗ്ര
ഹിച്ചിരിക്കുന്നു.
3. ശക്തനായവനേ, നിന്റെ തേജസ്സോടും മഹത്വത്തോ
ടും കൂടെ
നിന്റെ അരയിൽ വാൾ ധരിച്ചാലും.
4. നിന്റെ സ്തുതി വിജയിക്കുന്നു.
സത്യത്തിന്റെ വചനത്തിന്മേലും നീതിയുടെ താഴ്മയിലും
സവാരി ചെയ്യുക.
നിന്റെ പ്രമാണം ഭീതിദമായ വലംകൈയിൽ ആകുന്നു.
5. നിന്റെ ശരങ്ങൾ മൂർച്ചയേറിയവയാകുന്നു;
രാജശത്രുക്കളുടെ ഹൃദയത്തിൽ അവ തറച്ചുകയറും;
വിജാതീയർ നിന്റെ കാൽച്ചുവട്ടിൽ വീഴും.
6. ദൈവമേ, നിന്റെ സിംഹാസനം ശാശ്വതമാകുന്നു.
നിന്റെ രാജകീയ ചെങ്കോൽ ചൊവ്വുള്ളതാണ്.
7. നീ നീതിയെ സ്നേഹിച്ചു. ദുഷ്ടതയെ വെറുത്തു.
അതുകൊണ്ട് നിന്റെ ദൈവം നിന്റെ കൂട്ടുകാർക്കുപരി,
നിന്നെ സന്തോഷതൈലത്താൽ അഭിഷേകം ചെയ്തു.
8. നിന്റെ വസ്ത്രങ്ങൾ മൂറയും ലവംഗവും നറുംപശയും
കൊണ്ട് സുരഭിലം.
ശ്രേഷ്ഠമായ ആലയത്തിൽ എന്റെ പക്കൽനിന്ന്
അവർ നിന്നെ അനുമോദിച്ചു.
9. രാജകുമാരി മഹിമയോടെ നിന്നു.
ഔപ്പേറിലെ പൊന്നുകൊണ്ടുള്ള ഉടയാടയണിഞ്ഞ്,
രാജ്ഞി നിന്റെ വലതുവശത്തും.
10. എന്റെ മകളേ, നീ ചെവി ചായിച്ചു കേട്ടു മനസ്സിലാ
ക്കുക.
നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും നീ
മറന്നുകളയുക.
11. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ അഭിലഷി
ക്കും.
അവൻ നിന്റെ നാഥനായതുകൊണ്ട് അവനെ ബഹു
മാനിക്കുക.
12. സോറിന്റെ പുത്രി അവനെ ആരാധിക്കും.
ജനത്തിലെ സമ്പന്നർ കാഴ്ചകളുമായി നിന്റെ മുഖം
തേടിവരും.
13. രാജകുമാരിയുടെ മഹിമയെല്ലാം ഉള്ളിലാകുന്നു.
അവളുടെ വസ്ത്രം ശുദ്ധമായ പൊന്നുകൊണ്ട് അലങ്ക
രിക്കപ്പെട്ടിരിക്കുന്നു.
14. അവൾ തിരുമുൽക്കാഴ്ചകളുമായി രാജസന്നിധിയിലേ
ക്കു പോകും.
തോഴികളായ കന്യകമാരെ തന്റെ പിന്നാലെ അവൾ
കൊണ്ടുപോകും.
15. അവർ ആനന്ദത്തോടും മാധുര്യത്തോടുംകൂടെപ്പോയി
രാജാവിന്റെ ആലയത്തിൽ പ്രവേശിക്കും.
16. നിന്റെ പിതാക്കന്മാർക്കു പകരമായിരിക്കും നിന്റെ
പുത്രന്മാർ.
ഭൂമിയിലെങ്ങും നീ അവരെ അധികാരികളാക്കുക.
17. എല്ലാ തലമുറകളിലും നിന്റെ നാമം ഞങ്ങൾ അനു
സ്മരിക്കും;
തൽഫലമായി എന്നേക്കും വിജാതീയർ നിന്നെ
സ്തുതിക്കും.

## സങ്കീർത്തനം 46

നമ്മുടെ ദൈവം നമ്മുടെ ബലിഷ്ഠസങ്കേതവും
പീഡിതകാലങ്ങളിൽ നമ്മുടെ സഹായിയും ആകുന്നു.
2. നീ എപ്പോഴും ഞങ്ങളോടൊത്തുണ്ട്.
ആകയാൽ ഭൂമി കുലുങ്ങിയാലും സമുദ്രഹൃദയത്തിൽ
മലകൾ ഇളകിയാലും ഞങ്ങൾ ഭയപ്പെടുകയില്ല.
3. അവയിലെ ജലം ഇളകി മറിഞ്ഞാലും
അതിന്റെ ശക്തിയാൽ മലകൾ ഇളകിയാലും
4. നീർച്ചാലുകൾ ഞങ്ങളുടെ ദൈവത്തിന്റെ നഗരത്തെ
സന്തോഷിപ്പിക്കും.
അത്യുന്നതന്റെ വസതി പരിശുദ്ധമാകുന്നു.
5. അതിനുള്ളിൽ ദൈവമുണ്ട്, അത് ഇളകുകയില്ല.
പ്രഭാതത്തിൽ ദൈവം അതിനെ സഹായിക്കും.
6. വിജാതീയർ കലഹിക്കുകയും രാജ്യങ്ങൾ ഇളകുകയും
ചെയ്തു.
അവൻ തന്റെ ശബ്ദം ഉയർത്തിയപ്പോൾ ഭൂമി കുലു
ങ്ങി.
7. ശക്തനായ കർത്താവ് നമ്മോടുകൂടെ ഉണ്ട്.
യാക്കോബിന്റെ ദൈവം നമ്മുടെ സഹായകൻ ആകു
ന്നു.
8. വന്ന് കർത്താവിന്റെ പ്രവൃത്തികൾ ദർശിക്കുവിൻ:
അവൻ ഭൂമിയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.
9. ഭൂമിയുടെ അതിർത്തികളിൽ നിന്ന് അവൻ യുദ്ധങ്ങൾ
ഇല്ലാതാക്കുന്നു.
അവൻ വില്ലുകൾ തകർക്കുന്നു, കുന്തങ്ങൾ ഒടി
ക്കുന്നു.
രഥങ്ങൾ തീയിൽ ദഹിപ്പിക്കുന്നു.
10. നിങ്ങൾ മനസ്സു തിരിഞ്ഞ്, ഞാനാണു ദൈവം എന്നു
മനസ്സിലാക്കുക.
ജനതകളുടെ ഇടയിൽ ഞാൻ ഉയർത്തപ്പെടും.
ഭൂമിയിൽ ഞാൻ മഹത്വം പ്രാപിക്കും.
11. ശക്തനായ കർത്താവു നമ്മോടുകൂടെ ഉണ്ട്.
യാക്കോബിന്റെ ദൈവം നമ്മുടെ സഹായകനുമാ
കുന്നു.

## സങ്കീർത്തനം 47

സർവജാതികളേ, നിങ്ങൾ കരഘോഷം മുഴക്കി
സ്തുതിയുടെ ആരവത്താൽ ദൈവത്തെ മഹത്വപ്പെടു
ത്തുവിൻ.
2. കർത്താവ് അത്യുന്നതനും ഭീതിദനുമാകുന്നു.
ഭൂമി മുഴുവനും മഹാരാജാവ് അവൻതന്നെയാകുന്നു.
3. വിജാതീയരെ അവൻ നമുക്കു കീഴ്പ്പെടുത്തി.
ജനപദങ്ങളെ നമ്മുടെ കാൽക്കീഴിലാക്കി!
4. താൻ സ്നേഹിച്ച യാക്കോബിന്റെ അഭിമാനമായും
തന്റെ അവകാശമായും
അവൻ നമ്മെ തിരഞ്ഞെടുത്തു.

www.malankaralibrary.com



5. മഹിമാവോടെ ദൈവം,
കാഹളനാദത്തോടെ കർത്താവ്, ആരോഹണം ചെയ്തു.
6. മഹിമയോടുകൂടി ദൈവത്തിനു സ്തുതി പാടുക.
നമ്മുടെ രാജാവിനു ഗാനമാലപിക്കുവിൻ.
7. ദൈവം ഭൂമി മുഴുവന്റെയും രാജാവാണല്ലോ;
അവനു നിങ്ങൾ സ്തുതി പാടുവിൻ.
8. ദൈവം ജാതികളുടെമേൽ രാജാവായി വാണു.
ദൈവം തന്റെ വിശുദ്ധ സിംഹാസനത്തിൽ ഉപവിഷ്ട
നായി.
9. വിജാതീയരുടെ അധികാരികളേ,
അബ്രാഹത്തിന്റെ ദൈവത്തിൻ പക്കലേക്കു പിന്തിരി
യുവിൻ.
ഭൂമിയിലെ വാഴ്ച ദൈവത്തിന്റേതാണല്ലോ.
അവൻ മഹോന്നതനാണ്.

## സങ്കീർത്തനം 48

നമ്മുടെ ദൈവത്തിന്റെ നഗരത്തിലും മഹനീയവും വി
ശുദ്ധവുമായ മലയിലും,
നമ്മുടെ കർത്താവ് വലിയവനും അത്യന്തം മഹത്വപ്പെ
ട്ടവനുമാകുന്നു.
2. വടക്കുഭാഗത്തുള്ള സെഹിയോൻ പർവതം ഭൂമിയി
ലെങ്ങും ആനന്ദമരുളുന്നു.
അത് ഉന്നതനായ രാജാവിന്റെ നഗരമാകുന്നു.
3. ദൈവം അതിന്റെ കോട്ടകളിൽ
തന്റെ ശക്തി വിളംബരം ചെയ്യുന്നു.
4. ഇതാ രാജാക്കന്മാർ ഒരുങ്ങി,
അവർ ഒന്നിച്ചു കടന്നുപോയി,
5. അവർ കണ്ടു വിസ്മയിച്ചു, പരിഭ്രമിച്ചു.
6. വിറയൽ അവരെ ബാധിച്ചു;
പ്രസൂതികളുടേതുപോലുള്ള വേദനയും അവർക്കു
ണ്ടായി.
7. താർശീശ്ലിലെ കപ്പലുകൾ കൊടുങ്കാറ്റിൽ തകർക്ക
പ്പെടും.
8. ശക്തനായ കർത്താവിന്റെ പട്ടണത്തിൽ, നമ്മുടെ
ദൈവത്തിന്റെ പട്ടണത്തിൽ,
ഞങ്ങൾ കേട്ടതുപോലെതന്നെ കണ്ടു.
ദൈവം അതിനെ എന്നേക്കും സ്ഥിരപ്പെടുത്തും.
9. ദൈവമേ, നിന്റെ ആലയത്തിൽ
നിന്റെ കൃപയെ ഞങ്ങൾ പ്രഘോഷിച്ചു.
ദൈവമേ, നിന്റെ നാമംപോലെതന്നെയാകുന്നു നിന്റെ
സ്തുതികളും.
10. നിന്റെ വലതുകരം ഭൂമിയുടെ സീമകളോളം നീതി നിറ
ഞ്ഞതാകുന്നു.
11. നിന്റെ വിധികളാൽ കർത്താവേ, സെഹിയോൻ മല
സന്തോഷിക്കുകയും,
യൂദായുടെ പുത്രിമാർ ആഹ്ലാദിക്കുകയും ചെയ്യും.
12. നിങ്ങൾ സെഹിയോനെ ചുറ്റി പ്രദക്ഷിണം ചെയ്ത്
അതിന്റെ ഗോപുരങ്ങൾ എണ്ണുവിൻ.
13. അതിന്റെ ബലിഷ്ഠത മനസ്സിലാക്കി പിൻതലമുറയെ
അറിയിക്കാൻ വേണ്ടി
അതിന്റെ കോട്ടകൾ നിരീക്ഷിക്കുവിൻ.
14. ഈ ദൈവമാണ് എന്നെന്നേക്കും നമ്മുടെ ദൈവം.
അവൻ മരണത്തിനതീതമായി നമ്മെ നയിക്കും.

## സങ്കീർത്തനം 49

സർവ്വ ജനപദങ്ങളേ ഇതു ശ്രവിച്ചാലും.
സർവ്വ ഭൂവാസികളേ ശ്രദ്ധിച്ചാലും;
2. ഭൂവാസികളേ മനുഷ്യരേ,
സമ്പന്നരേ, ദരിദ്രരേ ഒന്നുചേർന്നു ചെവിക്കൊ
ണ്ടാലും:
3. എന്റെ വായ് വിജ്ഞാനമാണു സംസാരിക്കുന്നത്.
എന്റെ ഹൃദയത്തിന്റെ ധ്യാനം വിവേകപൂർണ്ണമായി
രിക്കും.
4. അന്യാപദേശങ്ങൾക്കു ഞാൻ ചെവിചായ്ക്കും.
കിന്നരനാദത്തോടെ എന്റെ പ്രഹേളിക അവതരിപ്പി
ക്കും.
5. എന്റെ ശത്രുക്കളുടെ ദുഷ്ടത എന്നെ വളഞ്ഞിരിക്കു
ന്നെങ്കിലും
നിർഭാഗ്യദിനങ്ങളെ ഞാൻ ഭയപ്പെടുന്നില്ല.
6. തങ്ങളുടെ ശക്തിയിൽ ആശ്രയിക്കയും,
സമ്പത്തിന്റെ ആധിക്യത്തിൽ പ്രശംസിക്കയും ചെയ്യു
ന്നവരേ ശ്രവിക്കുവിൻ.
7. സഹോദരനു രക്ഷിക്കാനാവില്ല.
ഒരുവനും തന്റെ രക്ഷയുടെ വില ദൈവത്തിനു നൽ
കാനും സാധ്യമല്ല.
8. ആത്മാവിന്റെ രക്ഷ വിലയേറിയതാകുന്നു.
9. എപ്പോഴും അദ്ധ്വാനിക്കുക; എന്നാൽ നീ എന്നേക്കും
ജീവിക്കും.
നീ ക്ഷയം കാണുകയുമില്ല.
10. വിജ്ഞാനികൾ മരിക്കുന്നതോടൊപ്പം, ഭോഷന്മാരും,
ചിന്താശൂന്യരും നശിച്ച്,
അവരുടെ സമ്പത്ത് അന്യർക്കായി കൈയൊഴിയുന്ന
തു നീ കാണും.
11. അവർ ഭൂമിയിൽ പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടെങ്കിലും
ശവകുടീരമായിരിക്കും അവരുടെ നിത്യവസതി.
തലമുറകളോളം അവരുടെ വാസസ്ഥലവും.
12. മനുഷ്യൻ തന്റെ മഹത്വത്തിൽ വിവേകപൂർവ്വം വ്യാപ
രിച്ചില്ല.
മറിച്ച്, മൃഗത്തിന് സ്വയം ഏല്പിച്ചുകൊടുത്ത് അതിനു
സദൃശനായി.
13. അവർക്കുതന്നെ ഇടർച്ചയായ അവരുടെ ഊടുവഴി
ഇതാണ്.
അവസാനം അവരുടെ വായ്കൊണ്ട് അവർ മേയും.
14. ആടുകളെപ്പോലെ അവർ ശിയോലിന് ഏല്പിക്കപ്പെടും.
മരണം അവരെ ഭരിക്കും.
നീതിമാന്മാർ പ്രഭാതത്തിൽ അവരുടെമേൽ അധികാരി
കളാകും.
ശിയോൽ അവരുടെ ഛായമാറ്റിക്കളയും.
അവരുടെ മഹത്വമെല്ലാം അസ്തമിക്കും.
15. എന്നാൽ ദൈവം എന്റെ ആത്മാവിനെ രക്ഷിക്കും;
ശിയോലിന്റെ കരത്തിൽ നിന്ന് എന്നെ കരേറ്റുകയും
ചെയ്യും.

www.malankaralibrary.com

16. ഒരാൾ ധനവാനാകുമ്പോൾ,
അയാളുടെ ഭവനത്തിന്റെ മഹത്വം വർദ്ധിക്കുമ്പോൾ,
നീ ഭയപ്പെടേണ്ട.
17. കാരണം, തന്റെ മരണത്തിൽ അയാൾ ഒന്നും കൊ
ണ്ടുപോകുന്നില്ല.
അയാളുടെ മഹത്വം അയാളുടെ പിന്നാലെ ഇറങ്ങി
ച്ചെല്ലുന്നുമില്ല.
18. എന്തെന്നാൽ തന്റെ ജീവിതത്തിൽ
തന്നെത്തന്നെയാണ് അയാൾ പുകഴ്ത്തിയത്.
അയാൾക്കു നീ നന്മ ചെയ്യുമ്പോൾ
അയാൾ നിന്നെ സ്തുതിക്കും.
19. അത് അയാളെ പിതാക്കന്മാരുടെ തലമുറവരെ എ
ത്തിച്ചേക്കാം.
അവർ ഒരിക്കലും വെളിച്ചം കാണുകയില്ല.
20. മനുഷ്യൻ തന്റെ മഹത്വത്തിൽ വിവേകപൂർവ്വം വ്യാപ
രിച്ചില്ല.
മൃഗത്തിന് അയാൾ സ്വയം ഏല്പിച്ചുകൊടുത്ത്
അതിന് സദൃശനായി.

## സങ്കീർത്തനം 50

അത്യുന്നത കർത്താവായ ദൈവം സംസാരിച്ചു.
സൂര്യോദയം മുതൽ അസ്തമയംവരെ ഭൂമിയെ അവൻ
വിളിച്ചു.
2. സെഹിയോനിൽനിന്ന് ദൈവം മഹനീയമായ കിരീടം
കാണിച്ചു.
3. ദൈവം വരും, അവൻ മൗനമായിരിക്കയില്ല.
അവന്റെ മുമ്പാകെ അഗ്നി ജ്വലിക്കും.
അവന്റെ ചുറ്റും നന്നായി പ്രകാശിക്കും.
4. തന്റെ ജനത്തെ വിധിക്കേണ്ടതിന്,
അവൻ മുകളിൽനിന്ന് ആകാശത്തേയും ഭൂമിയെയും
വിളിക്കും.
5. യാഗത്താൽ തന്റെ ഉടമ്പടി ഉറപ്പിക്കുന്ന അവന്റെ
തിരഞ്ഞെടുക്കപ്പെട്ടവരേ,
നിങ്ങൾ അവന്റെ അടുക്കൽ ഒരുമിച്ചു കൂടുവിൻ.
6. ആകാശം അവന്റെ നീതിയെ കാണിച്ചുതരും.
കാരണം, ദൈവം (തന്നെ) ആണ് വിധിയാളൻ!
7. എന്റെ ജനമേ, കേൾക്കൂ, ഞാൻ നിന്നോടു സംസാ
രിക്കാം
ഇസ്രായേലേ, ഞാൻ നിനക്കു സാക്ഷ്യം നൽകും;
ഞാനാണു നിന്റെ ദൈവമായ ദൈവം.
8. നിന്റെ ബലികളെച്ചൊല്ലി ഞാൻ നിന്നെ കുറ്റപ്പെടു
ത്തിയില്ല.
നിന്റെ ഹോമബലികൾ എപ്പോഴും എന്റെ സന്നിധിയി
ലുണ്ടല്ലോ.
9. നിന്റെ ഭവനത്തിൽനിന്നു കാളയെയോ
നിന്റെ ആട്ടിൻപറ്റത്തിൽനിന്ന് മുട്ടാടുകളെയോ ഞാൻ
സ്വീകരിക്കുകയില്ല.
10. വനത്തിലെ എല്ലാ ജീവികളും,
മലകളിലെ മൃഗങ്ങളും കാളകളും എന്റേതല്ലേ?
11. ആകാശത്തിലെ പറവകളെയെല്ലാം എനിക്കറിയാം;
വനത്തിലെ ജീവികൾ എന്റേതാണല്ലോ.
12. എനിക്കുവിശന്നാൽ, ഞാൻ നിന്നോടു പറയുകയില്ല;
കാരണം ലോകം അതിന്റെ പൂർണ്ണതയിൽ എന്റേതാ
കുന്നു.
13. മൂരികളുടെ മാംസം ഞാൻ ഭക്ഷിക്കുകയില്ല;
മുട്ടാടുകളുടെ രക്തം ഞാൻ പാനം ചെയ്യുകയില്ല.
14. ദൈവത്തിനു കൃതജ്ഞതാബലി അർപ്പിക്കുക.
അത്യുന്നതന് നിന്റെ നേർച്ചകൾ നിറവേറ്റുക.
15. ഞെരുക്കകാലത്ത് നീ എന്നെ വിളിക്കുക;
ഞാൻ നിന്നെ ബലപ്പെടുത്തും; നീ എന്നെ സ്തുതിക്ക
യും ചെയ്യും.
16. ദൈവം പാപിയോടു ചോദിക്കുന്നു;
എന്റെ ഉടമ്പടി നിന്റെ വായിൽ വഹിച്ചതുകൊണ്ടു
മാത്രം
നീയും എന്റെ നിയമപുസ്തകങ്ങളും തമ്മിൽ എന്തുബ
ന്ധം?
17. എന്റെ ഉപദേശത്തെ നീ വെറുത്തു.
എന്റെ വചനത്തെ നീ തിരസ്ക്കരിച്ചു.
18. ഒരു കള്ളനെക്കണ്ടാൽ നീ അവനോടുകൂടി ഓടു
കയും,
വ്യഭിചാരിയോടുകൂടി പങ്കുപറ്റുകയും ചെയ്യുമായിരുന്നു.
19. നിന്റെ വായ് തിന്മ സംസാരിച്ചിരുന്നു.
നിന്റെ നാവ് വഞ്ചന പറയുകയും ചെയ്തിരുന്നു.
20. നീ ഇരുന്ന് നിന്റെ സഹോദരനെ ആക്ഷേപിച്ചിരുന്നു.
നിന്റെ അമ്മയുടെ പുത്രനെ നീ പരിഹസിച്ചിരുന്നു.
21. ഇതെല്ലാം നീ ചെയ്തെങ്കിലും ഞാൻ നിന്നോട് മിണ്ടി
യില്ല.
ദുഷ്ടാ, ഞാൻ നിന്നെപ്പോലെ ആകുമെന്ന് നീ വിചാ
രിച്ചു.
എന്നാൽ ഞാൻ നിന്നെ ശാസിച്ച്, അവയെല്ലാം നിന്റെ
മുൻപിൽ നിരത്തിവയ്ക്കും.
22. അതുകൊണ്ട് ദൈവത്തെ മറക്കുന്നവരേ, നിങ്ങൾ
ഇതു ഗ്രഹിക്കുക.
ഇല്ലെങ്കിൽ അവൻ നിങ്ങളെ നശിപ്പിക്കും. നിങ്ങളെ
രക്ഷിക്കാൻ ആരുമുണ്ടാകയില്ല.
23. സ്തോത്രബലി അർപ്പിക്കുന്നവൻ എന്നെ ബഹുമാ
നിക്കും
നമ്മുടെ ദൈവത്തിന്റെ രക്ഷാമാർഗ്ഗം അവിടെ വച്ച്
ഞാൻ അവനെ കാണിക്കും.

## സങ്കീർത്തനം 51

ദൈവമേ നിന്റെ, കൃപയ്ക്കനുസൃതമായി എന്നോടു
കരുണ കാണിക്കണമേ
നിന്റെ കരുണ്യാതിരേകത്തിന് അനുസൃതമായി
എന്റെ പാപങ്ങൾ മായിച്ചു കളയണമേ.
2. എന്റെ അപരാധത്തിൽനിന്ന് എന്നെ നന്നായി കഴുക
ണമേ,
എന്റെ പാപങ്ങളിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.
3. എന്തെന്നാൽ എന്റെ തെറ്റുകൾ ഞാൻ അറിയുന്നു.
എന്റെ പാപങ്ങൾ എപ്പോഴും എന്റെ മുമ്പിലുണ്ട്.
4. നിന്നോടുമാത്രം ഞാൻ പാപം ചെയ്തുപോയി.
നിന്റെ മുമ്പാകെ ഞാൻ തിന്മ പ്രവർത്തിച്ചു.
നിന്റെ വചനത്താൽ നീ നീതികരിക്കപ്പെടും.
നിന്റെ വിധികളാൽ നീ വിജയിക്കുകയും ചെയ്യും.

www.malankaralibrary.com



5. എന്തെന്നാൽ പാപത്തോടെയാണു ഞാൻ പിറന്നത്
ഉത്ഭവം മുതലേ ഞാൻ പാപിയാകുന്നു.
6. എന്നാൽ നീ സത്യത്തിൽ പ്രസാദിച്ചു.
നിൻെറ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എനിക്കു വെളിപ്പെടുത്തി.
7. സോപ്പാകൊണ്ട് എന്നെത്തളിക്കുക ഞാൻ വെടിപ്പാകും.
അതുകൊണ്ട് എന്നെക്കഴുകുക, ഞാൻ മഞ്ഞിനേക്കാൾ വെണ്മയുള്ളവനാകും.
8. നിൻെറ മാധുര്യവും സന്തോഷവും എന്നെ അനുഭവിപ്പിക്കണമേ.
അപ്പോൾ എന്റെ വിനീതമായ അസ്ഥികൾ സന്തോഷിക്കും.
9 എന്റെ പാപങ്ങളിൽനിന്ന് നിന്റെ മുഖം തിരിക്കണമേ.
എന്റെ തെറ്റുകളെല്ലാം മായിക്കണമേ.
10. ദൈവമേ എന്നിലൊരു നിർമ്മലഹൃദയം സൃഷ്ടിക്കണമേ.
ഉറപ്പുള്ള നിന്റെ ചൈതന്യം എന്റെ ഉള്ളിൽ നവീകരിക്കണമേ.
11. തിരുസന്നിധിയിൽ നിന്ന് എന്നെ തിരസ്കരിക്കരുതേ,
നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ.
12. നിന്റെ മാധുര്യവും രക്ഷയും എനിക്കു വീണ്ടും തരണമേ.
നിന്റെ മഹനീയമായ ചൈതന്യം എന്നെത്താങ്ങി നിറുത്തട്ടെ.
13. ഞാൻ ദുഷ്ടരെ നിന്റെ വഴി പഠിപ്പിക്കും,
പാപികൾ നിന്റെ പക്കലേക്കു പിന്തിരിയും.
14. ദൈവമേ, നീതിമാനായ എന്റെ ദൈവമേ, രക്തച്ചൊരിച്ചിലിൽനിന്ന് എന്നെ രക്ഷിക്കണമേ.
എന്നാൽ എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.
15. കർത്താവേ, നീ എന്റെ അധരങ്ങൾ തുറന്നു തരണമേ,
എന്റെ വായ് നിന്റെ സ്തുതികൾ പുറപ്പെടുത്തട്ടെ.
16. എന്തെന്നാൽ ബലികളിൽ നീ പ്രസാദിച്ചില്ല,
ഹോമബലികളിലും നീ സംപ്രീതനായില്ല.
17. വിനീതമായ ഹൃദയമാണ് ദൈവത്തിനു ഹിതകരമായ ബലി.
തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.
18. നിന്റെ അഭീഷ്ടമനുസരിച്ച് സെഹിയോന് നന്മ ചെയ്യണമേ.
ഓറെശ്ലേത്തിന്റെ കോട്ടകൾ പണിയണമേ.
19. അപ്പോൾ നീതിയുടെ ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും.
അപ്പോൾ നിന്റെ ബലിപീഠത്തിൽ കാളകളെ അവർ ബലിയർപ്പിക്കുകയും ചെയ്യും.

## സങ്കീർത്തനം 52

ബലവാനേ, തിന്മയിൽ നീ എന്തിനു പ്രശംസിക്കുന്നു?
എല്ലാ ദിനവും പരിശുദ്ധനെതിരായി നിന്റെ നാവ് തന്ത്രം പ്രയോഗിക്കുന്നത് എന്തുകൊണ്ട്?.
2. മൂർച്ചയുള്ള കത്തിപോലെയാണ് നീ ചതിവു ചെയ്തത്.
3. നന്മയെക്കാൾ തിന്മയും, സത്യത്തെക്കാൾ അസത്യവും നീ സ്നേഹിച്ചു.
4. ദുഷ്ടത സംസാരിക്കുന്ന ഏവരേയും, വഞ്ചനയുള്ള നാവുകളെയും നീ ഇഷ്ടപ്പെട്ടു.
5. ഇതിനാൽ ദൈവം നിന്നെ സമൂലം നശിപ്പിക്കും.
നിന്റെ കൂടാരത്തിൽനിന്ന് എന്നേക്കുമായി നിന്നെയും,
ജീവിക്കുന്നവരുടെ നാട്ടിൽനിന്ന് നിന്റെ വേരിനേയും നിർമ്മാർജ്ജനം ചെയ്യും.
6. ഇത് കണ്ട് നീതിമാന്മാർ സന്തോഷിക്കും,
കർത്താവിൽ ആശ്രയിക്കുകയും ചെയ്യും.
7. ദൈവത്തെ തന്റെ ആശ്രയമാക്കാതെ
സ്വന്തം സമ്പത്തിന്റെ പെരുപ്പത്തിൽ ആശ്രയിച്ച്
തന്റെ ധനത്തിൽ ഊറ്റം കൊണ്ടവനാകുന്നു ഇവൻ,
എന്ന് അവർ പറയും.
8. ഞാനോ, ദൈവത്തിന്റെ ആലയത്തിലെ സ്തുത്യമായ സൈത്തു മരംപോലെയാകുന്നു.
ദൈവനന്മയിൽ ഞാൻ എന്നേക്കും ആശ്രയിച്ചു.
9. നീ ചെയ്തവയെപ്പറ്റി ഞാൻ നിനക്ക് നിത്യം സ്തോത്രം ചെയ്യും.
നിന്റെ നീതിമാന്മാരുടെ സമക്ഷം.
നിന്റെ നാമത്തെ എന്നേക്കും ഞാൻ പ്രഘോഷിക്കും.

## സങ്കീർത്തനം 53

ദൈവമില്ല എന്ന് ദുഷ്ടൻ ഹൃദയത്തിൽ പറയുന്നു.
നീചതയാൽ അയാൾ നിറയുകയും വഷളാകുകയും ചെയ്തിരിക്കുന്നു.
നന്മ ചെയ്യുന്നവർ ആരുമില്ല.
2. വിവേകിയും ദൈവത്തെ അന്വേഷിക്കുന്നവനുമായി,
ആരെങ്കിലുമുണ്ടോയെന്നു കാണാൻ,
ദൈവം ആകാശത്തിൽ നിന്ന്
മനുഷ്യരെ നോക്കി.
3. അവരെല്ലാവരും ഒന്നടങ്കം തെറ്റുചെയ്ത് മലിനപ്പെട്ടിരിക്കുന്നു.
നന്മചെയ്യുന്നവനില്ല; ഒരുവൻപോലുമില്ല.
4. എന്നാൽ ദുർവൃത്തരാരും ഇത് അറിഞ്ഞില്ല.
അപ്പം തിന്നുന്നതുപോലെ അവർ എൻെറ ജനത്തെ തിന്നിരുന്നു.
അവർ ദൈവത്തെ വിളിച്ചുമില്ല.
5. ഭയമില്ലാതിരുന്ന സ്ഥലത്ത് അവർ ഭയപ്പെട്ടു.
കാരണം മനുഷ്യരെ പ്രസാദിപ്പിക്കുന്നവരുടെ അസ്ഥികൾ ദൈവം ചിതറിക്കും.
ദൈവം അവരെ നിരസിച്ചതു നിമിത്തം അവർ ലജ്ജിച്ചു.
6. ഇസ്രായേലിനു രക്ഷ നൽകാൻ സെഹിയോനിൽ ആരാണുള്ളത്?
കർത്താവു ജനത്തിൻെറ അടിമത്തം മാറ്റുമ്പോൾ
യാക്കോവു ആനന്ദിക്കും, ഇസ്രായേൽ സന്തോഷിക്കയും ചെയ്യും.

www.malankaralibrary.com


## സങ്കീർത്തനം 54

ദൈവമേ, നിന്റെ നാമത്താൽ എന്നെ രക്ഷിക്കണമേ,
നിന്റെ വല്ലഭത്വത്തിൽ എന്നെ വിധിക്കുകയും ചെയ്യണമേ.
2. ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കണമേ.
എന്റെ വായിൽനിന്നുള്ള വചനങ്ങൾ ശ്രവിക്കയും ചെയ്യണമേ.
3. എന്തെന്നാൽ അന്യർ എനിക്കെതിരായി നിന്നു.
ശക്തന്മാർ എന്റെ ജീവനെ അന്വേഷിക്കയും ചെയ്തു.
എന്നാൽ ദൈവമേ, അവർ നിന്നെ പരിഗണിച്ചില്ല.
4. ദൈവം എന്റെ സഹായകൻ ആകുന്നു.
കർത്താവ് എന്റെ ജീവന്റെ സംരക്ഷകനുമാകുന്നു.
5. എന്റെ ശത്രുക്കളുടെമേൽ തിന്മവരുത്തണമേ
നിന്റെ സത്യത്താൽ അവരെ നിശബ്ദരാക്കുകയും ചെയ്യണമേ.
6. നേർച്ചവസ്തു നിനക്ക് ഞാൻ ബലിയായി അർപ്പിക്കും.
കർത്താവേ നീ നല്ലവനാകയാൽ,
നിന്റെ നാമത്തെ ഞാൻ സ്തുതിക്കും.
7. എന്തെന്നാൽ എല്ലാ ദുഃഖങ്ങളിൽനിന്നും നീയെന്നെ രക്ഷിച്ചു
എന്റെ ശത്രുക്കളെ എന്റെ കണ്ണുകൾ കാണുകയും ചെയ്തു.

## സങ്കീർത്തനം 55

ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കണമേ,
എന്റെ അപേക്ഷ നിരാകരിക്കരുതേ.
2. എന്നെക്കേട്ട് എനിക്ക് ഉത്തരമരുളണമേ.
എന്റെ നിലവിളികേട്ട് എന്നെ ചെവിക്കൊള്ളണമേ.
3. എന്റെ ശത്രുക്കൾ കാരണവും ദുഷ്ടൻ ഞെരുക്കുന്നതു ഹേതുവായിട്ടും,
(എന്നെ ചെവിക്കൊള്ളണമേ).
4. ദുഷ്ടന്മാർ എനിക്കെതിരേ തിരിഞ്ഞ് എന്നെ ദ്വേഷിച്ചു.
5. എനിക്ക് ഭയമുണ്ടാകുകയും
മരണത്തിന്റെ നിഴൽ എന്നെ മൂടുകയും ചെയ്തു.
6. ഞാൻ പറഞ്ഞു. പ്രാവിന്റേതുപോലെ ചിറക് ആരെനിക്കു തരും?
7. എങ്കിൽ ഞാൻ പറന്ന് വിദൂരത്തുപോയി പാർക്കുമായിരുന്നു.
ഞാൻ പറന്ന് വനത്തിൽ വാസമാക്കുമായിരുന്നു.
8. കൊടുങ്കാറ്റിൽ നിന്ന് എന്നെ രക്ഷിക്കുന്നവനെ ഞാൻ കാത്തിരുന്നു.
9. പട്ടണത്തിൽ വഴക്കും തർക്കവും ഞാൻ കണ്ടു;
എന്റെ കർത്താവേ, അവരുടെ നാവുകളുടെ വ്യാപാരത്തെ അമർത്തണമേ.
10. രാവും പകലും അവർ കോട്ടമതിലുകളെച്ചുറ്റി നടക്കുന്നു.
അതിനുള്ളിൽ ദുഷ്ടതയും വ്യാജവും അനീതിയുമാണുള്ളത്.
11. അതിന്റെ തെരുവുകളിൽ നിന്ന് ചതിവും വഞ്ചനയും മാറുന്നില്ല.
12. ഞാൻ ക്ഷമിക്കാമെന്നു വച്ചാൽ എന്റെ ശത്രുവല്ലല്ലോ എന്നെ നിന്ദിച്ചത്.
ഞാൻ അയാളിൽ നിന്ന് ഒളിച്ചിരിക്കാൻ
എന്റെ വിരോധിയുമല്ല എനിക്കെതിരെ അഹങ്കരിച്ചത്!
13. നീയും എന്നെപ്പോലെയുള്ള മനുഷ്യനാണ്.
എന്റെ അയൽക്കാരനും സ്നേഹിതനും.
14. നാം ഐക്യത്തിൽ നടന്നിരുന്നപ്പോൾ ദൈവാലയത്തിൽ വച്ച് ഒരുമിച്ച് ഭക്ഷണം കഴിച്ചിട്ടുണ്ട്.
15. അവരുടെമേൽ മരണം വരുത്തണമേ.
അവർ ജീവനോടെ ശിയോലിലേക്കിറങ്ങട്ടെ;
എന്തെന്നാൽ അവരുടെ ഉള്ളിൽ തിന്മയുണ്ട്.
16. ഞാനോ എന്നാൽ ദൈവത്തെ വിളിക്കും;
ദൈവം എന്നെ രക്ഷിക്കും.
17. സായാഹ്നത്തിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും.
ഞാൻ ധ്യാനിക്കുകയും അറിയിക്കുകയും
എന്റെ സ്വരം കേൾപ്പിക്കുകയും ചെയ്യും.
18. എന്നെ അറിയുന്നവരിൽ നിന്ന്
എന്റെ ആത്മാവിനെ രക്ഷിക്കണമെ!
കാരണം, അവർ എന്നോടു ശണ്ഠയിലായിരുന്നു.
19. യുഗങ്ങൾക്കു മുമ്പേ ഉണ്ടായിരുന്ന ദൈവം കേട്ട്
അവരെ വിനീതരാക്കട്ടെ.
അവർക്കു പ്രതിഫലമില്ല.
ദൈവത്തെ അവർ ഭയപ്പെടുന്നുമില്ല.
20. അവർ അയാളുടെ അയൽക്കാരനെതിരായി കൈനീട്ടി
അയാളുടെ ഉടമ്പടി അശുദ്ധമാക്കി.
21. അയാളുടെ മുഖത്തിന്റെ കോപത്താലും ഹൃദയത്തിന്റെ രോഷത്താലും അവർ കലങ്ങി.
അയാളുടെ വചനങ്ങൾ എണ്ണയെക്കാൾ മാർദ്ദവമുള്ളതാകുന്നു,
എന്നാൽ അവ കുന്തങ്ങളാകുന്നു.
22. നിന്റെ ഉത്കണ്ഠ കർത്താവിൽ വയ്ക്കുക,
അവൻ നിന്നെ പരിപാലിക്കും.
തന്റെ പരിശുദ്ധന്മാർക്ക് ഇളക്കമുണ്ടാകാൻ,
അവൻ ഒരിക്കലും അനുവദിക്കുകയില്ല.
23. എന്നാൽ ദൈവമേ, രക്തം ചിന്തുകയും
വഞ്ചന പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യരെ
നീ നാശത്തിന്റെ കുഴിയിലേക്ക് ഇറക്കണമേ.
അവരുടെ ദിവസങ്ങൾ അവർ പൂർത്തിയാക്കുകയില്ല.
ഞാനാകട്ടെ, നിന്നിൽ ആശ്രയമർപ്പിക്കും.

## സങ്കീർത്തനം 56

ദൈവമേ, എന്നോടു കൃപചെയ്യണമെ,
മനുഷ്യൻ എന്നെ ചവിട്ടിമെതിക്കുന്നല്ലോ.
ദിവസം മുഴുവൻ ബലവാൻ എന്നെ ഞെരുക്കുന്നു.
2. ശത്രുക്കൾ ദിവസം മുഴുവൻ എന്നെ ചവിട്ടിത്താഴ്ത്തുന്നു.
അനേകം യോദ്ധാക്കൾ എനിക്കെതിരായി അണിനിരന്നിരിക്കുന്നു.
3. പകൽ സമയത്തു ഞാൻ ഭയപ്പെടുകയില്ല.
നിന്നിലാണല്ലോ ഞാൻ ആശ്രയിക്കുന്നത്.
4. ദൈവത്തിൽ ഞാൻ അഭിമാനിക്കും.

ദൈവമാണ് എന്റെ ആശ്രയം.
ഞാൻ ഭയപ്പെടുകയില്ല.
മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും?
5. ദിവസം മുഴുവൻ എനിക്കു വിരോധമായി അവർ ആലോചിച്ചിരുന്നു.
എനിക്കെതിരായി അവർ തിന്മ വിചാരിച്ചിരുന്നു.
6. എന്റെ ജീവനെ കാത്തിരിക്കുന്നവരെപ്പോലെ.
അവർ ഒളിച്ചു വസിച്ച്
എന്റെ കാലടികളെ നിരീക്ഷിക്കും.
7. അവർ പറഞ്ഞു: അവനെ രക്ഷിക്കാനാരുമില്ല.
പുറജാതികളോടുള്ള കോപത്തിൽ നീ അവരെ വിധിക്കണമെ.
8. ദൈവമേ, എന്റെ വിശ്വാസം നിന്റെ സന്നിധിയിൽ ഞാൻ അറിയിച്ചു.
എന്റെ കണ്ണുനീരെല്ലാം നീ സൂക്ഷിച്ചുവയ്ക്കണമേ.
അവ നിന്റെ പുസ്തകത്തിൽ ആലേഖനം ചെയ്താലും.
9. അപ്പോൾ എന്റെ ശത്രുക്കൾ ലജ്ജിക്കും
എനിക്ക് ദൈവം ഉണ്ടെന്ന് അവർ അറിയുകയും ചെയ്യും.
10. ദൈവവചനത്തെ ഞാൻ സ്തുതിക്കും.
11. ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു.
ഞാൻ ഭയപ്പെടുകയില്ല.
മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും?
12. ദൈവമേ എന്റെ നേർച്ചകളെ ഞാൻ നിറവേറ്റും.
ഞാൻ നിനക്ക് കൃതജ്ഞതയോടെ ബലി അർപ്പിക്കും
13. എന്തെന്നാൽ ദൈവമേ, ജീവിക്കുന്നവരുടെ നാട്ടിൽ
നിന്റെ സമക്ഷം ഞാൻ സംപ്രീതനാകുന്നതിന്
എന്റെ ആത്മാവിനെ മരണത്തിൽ നിന്നും,
എന്റെ കാലുകളെ വീഴ്ചയിൽ നിന്നും നീ രക്ഷിച്ചു.

## സങ്കീർത്തനം 57

ദൈവമേ എന്നോട് കരുണ തോന്നണമേ.
എന്റെ ആത്മാവ് നിന്നിലാണല്ലോ ആശ്രയിച്ചത്.
കലക്കം അവസാനിക്കുന്നതുവരെ,
നിന്റെ ചിറകുകളുടെ നിഴലിൽ എന്നെ സംരക്ഷിക്കണമേ.
2. അത്യുന്നതനായ ദൈവത്തെ,
എന്റെ രക്ഷകനായ ദൈവത്തെ ഞാൻ വിളിക്കും.
3. എന്തെന്നാൽ അവൻ ആകാശത്തിൽ നിന്ന്
(സഹായം)അയച്ച് എന്നെ രക്ഷിച്ചു.
എന്റെ ശത്രുക്കളെ നിന്ദാപാത്രമാക്കി.
തന്റെ കൃപയും സത്യവും ദൈവം അയച്ചു.
4. നായ്ക്കളിൽ നിന്ന് എന്റെ ആത്മാവിനെ അവൻ രക്ഷിച്ചു.
എന്തെന്നാൽ ഞാൻ മനം കലങ്ങി ഉറങ്ങിപ്പോയി.
മഷ്യരുടെ പല്ലുകൾ കുന്തങ്ങളും അമ്പുകളുമാകുന്നു.
അവരുടെ നാവ് മൂർച്ചയുള്ള വാളുപോലെയും.
5. ദൈവമേ നീ ആകാശത്തിനുപരി മഹത്വം പ്രാപിച്ചാലും!
നിന്റെ മഹത്വം ഭൂതലം മുഴുവനിലും.
6. അവർ എന്റെ കാലുകൾക്കു വലവച്ചു;
എനിക്കു കുഴിയും കുഴിച്ചു.
എന്നാൽ അവർതന്നെ അതിൽ വീണു.
7. എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു;
ദൈവമേ എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു.
ഞാൻ നിന്നെ സ്തുതിച്ചു പാടും.
8. എന്റെ കിന്നരമേ ഉണരുക, വീണയേ കിന്നരമേ ഉണരുക.
പ്രഭാതത്തിൽ ഞാൻ ഉണർന്നിരിക്കും.
9. ദൈവമേ വിജാതീയരുടെ ഇടയിൽ ഞാൻ നിന്നെ സ്തുതിക്കും.
നിന്റെ നാമത്തെ ജാതികളുടെ ഇടയിൽ ഞാൻ പാടിപ്പുകഴ്ത്തും.
10. കാരണം നിന്റെ കൃപ ആകാശത്തോളം ഉന്നതമാകുന്നു.
നിന്റെ വിശ്വസ്തതയോ അത്യുന്നതാകാശംവരെയും.
11. ദൈവമേ നീ ആകാശത്തിനുപരി മഹത്വം പ്രാപിച്ചാലും.
നിന്റെ മഹത്വം ഭൂതലം മുഴുവനിലും.

## സങ്കീർത്തനം 58

മനുഷ്യരേ, നിങ്ങൾ വാസ്തവത്തിൽ സത്യം സംസാരിക്കുകയും
നീതിയായി വിധിക്കുകയും ചെയ്യുന്നുണ്ടോ?
2. കണ്ടാലും നിങ്ങളെല്ലാവരും ഭൂമിയിൽ തിന്മപറയുന്നു;
നിങ്ങളുടെ കരങ്ങൾ പാപത്തിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്നു.
3. ദുഷ്ടന്മാർ ഉദരത്തിൽവച്ചേ വേർതിരിക്കപ്പെട്ടു.
അസത്യവാദികൾ ഗർഭപാത്രത്തിൽ വച്ചുതന്നെ വഴിതെറ്റി.
4. അവരുടെ കോപം മൂർഖൻപാമ്പിന്റേതുപോലെയാകുന്നു,
5. ആഭിചാരകന്റെയും, മന്ത്രവാദിയുടെയും, പാമ്പാട്ടിയുടെയും സ്വരം കേൾക്കാതിരിക്കാൻ,
ചെവി അടച്ചു കളയുന്ന അണലിയുടേതുപോലെ തന്നെ.
6. ദൈവം അവരുടെ പല്ലുകൾ അവരുടെ വായിൽവച്ചു തന്നെ തകർക്കും.
7. സിംഹങ്ങളുടെ അണപ്പല്ലുകളും കർത്താവു പറിക്കും;
ഒഴുകിപ്പോകുന്ന ജലംപോലെ അവർ തിരസ്ക്കരിക്കപ്പെടും.
അവർ നശിക്കുന്നതുവരെ അവൻ അസ്ത്രമയയ്ക്കും.
8. അഗ്നിയുടെ മുമ്പിൽ ഉരുകിവീഴുന്ന മെഴുകുപോലെ അവർ നശിക്കും.
തീ വീണു, എന്നാൽ അവർ പ്രകാശം കണ്ടില്ല;
വിവേകികളായിത്തീർന്നുമില്ല.
9. അവരുടെ മുള്ളുകൾ മുൾപ്പടർപ്പുകളായിത്തീരും.
കോപം അവരെ കലക്കുകയും ചെയ്യും.
10. പ്രതികാരം കണ്ട് നീതിമാൻ സന്തോഷിക്കും.
അയാളുടെ കരങ്ങൾ ദുഷ്ടന്റെ രക്തത്തിൽക്കഴുകും.
11. നീതിമാനു പ്രതിഫലമുണ്ടെന്നും
ഭൂമിയിൽ അവരെ വിധിക്കുന്ന ദൈവമുണ്ടെന്നും മനുഷ്യൻ പറയും.

www.malankaralibrary.com

## സങ്കീർത്തനം 59

ദൈവമേ ശത്രുക്കളിൽ നിന്നെന്നെ രക്ഷിക്കണമേ.
എനിക്കെതിരായി അണിനിരന്നിരിക്കുന്നവരിൽ നിന്ന്
എന്നെ മോചിക്കണമേ.
2. വഞ്ചകരിൽ നിന്ന് എന്നെ മോചിക്കണമേ,
കൊലപാതകികളിൽ നിന്ന് എന്നെ രക്ഷിക്കണമേ.
3. എന്തെന്നാൽ, അവർ എന്റെ ജീവനുവേണ്ടി പതിയിരിക്കുന്നു
എനിക്കെതിരായി ദുർമനസ്സ് അവർ ശക്തമാക്കിയിരിക്കുന്നു
എന്റെ കർത്താവേ (ഇത്) എന്റെ തെറ്റു നിമിത്തമോ
എന്റെ പാപം നിമിത്തമോ അല്ല.
4. അജ്ഞതകൊണ്ടുമല്ല അവർ സന്നദ്ധരായി
എനിക്കെതിരെ പാഞ്ഞെത്തിയത്.
5. കർത്താവേ ശക്തനായ ദൈവമേ, ശ്രദ്ധാപൂർവ്വം ദർശിക്കണമേ.
ഇസ്രായേലിന്റെ ദൈവമേ ഉണർന്നാലും:
എല്ലാ പുറജാതികളെയും നീ സന്ദർശിച്ചാലും;
ദുഷ്ടന്മാരോടു നീ ക്ഷമിക്കരുതേ.
6. സായാഹ്നത്തിൽ അവർ തിരിച്ചുവരും;
നായ്ക്കളെപ്പോലെ ഓലിയിട്ടുകൊണ്ട്
പട്ടണത്തിനു ചുറ്റും നടക്കും.
7. അവരുടെ വായിലെ വചനം അവരുടെ അധരങ്ങളിൽ വാളാണ്.
അവർ പറയുന്നു, ആരതു കേൾക്കാൻ?
8. എന്നാൽ കർത്താവേ നീ അവരെ അപഹസിക്കണമേ.
എല്ലാ വിജാതീയരെയും നീ പരിഹസിക്കണമേ.
9. ദൈവമേ, നിന്നെ ഞാൻ സ്തുതിക്കും
നീയാണല്ലോ എന്റെ അഭയം.
10. ദൈവമേ നിന്റെ കൃപ എന്നെ മുന്നിടട്ടെ!
ദൈവമേ എന്റെ ശത്രുക്കളുടെയിടയിൽ എന്നെ പ്രസിദ്ധനാക്കണമേ.
11. എന്റെ ജനത്തെ അവർ മറക്കാതിരിക്കുന്നതിന്
അവരെ നീ കൊന്നു കളയരുതേ.
എന്നാൽ നിന്റെ ശക്തിയാൽ അവരെ ഭയപ്പെടുത്തണമേ.
എന്റെ ശരണമായ കർത്താവേ, അവരെ ഭ്രമിപ്പിക്കണമേ.
12. അവരുടെ വായിലെ പാപം അവരുടെ അധരങ്ങൾ സംസാരിച്ചു
അവരുടെ പ്രശംസയിൽ അവർ പിടിക്കപ്പെടും.
എന്തെന്നാൽ അവർ ശാപവും വ്യാജവും പറയുന്നു.
13. നിന്റെ കോപത്തിൽ അവരെ നശിപ്പിക്കണമേ
അവരെ സംഹരിക്കണമേ, അവർ കാണപ്പെടാതിരിക്കട്ടെ.
അങ്ങനെ ദൈവം യാക്കോബിന്റെ മേലും ഭൂമിയുടെ അതിർത്തികളിന്മേലും
അധികാരമുള്ളവനാകുന്നു എന്ന്, അവർ അറിയട്ടെ.
14. സായാഹ്നത്തിൽ അവർ തിരിച്ചു വരും
നായ്ക്കളെപ്പോലെ ഓലിയിട്ടുകൊണ്ട്
പട്ടണത്തിനു ചുറ്റും നടക്കും.
15. അവർ ആഹാരം അന്വേഷിക്കും:
അവർക്കു തൃപ്തി വരികയില്ല
ഉറക്കം വരികയുമില്ല.
16. ഞാൻ നിന്റെ ശക്തിയെ പുകഴ്ത്തും
പ്രഭാതത്തിൽ നിന്റെ കൃപയെ വാഴ്ത്തും.
കാരണം നീ എനിക്ക് അഭയകേന്ദ്രവും
ഞെരുക്കത്തിന്റെ നാളിൽ വിമോചകനുമായി.
17. ദൈവമേ, നിന്നെ ഞാൻ പാടിസ്തുതിക്കും
എന്തെന്നാൽ എന്റെ അഭയമായ ദൈവവും
എന്റെ നന്മയുടെ ദൈവവും നീയാണല്ലോ.

## സങ്കീർത്തനം 60

ദൈവമേ നീ ഞങ്ങളെ മറന്ന് ഉപേക്ഷിച്ചു; ഞങ്ങളോടു കോപിച്ചു.
നീ ഭൂമിയെ ഇളക്കി; അതിനെപ്പിളർന്നു.
2. അതിനു രോഗം പിടിച്ചിരിക്കുന്നു.
അതിന്റെ മുറിവുകളെ വച്ചുകെട്ടണമേ.
സാഹസികമായ കാര്യങ്ങൾ നിന്റെ ജനത്തെ നീ പഠിപ്പിച്ചു.
3 നീ അവരെ കലങ്ങിയ വീഞ്ഞു കുടിപ്പിച്ചു.
4. വില്ലിന്റെ മുമ്പിൽനിന്ന് ഓടാതിരിക്കാൻ വേണ്ടി
നിന്നെ ഭയപ്പെടുന്നവർക്ക് നീ അടയാളം കൊടുത്തു.
5. നിന്റെ സ്നേഹിതർ ആയുധം ധരിപ്പിക്കപ്പെടട്ടെ.
നിന്റെ വലതു കൈയാൽ എന്നെ രക്ഷിച്ച്
എനിക്ക് ഉത്തരം നല്കണമേ.
6. ദൈവം തന്റെ വിശുദ്ധസ്ഥലത്തുനിന്നു സംസാരിച്ചു.
ഞാൻ ശക്തി പ്രാപിച്ച് ശ്കേമിനെ വിഭജിക്കും.
സാകൂസിന്റെ താഴ്വര ഞാൻ അളക്കും.
7. ഗെല്ആദ് എന്റേതാകുന്നു മ്നശ്ശെയും എന്റേതാകുന്നു.
അപ്രേം എന്റെ ശിരസ്സിനെ താങ്ങുന്നവൻ;
യൂദാ എന്റെ രാജാവ്.
8. മൊആബ് എന്റെ പാദക്ഷാളന പാത്രമാകുന്നു.
ആദോമിനെതിരെ എന്റെ ചെരിപ്പു ഞാൻ അഴിക്കും.
പ്ലശ്ത്തിനെതിരെ ഞാൻ അട്ടഹസിക്കും.
9. ആദോംവരെ ആരെന്നെ നയിക്കും?
ബലിഷ്ഠമായ നഗരത്തിലേക്ക് ആരെന്നെ സംവഹിക്കും?
10. ഓ ദൈവമേ, നീ ഞങ്ങളെ മറന്നുകളഞ്ഞു
ഞങ്ങളുടെ സൈന്യത്തോടൊപ്പം നീ പുറപ്പെടുന്നുമില്ല.
11. ഞങ്ങളുടെ ശത്രുക്കൾക്കെതിരായി ഞങ്ങൾക്കു സഹായം നൽകണമേ
മനുഷ്യൻ തരുന്ന രക്ഷ വ്യർത്ഥമാണല്ലോ.

## സങ്കീർത്തനം 61

ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കണമേ
എന്റെ അപേക്ഷ ചെവിക്കൊള്ളണമേ.
2. ഹൃദയവ്യഥയോടെ ഭൂമിയുടെ അതിർത്തികളിൽ നിന്ന്
ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു.

www.malankaralibrary.com


പാറമേൽ നീ എന്നെ ഉയർത്തി
എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു.
3. എന്തെന്നാൽ നീ എനിക്ക് അഭയമായിത്തീർന്നു.
എന്റെ ശത്രുക്കൾക്കെതിരായുള്ള ഉയർന്ന കോട്ടയും.
4. നിന്റെ കൂടാരത്തിൽ ഞാൻ എന്നേയ്ക്കും വസിക്കും
നിന്റെ ചിറകുകളുടെ തണലിൽ ഞാൻ സംരക്ഷിക്കപ്പെടും.
5. ദൈവമേ, നീ എന്റെ നേർച്ച ചെവിക്കൊണ്ടു
നിന്റെ നാമത്തെ ആരാധിക്കുന്നവർക്ക് അവകാശവും കൊടുത്തു.
6. രാജാവിന്റെ ജീവിതകാലം നീ നീട്ടിക്കൊടുത്തു.
അയാളുടെ ആണ്ടുകളെ തലമുറകളോളവും.
7. കൃപയും വിശ്വസ്തതയും ആരുപാലിക്കുന്നുവോ
അയാൾ ദൈവസന്നിധിയിൽ എന്നേയ്ക്കും നിലനില്ക്കും.
8. അനുദിനം എന്റെ നേർച്ചകൾ നിറവേറ്റിക്കൊണ്ട്
നിന്റെ നാമത്തെ ഞാൻ എന്നേയ്ക്കും
ഇപ്രകാരം പാടി സ്തുതിക്കും.

## സങ്കീർത്തനം 62

എന്റെ ആത്മാവ് ദൈവത്തിൽ ശരണപ്പെടുന്നു.
എന്തെന്നാൽ എന്റെ രക്ഷ അവനിൽ നിന്നാകുന്നു.
2. അവനത്രേ എന്റെ ദൈവവും രക്ഷകനും അഭയകേന്ദ്രവും
ഞാൻ ഇനി ഇളകുകയില്ല.
3. ചാഞ്ഞ മതിലിനെയും പൊളിഞ്ഞ വേലിയെയും പോലെ
ഒരു മനുഷ്യനെക്കൊല്ലാൻ
നിങ്ങൾ എത്രത്തോളം വാശിപിടിക്കും.
4. മാത്രമല്ല അയാളുടെ പ്രശസ്തിയിൽ നിന്നു കൂടെയും
അയാളെ നീക്കിക്കളയുന്നതിന്
അവർ ആലോചിച്ചു.
കാപട്യത്തോടെ അവർ ഓടിയെത്തി
അവർ വായ്കൊണ്ട് വാഴ്ത്തുന്നു.
എന്നാൽ ഹൃദയം കൊണ്ട് ശപിക്കുന്നു.
5. എന്റെ ആത്മാവേ, നീ ദൈവത്തെ കാത്തിരിക്കുക
കാരണം, എന്റെ രക്ഷ അവനിൽനിന്നാണ്.
6. അവനാണ് എന്റെ ദൈവവും രക്ഷകനും,
ഞാൻ ഇളകാതിരിക്കാൻ എന്റെ അഭയകേന്ദ്രവും.
7. ദൈവത്തിലാണ് എന്റെ രക്ഷയും ബഹുമാനവും.
ദൈവമാണ് എന്റെ ബലവും സഹായവും ശരണവും.
8. ഓ ജനമേ, എല്ലാ നാഴികയിലും അവനിൽ ആശ്രയമർപ്പിക്കുവിൻ
അവന്റെ സന്നിധിയിൽ നിങ്ങളുടെ ഹൃദയം ചൊരിയുവിൻ
ദൈവമാകുന്നു നമ്മുടെ സഹായം.
9. അന്യായ വിലചോദിക്കുന്ന വഞ്ചകരായ മനുഷ്യരെല്ലാം പുകപോലെയാകുന്നു.
അപ്രകാരം തന്നെ അവർ വ്യർത്ഥരുമാകുന്നു.
10. അക്രമത്തിൽ നിങ്ങൾ ആശ്രയിക്കരുത്.
കവർച്ചയെ നിങ്ങൾ സ്നേഹിക്കരുത്.
സമ്പത്തു വർദ്ധിക്കുമ്പോൾ അതിൽ നിങ്ങളുടെ ഹൃദയം സന്തോഷിക്കയുമരുത്.
11. ഒരു കാര്യമാണു ദൈവം പറഞ്ഞത്.
അതു തന്നെ ഞാൻ വീണ്ടും കേട്ടു.
കാരണം ശക്തി ദൈവത്തിന്റേതാകുന്നു.
12. കർത്താവേ, നിനക്കു കൃതജ്ഞതാ സ്തോത്രം.
കാരണം നീ മനുഷ്യന്
അയാളുടെ പ്രവൃത്തിക്കനുസൃതമായി സമ്മാനം നല്കുന്നു.

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീയെന്റെ ദൈവമാകുന്നു; നിന്നെ ഞാൻ കാത്തിരിക്കും.
ദാഹിച്ചുവലഞ്ഞ് നീരിനായിക്കേഴുന്ന ഭൂമിയെപ്പോലെ
എന്റെ ആത്മാവ് നിനക്കായി ദാഹിക്കുന്നു.
എന്റെ ശരീരം നിനക്കായി കാത്തിരിക്കുന്നു.
2. ഇപ്രകാരം തന്നെ നിന്റെ ശക്തിയും മഹത്വവും ദർശിക്കേണ്ടതിന്
യഥാർത്ഥത്തിൽ നിന്നെ ഞാൻ നോക്കി.
3. കാരണം നിന്റെ കാരുണ്യം ജീവനെക്കാൾ വിശിഷ്ടമാകുന്നു.
എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.
4. ഇപ്രകാരം എന്റെ ജീവിതകാലമത്രയും ഞാൻ നിന്നെ വാഴ്ത്തും.
നിന്റെ നാമത്തിൽ ഞാൻ എന്റെ കരങ്ങളുയർത്തും.
5. മേദസ്സിനും കൊഴുപ്പിനും തുല്യം എന്റെ ആത്മാവ് പുഷ്ടിപ്പെടും.
സ്തുതിയുടെ അധരങ്ങളാൽ എന്റെ വായ് നിന്നെ സ്തുതിക്കും.
6. എന്റെ കിടക്കയിൽ വച്ച് ഞാൻ നിന്നെ ഓർത്തു.
രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിച്ചു.
7. എനിക്ക് നീ സഹായകനായതിനാൽ
നിന്റെ ചിറകുകളുടെ കീഴിൽ ഞാൻ സ്തുതിക്കപ്പെടും.
8. എന്റെ ആത്മാവ് നിന്നെ അനുഗമിച്ചു.
നിന്റെ വലതു കൈ എന്നെത്താങ്ങി.
9. എന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അവർ പരിശ്രമിച്ചു.
ഭൂമിയുടെ അഗാധതലങ്ങളിലേയ്ക്ക് അവർ പോകും.
10. അവർ വാളിന് ഇരയാകും.
കുറുനരികൾക്ക് ആഹാരമാകും.
11. രാജാവ് ദൈവത്തിൽ ആനന്ദിക്കും.
അവനെക്കൊണ്ട് സത്യം ചെയ്യുന്നവരെല്ലാം പ്രശംസിക്കപ്പെടും.
കള്ളം പറയുന്നവരുടെ അധരങ്ങളോ അടയ്ക്കപ്പെടും.

## സങ്കീർത്തനം 64

ദൈവമേ, നിന്നോടു ഞാൻ പ്രാർത്ഥിക്കുമ്പോൾ എന്റെ സ്വരം കേൾക്കണമേ
ശത്രുഭയത്തിൽ നിന്നെന്നെ കാത്തു രക്ഷിക്കണമേ
2. കശ്മലന്റെ ദുഷ്ടതയിൽ നിന്നും
ദുർവൃത്തരുടെ നടപടിയിൽ നിന്നും എന്നെ സംരക്ഷിക്കണമേ

www.malankaralibrary.com


3.4 നിരപരാധിയെ ഒളിവിൽ പെട്ടെന്ന് എയ്യുന്നതിന്
വാളെന്നപോലെ തങ്ങളുടെ നാവിനെയും
ശരംപോലെ തങ്ങളുടെ വാക്കുകളെയും
അവർ മൂർച്ചയുള്ളതാക്കി
അവർ പെട്ടെന്ന് അയാളെ എയ്യും
എന്നാൽ അവരെ ആരും കാണുകയുമില്ല.
5. ദുഷ്ടവചനങ്ങൾ അവർ കാഠിന്യമുള്ളതാക്കി
ഗൂഢമായി കെണിവയ്ക്കുന്നതിന് അവർ ആലോചന നടത്തി.
നമ്മെ ആരു കാണും എന്ന് അവർ പറഞ്ഞു.
6. മനുഷ്യന്റെ ഉള്ളിൽനിന്നും അയാളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും,
ദുഷ്ടത കണ്ടെത്താൻ ആലോചിച്ച ദുഷ്ടന്മാർ നശിച്ചു.
7. ദൈവം ഉയർന്ന് പെട്ടെന്ന് അവരുടെമേൽ അസ്ത്രങ്ങൾ വർഷിക്കും.
8. അവരുടെ നാവുകൾ രോഗമുള്ളവയാകും
അവരെ കാണുന്നവരെല്ലാം ഭയപ്പെടും.
9. അപ്പോൾ സകല മനുഷ്യരും സംഭീതരാകും
ദൈവത്തിന്റെ പ്രവൃത്തികളെ അവർ ഉത്ഘോഷിക്കും.
അവന്റെ കരങ്ങളുടെ പ്രവൃത്തികളെ അവർ ഉറ്റുനോക്കും.
10. നീതിമാന്മാർ കർത്താവിൽ ആനന്ദിക്കും.
അവനിൽ ആശ്രയിക്കും.
ഹൃദയ പരമാർത്ഥതയുള്ളവരെല്ലാം അവനെ സ്തുതിക്കുകയും ചെയ്യും.

## സങ്കീർത്തനം 65

ദൈവമേ, സെഹിയോനിൽ നിനക്കുസ്തുതി ഉചിതമാകുന്നു.
നിനക്കുള്ള നേർച്ച നിറവേറ്റപ്പെടും.
എന്റെ പ്രാർത്ഥന കേൾക്കണമേ.
2. എല്ലാ ജനവും നിന്റെ സന്നിധിയിൽ വന്നെത്തും.
3. ദുഷ്ടരുടെ വചനങ്ങൾ എന്റെമേൽ പ്രബലപ്പെട്ടു.
എന്റെ പാപങ്ങൾ നീ പരിഹരിക്കും.
4. നിന്റെ പ്രീതിപാത്രമായ മനുഷ്യൻ ഭാഗ്യവാൻ
നിന്റെ അങ്കണത്തിൽ വസിക്കാൻ അയാളെ നീ കൊണ്ടു വരും.
നിന്റെ ഭവനത്തിലെ നന്മകളാൽ അയാൾ സംതൃപ്തനാകും.
5. ഭൂമിയുടെ സകല അതിർത്തികളുടെയും വിദൂരസ്ഥരായ വിജാതീയരുടെയും
പ്രത്യാശയായ ദൈവമേ, ഞങ്ങളുടെ രക്ഷകാ
നിന്റെ ദൈവാലയ പരിശുദ്ധിയിലും
ഭീതിജനകമായ നിന്റെ നീതിയിലും
ഞങ്ങൾക്കുത്തരമരുളിയാലും.
6. തന്റെ ബലത്താൽ മലകളെ ഉറപ്പിക്കുന്നവനേ
തന്റെ വല്ലഭത്വത്താൽ അവയെ ശക്തിപ്പെടുത്തുന്നവനേ,
7. സമുദ്രത്തിലെ കൊടുങ്കാറ്റുകളെയും
8. തിരമാലകളുടെ ഗർജ്ജനത്തെയും നിശ്ശബ്ദമാക്കുന്നവനേ,
നിന്റെ അത്ഭുതങ്ങൾകൊണ്ടും,
പ്രഭാതപ്രദോഷങ്ങളുടെ ആഗമനംകൊണ്ടും
പുറജാതികൾ പരിഭ്രമിക്കുകയും ഭൂവാസികൾ ഭയപ്പെടുകയും ചെയ്യും.
9. നിന്റെ മഹിമയിൽ നീ ഭൂമിയെ ഓർത്ത് അതിനെ ശാന്തമാക്കി
സുഭിക്ഷതയാൽ അതിനെ സമ്പന്നമാക്കി.
വലിയ നീർച്ചാലുകൾ ജലം കൊണ്ടു നിറഞ്ഞിരിക്കുന്നു.
അതിനെ ക്രമപ്പെടുത്തിയപ്പോൾ അതിനുള്ള ഭക്ഷണവും നീ ഒരുക്കി.
10. ഫലങ്ങൾ വർദ്ധിക്കുന്നതിനായി അതിന്റെ ഉഴവുചാലുകളെ നീ നനച്ചു.
മഴയാൽ അതിന്റെ മുളകൾ വളർന്ന് അനുഗൃഹീതമാകും.
11. നിന്റെ കൃപയാൽ ആണ്ടുവട്ടത്തെ നീ ആശീർവദിക്കണമേ.
നിന്റെ കാളക്കിടാങ്ങൾ പച്ചപ്പുല്ലുകൊണ്ടു തൃപ്തരാകും.
12. വനത്തിലെ മേച്ചിൽസ്ഥലങ്ങൾകൊണ്ട് അവ തൃപ്തിപ്പെടും.
കുന്നുകൾ മഹത്വമണിയിക്കപ്പെടും.
13. അവയിൽ കൊഴുത്ത ആടുകൾ മേയും.
താഴ്വരകൾ കോതമ്പുകൊണ്ടു നിറയും.
അവർ സന്തോഷിച്ച് സ്തുതി പാടുകയും ചെയ്യും.

## സങ്കീർത്തനം 66

അഖിലലോകമേ ദൈവത്തെ സ്തുതിക്കുക.
2. തിരുനാമത്തിന്റെ മഹിമയ്ക്കായികീർത്തനം പാടുക.
അവന്റെ മഹത്വത്തിന് സങ്കീർത്തനം ആലപിക്കുക
3. എത്ര ഭീതിദമാണു നിന്റെ പ്രവൃത്തികൾ എന്നു ദൈവത്തോടു പറയുക.
നിന്റെ ശക്തിയുടെ ആധിക്യത്താൽ നിന്റെ ശത്രുക്കൾ വഞ്ചകരെന്നു തെളിയിക്കപ്പെടും.
4. ഭൂമിയിലെങ്ങും അവർ നിന്നെ ആരാധിക്കും.
നിനക്കു കീർത്തനമാലപിക്കും.
എന്നേക്കും നിന്റെ നാമത്തെ അവർ സ്തുതിക്കും.
5. നിങ്ങൾ വന്ന് ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ;
മനുഷ്യർക്കുവേണ്ടിയുള്ള അവന്റെ അത്ഭുതകൃത്യങ്ങൾ അസംഖ്യമാണല്ലോ എന്നവർ പറയും,
6. അവൻ കടലിനെ വരണ്ട ഭൂമിയാക്കി,
കാൽനടയായി അവർ നദികടന്നു.
7. അവിടെ തന്റെ അധീശത്വത്താൽ എന്നേക്കും വാഴുന്നവനിൽ ഞങ്ങൾ ആനന്ദിക്കും.
അവന്റെ ദൃഷ്ടികൾ ജനതകളെ നോക്കും.
കലഹപ്രിയർ ഒരിക്കലും ഉയർത്തപ്പെടുകയില്ല.
8. ജനപദങ്ങളേ, ദൈവത്തെ വാഴ്ത്തുവിൻ.
അവന്റെ സ്തുതിയുടെ ഗാനം ആലപിക്കുവിൻ.
9. എന്തെന്നാൽ അവൻ നമ്മെ ജീവനോടെ കാത്തു.
നമ്മുടെ കാൽ ഇടറുന്നതിന് അവൻ അനുവദിച്ചില്ല.

www.malankaralibrary.com

10. ദൈവമേ നീ ഞങ്ങളെ പരിശോധിച്ചു.
വെള്ളി ശോധനചെയ്യപ്പെടുന്നതുപോലെ നീ ഞങ്ങളെ ശോധന ചെയ്തു.
11. നീ ഞങ്ങളെ വലയിൽ അകപ്പെടുത്തി
ഞങ്ങളുടെ അരകളിൽ ഞെരുക്കം ഉളവാക്കി.
12. നീ ഞങ്ങളുടെ തലയ്ക്കു മീതെ മനുഷ്യനെ കയറ്റിയിരുത്തി.
തീയിലും വെള്ളത്തിലും നീ ഞങ്ങളെ പ്രവേശിപ്പിച്ചു
എങ്കിലും ആശ്വാസത്തിലേക്കു നീ ഞങ്ങളെക്കൊണ്ടുവന്നു.
13. ആദരവോടെ ഞാൻ നിന്റെ ഭവനത്തിലേക്ക് വരും
നിനക്കുള്ള നേർച്ചകൾ ഞാൻ നിറവേറ്റും.
14. അനർത്ഥകാലത്ത് എന്റെ അധരങ്ങൾ ഉരുവിടുകയും
എന്റെ വായ് വാഗ്ദാനം ചെയ്യുകയും ചെയ്തവ തന്നെ.
15. കൊഴുത്ത മുട്ടാടുകളുടെ സുഗന്ധപൂർണ്ണമായ ബലി നിനക്കു ഞാനർപ്പിക്കും.
കാളകളെയും കോലാടുകളെയും ഞാൻ നിനക്കു ബലിയർപ്പിക്കും.
16. ദൈവത്തിന്റെ സേവകരേ, നിങ്ങളെല്ലാവരും വന്നു കേൾക്കു
അവൻ എനിക്കു ചെയ്തത് ഞാൻ നിങ്ങളെ അറിയിക്കാം.
17. എന്റെ വായ്കൊണ്ട് ഞാൻ അവനെ വിളിച്ചു
അവൻ എനിക്ക് ഉത്തരം തന്നു.
എന്റെ നാവുകൊണ്ടു ഞാൻ അവനെ പുകഴ്ത്തി.
18. കർത്താവേ, നീ എന്റെ ഹൃദയത്തിൽ തിന്മ കണ്ടിരുന്നെങ്കിൽ
എന്നെ നീ രക്ഷിക്കുമായിരുന്നില്ല.
19. ദൈവം എന്റെ പ്രാർത്ഥനയുടെ സ്വരം ചെവിക്കൊണ്ടു.
20. എന്റെ പ്രാർത്ഥനയും എന്നിൽനിന്നു തന്റെ കൃപയും മാറ്റിക്കളയാതിരുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.

## സങ്കീർത്തനം 67

നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ
നമ്മെ ആശീർവദിച്ച് തന്റെ മുഖം നമ്മുടെമേൽ പ്രകാശിപ്പിക്കട്ടെ.
2. അവന്റെ വഴികൾ ഭൂമിയിലും
അവന്റെ പരിത്രാണം എല്ലാ ജനതകളിലും അറിയപ്പെടട്ടെ.
3. ദൈവമേ വിജാതീയർ നിന്നെ സ്തുതിക്കും.
എല്ലാ ജനപദങ്ങളും നിന്നെപ്പുകഴ്ത്തും.
4. രാജ്യങ്ങൾ സന്തോഷപൂർവ്വം കീർത്തനമാലപിക്കും.
എന്തെന്നാൽ നീ വിജാതീയരെ നീതിയോടെ വിധിക്കുന്നു.
ഭൂമിയിലെ രാജ്യങ്ങളെ പരിപാലിക്കയും ചെയ്യുന്നു.
5. ദൈവമേ വിജാതീയർ നിന്നെ സ്തുതിക്കട്ടെ.
ജനപദങ്ങൾ നിനക്കു നന്ദി പറയട്ടെ.
6. ഭൂമി അതിന്റെ ഫലങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു.
ഉന്നതനായ നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കും.
7. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!
ഭൂമിയുടെ അതിർത്തികളെല്ലാം അവനെ ഭയപ്പെടുകയും ചെയ്യട്ടെ.

## അദ്ധ്യായം 68

ദൈവം എഴുന്നേറ്റ് അവന്റെ ശത്രുക്കളെയെല്ലാം ചിതറിക്കട്ടെ. അവനെ ദ്വേഷിക്കുന്നവർ അവന്റെ മുമ്പിൽ നിന്ന് പലായനം ചെയ്യും
2. പുക മാഞ്ഞുപോകുന്നതുപോലെ അവർ ഇല്ലാതാകും.
തീയ്ക്കു മുമ്പിൽ മെഴുക് ഉരുകുന്നതുപോലെ,
ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിച്ചുപോകും.
3. നീതിമാന്മാർ സന്തോഷിക്കും ദൈവസന്നിധിയിൽ അവർ ശക്തി പ്രാപിക്കും.
അവന്റെ ആനന്ദത്തിൽ അവർ സന്തോഷിക്കും.
4. ദൈവത്തിനു നിങ്ങൾ സ്തുതി പാടുക; അവന്റെ നാമത്തെ സ്തുതിക്കുക.
5. പടിഞ്ഞാറോട്ടു സവാരി ചെയ്യുന്നവനെ പ്രകീർത്തിക്കുക,
അവന്റെ നാമം കർത്താവ് എന്നാകുന്നു.
അനാഥരുടെ പിതാവായ അവന്റെ മുമ്പിൽ ശക്തി പ്രാപിക്കുവിൻ.
അവൻ വിധവകളുടെ വിധിയാളനും.
പരിശുദ്ധകൂടാരത്തിൽ വസിക്കുന്നവനുമായ ദൈവമാകുന്നു.
6. തനിച്ചുകഴിയുന്നവനെ ദൈവം ഭവനത്തിൽപ്പാർപ്പിക്കുന്നു.
ബന്ധിതരെ ഉത്സാഹപൂർവ്വം മോചിപ്പിക്കുന്നു.
എന്നാൽ മത്സരബുദ്ധികൾ കുഴിമാടങ്ങളിൽ വസിക്കും.
7. ദൈവമേ നിന്റെ ജനത്തിന്റെ മുമ്പിൽ നീ പോയപ്പോഴും അശീമോൻ കടന്നപ്പോഴും
8. ഭൂമി ഇളകി, ആകാശം മഴവർഷിച്ചു.
സീനായ് മല ഇസ്രായേലിന്റെ ദൈവമായ
കർത്താവിന്റെ സന്നിധിയിൽ പ്രകമ്പനം കൊണ്ടു.
9. ദൈവമേ, നിന്റെ അവകാശത്തിന്മേൽ നീ യഥേഷ്ടം മഴ വർഷിച്ചു.
അതിനു രോഗമായിരുന്നു,
നീ അതിനെ സുഖപ്പെടുത്തി.
10. നിന്റെ ജീവികൾ അവിടെ വസിക്കുന്നു
ദൈവമേ, നിസ്സഹായരെ നിന്റെ കൃപകൊണ്ട് ബലപ്പെടുത്തി.
11. വലിയ ശക്തിയോടെ കർത്താവ് സദ്‌വാർത്തയുടെ വചനം നല്കും.
12. സൈന്യബലമുള്ള രാജാക്കന്മാർ ഒരുമിച്ചുകൂടും
നിന്റെ ഭവനത്തിലെ അലങ്കാരം കൊള്ളമുതലാക്കി അവർ പങ്കിടും.
13. നിങ്ങൾ മുള്ളുകളുടെയിടയിൽക്കിടന്നുറങ്ങിയാലും,
വെള്ളിപൊതിഞ്ഞ പ്രാവിൻ ചിറകുകളും
ശുദ്ധസ്വർണ്ണംകൊണ്ടുള്ള അതിന്റെ തൂവലുകളും നിങ്ങളെ സംരക്ഷിക്കും.

14-15. ദൈവം രാജാവിനെ തിരഞ്ഞെടുത്തപ്പോൾ വലിയ
മലയായ സൽമോനിൽ മഞ്ഞു പെയ്തു.
16. ബയ്ശാൻ മലകളേ, ഗ്വെനിയം മലകളേ, നിങ്ങൾക്ക്
എന്തുവേണം?
ദൈവം തനിക്കായി തിരഞ്ഞെടുത്ത മലയിൽ എന്നേ
യ്ക്കും വസിക്കും.
17. സൈന്യങ്ങളുടെ ആയിരങ്ങളോടും പതിനായിരങ്ങ
ളോടുംകൂടെ
ദൈവം സവാരിചെയ്തു.
കർത്താവ് അവരുടെ ഇടയിൽ തന്റെ പരിശുദ്ധസ്ഥല
മായ സീനായിൽ.
18. നീ ഉന്നതത്തിലേക്കു കരേറി.
അടിമത്തത്തെ അടിമയാക്കി.
മനുഷ്യർക്കു നീ സമ്മാനങ്ങൾ നൽകി.
കലഹപ്രിയർ ദൈവസന്നിധിയിൽ വസിക്കുകയില്ല.
19. നമ്മെ തന്റെ അവകാശമായി തിരഞ്ഞെടുത്ത കർ
ത്താവ്
എന്നും അനുഗൃഹീതനാകുന്നു.
20. ദൈവം നമ്മുടെ രക്ഷകനാകുന്നു.
ദൈവം നമ്മുടെ പരിത്രാതാവാകുന്നു.
മരണത്തിന്റെയും പുറപ്പാടിന്റെയും നാഥനും
ദൈവവുമായ കർത്താവ് അവൻ തന്നെ.
21. എന്നാൽ ദൈവം തന്റെ ശത്രുക്കളുടെ ശിരസ്സ്
വിഛേദിക്കും.
പാപത്തിൽ വ്യാപരിക്കുന്നവരുടെ ശിരസ്സു മുണ്ഡനം
ചെയ്യും.
22. കർത്താവു പറഞ്ഞു:
ദംഷ്ട്രകളുടെ ഇടയിൽ നിന്നു ഞാൻ അവരെ തിരിച്ചു
കൊണ്ടുവരും.
കടലിന്റെ ആഴങ്ങളിൽനിന്ന് ഞാൻ അവരെ വീണ്ടെ
ടുക്കും.
23. എന്തെന്നാൽ ശത്രുക്കളുടെ രക്തത്തിൽ നീ കാലു
മുക്കും
നിന്റെ ശത്രുക്കളുടെ രക്തത്തിൽ നിന്റെ നായ്ക്ക
ളുടെ നാവും
24. ദൈവത്തിന്റെ നടപടി അവർ കണ്ടു;
എന്റെ ദൈവവും പരിശുദ്ധരാജാവുമായവന്റെ നടപടി.
25. പ്രധാനികൾ മുന്നിൽപ്പോയി;
പിന്നിൽ ഗായകർ, ജനസമൂഹത്തിന്റെ ഇടയിൽതപ്പു
കൊട്ടിയിരുന്ന യുവതികൾ നടക്കും
26. ഇസ്രായേലിന്റെ ഉറവ മുതൽ അവർ കർത്താവായ
ദൈവത്തെ സ്തുതിച്ചു.
27. അവിടെ ചെറിയവനായ ബെൻയാമേനും,
യൂദായിലെ പ്രധാനികളും അധികാരികളും,
സ്‌വോലോന്റെയും നവ്ത്താലിയുടെയും പ്രധാനികളും
മൗനമായി നീങ്ങിയിരുന്നു.
28. ദൈവമേ നീ ശക്തി പ്രകടിപ്പിക്കണമേ.
ദൈവമേ, നീ ഞങ്ങൾക്ക് ചെയ്യാനിരിക്കുന്നത് ത്വരി
തപ്പെടുത്തണമേ.
29. നിന്റെ ആലയം നിമിത്തം ഓറെശ്ലെത്തേയ്ക്ക്
രാജാക്കന്മാർ നിനക്ക് കാഴ്ചകൾ കൊണ്ടുവരും.
30. കാട്ടുപോത്തിനെയും കാളക്കൂട്ടത്തെയും
വിജാതീയരുടെ വെള്ളിപൊതിഞ്ഞ വിഗ്രഹങ്ങളെയും
നീ ശാസിക്കണമേ.
യുദ്ധപ്രിയരായ ജനതകളെ ചിതറിക്കണമേ.
31. മെസ്രേനിൽനിന്ന് സ്ഥാനപതികൾ വരും.
കൂശ് ദൈവത്തെ അംഗീകരിക്കും.
32. ഭൂമിയിലെ രാജ്യങ്ങളേ, ദൈവത്തെ സ്തുതിക്കുവിൻ.
33. അത്യുന്നതമായ ആകാശത്തിൽ നിവസിക്കുന്ന കർ
ത്താവിനു സ്തുതിപാടുവിൻ.
അവൻ കിഴക്കുനിന്നു തന്റെ ശക്തമായ സ്വരം കേൾ
പ്പിച്ചു.
34. ദൈവത്തിനു സ്തുതിയർപ്പിക്കുക, ഇസ്രേയേലിനു
വലിയ ബഹുമാനവും.
എന്തെന്നാൽ അവന്റെ ശക്തി ആകാശങ്ങളുടെ
ആകാശത്തിൽ.
35 ദൈവമേ നിന്റെ വിശുദ്ധാലയത്തിൽ നീ ഭീതിദനാ
ണല്ലോ.
ഇസ്രായേലിന്റെ ദൈവംതന്നെ തന്റെ ജനത്തിന്
ബലവും ശക്തിയും പ്രദാനം ചെയ്യും.
ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു.

## സങ്കീർത്തനം 69

ദൈവമേ എന്നെ രക്ഷിക്കണമേ;
പെരുവെള്ളം എന്റെ ഉള്ളുവരെ എത്തിയിരിക്കുന്ന
ല്ലോ.
2. ഞാൻ ആഴമുള്ള കയത്തിൽ മുങ്ങി; അതിൽ നില
ഇല്ലായിരുന്നു.
ആഴമുള്ള ജലത്തിൽ ഞാൻ അകപ്പെട്ടു.
ചുഴി എന്നെ താഴ്ത്തി.
3. ഞാൻ കരഞ്ഞു കരഞ്ഞു തളർന്നു
എന്റെ തൊണ്ടവരണ്ടുപോയിരിക്കുന്നു.
എന്റെ ദൈവത്തെ കാത്തിരുന്ന് എന്റെ കണ്ണുകൾ
മങ്ങി.
4. അകാരണമായി എന്നെ ദ്വേഷിക്കുന്നവർ
എന്റെ തലനാരിഴകളെക്കാൾ അധികമായി.
വഞ്ചകരായ എന്റെ ശത്രുക്കൾ എന്റെ അസ്ഥികളെ
ക്കാൾ കരുത്തുറ്റവരായി.
ഞാൻ അപഹരിക്കാത്തത് തിരികെ കൊടുക്കേണ്ടി
വന്നു.
5. ദൈവമേ, നീ എന്റെ കുറ്റങ്ങൾ അറിയുന്നു.
എന്റെ പാപങ്ങൾ നിന്നിൽനിന്ന് നിഗൂഢമല്ല.
6. കർത്താവേ, ബലവാനായ ദൈവമേ,
നിന്നിൽ പ്രത്യാശ അർപ്പിക്കുന്നവർ
ഞാൻ നിമിത്തം ലജ്ജിക്കാതിരിക്കട്ടെ.
ഇസ്രായേലിന്റെ ദൈവമേ, നിന്നെ അന്വേഷിക്കുന്നവർ
ഞാൻ നിമിത്തം നാണിക്കാതിരിക്കട്ടെ.
7. നിന്നെപ്രതി ഞാൻ നിന്ദ സഹിച്ചു; ലജ്ജ എന്റെ
മുഖത്തെ മൂടി.
8. എന്റെ സഹോദരന്മാർക്കു ഞാൻ അപരിചിതനായി,
എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനായി.

www.malankaralibrary.com

9. എന്തെന്നാൽ നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത
എന്നെ വിഴുങ്ങിക്കളഞ്ഞു.
നിന്നെ പരിഹസിക്കുന്നവരുടെ നിന്ദനങ്ങൾ എന്റെ
മേൽ നിപതിച്ചു.
10. ഉപവാസത്താൽ ഞാൻ സ്വയം താഴ്ത്തി
എന്നാൽ ഞാൻ അവർക്ക് നിന്ദാപാത്രമായി.
11. ഞാൻ ചാക്കുവസ്ത്രം ധരിച്ചു.
ഞാൻ അവർക്ക് ഒരു പരിഹാസമൊഴിയായി.
12. വാതില്ക്കൽ ഇരുന്നിരുന്നവർ എന്നെ സൂക്ഷിച്ചു
നോക്കി.
മദ്യപാനികൾ എന്നെ ആക്ഷേപിച്ചു.
13. എന്നാൽ കർത്താവേ തക്കസമയത്ത് ഞാൻ നിന്റെ
മുമ്പാകെ പ്രാർത്ഥിച്ചു.
ദൈവമേ നിന്റെ കൃപാധിക്യത്തിൽ എനിക്ക് ഉത്തരം
നല്കണമേ.
14. ചെളിയിൽ ഞാൻ താണുപോകാതെ
നിന്റെ രക്ഷയുടെ ബഹുലതയിൽ എന്നെ രക്ഷിക്ക
ണമേ.
എന്റെ വിരോധികളിൽനിന്നും ജലഗർഭത്തിൽനിന്നും
ഞാൻ രക്ഷിക്കപ്പെടട്ടെ.
15. വെള്ളച്ചുഴി എന്നെ മുക്കാതെയും,
അഗാധത എന്നെ വിഴുങ്ങാതെയും,
കിണറ് അതിന്റെ വായ് എനിക്കെതിരായി അടയ്
ക്കാതെയും ഇരിക്കട്ടെ.
16. കർത്താവേ, എനിക്ക് ഉത്തരമരുളിയാലും! നിന്റെ
കൃപ ഉത്തമമാണല്ലോ.
നിന്റെ സമൃദ്ധമായ കരുണയാൽ എന്നെ കടാക്ഷി
ക്കണമേ.
17. നിന്റെ ദാസനിൽനിന്ന് നിന്റെ മുഖം തിരിച്ചു കളയ
രുതേ.
ഞാൻ ദു:ഖിതനായിരിക്കുന്നതിനാൽ വേഗത്തിൽ
എനിക്ക് ഉത്തരമരുളണമേ.
18. എന്റെ ആത്മാവിനെ നിന്റെ രക്ഷയോടു അടുപ്പിക്ക
ണമേ.
എന്റെ ശത്രുക്കൾ കാരണം എന്നെ രക്ഷിച്ചാലും.
19. എന്റെ അപമാനവും ശത്രുക്കളുടെ മുമ്പാകെയുള്ള
എന്റെ ലജ്ജയും നീ അറിയുന്നു.
20. എന്റെ ഹൃദയത്തിന്റെ മുറിവ് നീ സുഖപ്പെടുത്തേ
ണമേ.
സഹതപിക്കുന്നവരുണ്ടോ? എന്നു നോക്കി ഞാൻ
കാത്തിരുന്നു.
എന്നാൽ ആരുമില്ല. സമാശ്വസിപ്പിക്കുന്നവനെയും
ഞാൻ കണ്ടെത്തിയില്ല.
21. ആഹാരമായി എനിക്ക് അവർ കൈപ്പുതന്നു.
എന്റെ ദാഹത്തിന് അവർ എന്നെ ചൊറുക്കാ കുടി
പ്പിച്ചു.
22. അവരുടെ വിരുന്നുമേശ അവരുടെ മുമ്പാകെ കെണി
യായിരിക്കട്ടെ.
അവരുടെ പ്രതിഫലം ഇടർച്ചയ്ക്കുമായിരിക്കട്ടെ.
23. കാണാതിരിക്കുന്നതിനു അവരുടെ കണ്ണുകൾ ഇരു
ളട്ടെ.
അവരുടെ അര എപ്പോഴും കൂനിയിരിക്കട്ടെ.
24. നിന്റെ കോപം അവരുടെമേൽച്ചൊരിയണമേ.
നിന്റെ കോപത്തിന്റെ ഉഗ്രത അവരെ പിടികൂടട്ടെ.
25. അവരുടെ വസതികൾ ശൂന്യമാകട്ടെ;
അവരുടെ കൂടാരങ്ങളിൽ ആരും വസിക്കാതിരിക്കട്ടെ.
26. എന്തെന്നാൽ നീ പ്രഹരിച്ചവനെ അവർ പീഡിപ്പിച്ചു.
വധിക്കപ്പെട്ടവന്റെ വേദന അവർ വർദ്ധിപ്പിച്ചിരുന്നു.
27. അവർ നിന്റെ നീതിയിൽ പ്രവേശിക്കാതിരിക്കുന്നതി
നായി
അവരുടെ തിന്മയ്ക്കു ശിക്ഷകൊടുക്കണമേ.
28. ആയുസ്സിന്റെ പുസ്തകത്തിൽനിന്ന് (അവരുടെനാമം)
തുടച്ചുനീക്കപ്പെടട്ടെ!)
നിന്റെ നീതിമാന്മാരോടുകൂടെ അവരുടെ നാമം ആലേ
ഖനം ചെയ്യപ്പെടാതിരിക്കട്ടെ.
29. എന്നാൽ ഞാൻ ദരിദ്രനും ദു:ഖിതനുമാകുന്നു.
ദൈവമേ, നിന്റെ രക്ഷ എന്നെ സഹായിച്ചു
30. ഞാൻ കീർത്തനമാലപിച്ച് ദൈവനാമത്തെ സ്തുതിക്കും.
കൃതജ്ഞതാ ഗീതമാലപിച്ച് അവനെ ഞാൻ മഹ
ത്വപ്പെടുത്തും.
31. ഞാൻ കൊമ്പും കുളമ്പുമുള്ള തടിച്ച കാളകളെക്കാൾ
ദൈവത്തിന് ഇഷ്ടമുള്ളവനാകും.
32. ദരിദ്രരേ, ഇതു കണ്ടു സന്തോഷിക്കുവിൻ,
നിങ്ങളുടെ ഹൃദയം ജീവിക്കും.
33. കാരണം, കർത്താവ് പാവപ്പെട്ടവരെ ചെവിക്കൊള്ളു
ന്നു;
തന്റെ ബന്ധനസ്ഥരെ അവൻ നിന്ദിക്കുകയില്ല.
34. ആകാശവും ഭൂമിയും സമുദ്രങ്ങളും
അവയിൽ ചരിക്കുന്ന സമസ്തവും, അവനെ സ്തുതി
ക്കട്ടെ.
35. ദൈവം സെഹിയോനെ രക്ഷിക്കും.
യൂദായുടെ പട്ടണങ്ങൾ പണിയുകയും ചെയ്യും.
36. അവന്റെ ദാസർ അവിടെ വസിച്ച് അത് സ്വന്തമാക്കും.
അവന്റെ നാമത്തെ സ്നേഹിക്കുന്നവർ അതിൽ
വസിക്കും.

## സങ്കീർത്തനം 70

ദൈവമേ, എന്നെ രക്ഷിക്കണമേ,
കർത്താവേ, എന്റെ സഹായത്തിനു വേഗം വരണമേ
2. എന്റെ (ജീവനെ) അന്വേഷിക്കുന്നവർ ലജ്ജിച്ചു
തലതാഴ്ത്തട്ടെ,
എനിക്ക് അനർത്ഥം ആഗ്രഹിക്കുന്നവർ അപമാനി
തരായി പിന്തിരിയട്ടെ
3. എന്നെ നോക്കി ഹേ! ഹേ! എന്ന് എന്നെ പരിഹസി
ച്ചവർ
വീണ്ടും വീണ്ടും അവർക്കുണ്ടാകുന്ന ലജ്ജയിൽ
വിസ്മയിക്കട്ടെ.
4. നിന്നെ തേടുന്നവരെല്ലാം നിന്നിൽ സന്തോഷിക്കും
നിന്റെ രക്ഷയെ സ്നേഹിക്കുന്നവർ
ദൈവം വലിയവനാകുന്നു എന്ന് എപ്പോഴും പറയും.
5. ഞാൻ ദരിദ്രനും അഗതിയുമാകുന്നു.
ദൈവമേ, വേഗം വരണമേ.
നീയാണല്ലോ എന്റെ സഹായിയും സംരക്ഷകനും
കർത്താവേ, വൈകരുതേ.

www.malankaralibrary.com


## സങ്കീർത്തനം 71

കർത്താവേ നിന്നിൽ ഞാൻ ശരണപ്പെട്ടു
ഞാൻ ഒരിക്കലും ലജ്ജിക്കുകയില്ല.
2. നിന്റെ നീതിയിൽ എന്നെ രക്ഷിക്കണമേ ചെവി ചായ്ച്ച് എന്നെ കാത്തരുളണമേ.
3. ഞാൻ എപ്പോഴും പ്രവേശിക്കുന്നതിന് നീ എനിക്കു വാസസ്ഥലമായിരിക്കണമേ.
എന്നെ രക്ഷിക്കാൻ കല്പിക്കണമേ.
എന്റെ അഭയവും കോട്ടയും നീയാണല്ലോ.
4. ദൈവമേ, ദുഷ്ടന്റെ കൈയിൽനിന്നും
നീതികെട്ട അക്രമിയുടെ കൈയിൽനിന്നും എന്നെ രക്ഷിക്കണമേ.
5. കർത്താവേ, നീയാണ് എന്റെ പ്രത്യാശ.
എന്റെ ബാല്യം മുതൽ,ദൈവമേ നീ എന്റെ ആശ്രയമാകുന്നു.
6. ഗർഭപാത്രം മുതൽ നിന്നിൽ ഞാൻ ആശ്രയിച്ചു.
എന്റെ അമ്മയുടെ ഉദരം മുതൽ നീയാകുന്നുഎന്റെ ആശ്രയം.
എപ്പോഴും നിന്നെ ഞാൻ സ്തുതിക്കും.
7. അനേകർക്കു ഞാൻ അദ്ഭുതവിഷയമായിരുന്നു.
എന്തെന്നാൽ എന്റെ ഉറപ്പുള്ള ആശ്രയം നീയാകുന്നു.
8. എന്റെ വായ് നിന്റെ സ്തുതിയാലും
ദിവസം മുഴുവൻ നിന്റെ മഹിമാവർണ്ണനത്താലും നിറയും.
9. വാർദ്ധക്യകാലത്ത് നീ എന്നെ തള്ളിക്കളയരുതേ!
എന്റെ ശക്തി ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ.
10. കാരണം എന്റെ ശത്രുക്കൾ എനിക്കെതിരായി സംസാരിച്ചു,
എന്റെ ജീവനിൽ നോട്ടമിട്ടിരിക്കുന്നവർ ഒന്നിച്ചുകൂടി ആലോചിച്ച് ഇങ്ങനെ പറഞ്ഞു.
11. ദൈവം അയാളെ ഉപേക്ഷിച്ചു
അയാളെ പിൻതുടർന്നു പിടിക്കുവിൻ!
അയാൾക്കു രക്ഷകനായി ആരുമില്ല.
12. ദൈവമേ എന്നിൽനിന്ന് അകന്നുപോകരുതേ!
ദൈവമേ എന്റെ സഹായത്തിനുവേഗം വരണമേ!
13. എന്റെ ആത്മാവിനെ ദ്വേഷിക്കുന്നവർ നിശ്ശേഷം നാണിക്കട്ടെ.
എനിക്ക് തിന്മയാഗ്രഹിക്കുന്നവർ ലജ്ജ ധരിക്കട്ടെ.
14. ഞാനോ എന്നാൽ എപ്പോഴും പ്രാർത്ഥിക്കും.
വീണ്ടും വീണ്ടും നിന്നെ സ്തുതിക്കും.
15. എന്റെ വായ് നിന്റെ നീതിയെ പ്രഘോഷിക്കും.
ദിവസം മുഴുവൻ നിന്റെ സ്തുതികളെയും.
എന്തെന്നാൽ എനിക്ക് അക്ഷരജ്ഞാനമില്ല.
16. കർത്താവിന്റെ വല്ലഭത്വത്തിലേക്ക് ഞാൻ പ്രവേശിക്കും.
ഞാൻ ഏകനായി നിന്റെ നീതിയെ ഓർക്കും.
17. ദൈവമേ, ബാല്യം മുതൽ ഇന്നുവരെ എന്റെ പഠനവിഷയം നീയാകുന്നു.
നിന്റെ അദ്ഭുതവൃത്തികളെ ഞാൻ പ്രഘോഷിക്കട്ടെ.
18. (അതുകൊണ്ട്) വരും തലമുറയ്ക്ക് നിന്റെ ശക്തിയെയും
പ്രാഭവത്തെയും ഞാൻ അറിയിക്കുവോളം,
എന്റെ വാർദ്ധക്യംവരെ എന്നെ നീ ഉപേക്ഷിക്കരുതേ.
19. ദൈവമേ, നിന്റെ നീതി ആകാശത്തോളം;
ദൈവമേ, മഹാകാര്യങ്ങൾ നിർവ്വഹിച്ച നിന്നെപ്പോലെ മറ്റാരുണ്ട്.
20. എന്തെന്നാൽ അനേകം ഞെരുക്കങ്ങളും തിന്മയും എന്നെക്കാണിച്ച നീ
വീണ്ടുമെന്നെ ജീവിപ്പിച്ചു.
ഭൂമിയുടെ അഗാധതലങ്ങളിൽ നിന്നുകൂടെയും
നീ എന്നെ വീണ്ടും കരേറ്റി.
21. നീ എന്റെ അഭിമാനം വർദ്ധിപ്പിച്ചു;
എന്നെ വീണ്ടും ആശ്വസിപ്പിച്ചു.
22. ഞാനോ നിന്നെ കിന്നരനാദങ്ങളോടെ സ്തുതിക്കും
നിന്റെ നീതിയെ ഞാൻ പ്രകീർത്തിക്കും.
ദൈവമേ, ഇസ്രായേലിന്റെ പരിശുദ്ധനേ,
കിന്നരം കൊണ്ടു ഞാൻ നിന്നെ പാടിപ്പുകഴ്ത്തും.
23. ഞാൻ നിനക്കു സ്തുതിപാടുമ്പോൾ
എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ ആത്മാവും നിന്നെ സ്തുതിക്കും.
24. ദിവസം മുഴുവൻ എന്റെ നാവ് നിന്നെ ഏറ്റുപറയും.
എന്തെന്നാൽ എനിക്കു തിന്മ ആഗ്രഹിക്കുന്നവർ ലജ്ജിതരാകും.

## സങ്കീർത്തനം 72

ദൈവമേ, രാജാവിനു നിന്റെ ന്യായവിധി നൽകണമേ.
രാജകുമാരന് നിന്റെ ധർമ്മനിഷ്ഠയും.
2. അയാൾ നിന്റെ ജനത്തെ നീതിയോടെയും
നിന്റെ ദരിദ്രരെ ന്യായത്തോടെയും വിധിക്കട്ടെ.
3. മലകൾ നിന്റെ ജനത്തിനു സമാധാനം നല്കട്ടെ
കുന്നുകൾ നീതിയും.
4. ജനത്തിലെ ദരിദ്രരെ വിധിക്കുന്നതിനും,
നിസ്സഹായരുടെ മക്കളെ രക്ഷിക്കുന്നതിനും,
പീഡകരെ വിനീതരാക്കുന്നതിനും ഇടയാകട്ടെ.
5. സൂര്യനോടുകൂടെയും ചന്ദ്രന്റെ മുമ്പാകെയും,
തലമുറതലമുറയോളം അവർ നിന്നെ ഭയപ്പെടട്ടെ.
6. ആട്ടിൻരോമത്തിൻമേൽ മഴപോലെയും
ഭൂമിയിൽ പതിക്കുന്ന മഞ്ഞുതുള്ളികൾപോലെയും
അവൻ ഇറങ്ങിവരും.
7. അവന്റെ നാളുകളിൽ നീതി പുഷ്പിക്കും,
ചന്ദ്രനില്ലാതാകുന്നതുവരെ സമൃദ്ധമായ സമാധാനവും.
8. സമുദ്രം മുതൽ സമുദ്രം വരെയും
നദിമുതൽ ഭൂമിയുടെ അതിർത്തിവരെയും
അവൻ ആധിപത്യം പുലർത്തും.
9. ദ്വീപുകൾ അവന്റെ മുമ്പാകെ മുട്ടുമടക്കും.
അവന്റെ ശത്രുക്കൾ പൊടിതിന്നും!
10. തർശീശിലെയും ദ്വീപുകളിലെയും രാജാക്കന്മാർ അവനു കാഴ്ചകൾ കൊണ്ടുവരും.
ശ്വായിലേയും സായായിലേയും രാജാക്കന്മാർ അവനു കാഴ്ചകൾ സമർപ്പിക്കും.

www.malankaralibrary.com


11. രാജാക്കന്മാരെല്ലാം അവനെ ആരാധിക്കും.
സകല ജനതകളും അവനെ സേവിക്കും.
12. എന്തെന്നാൽ അവൻ അവശരെ ശക്തരിൽ നിന്നു രക്ഷിക്കും.
നിരാലംബനായ ദരിദ്രനെയും.
13. അവൻ ദരിദ്രരോടും നിസ്സഹായരോടും കാരുണ്യം കാണിക്കും.
പാവപ്പെട്ടവരുടെ ആത്മാക്കളെ രക്ഷിക്കും.
14. അവരുടെ ആത്മാക്കളെ ചതിയിൽനിന്നും
ദുഷ്ടതയിൽനിന്നും അവൻ രക്ഷിക്കും.
അവന്റെ ദൃഷ്ടിയിൽ അവരുടെ രക്തം വിലയുറ്റതാണ്.
15. രാജാവ് ജീവിക്കും
ശ്ബായിലെ സ്വർണ്ണം അയാൾക്കു നല്കപ്പെടും.
അയാൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥന അർപ്പിക്കപ്പെടും,
ദിവസം മുഴുവനും അയാൾക്കു അനുഗ്രഹം ലഭിക്കും.
16. ഭൂമിയിൽ കോതമ്പിന്റെ സമൃദ്ധിപോലെ അയാൾ ആയിരിക്കും?
ലെവ്നാനിലേതുപോലെ അയാളുടെ ഫലങ്ങൾ
മലമുകളിൽ കർത്താവു വർദ്ധിപ്പിക്കും.
ഭൂമിയിലെ പുല്ലുപോലെ അയാളുടെ പട്ടണത്തിൽ
അവൻ അഭിവൃദ്ധി വരുത്തും.
17. അവന്റെ നാമം എന്നേക്കും ഉണ്ടായിരിക്കും.
സൂര്യനുമുമ്പും അവന്റെ നാമം ഉണ്ടായിരുന്നു.
എല്ലാ ജനതകളും അവൻ വഴി അനുഗൃഹീതരാകും
എല്ലാവരും അവനെ സ്തുതിക്കും.
18. ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.
അവൻ മാത്രമാണ് വലിയ അത്ഭുതങ്ങൾ ചെയ്തിട്ടുള്ളത്.
19. അവന്റെ മഹത്വമേറിയ നാമം എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു.
ഭൂമിയിൽ അവന്റെ മഹത്വം നിറഞ്ഞുനില്ക്കും,
ആമ്മേൻ, ആമ്മേൻ.

## സങ്കീർത്തനം 73

ദൈവം ഇസ്രായേലിനും
നിർമ്മല ഹൃദയർക്കും നല്ലവനാകുന്നു.
2. എന്നാൽ എന്റെ കാലുകൾ തെന്നിത്തുടങ്ങിയിരുന്നു.
കാലടികൾ ഏറെക്കുറെ വഴുതി.
3. ദുഷ്ടരുടെ സമാധാനം കണ്ടപ്പോൾ
അവരോട് എനിക്കു രോഷം ഉണ്ടായി.
4. എന്തെന്നാൽ അവരുടെ മരണത്തിന് അവസാനമില്ല;
അവരുടെ ഹീനത വലുതുമാണ്.
5. മനുഷ്യരുടെ അദ്ധ്വാനത്തിൽ അവർ ഇല്ല.
മററു മനുഷ്യരോടുകൂടെ അവർ ശിക്ഷിക്കപ്പെടുന്നില്ല.
6. ഇതുനിമിത്തം ധിക്കാരം അവരെ പിടികൂടി,
ദുഷ്ടതയാലും അക്രമത്താലും അവർ മൂടപ്പെട്ടു.
7. അവരുടെ ദുഷ്ടത മേദസ്സുപോലെ പുറപ്പെട്ടു.
ഹൃദയാഭിലാഷംപോലെ അവർ പ്രവർത്തിച്ചു.
8. അവർ തിന്മ വിചാരിക്കുകയും സംസാരിക്കുകയും ചെയ്തു.
അത്യുന്നതനെതിരായി അവർ ദൂഷണം പറഞ്ഞു.
9. അകാശത്തിൽ അവരുടെ വായ് സ്ഥാപിച്ചെങ്കിലും
അവരുടെ നാവ് ഭൂമിയിലൂടെ വിഹരിക്കുന്നു.
10. ഇതിനാൽ എന്റെ ജനം ഇവിടേക്കു തിരിച്ചുവരും.
അവർക്കുവേണ്ടത് പൂർണ്ണമായി അവർ കണ്ടെത്തുകയും ചെയ്യും.
11. അവർ പറയും: ദൈവം എങ്ങനെ അറിയും?
അത്യുന്നതനിൽ ജ്ഞാനമുണ്ടോ?
12. എന്തെന്നാൽ ഈ ദുഷ്ടന്മാർ ഭൂമിയിൽ
സമൃദ്ധിയുള്ളവരും പ്രബലരും ആയിരിക്കുന്നു.
13. ഞാൻ മാത്രം എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചു.
എന്റെ കരങ്ങളെ വെടിപ്പായി കഴുകി.
14. ഞാൻ ദിവസം മുഴുവൻ പീഢനമനുഭവിക്കുന്നു
എനിക്കുള്ള കുറ്റാരോപണം പ്രഭാതം വരെയും.
15. അവരെപ്പോലെ ഞാൻ പ്രവർത്തിക്കും എന്നു പറഞ്ഞാൽ
എന്റെ കണ്ണുകളിൽ അത് തിന്മയാകുന്നു.
16. ഒടുവിൽ ദൈവത്തിന്റെ വിശുദ്ധസ്ഥലത്തു ഞാൻ പ്രവേശിച്ചപ്പോൾ
അവരുടെ അന്ത്യം ഞാൻ മനസ്സിലാക്കി.
17. അവരുടെ വഞ്ചനയ്ക്കൊത്തപോലെ നീ അവർക്കു കൊടുക്കും.
അവർ അഹങ്കരിച്ചു പൊങ്ങുമ്പോൾ നീ അവരെ തള്ളിവീഴ്ത്തും.
18. എങ്ങനെ ഇത്രവേഗം അവർ ആശ്ചര്യവിഷയമായി!
കലാപത്താൽ അവർ നിശ്ശേഷം നശിച്ചുപോയി.
19. സ്വപ്നംകണ്ട് ഉണരുന്നവനെപ്പോലെ
കർത്താവേ, പട്ടണത്തിൽ നീ അവരുടെ പ്രതിച്ഛായയെ നിന്ദിക്കും.
20. എന്നാൽ എന്റെ ഹൃദയം കലങ്ങി.
എന്റെ അരകൾ ഇളകി.
21. ഞാൻ മൂഢനും അറിവില്ലത്തവനും ആയിരുന്നു.
നിന്റെ മുമ്പാകെ ഞാനൊരു മൃഗമായിരുന്നു.
22. നിന്റെ ആലോചനയാൽ എന്നെ ആശ്വസിപ്പിക്കണമേ.
നിന്റെ മഹത്വത്തിന്റെ പിന്നാലെ എന്നെ നയിക്കണമേ.
23. സ്വർഗ്ഗത്തിൽ നീയല്ലാതെ എനിക്കാരുണ്ട്?
ഭൂമിയിൽ ഞാൻ എന്താഗ്രഹിച്ചു?
24. എന്തെന്നാൽ നീ എന്റെ വലതുകൈ പിടിച്ചു.
25. എന്റെ ഹൃദയവും എന്റെ മാംസവും എന്റെ
മനശ്ശക്തിയും അവൻ പൂർണ്ണമാക്കി
എന്റെ ഓഹരി എന്നേക്കും ദൈവത്തിലാകുന്നു.
26. ഇതാ, നിന്നിൽനിന്ന് അകന്നിരിക്കുന്നവർ നശിച്ചു പോകും.
നിന്നിൽ നിന്നും മാറിനടക്കുന്നവരെയെല്ലാം നിത്യമായി നീ നശിപ്പിക്കും.
27. ദൈവത്തോട് ചേർന്നിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ആശ്രയമായകർത്താവേ,
നിന്റെ നാമം എനിക്കു നന്മയ്ക്കു കാരണമായി.
നിന്റെ അദ്ഭുതകൃത്യങ്ങളെ ഞാൻ വിവരിച്ചു പറയും.

## സങ്കീർത്തനം 74

ദൈവമേ, എന്തുകൊണ്ട് നീ ഞങ്ങളെ എന്നേക്കുമായി മറന്നു.
എന്തുകൊണ്ട് നിന്റെ മേച്ചിൽപ്പുറത്തെ ആടുകളുടെ നേർക്ക്
നിന്റെ കോപം രൂക്ഷമാക്കി.
2. നീ പണ്ടേ സമ്പാദിച്ച സഭയെയും,
നീ വീണ്ടെടുത്ത നിന്റെ അവകാശമായ ഗോത്രത്തെയും നീ ഓർക്കണമേ.
നീ വസിച്ചിരുന്ന ഈ സെഹിയോൻ മലയെയും അനുസ്മരിക്കണമേ.
3. അത്യധികം അഹങ്കരിക്കുന്നവർക്കെതിരായി ഞങ്ങളെ ഉയർത്തണമേ.
തിന്മ പ്രവർത്തിക്കുന്ന ഏതൊരുവനും നിന്റെ വിശുദ്ധാലയത്തിന്റെ ശത്രുവാകുന്നു.
4. തിരുന്നാളാഘോഷത്തിനിടയിൽ നിന്റെ ശത്രുക്കൾ വൻപ് പറഞ്ഞു.
അവർ സ്വന്തം അടയാളങ്ങൾ (അവിടെ) അടയാളങ്ങളാക്കി.
5. ഉയരങ്ങളിലുള്ള ഉന്നതനെപ്പോലെ നീയത് അറിഞ്ഞു.
വനത്തിലെ മരത്തെ എന്നപോലെ
വാതിലുകൾ കോടാലികൊണ്ട് അവർ വെട്ടിക്കീറി.
6. അപ്രകാരംതന്നെ മഴുകൊണ്ടും കൂന്താലികൊണ്ടും അവർ ചെയ്തു.
7. അവർ നിന്റെ വിശുദ്ധസ്ഥലം അഗ്നിക്കിരയാക്കി.
ഭൂമിയിൽ നിന്റെ നാമത്തിലുള്ള കൂടാരം അവർ അശുദ്ധമാക്കി.
8. ഹൃദയങ്ങളിൽ അവർ പറഞ്ഞു.
ഒന്നടങ്കം നമുക്ക് അവയെ നശിപ്പിക്കാം.
ഭൂമിയിൽനിന്ന് ദൈവത്തിന്റെ തിരുനാളുകളെല്ലാം ഇല്ലാതാക്കാം.
9. അവയുടെ അടയാളങ്ങൾ അവർ കണ്ടില്ല.
ഒരു പ്രവാചകനും ബാക്കിയില്ല.
ഒരു ജ്ഞാനിപോലും നമ്മുടെ ഇടയിലില്ല.
10. ദൈവമേ, എത്ര കാലത്തേക്ക് ശത്രു നിന്നെ നിന്ദിക്കുകയും
നിന്റെ നാമത്തെ അവഹേളിക്കുകയും ചെയ്യും?
11. എന്തുകൊണ്ടാണ് നിന്റെ കരം നീ പിൻവലിച്ചത്?
എന്തുകൊണ്ട് നിന്റെ വലതുകരം തിരുനാളിൽനിന്ന് നീ പിന്മാറ്റി?
12. നമ്മുടെ ദൈവം രാജാവാകുന്നു.
അവൻ പണ്ടേതന്നെ യാക്കോബിന്റെ രക്ഷയെക്കുറിച്ച് കല്പന നൽകി.
13. നിന്റെ ബലത്താൽ നീ സമുദ്രത്തെ വിഭജിച്ചു.
ജലരാശിയിൽ തിമിംഗലങ്ങളുടെ തല നീ തകർത്തു.
14. ലേവിയാത്തന്റെ തല നീ ചതച്ചു.
ശക്തിയുള്ള ജനത്തിന് അത് നീ ഭക്ഷണമായികൊടുത്തു.
15. താഴ്‌വരകളിൽ കുഴിച്ച് നീ ഉറവകൾ ഉണ്ടാക്കി.
ശക്തിയുള്ള നദികളെ നീ ഉണക്കിക്കളഞ്ഞു.
16. നിന്റേതാകുന്നു പകൽ, രാത്രിയും നിന്റേതുതന്നെ.
പ്രകാശത്തെയും സൂര്യനെയും നീ സ്ഥാപിച്ചു.
17. ഭൂമിയുടെ സർവ്വ സീമകളും നീ ഉറപ്പിച്ചിരിക്കുന്നു.
വേനലും വർഷവും സൃഷ്ടിച്ചത് നീയാണ്.
18. കർത്താവേ, ശത്രുവിന്റെ പരിഹാസം ഓർക്കേണമേ!
മൂഢജനം നിന്റെ നാമത്തെ കോപിപ്പിച്ചു.
19. നിന്നെ ഏറ്റു പറയുന്ന ആത്മാവിനെ നാശത്തിനു നീ ഏല്പിക്കരുതേ,
നിന്റെ ദരിദ്രരുടെ ആത്മാക്കളെ ഒരിക്കലും നീ മറക്കരുതേ,
20. കർത്താവേ നിന്റെ ഉടമ്പടി നീ ശ്രദ്ധിക്കണമേ.
ഭൂമിയിലെ വാസസ്ഥലങ്ങളെല്ലാം അന്ധകാരവും അതിക്രമവുംകൊണ്ട് നിറഞ്ഞിരിക്കുന്നു.
21. ദരിദ്രന്റെ വാസം ലജ്ജാഭരിതമാകാതിരിക്കട്ടെ.
അഗതികളും നിരാലംബരും നിന്റെ നാമത്തെ സ്തുതിക്കട്ടെ.
22. ദൈവമേ, എഴുന്നേറ്റ് നിന്റെ ന്യായവിധി നടത്തിയാലും.
ഭോഷന്മാർ എല്ലാ ദിവസവും എങ്ങനെ നിന്നെ അപഹസിക്കുന്നുവെന്ന് ഓർക്കണമേ.
23. നിന്റെ ശത്രുക്കളുടെ അട്ടഹാസവും,
നിന്റെ എതിരാളികളുടെ പ്രതിദിനം ഉയരുന്ന കലഹവും നീ മറക്കരുതേ.

## സങ്കീർത്തനം 75

ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം അർപ്പിച്ചു.
ഞങ്ങൾ നിനക്ക് സ്തോത്രം അർപ്പിച്ച് നിന്റെ നാമം വിളിച്ചു.
നിന്റെ അത്ഭുതങ്ങളെല്ലാം ഞങ്ങൾ വിവരിച്ചറിയിച്ചു.
അവസരം പിടിച്ച് നീതിപൂർവ്വം ഞാൻ വിധിക്കും.
3. ഭൂമിയും അതിലെ നിവാസികളും താഴ്ത്തപ്പെട്ടപ്പോൾ
നീ അവരെ ഉറപ്പിച്ചു നിർത്തി.
4. ഭോഷന്മാരോട് ഭോഷത്തം കാണിക്കരുതെന്നും
ദുഷ്ടരോട് അഹങ്കരിക്കരുതെന്നും നീ പറഞ്ഞു.
5. നിങ്ങളുടെ കൊമ്പ് ഉന്നതത്തിലേക്ക് ഉയർത്തരുത്.
ധിക്കാരപൂർവ്വം സംസാരിക്കയുമരുത്.
6. എന്തെന്നാൽ പടിഞ്ഞാറുനിന്നോ മരുഭൂമിയിലെ
മലകളിൽ നിന്നോ അല്ല വിധി വരുന്നത്.
7. ദൈവമത്രേ വിധികർത്താവ്.
അവൻ ഒരുവനെ താഴ്ത്തുന്നു. അപരനെ ഉയർത്തുന്നു.
8. കർത്താവിന്റെ കരങ്ങളിൽ കാസായുണ്ട്

75:6 'വിധി'= പുറപ്പാട് എന്നു വാച്യാർത്ഥം.

www.malankaralibrary.com



അത് മട്ടുകലർത്തിയ വീഞ്ഞുകൊണ്ട് നിറഞ്ഞിരി
ക്കുന്നു.
അവൻ അത് ഓരോരുത്തനും ചായിച്ചു കൊടുക്കുന്നു.
ഭൂമിയിലെ ദുഷ്ടന്മാരെല്ലാം അതിന്റെ മട്ടു വലിച്ചുകുടി
ക്കും.
9\. ഞാനോ, എന്നാൽ എന്നേക്കും ജീവിക്കും.
യാക്കോബിന്റെ ദൈവത്തെ ഞാൻ പാടിപ്പുകഴ്ത്തും.
10\. പാപികളുടെ എല്ലാ കൊമ്പുകളും ഞാൻ വിച്ഛേദിച്ചു
കളയും.
നീതിമാന്മാരുടെ കൊമ്പുകളോ ഉയർത്തപ്പെടും.

## സങ്കീർത്തനം 76

യൂദായിൽ ദൈവം അറിയപ്പെട്ടവനാണ്.
ഇസ്രായേലിൽ അവന്റെ നാമം മഹത്വമുള്ളതാകുന്നു.
2\. അവന്റെ കൂടാരം ശാലീമിലും
അവന്റെ വാസസ്ഥലം സെഹിയോനിലും ആയിരി
ക്കും.
3\. അവിടെവച്ച് അവൻ വില്ലിന്റെ കൈത്തണ്ടു തകർ
ക്കും;
യുദ്ധത്തിൽ വാളും പരിചയും.
4\. നിന്റെ ബലിഷ്ഠമായ മലയെക്കാൾ
നീ പ്രഭാപൂരിതനും സ്തുത്യർഹനുമാണ്.
5\. ഭോഷന്മാരെല്ലാം സംഭ്രമിച്ചു.
ധീരന്മാർ അവരുടെ അന്ത്യനിദ്രയിലാണ്ടു.
6\. യാക്കോബിന്റെ ദൈവമേ, നിന്റെ ശാസനയാൽ,
അവരുടെ കരങ്ങൾ കരുത്തറ്റവയായി
കുതിരക്കാർ ഉറക്കം തൂങ്ങി
നീയോ പ്രശാന്തഗംഭീരനാണ്.
7\. ഈ കോപത്തിൽ നിന്റെ മുമ്പാകെ ആരു നില്ക്കും?
8\. ആകാശത്തിൽനിന്നു നീ വിധി വിളംബരം ചെയ്തു.
9\. ഭൂമിയിലെ ദരിദ്രരെയെല്ലാം രക്ഷിക്കാൻ,
ന്യായവിധി നടത്തുന്നതിനു ദൈവം എഴുന്നേറ്റപ്പോൾ,
ഭൂമി അതുകണ്ടു ഭയപ്പെട്ടു.
10\. മനുഷ്യന്റെ ബോധം നിന്നെ സ്തുതിക്കും.
ശേഷിച്ച കോപാഗ്നി നീ മാറ്റിക്കളയും.
11\. നിങ്ങളുടെ ദൈവമായ കർത്താവിന് നേർച്ച
12\. നേരുകയും നിറവേറ്റുകയും ചെയ്യുക.
അധികാരികളുടെ ഗർവം ഭഞ്ജിക്കുന്നവനും
ഭൂമിയിലെ രാജാക്കന്മാർക്ക് ഭീതിദനുമായവന്
ചുറ്റുപാടുമുള്ളവരെല്ലാം കാഴ്ചകൾ സമർപ്പിക്കട്ടെ.

## സങ്കീർത്തനം 77

ഉച്ചസ്വരത്തിൽ ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു.
അവൻ എന്നെ ശ്രവിച്ചു.
അവന്റെ പക്കലേക്കു ഞാൻ എന്റെ സ്വരം ഉയർത്തി.
അവൻ എനിക്ക് ഉത്തരം നല്കി.
2\. കഷ്ടതയുടെ നാളിൽ ഞാൻ കർത്താവിനെത്തേടി.
രാത്രിമുഴുവനും അവന്റെ കരം
തുടർച്ചയായി എന്നെ പ്രഹരിച്ചു.
എന്നെ ആശ്വസിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല.
3\. ദൈവമേ, ഞാൻ ഓർത്തപ്പോൾ എനിക്ക് വിഷമം
തോന്നി.
ഞാൻ ചിന്തിച്ചപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥ
മായി.
4\. എന്റെ കണ്ണുകളിൽ മൂടൽ ബാധിച്ചു.
ഞാൻ ബധിരനായി; ഞാൻ സംസാരിക്കാതെയുമായി.
5\. ആദ്യകാലം തുടങ്ങിയുള്ള ദിവസങ്ങൾ ഞാൻ
ചിന്തിച്ചു
ആരംഭം മുതലുള്ള വത്സരങ്ങൾ ഞാൻ അനുസ്മരിച്ചു.
6\. രാത്രിയിൽ ഞാൻ ചിന്തിച്ചു. എന്റെ ഹൃദയത്തിൽ
(ഞാൻ) ധ്യാനിച്ചു.
എന്റെ ആത്മാവിനെ പരിശോധിച്ച് ഞാൻ പറഞ്ഞു.
7\. എന്നേക്കുമായി കർത്താവ് എന്നെ മറന്നു കളയുമോ?
ഇനി ഒരിക്കലും എന്നിൽ പ്രസാദിക്കുകയില്ലേ?
8\. എന്നേക്കും തന്റെ കൃപയെ അവൻ മാറ്റിക്കളയുമോ?
എന്നേക്കുമായി തന്റെ വാഗ്ദാനം നിറവേറ്റാതിരി
ക്കുമോ
കരുണ കാണിക്കാൻ ദൈവം മറന്നുപോകുമോ?
9\. തന്റെ കോപത്തിൽ അവൻ തന്റെ കാരുണ്യം അമർ
ത്തിക്കളയുമോ?
10\. ഇത് എന്റെ ബലഹീനതയാകുന്നു എന്നു ഞാൻ
പറഞ്ഞു;
അത്യുന്നതന്റെ വലതുകരത്തിന്റെ അനുസ്മരണവും.
11\. എന്തെന്നാൽ പണ്ടുമുതൽക്കേയുള്ള നിന്റെ അത്ഭുത
ങ്ങളെ ഞാൻ അനുസ്മരിച്ചു.
12\. നിന്റെ ചെയ്തികളെപ്പറ്റിയെല്ലാം ഞാൻ ധ്യാനിച്ചു.
നിന്റെ പദ്ധതികളെപ്പറ്റി ഞാൻ ചിന്തിച്ചു.
13\. ദൈവമേ, നിന്റെ മാർഗ്ഗം വിശുദ്ധമാകുന്നു.
നമ്മുടെ ദൈവത്തേപ്പോലെ വലിയവൻ ആരുമില്ല.
14\. നീയാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവം;
നിന്റെ ശക്തി വിജാതീയരിൽ നീ പ്രകടമാക്കി.
15\. നീ നിന്റെ കൈകൊണ്ട്, നിന്റെ ജനത്തെ,
യാക്കോബിന്റെയും യൗസേപ്പിന്റെയും പുത്രന്മാരെ
വീണ്ടെടുത്തു.
16\. ദൈവമേ, ജലരാശി നിന്നെക്കണ്ടു; ജലരാശി നിന്നെ
ക്കണ്ടു ഭയപ്പെട്ടു.
ആഴങ്ങൾ കൂടെയും ഇളകി
17\. മേഘങ്ങൾ ജലം വർഷിച്ചു;
ആകാശവിതാനം സ്വരം പുറപ്പെടുത്തി.
18\. നിന്റെ ഇടിമുഴക്കം ചക്രവാളങ്ങളിൽ
നിന്റെ മിന്നൽപ്പിണരുകൾ ഭൂതലമെങ്ങും പ്രഭ ചൊ
രിഞ്ഞു.
ഭൂമി നടുങ്ങി വിറച്ചു.
19\. സമുദ്രത്തിലൂടെയായിരുന്നു, നിന്റെ മാർഗ്ഗം.
മഹാജലരാശിയിലൂടെയായിരുന്നു നിന്റെ ഊടു
വഴികൾ.
എങ്കിലും നിന്റെ പാദമുദ്രകൾ കാണാനില്ലായിരുന്നു.
20\. മൂശെയും അഹറോനും വഴിയായി,
നിന്റെ ജനത്തെ, ആട്ടിൻപറ്റത്തെ എന്നപോലെ നീ
നയിച്ചു.

# സങ്കീർത്തനം 78

എന്റെ ജനമേ, എന്റെ പ്രമാണം കേട്ടനുസരിക്കൂ;
എന്റെ വായിൽനിന്നുള്ള വചനങ്ങൾക്കു നിങ്ങൾ
ചെവി ചായ്ക്കൂ!
2. ഇതാ, എന്റെ വായ് ഉപമകൾ വഴി ഞാൻ തുറക്കും
പൂർവകാലത്തെ സുഭാഷിതങ്ങൾ ഞാൻ പറയാം.
3. ഞങ്ങൾ അവ കേട്ടറിഞ്ഞവയാകുന്നു.
പിതാക്കന്മാർ അവ ഞങ്ങൾക്കു പറഞ്ഞുതന്നിട്ടുണ്ട്.
4. അവ മക്കളിൽനിന്നു നാം മറച്ചുവയ്ക്കരുത്.
പ്രത്യുത കർത്താവിന്റെ മഹത്വവും ശക്തിയും
അവൻ ചെയ്ത അത്ഭുതങ്ങളും വരുംതലമുറയ്ക്കു
നാം പറഞ്ഞുകൊടുക്കണം.
5. തങ്ങളുടെ മക്കളെ പഠിപ്പിക്കാൻ
അവൻ നമ്മുടെ പിതാക്കൻമാരോടു കല്പിച്ചതുപോലെ,
അവൻ യാക്കോവിൽ തന്റെ സാക്ഷ്യം സ്ഥാപിച്ചു,
ഇസ്രായേലിൽ തന്റെ പ്രമാണം വയ്ക്കുകയും ചെയ്തു.
6. ജനിക്കാനിരിക്കുന്ന മക്കൾ അവരുടെ മക്കളെയും
അറിയിക്കേണ്ടതിന്
അടുത്ത തലമുറ ഇത് അറിയട്ടെ.
7. അവരുടെ പ്രത്യാശ ദൈവത്തിൽ ആയിരിക്കുന്ന
തിനും,
ദൈവത്തിന്റെ പ്രവൃത്തികളെ അവർ മറക്കാതിരി
ക്കുന്നതിനും
അവന്റെ കല്പനകൾ പാലിക്കുന്നതിനും വേണ്ടിയാ
ണിത്.
8. അവരുടെ പിതാക്കന്മാരെപ്പോലെ അവർ ആയിരി
ക്കരുത്.
ദുഷ്ടരും ദുശ്ശാഠ്യക്കാരുമായിരുന്നല്ലോ ആ തലമുറ.
അതിന്റെ ഹൃദയം ദൈവത്തിൽ ഉറച്ചു നിന്നില്ല;
അവനിൽ വിശ്വാസമർപ്പിച്ചുമില്ല.
9. അപ്രേം വാസികൾ ഞാൺ മുറുക്കി വില്ലുകുലച്ചു.
എന്നാൽ യുദ്ധദിവസം അവർ പിന്തിരിഞ്ഞു.
10. കാരണം, അവർ ദൈവത്തിന്റെ ഉടമ്പടി പാലിച്ചില്ല.
അവന്റെ നിയമമനുസരിച്ച് വ്യാപരിക്കുവാൻ അവർ
മനസ്സായില്ല.
11. അവരുടെ പിതാക്കന്മാരുടെ മുമ്പാകെ;
അവൻ കാണിച്ചു (കൊടുത്ത) തന്റെ പ്രവൃത്തികളും
അത്ഭുതങ്ങളും അവർ മറന്നു.
12. അതേ, മെസ്രേൻദേശത്തുവച്ചും, സാആന്റെ വയലു
കളിൽവച്ചും
അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾ.
13. സമുദ്രം വിഭജിച്ച് അവൻ അവരെ കടത്തിക്കൊ
ണ്ടുപോയി.
ജലരാശിയെ കുടത്തിൽ എന്നതുപോലെ നിറുത്തി.
14. പകൽ മേഘത്താലും രാത്രി മുഴുവൻ അഗ്നിപ്രഭയാലും
അവൻ അവരെ നയിച്ചു.
15. മരുഭൂമിയിൽവച്ച് അവൻ പാറ തുറന്നു,
വലിയ ആഴത്തിൽനിന്നെന്നപോലെ അവരെ കുടി
പ്പിച്ചു.
16. അവൻ പാറയിൽനിന്ന് അരുവികൾ പുറപ്പെടുത്തി,
നദികൾ പോലെ വെള്ളം ഒഴുകി.
17. എന്നിട്ടും ദാഹിച്ചപ്പോൾ അവർ വീണ്ടും പാപം
ചെയ്യാനും,
മരുഭൂമിയിൽവച്ച് അത്യുന്നതന് എതിരായി പിറുപി
റുക്കാനും തുടങ്ങി.
18. തങ്ങൾക്കു (ആഹാരം) ആവശ്യപ്പെട്ട് ഹൃദയംകൊണ്ട്
അവർ ദൈവത്തെ പരീക്ഷിച്ചു.
19. ദൈവത്തിനെതിരായി അവർ പിറുപിറുത്തു പറഞ്ഞു:
മരുഭൂമിയിൽ നമുക്കു (വിരുന്നു) മേശയൊരുക്കാൻ
ദൈവത്തിനു കഴിയുമോ?
20. അവൻ പാറയെ അടിച്ചു വെള്ളം പുറപ്പെടുത്തി,
അരുവികളൊഴുക്കിയെങ്കിലും
നമുക്ക് അപ്പം നല്കുന്നതിനോ,
തന്റെ ജനത്തിനു ഭക്ഷണം തയ്യാറാക്കുന്നതിനോ
അവനു കഴിയുമോ?
21. ഇതുകേട്ട് ദൈവം കോപാകുലനായി;
യാക്കോവിൽ അഗ്നി ബാധിച്ചു.
ഇസ്രായേലിന്റെ നേരെ കോപം ഉയർന്നു.
22. കാരണം, ദൈവത്തിൽ അവർ വിശ്വസിച്ചില്ല.
അവനിൽ അവർ ശരണപ്പെട്ടുമില്ല.
ഉന്നതങ്ങളിൽനിന്ന് അവൻ മേഘത്തോടു കല്പിച്ചു.
ആകാശകവാടങ്ങൾ തുറക്കപ്പെട്ടു.
23. അവർക്കു ഭക്ഷിക്കാൻ അവൻ മന്നാ അയച്ചു
കൊടുത്തു.
സ്വർഗ്ഗീയഭോജനം അവൻ അവർക്കു നല്കി.
24. മാലാകാമാരുടെ അപ്പം മനുഷ്യൻ ഭക്ഷിച്ചു.
തൃപ്തിയാകുവോളം അവൻ അവർക്കു ഭക്ഷണം
അയച്ചു കൊടുത്തു.
25. ആകാശത്തിൽ അവൻ കാറ്റൂതിച്ചു.
തന്റെ ശക്തിയാൽ അതിനെ തെക്കോട്ടു നയിച്ചു.
26. അവൻ അവർക്കു പൂഴിപോലെ മാംസം കൊടുത്തു.
കടലിലെ മണൽത്തരിപോലെ ചിറകുള്ള പക്ഷികളെ
നൽകി.
27. അവ അവരുടെ വാസസ്ഥലങ്ങളിൽ
കൂടാരങ്ങൾക്കുചുറ്റും വീണു.
28. അവർ ഭക്ഷിച്ചു നന്നേ തൃപ്തരായി;
അവരുടെ ആഗ്രഹം അവൻ സാധിച്ചു കൊടുത്തു.
29. എന്നാൽ അവരുടെ ആർത്തിയിൽനിന്ന് അവർ
പിന്മാറിയില്ല.
ഭക്ഷണം വായിലിരിക്കെത്തന്നെ
30. ദൈവകോപം അവരുടെമേൽ നിപതിച്ചു;
അവരുടെ പ്രമാണികളിൽ ചിലരെ അവൻ വധിച്ചു;
ഇസ്രായേലിന്റെ പ്രധാനികളെ അവൻ വീഴ്ത്തി.
31. ഇതെല്ലാമായിട്ടും അവർ പിന്നെയും പാപം ചെയ്തു.
അവന്റെ അത്ഭുത പ്രവൃത്തികളെ അവർ വിശ്വസി;
ച്ചില്ല.
32. (അതുകൊണ്ട്) അവരുടെ നാളുകളെ വ്യർത്ഥതയിലും,
വത്സരങ്ങളെ തിടുക്കത്തിലും അവൻ തീർത്തു
കളഞ്ഞു.
33. അവൻ അവരെ സംഹരിച്ചുകൊണ്ടിരുന്നപ്പോൾ
അവർ അവനെ അന്വേഷിച്ചിരുന്നു;

പിന്തിരിഞ്ഞ് അവന്റെ മുമ്പാകെ വരികയും
ചെയ്തിരുന്നു.
34. ദൈവമത്രേ തങ്ങളുടെ സഹായി എന്നും,
അത്യുന്നതനായ ദൈവമാണ് തങ്ങളുടെ രക്ഷകനെ
ന്നും അവർ അനുസ്മരിച്ചു.
35. അവർ അധരങ്ങൾകൊണ്ട് അവനെ സ്നേഹിച്ചു.
നാവുകൊണ്ട് വ്യാജം പറഞ്ഞു.
36. അവരുടെ ഹൃദയം അവനിൽ ഉറച്ചുനിന്നില്ല.
അവന്റെ ഉടമ്പടി അവർ വിശ്വസിച്ചില്ല.
ഉടമ്പടിയോട് വിശ്വസ്തത കാണിച്ചുമില്ല.
37. അവൻ കരുണയുള്ളവനും
പാപം പൊറുക്കുന്നവനും
നാശം വരുത്താത്തവനുമാണ്.
പലപ്പോഴും തന്റെ കോപം അവൻ അടക്കിനിർത്തി.
ക്രോധം ജ്വലിപ്പിച്ചില്ല.
38. അവർ വെറും ജഡമാണെന്നും
നിന്നുപോയാൽ മടങ്ങിവരാത്ത ശ്വാസമാണെന്നും
അവൻ ഓർത്തു.
39. മരുപ്രദേശത്തുവച്ച് അവർ അവനെതിരെ പിറു
പിറുത്തു.
അശീമോനിൽവച്ച് അവനെ കോപാകുലനാക്കി.
40. വീണ്ടും വീണ്ടും അവർ ദൈവത്തെ പരീക്ഷിച്ചു;
ഇസ്രായേലിന്റെ പരിശുദ്ധനെ പ്രകോപിപ്പിച്ചു.
41. പീഡകരിൽനിന്ന് തങ്ങളെ വീണ്ടെടുത്ത അവന്റെ
കരത്തെയും
ദിനത്തെയും അവർ അനുസ്മരിച്ചില്ല.
42. മെസ്രേനിൽ അവൻ പ്രവർത്തിച്ച അടയാളങ്ങളും
കൃത്യങ്ങളും
സാആൻ മൈതാനത്തിലെ അവന്റെ അത്ഭുതങ്ങളും,
43. പാനം ചെയ്യാൻ അസാധ്യമായ വിധം
അവരുടെ നദികളെയും അരുവികളെയും അവൻ
രക്തമാക്കിയതും അവർ മറന്നു കളഞ്ഞു.
44. അവൻ അവർക്കെതിരെ ചെള്ളുകളെ അയച്ച്
അവർക്കു ദ്രോഹം ചെയ്തു.
തവളകളെ അയച്ച് നാശം വരുത്തി.
45. അവരുടെ വിളവുകളെ വെട്ടുകിളിക്കും
പ്രയത്നഫലത്തെ കരിമ്പുഴുവിനും വിട്ടുകൊടുത്തു.
46. അവരുടെ മുന്തിരിത്തോപ്പുകളെ കൽമഴയാലും
അത്തിവൃക്ഷങ്ങളെ ഹിമപാതത്താലും നശിപ്പിച്ചു.
47. അവരുടെ മൃഗങ്ങളെ കൽമഴയ്ക്കും;
സമ്പാദ്യത്തെ അഗ്നിയ്ക്കും വിട്ടുകൊടുത്തു.
48. തന്റെ ഉഗ്രകോപത്തെ അവർക്ക് എതിരായി അയച്ചു.
ക്രോധവും രോഷവും പീഡനവും നാശദൂതൻവഴി
അയച്ചു.
49. മോശമായ മാർഗ്ഗങ്ങൾ അവൻ തുറന്നു.
മരണത്തിൽനിന്ന് അവരെ അവൻ ഒഴിവാക്കിയില്ല.
അവരുടെ മൃഗങ്ങളെ നാശത്തിനു വിട്ടുകൊടുത്തു.
50. മെസ്രേനിലെ ആദ്യജാതരെ അവൻ സംഹരിച്ചു.
കടിഞ്ഞൂൽ പുത്രന്മാരെ ഹാമിന്റെ കൂടാരത്തിൽ വച്ചു
നിഹനിച്ചു.
51. അവൻ തന്റെ ജനത്തെ ആടുകളെപ്പോലെ നയിച്ചു.
മേഘവൃന്ദം കണക്കേ മരുഭൂമിയിലൂടെ അവരെ
ആനയിച്ചു.
52. പ്രത്യാശയിൽ അവരെ ഉറപ്പിച്ചു നിർത്തി;
അവർ ഭയപ്പെട്ടതേ ഇല്ല.
എതിരാളികളെയോ സമുദ്രം മൂടിക്കളഞ്ഞു.
53. അവൻ അവരെ വിശുദ്ധസ്ഥലത്തേക്ക് ആനയിച്ചു.
തന്റെ വലതുകരം നേടിയെടുത്ത ഗിരിയിലേയ്ക്കു
തന്നെ.
54. ജനതകളെ അവരുടെ മുൻപിൽനിന്ന് അവൻ നശി
പ്പിച്ചു.
തന്റെ അവകാശം അവർക്കു വിഭജിച്ചുകൊടുത്തു.
ഇസ്രായേൽ ഗോത്രങ്ങൾ അവരുടെ കൂടാരങ്ങളിൽ
വസിച്ചു.
55. എന്നിട്ടും അവർ അത്യുന്നതനായ ദൈവത്തെ
പരീക്ഷിച്ച് അവന്നെതിരെ പിറുപിറുത്തു.
അവന്റെ സാക്ഷ്യങ്ങൾ അവർ പാലിച്ചുമില്ല.
56. അവർ പിതാക്കന്മാരെപ്പോലെ ചതിവ് പ്രവർത്തി
ക്കയും
ചതിക്കുന്ന വില്ലുപോലെ അവർ വ്യാപരിക്കയും
ചെയ്തു.
57. ബലികളാൽ അവർ അവനെ കുപിതനാക്കി.
വിഗ്രഹങ്ങളാൽ അവനെ പ്രകോപിപ്പിച്ചു.
58. അവരെ ശ്രവിച്ച ദൈവം രോഷാകുലനായി,
ഇസ്രായേലിനെതിരെ അവന്റെ കോപം ഉഗ്രമായി
ജ്വലിച്ചു.
59. ശീലോയിലെ കൂടാരം അവൻ കൈവെടിഞ്ഞു;
മനുഷ്യരോടൊത്തു വസിച്ചിരുന്ന ഗേഹം ഉപേക്ഷിച്ചു.
60. തന്റെ ജനത്തെ അടിമത്തത്തിന് അവൻ വിട്ടുകൊ
ടുത്തു.
തന്റെ "മഹത്വത്തെ" പീഡകർക്കു ഏല്പിച്ചുകൊടുത്തു.
61. തന്റെ ജനത്തെ അവൻ വാളിനിരയാക്കി
തന്റെ അവകാശത്തെ അവഗണിച്ചു.
62. അവരുടെ യുവാക്കന്മാരെ അഗ്നി വിഴുങ്ങി;
അവരുടെ യുവതികൾ ദുഃഖാർത്തരായി.
63. അവരുടെ ആചാര്യന്മാർ വാളേറ്റു നിലംപതിച്ചു.
അവരുടെ വിധവകൾ വിലാപഗാനമാലപിച്ചില്ല.
64. അനന്തരം കർത്താവ് നിദ്രയിൽ നിന്നുണർന്നവനെ
പ്പോലെയും
ലഹരിയിൽനിന്നു വിമുക്തനായവനെപ്പോലെയും
എഴുന്നേറ്റു വന്നു.
65. അവൻ തന്റെ ശത്രുക്കളെ പ്രഹരിച്ച് പിന്നോക്കം
പായിച്ചു.
ലോകത്തിന്റെ നിന്ദനത്തിന് അവരെ പാത്രമാക്കി.
66. അവൻ യൗസേപ്പിന്റെ കൂടാരം പരിത്യജിച്ചു;
അപ്രേമിന്റെ ഗോത്രത്തിൽ സംപ്രീതനായില്ല.
67. യൂദായുടെ ഗോത്രത്തെ അവൻ തിരഞ്ഞെടുത്തു.
തനിക്കു ഇഷ്ടപ്പെട്ട സെഹിയോൻ മലയെ സ്വീകരിച്ചു.
68. തന്റെ വിശുദ്ധമന്ദിരം ഉയരങ്ങളിൽ അവൻ നിർമ്മിച്ചു.
ഭൂമിയിൽ അതിനെ എന്നേയ്ക്കും ഉറപ്പിച്ചു നിറുത്തി.
69. അവൻ തന്റെ ദാസനായ ദാവീദിനെ തിരഞ്ഞെടുത്തു.
ആടിന്റെ ആലയിൽനിന്ന് അയാളെ ആനയിച്ചു.

www.malankaralibrary.com


70. തന്റെ ജനമായ യാക്കോവിനെയും,
തന്റെ അവകാശമായ ഇസ്രായേലിനെയും മേയ്ക്കുന്നതിന്,
കറവയാടിന്റെ പിറകിൽനിന്ന് അയാളെക്കൊണ്ടു വന്നു.
71. അയാൾ ഹൃദയപരമാർത്ഥതയോടെ അവരെ മേയിച്ചു.
കരവിരുതോടെ നയിച്ചു.

## സങ്കീർത്തനം 79

ദൈവമേ, വിജാതീയർ നിന്റെ അവകാശത്തിലേക്കു കടന്നിരിക്കുന്നു.
അവർ നിന്റെ വിശുദ്ധാലയം അശുദ്ധമാക്കി,
അവർ ഓറെശ്ലത്തെ വിജനമാക്കി.
2. അവർ നിന്റെ ദാസരുടെ മൃതശരീരങ്ങൾ ആകാശപ്പറവകൾക്കും
നിന്റെ നീതിമാന്മാരുടെ മാംസം,
ഭൂമിയിലെ മൃഗങ്ങൾക്കും ആഹാരമായിക്കൊടുത്തു.
3. അവർ ഓറെശ്ലത്തിനു ചുറ്റും വെള്ളം പോലെ (ഇസ്രായേലിന്റെ) രക്തം ചിന്തി.
അവരെ സംസ്കരിക്കാൻ ആരുമില്ലായിരുന്നു.
4. ആയൽക്കാർക്കു ഞങ്ങൾ നിന്ദാപാത്രമായി;
ചുറ്റുമുള്ളവർക്ക് അക്ഷേപത്തിനും അവഹേളനത്തിനും കാരണവുമായി.
5. കർത്താവേ, നീ എത്രകാലത്തേയ്ക്ക് കോപിച്ചിരിക്കും?
നിന്റെ കോപം തീ പോലെ കത്തിക്കൊണ്ടിരിക്കുമോ?
6. നിന്നെ അറിയാത്ത ജനതകളുടെമേലും
നിന്നെ വിളിച്ചപേക്ഷിക്കാത്ത രാജ്യങ്ങളുടെമേലും
നിന്റെ കോപം ചൊരിയണമേ.
7. കാരണം അവർ യാക്കോവിനെ വിഴുങ്ങി
അയാളുടെ വാസസ്ഥലം ശൂന്യമാക്കി.
8. ഞങ്ങളുടെ പഴയ പാപങ്ങൾ നീ ഓർക്കരുതേ.
നിന്റെ കാരുണ്യം ഞങ്ങളെ മുന്നിടട്ടെ.
കാരണം ഞങ്ങൾ അത്യന്തം താഴ്ത്തപ്പെട്ടിരിക്കുന്നു.
9. ഞങ്ങളുടെ രക്ഷകനായ ദൈവമേ,
നിന്റെ നാമത്തിന്റെ മഹത്വത്തെപ്രതി
ഞങ്ങളെ സഹായിക്കണമേ!
നിന്റെ നാമത്തെപ്രതി ഞങ്ങളുടെ പാപങ്ങൾ മോചിച്ച്
ഞങ്ങളെ രക്ഷിക്കണമേ.
10. എവിടെയാണ് നിങ്ങളുടെ ദൈവം?
എന്ന് വിജാതീയർ പറയാതിരിക്കട്ടെ.
നിന്റെ ദാസരുടെ ചിന്തപ്പെട്ട രക്തത്തിനായുള്ള പ്രതികാര പ്രവൃത്തി
ഞങ്ങൾ കാൺകെ ജനതകളുടെ ഇടയിൽ അറിയപ്പെടട്ടെ.
11. തടവുകാരന്റെ ദീർഘ നിശ്വാസങ്ങൾ നിന്റെ സന്നിധിയിൽ അണയട്ടെ;
നിന്റെ ശക്തമായ ഭുജത്താൽ നിന്റെ മക്കളെ
മരണത്തിൽ നിന്നു രക്ഷിക്കണമേ.
12. കർത്താവേ, ഞങ്ങളുടെ അയൽക്കാർ
നിന്നിൽ ചൊരിഞ്ഞ നിന്ദനങ്ങൾക്ക്,
ഒന്നിനു ഏഴായി അവർക്കു തിരിച്ചു കൊടുക്കണമേ!
13. നിന്റെ ജനവും നിന്റെ തൊഴുത്തിലെ ആടുകളുമായ ഞങ്ങൾ
നിനക്കു നിത്യം സ്തോത്രം അർപ്പിക്കും.
തലമുറതോറും ഞങ്ങൾ നിന്റെ അത്ഭുതങ്ങൾ അറിയിക്കും.

## സങ്കീർത്തനം 80

ഇസ്രായേലിന്റെ ഇടയാ, ചെവിക്കൊള്ളണമേ!
യൗസേപ്പിനെ ഒരാട്ടിൻ പറ്റംപോലെ നയിക്കണമേ!
ക്രോവേന്മാരുടെ മേൽ സിംഹാസനസ്ഥനായവനേ നീ പ്രത്യക്ഷപ്പെട്ടാലും.
2. അപ്രേമിന്റെയും ബെൻയാമേന്റെയും മ്നശ്ശെയുടെയും മുന്നിൽ,
നിന്റെ പ്രാഭവം കാണിച്ച്,
ഞങ്ങളുടെ രക്ഷയ്ക്കായി വന്നാലും.
3. ശക്തനായ ദൈവമേ, ഞങ്ങളെ നീ നേർവഴിയിലാക്കണമേ.
നിന്റെ മുഖം പ്രസന്നമാക്കിയാലും,
അപ്പോൾ ഞങ്ങൾ രക്ഷ പ്രാപിക്കും.
4. കർത്താവേ ശക്തനായ ദൈവമേ,
നിന്റെ ദാസന്റെ പ്രാർത്ഥനയോട്
നീ എത്രകാലം കോപത്തോടെ വർത്തിക്കും?
5. നീ അവരെ കണ്ണുനീരോടുകൂടി അപ്പം തീറ്റി,
6. നീ അവരെ കണ്ണുനീരു കുടിപ്പിച്ചു.
അയൽക്കാർക്കു ഞങ്ങളെ നീ ചിന്താവിഷയമാക്കി;
ശത്രുക്കൾ ഞങ്ങളെ പരിഹസിച്ചു.
7. ശക്തനായ ദൈവമേ, ഞങ്ങളെ നേർവഴിയിലാക്കണമേ
നിന്റെ മുഖം പ്രസന്നമാക്കിയാലും അപ്പോൾ ഞങ്ങൾ രക്ഷ പ്രാപിക്കും.
8. മെസ്രേനിൽ നിന്ന് നീയൊരു മുന്തിരിവള്ളികൊണ്ടു വന്നു.
ജനതകളെ നശിപ്പിച്ച് നീ അതു നട്ടുപിടിപ്പിച്ചു.
9. നീ അതിനെ കടാക്ഷിച്ചു; അതു വേരുപിടിച്ചു.
ഭൂതലമെങ്ങും അതു നിറഞ്ഞു.
10. അതിന്റെ നിഴൽ പർവതങ്ങളെ മൂടി
അതിന്റെ ശാഖകൾ കൂറ്റൻ അർസ് മരങ്ങളെയും.
11. അതിന്റെ വേരുകൾ സമുദ്രം വരെയും
അതിന്റെ ചില്ലകൾ നദികൾ വരെയും, അതു നീട്ടി.
12. നീ എന്തിന് അതിന്റെ വേലി പൊളിച്ചു?
വഴിപോക്കരെല്ലാം അതിനെ ചവിട്ടി.
13. കാട്ടുപന്നി അതു തിന്നുന്നു
കാട്ടുമൃഗങ്ങൾ അതിന്മേൽ മേയുന്നു.
14. ബലവാനായ ദൈവമേ, ഞങ്ങളുടെ നേരെ തിരിയണമേ
സ്വർഗ്ഗത്തിൽനിന്നു തൃക്കൺ പാർക്കണമേ.
ഈ മുന്തിരിവള്ളിയെ സന്ദർശിക്കണമേ.
15. നിന്റെ വലതുകരം നട്ടു പിടിപ്പിച്ച മുന്തിരിവള്ളിയെ
നീ ശക്തനാക്കിയ മനുഷ്യനെ (സന്ദർശിച്ചാലും)!

www.malankaralibrary.com


16. അതിന്റെ ചില്ലക്കൊമ്പുകൾ അവർ ചുട്ടെരിച്ചു കള
ഞ്ഞല്ലോ.
നിന്റെ ശാസനയാൽ അവർ നശിക്കട്ടെ.
17. നീ ശക്തനാക്കിയ മനുഷ്യനിൽ,
നിന്റെ വലതുകരം ആയിരിക്കട്ടെ.
18. ഇനി ഞങ്ങൾ നിന്നിൽ നിന്നു വിട്ടു മാറുകയില്ല.
ഞങ്ങളെ ജീവിപ്പിക്കണമേ; ഞങ്ങൾ നിന്റെ നാമം
വിളിക്കും.
19. കർത്താവേ, ശക്തനായ ദൈവമേ, ഞങ്ങളെ നേർവ
ഴിയിലാക്കണമേ.
നിന്റെ മുഖം പ്രസന്നമാക്കിയാലും.
അപ്പോൾ ഞങ്ങൾ രക്ഷപ്രാപിക്കും.

## സങ്കീർത്തനം 81

നമ്മെ ശക്തിപ്പെടുത്തുന്ന ദൈവത്തെ സ്തുതിക്കു
വിൻ
യാക്കോബിന്റെദൈവത്തിന് കാഹളം മുഴക്കുവിൻ.
2. ഇമ്പമുള്ള തപ്പുകളും കിന്നരങ്ങളും വീണകളും എടു
ക്കുവിൻ
3. അമാവാസിയിലും, പൗർണ്ണമിയിലും തിരുനാൾ ദിന
ങ്ങളിലും കാഹളം ഊതുവിൻ.
4. കാരണം അത് ഇസ്രായേലിനുള്ള നിയമമാകുന്നു.
യാക്കോവിന്റെ ദൈവത്തിന്റെ അനുശാസനവുമാ
കുന്നു.
5. യൗസേപ്പ് മെസ്രേൻ ദേശത്തേക്കു പുറപ്പെട്ടപ്പോൾ,
യൗസേപ്പിൽ തന്റെ സാക്ഷ്യം അവൻ സ്ഥാപിച്ചു.
അറിയാത്ത ഭാഷ അവൻ കേട്ടു.
6. അയാളുടെ തോളിൽനിന്ന് ഞാൻ നുകം മാറ്റി.
അയാളുടെ കരങ്ങൾ ഞാൻ ബന്ധനമുക്തമാക്കി
7. അനർത്ഥകാലത്ത് അവൻ എന്നെ വിളിച്ചു,
ഞാൻ അവനെ മോചിപ്പിച്ചു,
മഹത്തായ എന്റെ സംരക്ഷണത്തിൽ ഞാൻ അവനെ
മറച്ചു.
വിവാദത്തിന്റെ ജലത്താൽ ഞാൻ അവനെ പരീ
ക്ഷിച്ചു.
8. എന്റെ ജനമേ കേൾക്കുക, ഞാൻ പറയാം
ഇസ്രായേലേ നീ എന്നെ കേൾക്കുമെങ്കിൽ
ഞാൻ നിന്നോടു സാക്ഷ്യപ്പെടുത്താം.
9. നിനക്ക് അന്യദൈവം ഉണ്ടാകരുത്
വിഗ്രഹത്തെ നീ ആരാധിക്കരുത്
10. മെസ്രേൻ ദേശത്തുനിന്ന് നിന്നെ ആനയിച്ച,
നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു
നിന്റെ വായ് തുറക്കുക ഞാൻ അത് നിറയ്ക്കാം.
11. (എന്നാൽ) എന്റെ ജനം എന്നെ ചെവിക്കൊണ്ടില്ല,
ഇസ്രായേൽ എനിക്കു വഴങ്ങിയില്ല.
12. അവരുടെ ഹൃദയാഭിലാഷംപോലെയും,
സ്വന്ത താല്പര്യം അനുസരിച്ചും അവർ നടന്നു.
13. എന്റെ ജനം എന്നെ ചെവിക്കൊണ്ടിരുന്നെങ്കിൽ
ഇസ്രായേൽ എന്റെ മാർഗ്ഗങ്ങളിൽ വ്യാപരിച്ചിരുന്നെ
ങ്കിൽ!
14. അവരുടെ ശത്രുക്കളെ ഞാൻ നശിപ്പിക്കുമായിരുന്നു;
അവരുടെ പ്രതിയോഗികൾക്കെതിരെ എന്റെ കൈ
ഉയർത്തുമായിരുന്നു.
15. കർത്താവിന്റെ വൈരികൾ അവനെക്കുറിച്ചു നുണ
പറഞ്ഞു.
അവരുടെ പരിഭ്രമം നിത്യമായിത്തീർന്നു.
16. അവനെ പുഷ്ടിയുള്ള കോതമ്പുകൊണ്ട് നീ പോറ്റി,
പാറയിൽനിന്നുള്ള തേൻകൊണ്ട് അവനെ സംതൃപ്ത
നാക്കി.

## സങ്കീർത്തനം 82

മാലാകാമാരുടെസമൂഹത്തിൽ ദൈവം സന്നിഹിത
നായി.
അവരുടെ മദ്ധ്യേ അവൻ ന്യായവിധി നടത്തും.
2. അന്യായമായി നിങ്ങൾ എത്രകാലം വിധിനടത്തു
കയും
ദുഷ്ടരുടെ മുഖം നോക്കുകയും ചെയ്യും?
3. അനാഥരെയും നിസ്സഹായരെയും നീതിയോടെ വിധി
ക്കുക
ദരിദ്രരെയും വിനീതരെയും നീതീകരിക്കുക.
4. ദുഷ്ടരുടെ കയ്യിൽനിന്ന് ദരിദ്രരെയും നിസ്സഹായ
രെയും രക്ഷിക്കുവിൻ.
5. തങ്ങൾ ഇരുട്ടിലാണു ചുറ്റിത്തിരിയുന്നതെന്ന് അവർ
അറിഞ്ഞില്ല; അവർ ഗ്രഹിച്ചുമില്ല.
ഭൂമിയുടെ അസ്തിവാരങ്ങളെല്ലാം ഇളകിയിരിക്കുന്നു.
6. ഞാൻ പറഞ്ഞു: നിങ്ങൾ ദേവന്മാരാകുന്നു;
നിങ്ങളെല്ലാവരും അത്യുന്നതന്റെ പുത്രന്മാരാണ്.
7. എങ്കിലും മനുഷ്യരെപ്പോലെ നിങ്ങൾ മരണമടയും;
ഏതൊരധിപനെയുംപോലെ നിപതിക്കയും ചെയ്യും.
8. ദൈവമേ എഴുന്നേറ്റ് ഭൂമിയെ വിധിച്ചാലും
എല്ലാ ജനതകളെയും നീ അവകാശമാക്കും.

## സങ്കീർത്തനം 83

ദൈവമേ, നിനക്കു തുല്യനായി ആരുണ്ട്?
ദൈവമേ നീ മൗനമായിരിക്കരുതേ;
നീ ഒഴിഞ്ഞുനിൽക്കരുതേ.
2. ഇതാ നിന്റെ ശത്രുക്കൾ കലാപമുയർത്തുന്നു.
നിന്റെ ജനത്തിനെതിരായി
നിന്നെ വെറുക്കുന്നവർ ശിരസ്സുയർത്തിയിരിക്കുന്നു.
3. കുതന്ത്രങ്ങളാൽ അവർ ഗൂഢാലോചന ചെയ്തു.
നിന്റെ പരിശുദ്ധന്മാർക്കെതിരായി കൂടിയാലോചിച്ചു
പറഞ്ഞു:
4. വരൂ നമുക്ക് അവരെ ജനത്തിൽനിന്നു നശിപ്പിക്കാം.
ഇസ്രായേലിന്റെ നാമം മേലിൽ സ്മരിക്കപ്പെടുകയില്ല.
5. അതേ, അവർ ഏകമനസ്കരായി ആലോചനനടത്തി;
നിനക്കു വിരോധമായി അവർ കരാറുണ്ടാക്കി.
6. ആദോമിന്റെയും അർവായരുടെയും
മൊആബിന്റെയും ഗെദ്റായരുടെയും കൂടാരങ്ങൾ,
7. അമ്മോന്റെയും അമാലേഖിന്റെയും
പ്ലെശ്ത്തിന്റെയും അതിർത്തിയിൽപ്പെട്ടവരും സോർ
നിവാസികളും.
8. ആസോർക്കാർ അവരോട് യോജിച്ച്

www.malankaralibrary.com

ലോഥിന്റെ പുത്രന്മാർക്ക് സഹായമായി,
9. ഖീശോന്റെ താഴ്‌വരയിൽ മെദ്യാനോടും
സിസറായോടും നാവിനോടും ചെയ്തതുപോലെ
നീ അവരോടും ചെയ്യണമേ.
10. അവർ ഇന്തോറിൽവച്ച് നശിപ്പിക്കപ്പെട്ടുവല്ലോ;
അവർ ഭൂമിക്കു വളമായിത്തീർന്നു.
11. ഓറിവിനെയും സീവിനെയുംപോലെയും
സാവാഹിനെയും സൽമ്നായെയുംപോലെയും
അവരുടെ പ്രമാണികളെയെല്ലാം നീ നശിപ്പിച്ച് ഇല്ലാതാക്കണമേ.
12. ദൈവത്തിന്റെ പട്ടണം നമുക്ക് സ്വന്തമാക്കാം എന്നവർ പറഞ്ഞു.
13. ദൈവമേ ചക്രംപോലെയും
കാറ്റിനു മുമ്പാകെ ഉണക്കപ്പുല്ലുപോലെയും അവരെ ആക്കേണമേ.
14. കാട്ടിൽ പടർന്ന തീപോലെയും
മലകളെ ദഹിപ്പിക്കുന്ന ജ്വാലപോലെയും
15. അവരെ നിന്റെ ചുഴലിക്കാറ്റുകൊണ്ടു പീഡിപ്പിച്ച്
കൊടുങ്കാറ്റുകൊണ്ട് പരിഭ്രമിപ്പിക്കണമേ.
16. കർത്താവേ, അവർ നിന്റെ നാമം അന്വേഷിക്കേണ്ടതിന്
നീ അവരുടെ മുഖം അപമാനംകൊണ്ടു നിറയ്ക്കണമേ.
17. അവർ എന്നേയ്ക്കും അവഹേളിതരും പരിഭ്രാന്തരുമാകട്ടെ.
എന്നേയ്ക്കും നാണംകെട്ടു നശിച്ചുപോകട്ടെ.
18. കർത്താവേ, നിന്റെ നാമം മാത്രം
ഭൂമി മുഴുവനിലും ഉയർന്നിരിക്കുന്നു എന്ന് അവർ അറിയട്ടെ.

## സങ്കീർത്തനം 84

ശക്തനായ കർത്താവേ, നിന്റെ കൂടാരങ്ങൾ എത്രയോ സ്നേഹാർഹമാണ്.
2. കർത്താവിന്റെ അങ്കണങ്ങളെ
എന്റെ ആത്മാവു പ്രതീക്ഷിക്കുകയും അഭിലഷിക്കുകയും ചെയ്തു.
എന്റെ ഹൃദയവും എന്റെ ശരീരവും ജീവിക്കുന്ന ദൈവത്തെ സ്തുതിച്ചു.
3. കുരുവി അതിനു പാർപ്പിടവും
ചെങ്ങാലി കൂടും കണ്ടെത്തി.
ശക്തനായ കർത്താവേ, നിന്റെ ബലിപീഠത്തിനരികിൽ
അവ കുഞ്ഞുങ്ങളെ വളർത്തി.
4. എന്റെ രാജാവേ, എന്റെ ദൈവമേ, നിന്റെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ
അവർ എന്നേയ്ക്കും നിന്നെ സ്തുതിക്കും.
5. നീ സഹായിയായിരിക്കയും
നിന്റെ ഊടുവഴികൾ ഹൃദയത്തിൽ ഉണ്ടായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ
6. വിലാപത്തിന്റെ താഴ്‌വരയിലൂടെ അവർ കടന്നുപോയി.
അവർ അതിനെ വസതിയാക്കുകയും ചെയ്തു.
പ്രമാണദാതാവ് അതിനെ അനുഗ്രഹിക്കും.
7. അവർ ശക്തിയിൽനിന്നു ശക്തിയിലേയ്ക്കു പോകും;
അത്യുന്നതനായ ദൈവം സെഹിയോനിൽ പ്രത്യക്ഷനാകും.
8. കർത്താവേ, ശക്തനായ ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കണമേ;
യാക്കോബിന്റെ ദൈവമേ, ചെവിക്കൊള്ളണമേ.
9. ഞങ്ങളുടെ സഹായിയായ ദൈവമേ, കടാക്ഷിക്കണമേ,
നിന്റെ അഭിഷിക്തന്റെ മുഖം തൃക്കൺ പാർക്കണമേ.
10. നിന്റെ ഭവനത്തിലെ ഒരു ദിവസം,
ആയിരം ദിവസത്തെക്കാൾ മെച്ചമാണ്.
ദുഷ്ടന്മാരുടെ കൂടാരത്തിൽ വസിക്കുന്നതിനെക്കാൾ
ദൈവഭവനത്തിൽ വസിക്കാൻ ഞാൻ അധികം ഇഷ്ടപ്പെടുന്നു.
11. എന്തെന്നാൽ നമ്മുടെ പരിപാലകനും, സഹായിയും കർത്താവായ ദൈവമാകുന്നു.
കരുണയും മഹത്ത്വവും കർത്താവു പ്രദാനം ചെയ്യും.
പരമാർത്ഥതയോടെ വ്യാപരിക്കുന്നവർക്ക്
കർത്താവു തന്റെ നന്മ നിഷേധിക്കയില്ല.
12. കർത്താവേ, ശക്തനായ ദൈവമേ,
നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

## സങ്കീർത്തനം 85

കർത്താവേ, നിന്റെ നാടിനോടു നീ പ്രീതി കാണിച്ചു.
യാക്കോബിന്റെ അടിമത്തം നീ മാറ്റിക്കളഞ്ഞു.
2. നിന്റെ ജനത്തിന്റെ അപരാധം നീ ക്ഷമിച്ചു:
അവരുടെ സർവപാപങ്ങളും നീ പൊറുത്തു
3. ക്രോധമെല്ലാം നീ മാറ്റിക്കളഞ്ഞു.
നിന്റെ ഉഗ്രകോപം നീ പിൻവലിച്ചു.
4. ഞങ്ങളുടെ രക്ഷകനായ ദൈവമേ ഞങ്ങളെ നേർവഴിയിലാക്കണമേ
ഞങ്ങളിൽനിന്ന് നിന്റെ കോപം അകറ്റണമേ.
5. ഞങ്ങൾക്കെതിരെ എന്നേയ്ക്കും നീ കോപിക്കരുതേ
തലമുറകളോളം നിന്റെ കോപം വച്ചുകൊണ്ടിരിക്കരുതേ!
6. എന്നാൽ നീ ഞങ്ങളെ പുനരുജ്ജീവിപ്പിക്കണമേ,
നിന്റെ ജനം നിന്നിൽ ആനന്ദിക്കട്ടെ.
7. കർത്താവേ, നിന്റെ കൃപ ഞങ്ങളെ കാണിക്കണമേ;
നിന്റെ രക്ഷ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.
8. തന്റെ ജനത്തോടും തന്റെ നീതിമാന്മാരോടും
സമാധാന വചനങ്ങൾ പറയുന്ന നമ്മുടെ ദൈവമായ കർത്താവ്
എന്തു പറയുന്നു എന്ന് ഞങ്ങൾ കേൾക്കട്ടെ.
ഞങ്ങൾ പിന്നോക്കം പോകാതിരിക്കട്ടെ.
9. അവനെ ഭയപ്പെടുന്നവർക്ക് അവന്റെ രക്ഷ അടുത്തിരിക്കുന്നു.
അവന്റെ മഹത്വം നമ്മുടെ ദേശത്തു വസിക്കും.
10. കൃപയും സത്യവും പരസ്പരം എതിരേൽക്കും;
നീതിയും സമാധാനവും പരസ്പരം ചുംബിക്കും.
11. ഭൂമിയിൽനിന്ന് വിശ്വസ്തത മുളയെടുക്കും,
നീതി ആകാശത്തിൽനിന്നു കടാക്ഷിക്കും.

www.malankaralibrary.com


12. കർത്താവ് തന്റെ നന്മകൾ പ്രദാനം ചെയ്യും,
ഭൂമി അതിന്റെ വിളവുകൾ നല്കും.
13. നീതിമാൻ അവന്റെ മുമ്പാകെ വ്യാപരിക്കും,
തന്റെ വഴി അയാൾ ഭൂമിയിൽ സ്ഥാപിക്കും.

## സങ്കീർത്തനം 86

കർത്താവേ, നീ ചെവിചായ്ച്ച് എനിക്കുത്തരമരുളണമേ.
ഞാൻ ദരിദ്രനും നിസ്സഹായനുമാണല്ലോ.
2. നീ നല്ലവനായതിനാൽ എന്റെ ജീവനെ സംരക്ഷിക്കണമേ
ദൈവമേ, നിന്നിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്ന ദാസനെ രക്ഷിക്കണമേ.
3. കർത്താവേ, എന്നോടു കൃപചെയ്യണമേ.
നിന്റെ അടുക്കലാണല്ലോ എല്ലാ ദിവസവും ഞാൻ നിലവിളിക്കുന്നത്.
4. നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ.
കർത്താവേ, നിന്നിലേക്കാണല്ലോ ഞാൻ എന്റെ ആത്മാവിനെ ഉയർത്തിയിരിക്കുന്നത്.
5. കർത്താവേ, നീ നല്ലവനാകുന്നു,
നിന്നെ വിളിക്കുന്ന എല്ലാവർക്കും ധാരാളമായി നന്മ ചെയ്യുന്നവനുമാകുന്നു.
6. കർത്താവേ, എന്റെ പ്രാർത്ഥന ശ്രവിക്കണമേ!
എന്റെ നിലവിളിയുടെ സ്വരം ചെവിക്കൊള്ളണമേ!
7. എന്റെ കഷ്ടകാലങ്ങളിൽ ഞാൻ നിന്നെ വിളിച്ചു;
നീ എനിക്ക് ഉത്തരം നൽകി.
8. എന്റെ ദൈവമായ കർത്താവേ നിനക്കു തുല്യനായി ആരുമില്ല.
നിന്റെ പ്രവൃത്തികൾക്കു സദൃശമായ പ്രവൃത്തികളും ഇല്ല.
9. കർത്താവേ നീ സൃഷ്ടിച്ച എല്ലാ ജനതകളും വന്ന് നിന്നെ ആരാധിക്കട്ടെ; നിന്റെ നാമത്തെ അവർ സ്തുതിക്കട്ടെ.
10. എന്തെന്നാൽ നീ വലിയവനാകുന്നു;
അത്ഭുതപ്രവർത്തകനും നീ തന്നെ;
നീ മാത്രമാണല്ലോ സത്യദൈവം.
11. കർത്താവേ ഞാൻ സത്യത്തിൽ വ്യാപരിക്കാൻ
എന്നെ നിന്റെ വഴി കാണിക്കണമേ!
നിന്റെ നാമത്തെ ഭയപ്പെടുന്നവരിൽ എന്റെ ഹൃദയം സന്തോഷിക്കും.
12. എന്റെ ദൈവമായ കർത്താവേ, എന്റെ പൂർണ്ണ ഹൃദയത്തോടെ ഞാൻ നിനക്കുസ്തോത്രം ചെയ്യും,
ഞാൻ നിന്റെ നാമത്തെ എന്നെന്നും സ്തുതിക്കും.
13. കാരണം നിന്റെ കൃപ എന്നിൽ വർദ്ധിച്ചു;
എന്റെ ആത്മാവിനെ ശിയോലിൽനിന്ന് നീ രക്ഷിച്ചു.
14. ദൈവമേ ദുഷ്ടർ എനിക്കെതിരായി നിന്നു
ശക്തന്മാരുടെ സമൂഹം എന്റെ ജീവനെത്തേടി;
അവർ നിന്നെ സ്മരിച്ചില്ല.
15. കർത്താവേ, നീയാണല്ലോ കാരുണ്യവാനും ദയാനിധിയുമായ ദൈവം.
ശാന്തശീലനും, കൃപയും നീതിയും നിറഞ്ഞവനും നീ തന്നെ.
16. എന്റെ നേർക്കു തിരിഞ്ഞ് എന്നോടു കരുണ കാണിക്കണമേ
നിന്റെ ദാസനു ശക്തി നല്കണമേ!
നിന്റെ ദാസിയുടെ പുത്രനെ രക്ഷിക്കണമേ!
17. കർത്താവേ, നീ എന്നെ സഹായിച്ചു സമാശ്വസിപ്പിച്ചിരിക്കുന്നു എന്ന്
എന്നെ ദ്വേഷിക്കുന്നവർ കണ്ട് ലജ്ജിക്കേണ്ടതിനായി
നീ എനിക്കു വിലയുറ്റ അടയാളം പ്രദാനം ചെയ്യണമേ.

## സങ്കീർത്തനം 87

അതിന്റെ അടിസ്ഥാനം പരിശുദ്ധമലയിലാകുന്നു.
2. യാക്കോവിന്റെ എല്ലാ വാസസ്ഥലങ്ങളെക്കാളും കൂടാരങ്ങളെക്കാളും
സെഹിയോന്റെ കവാടങ്ങൾ കർത്താവ് ഇഷ്ടപ്പെടുന്നു.
3. ഞങ്ങളുടെ ദൈവത്തിന്റെ നഗരമേ
നിന്നെക്കുറിച്ച് മഹിമയേറിയ കാര്യങ്ങൾ പറയപ്പെട്ടിരിക്കുന്നു.
4. എന്റെ പരിചിതരായ റാഹാവിനെയും ബാവേലിനെയും
പ്ലെശ്ത്തായർ, സോറുകാർ, കൂശായർ എന്നിവരെയും
നീ ഓർക്കണമേ.
5. ധീരനായ ഒരുവൻ അവിടെ ജാതനായെന്നും,
അയാൾ അതിനെ സ്ഥാപിച്ചു എന്നും
സെഹിയോനെപ്പറ്റി പറയപ്പെടുന്നു.
അയാൾ അവിടെയാണു ജനിച്ചത്.
6. കർത്താവു തന്റെ ജനത്തിന്റെ പുസ്തകത്തിൽ
ഇവൻ അവിടെ ജനിച്ചു എന്ന് രേഖപ്പെടുത്തും.
7. നിന്നിൽ നിവസിക്കുന്ന പ്രധാനികളും,
നിന്നിൽ വിനീതരാക്കപ്പെട്ട ഏവരും സന്തോഷിക്കും.

## സങ്കീർത്തനം 88

എന്റെ രക്ഷയും ദൈവവുമായ കർത്താവേ,
ഞാൻ നിന്റെ സന്നിധിയിൽ രാവും പകലും വിളിച്ചപേക്ഷിച്ചു.
2. എന്റെ പ്രാർത്ഥന നിന്റെ സന്നിധിയിൽ പ്രവേശിക്കട്ടെ.
എന്റെ യാചനയ്ക്ക് നിന്റെ ചെവിചായ്ക്കണമെ.
3. എന്റെ ആത്മാവ് കഷ്ടതകളിൽ മുഴുകി;
എന്റെ ജീവൻ ശിയോൽവരെയെത്തി.
4. കുഴിയിൽ ഇറങ്ങുന്നവരുടെ കൂട്ടത്തിൽ ഞാനും എണ്ണപ്പെട്ടിരിക്കുന്നു
ഞാൻ നിസ്സഹായനായ മനുഷ്യനെപ്പോലെയായി.
5. മരിച്ചവരുടെ ഇടയിൽ ഞാൻ സ്വതന്ത്രനത്രേ.
ശവകുടീരങ്ങളിൽ കിടക്കുന്ന വധിക്കപ്പെട്ടവരെപ്പോലെ.
ഇവരെ നീ വീണ്ടും ഓർക്കുന്നില്ല.
നിന്റെ കരങ്ങളിൽനിന്ന് അവർ നശിച്ചു പോയിരിക്കുന്നല്ലോ.
6. അഗാധഗർത്തത്തിലും അന്ധകാരത്തിലും

മരണത്തിന്റെ താഴ്വരയിലും എന്നെ നീ താഴ്ത്തിയിരിക്കുന്നു;
7. നിന്റെ കോപം എന്റെമേൽ ഇറങ്ങി;
നിന്റെ സർവകൊടുങ്കാറ്റുകളും നീ എന്റെമേൽ വരുത്തി.
8. എന്റെ പരിചിതരെ എന്നിൽനിന്ന് നീ അകറ്റി;
നീ എന്നെ അവർക്ക് നിന്ദാപാത്രമാക്കി.
പുറത്തു കടക്കാനാവാത്തവിധം ഞാൻ തടയപ്പെട്ടു.
9. നികൃഷ്ടതയിൽ എന്റെ കണ്ണു മങ്ങി;
കർത്താവേ നിത്യവും ഞാൻ നിന്നെ വിളിച്ചു.
നിന്റെ സന്നിധിയിലേയ്ക്കു എന്റെ കരങ്ങളുയർത്തി.
10. മരിച്ചവർക്കായി നീ അത്ഭുതങ്ങൾ ചെയ്യുന്നു.
ശക്തന്മാർ എഴുന്നേറ്റ് നിനക്കു നന്ദി പറയും.
11. ശവകുടീരത്തിൽ ഉള്ളവർ നിന്റെ കൃപ പ്രഖ്യാപിക്കും.
നാശത്തിൽ നിന്റെ വിശ്വസ്തതയും.
12. നിന്റെ അത്ഭുതം അന്ധകാരത്തിൽ അറിയപ്പെടും.
നിന്റെ നീതി വിസ്മൃതമായ നാട്ടിലും.
13. കർത്താവേ ഞാൻ നിന്റെ പക്കലേക്ക് നിലവിളിച്ചു.
പ്രഭാതത്തിൽ എന്റെ പ്രാർത്ഥന നിന്റെ സന്നിധിയിൽ എത്തട്ടെ.
14. കർത്താവേ എന്റെ ആത്മാവിനെ നീ മറക്കരുതേ.
എന്നിൽനിന്ന് നിന്റെ മുഖം തിരിക്കയുമരുതേ,
15. എന്റെ ചെറുപ്പംമുതലേ ഞാൻ നിസ്സഹായനും ബുദ്ധിമുട്ടുള്ളവനുമാകുന്നു;
ഞാൻ ഉയർത്തപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്തു; ഞാൻ തകർക്കപ്പെട്ടു:
16. നിന്റെ കോപം എന്റെമേൽ പതിച്ചു;
നിന്റെ ഭയം എന്നെ നിശ്ശബ്ദനാക്കി.
ദിവസം മുഴുവൻ വെള്ളംപോലെ അവർ എന്നെ വലയം ചെയ്തു;
എനിക്കെതിരായി അവർ ഒത്തൊരുമിച്ചു.
18. എന്റെ സ്നേഹിതരേയും മിത്രങ്ങളെയും എന്നിൽനിന്ന് നീ അകറ്റി;
എന്നെ അറിയുന്നവരെ നീ എന്നിൽനിന്ന് ദൂരെയാക്കി.

## സങ്കീർത്തനം 89

കർത്താവിന്റെ കൃപയെ എന്നേയ്ക്കും ഞാൻ പ്രകീർത്തിക്കും,
അവന്റെ വിശ്വസ്തതയെ എന്റെ അധരങ്ങൾ തലമുറകളോളം അറിയിക്കും.
2. ലോകം നിന്റെ കൃപയാൽ പണിയപ്പെടുമെന്നും
നിന്റെ വിശ്വസ്തത സ്വർഗ്ഗത്തിൽ നീ ഉറപ്പിക്കുമെന്നും ഞാൻ പറഞ്ഞു.
3. എന്റെ തിരഞ്ഞെടുക്കപ്പെട്ടവനോടു ഞാൻ ഉടമ്പടി ചെയ്തു.
എന്റെ ദാസനായ ദാവീദിനോടു ഞാൻ ശപഥം ചെയ്തു.
4. നിന്റെ സന്തതിയെ ഞാൻ എന്നേയ്ക്കും നിലനിർത്തും.
നിന്റെ സിംഹാസനം എന്നേക്കും ഞാൻ ഉറപ്പിക്കും.
5. കർത്താവേ, ആകാശം നിന്റെ അത്ഭുതങ്ങൾ പ്രകീർത്തിക്കുന്നു;
വിശുദ്ധരുടെ സംഘത്തിൽ നിന്റെ വിശ്വസ്തതയും.
6. അത്യുന്നതാകാശത്തിൽ കർത്താവിനു തുല്യനായി ആരുണ്ട്?
വാനവ ഗണത്തിൽ അവനു സദൃശനായി ആരാണുള്ളത്?
7. വിശുദ്ധരുടെ സമൂഹത്തിൽ ദൈവം നിന്നു;
തനിക്കുചുറ്റുമുള്ള എല്ലാവരെയുംകാൾ അവൻ വലിയവനും ഭീതിദനുമാകുന്നു.
8. കർത്താവേ നീ ശക്തനായ ദൈവമാകുന്നു;
നിന്നെപ്പോലെ ബലവാനായി ആരാണുള്ളത്?
നിന്റെ വിശ്വസ്തത നിനക്കു ചുറ്റും.
9. സമുദ്രത്തിന്റെ ഗർവത്തെ നീ നിയന്ത്രിക്കുന്നു;
അതിന്റെ തിരമാലകളുടെ അലർച്ച നീ നിശ്ശബ്ദമാക്കുന്നു.
10. അഹങ്കാരികളെ കൊല്ലപ്പെട്ടവർക്കു തുല്യം നീ വിനീതരാക്കുന്നു
നിന്റെ കരുത്തുറ്റ ഭുജത്താൽ നീ നിന്റെ ശത്രുക്കളെ ചിതറിച്ചു.
11. ആകാശം നിന്റേതാകുന്നു, ഭൂമിയും നിന്റേതു തന്നെ.
ലോകത്തെ അതിന്റെ പൂർണ്ണതയിൽ നീ സ്ഥാപിച്ചു.
12. ഉത്തര ദക്ഷിണ ദിശകളെ നീ സൃഷ്ടിച്ചു;
താബോറും ഹെർമ്മോനും നിന്റെ നാമത്തെ സ്തുതിക്കുന്നു.
13. കരബലം നിന്റേതാകുന്നു, വല്ലഭത്വവും നിന്റേതുതന്നെ;
നിന്റെ കരം പ്രബലപ്പെടും നിന്റെ വലംകൈ ഉയർത്തപ്പെടും.
14. നിന്റെ സിംഹാസനത്തിന്റെ ആസ്ഥാനം നീതിയും ന്യായവുമാണ്;
കൃപയും സത്യവും നിന്റെ സന്നിധിയിൽ.
15. നിന്റെ സ്തുതികൾ മനസ്സിലാക്കുന്ന ജനത ഭാഗ്യമുള്ളത്:
കർത്താവേ, നിന്റെ മുഖകാന്തിയിൽ അവർ വ്യാപരിക്കും;
16. അവർ എല്ലാ ദിവസവും നിന്റെ നാമത്തിൽ ആനന്ദിക്കും;
നിന്റെ നീതിയിൽ അവർ ഉയർത്തപ്പെടും.
17. ഞങ്ങളുടെ ശക്തിയുടെ മഹത്വം നീയാണല്ലോ;
നിന്റെ മനസ്സുപോലെ ഞങ്ങളുടെ കൊമ്പ് ഉയർത്തപ്പെടും.
18. എന്തെന്നാൽ കർത്താവു നമ്മുടെ ആശ്രയമാകുന്നു.
ഇസ്രായേലിന്റെ പരിശുദ്ധൻ നമ്മുടെ രാജാവും.
19. തന്റെ പരിശുദ്ധരോട് ഒരിക്കൽ ദർശനത്തിൽ അവൻ അരുളിച്ചെയ്തു;
"ഒരുവന് ഞാൻ സഹായം ചെയ്തു.
ജനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവനെ ഞാൻ ഉയർത്തി".
20. എന്റെ ദാസനായ ദാവീദിനെ ഞാൻ കണ്ടെത്തി
എന്റെ വിശുദ്ധതൈലത്താൽ ഞാൻ അയാളെ അഭിഷേകം ചെയ്തു.
21. എന്റെ കൈ അയാളെ സഹായിച്ചു;
എന്റെ ഭുജം അയാളെ ശക്തിപ്പെടുത്തി.

www.malankaralibrary.com

22. ശത്രുവിന് അയാൾക്കെതിരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.
ദുഷ്ടന്റെ സന്തതിക്ക് അയാളെ കീഴ്പ്പെടുത്താനും കഴിഞ്ഞില്ല.
23. അയാളുടെ മുമ്പിൽനിന്ന് ശത്രുക്കളെ ഞാൻ നശിപ്പിക്കും.
അയാളെ ദ്വേഷിക്കുന്നവരെ ഞാൻ തകർക്കും.
24. എന്റെ വിശ്വസ്തതയും കൃപയും അയാളോടൊപ്പം ഉണ്ടായിരിക്കും.
എന്റെ നാമത്തിൽ അയാളെ ഞാൻ മഹത്വപ്പെടുത്തും.
25. അയാളുടെ കൈ സമുദ്രത്തിന്മേലും
അയാളുടെ വലംകൈ നദികളിന്മേലും ഞാൻ വയ്ക്കും.
26. അയാൾ എന്നോടു വിളിച്ചു പറയും: "നീ ആകുന്നു എന്റെ പിതാവ്.
എന്റെ ദൈവവും, എന്റെ പ്രബലനായ രക്ഷകനും".
27. ഞാനോ അയാളെ എന്റെ ആദ്യജാതനാക്കും;
ഭൂമിയിലെ രാജാക്കന്മാർക്കുപരി അയാളെ ഞാൻ ഉയർത്തും.
28. എന്റെ കൃപയെ അയാൾക്കുവേണ്ടി ഞാൻ എന്നും കാക്കും.
അയാളുമായുള്ള എന്റെ ഉടമ്പടി അഭംഗുരം പാലിക്കും.
29. അയാളുടെ സന്തതിയെ ഞാൻ എന്നേക്കും നിലനിർത്തും.
അയാളുടെ സിംഹാസനം ആകാശത്തിലെ ദിവസങ്ങൾപോലെ.
30. അയാളുടെ മക്കൾ എന്റെ നിയമം ഉപേക്ഷിക്കയും
എന്റെ കല്പനകളിൽ വ്യാപരിക്കാതിരിക്കയും ചെയ്താൽ
32. അവരുടെ ദുഷ്ടതയെ ദണ്ഡുകൊണ്ടും
അകൃത്യങ്ങളെ പീഡനംകൊണ്ടും ഞാൻ ശിക്ഷിക്കും.
33. എന്നാൽ അയാളിൽനിന്ന് എന്റെ കൃപ ഞാൻ മാറ്റുകയില്ല;
എന്റെ വിശ്വസ്തതയിൽ ഞാൻ കളവു പറയുകയില്ല;
എന്റെ ഉടമ്പടി ഞാൻ ഉപേക്ഷിക്കയുമില്ല.
34. എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടത് ഞാൻ മാറ്റുകയില്ല.
35. എന്റെ പരിശുദ്ധതയിൽ ദാവീദിനോടു ഞാൻ ഒരു കാര്യം സത്യം ചെയ്തു.
ഞാൻ വിശ്വാസവഞ്ചന ചെയ്യുകയില്ല.
36. അയാളുടെ സന്തതി എന്നേയ്ക്കും ഉണ്ടായിരിക്കും;
അയാളുടെ സിംഹാസനം എന്റെ മുമ്പിൽ സൂര്യനെപ്പോലെയും
37. ആകാശത്തിലെ വിശ്വസ്തസാക്ഷിയായ ചന്ദ്രനെപ്പോലെയും
എന്നേയ്ക്കും സുസ്ഥിരമായിരിക്കും.
38. എന്നാൽ നീ എന്നെ മറന്നു, എന്നെ ഉപേക്ഷിച്ചു;
നിന്റെ അഭിഷിക്തന്റെ മുഖം നീ തിരിച്ചു കളഞ്ഞു.
39. നിന്റെ ദാസനോടുള്ള ഉടമ്പടി നീ ഉപേക്ഷിച്ചിരിക്കുന്നു;
അയാളുടെ കിരീടം നീ നിലത്തിട്ടുകളഞ്ഞു.
40. നീ അയാളുടെ വേലികൾ പൊളിച്ചു;
അയാളുടെ കോട്ടകൾ ഇടിച്ചു നിരത്തി.
41. വഴിപോക്കരെല്ലാം അയാളെ ചവിട്ടുന്നു;
അയൽക്കാർക്ക് അയാൾ പരിഹാസപാത്രമായി.
42. അയാളുടെ ശത്രുക്കളുടെ വലംകൈ നീ ഉയർത്തി;
അയാളെ ദ്വേഷിക്കുന്നവരെയെല്ലാം നീ സന്തോഷിപ്പിച്ചു.
43. അയാളുടെ വാളിന്റെ സഹായം നീ പിൻവലിച്ചു;
യുദ്ധത്തിൽ നീ അയാളെ സഹായിച്ചില്ല.
44. അയാളെ ജയിപ്പിക്കുന്നവരെ നീ ഇല്ലാതാക്കി.
അയാളുടെ സിംഹാസനം നീ നിലത്തു മറിച്ചിട്ടു.
45. നീ അയാളുടെ ശൈശവ ദിനങ്ങളെ ചുരുക്കി;
നീ അയാളെ ലജ്ജകൊണ്ടു മൂടി.
46. കർത്താവേ, എത്രകാലത്തേയ്ക്ക് നീ എന്നോട് കോപിച്ചിരിക്കും?
എന്നേയ്ക്കുമോ?
എത്രനാൾ നിന്റെ കോപം അഗ്നിപോലെ ജ്വലിക്കും?
47. ഞാൻ പൊടിയിൽ നിന്നുള്ളവനാണ് എന്നോർക്കണമേ.
എന്തെന്നാൽ മനുഷ്യരെയെല്ലാം നീ സൃഷ്ടിച്ചത് വെറുതെയല്ലല്ലോ
48. മരണം കാണാതെ ജീവിക്കയും,
ശിയോലിന്റെ കരത്തിൽനിന്ന് സ്വയം രക്ഷിക്കയും ചെയ്യുന്ന മനുഷ്യൻ ആരുണ്ട്?
49. കർത്താവേ വിശ്വസ്തതയോടെ നീ ദാവീദിനു വാഗ്ദാനം ചെയ്ത
നിന്റെ പൂർവ്വകാല നന്മകൾ എവിടെ?
50. കർത്താവേ നിന്റെ ദാസന്റെ അപമാനം നീ ഓർക്കണമേ;
എന്റെ ജീവിതത്തിൽ വിജാതീയരുടെ അധിക്ഷേപമെല്ലാം ഞാൻ സഹിച്ചല്ലോ.
51. കർത്താവേ, നിന്റെ ശത്രുക്കൾ എന്നെ നിന്ദിച്ചു;
നിന്റെ അഭിഷിക്തന്റെ ചവിട്ടടികളെയും അവർ നിന്ദിച്ചു.
52. കർത്താവ് എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ.
ആമ്മേൻ, ആമ്മേൻ.

## സങ്കീർത്തനം 90

കർത്താവേ, എല്ലാ തലമുറകളിലും നീ
ഞങ്ങൾക്ക് അഭയ കേന്ദ്രമായിരുന്നു.
2. പർവ്വതങ്ങൾ ഉരുവാകുന്നതിനും
ഭൂമിക്കു രൂപം ലഭിക്കുന്നതിനും, പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുന്നതിനും മുമ്പേ
അനാദിമുതൽ നീ ഉണ്ടായിരുന്നു;
നീ തന്നെയാണ് നിത്യദൈവം.
3. നീ മനുഷ്യനെ ഹീനസ്ഥിതിയിലേക്കു പിന്തിരിച്ചു.
മനുഷ്യരേ നിങ്ങൾ അനുതപിക്കുവിൻ, എന്നു നീ അരുളിച്ചെയ്തു.
4. കാരണം, ആയിരം വത്സരം, നിന്റെ ദൃഷ്ടിയിൽ
ഇന്നലെക്കഴിഞ്ഞ ദിവസംപോലെയും,
രാത്രിയിലെ ഒരു യാമംപോലെയുമാകുന്നു.

www.malankaralibrary.com

5. അവരുടെ തലമുറയുടെ ജീവിതകാലം ഒരു ഉറക്കമാ
യിരിക്കും;
പ്രഭാതത്തിൽ പൂമൊട്ടുപോലെ അതു വിരിയുന്നു.
6. രാവിലെ മുളച്ചുവളരുന്ന അത്,
സായാഹ്നത്തിൽ വാടിക്കരിയുന്നു.
7. കാരണം, ഞങ്ങൾ നിന്റെ കോപത്താൽ നശിച്ചു;
നിന്റെ ക്രോധത്താൽ ഞങ്ങൾ കലങ്ങിയിരിക്കുന്നു.
8. ഞങ്ങളുടെ പാപങ്ങൾ നിന്റെ മുമ്പിൽ നീ വച്ചു.
നിന്റെ മുഖത്തിന്റെ ശോഭയാൽ ഞങ്ങൾക്കു യുവത്വം
നൽകണമേ.
9. എന്തെന്നാൽ, നിന്റെ കോപത്തിൽ ഞങ്ങളുടെ ദിന
ങ്ങൾ എല്ലാം കഴിഞ്ഞുപോയി;
എട്ടുകാലിയെപ്പോലെ ഞങ്ങളുടെ വർഷങ്ങളും പൂർ
ത്തിയായി.
10. ഞങ്ങളുടെ ആയുസ്സിന്റെ നാളുകൾ എഴുപതുവത്സരം
അല്ലെങ്കിൽ കഷ്ടിച്ച് എൺപതു വത്സരം,
അവയിൽ അധികഭാഗവും കഷ്ടപ്പാടും ദുഃഖങ്ങളു
മത്രേ.
എന്തെന്നാൽ ഞങ്ങൾ വിനീതരാക്കപ്പെട്ടു; ഞങ്ങൾ
ക്ലേശിക്കയും ചെയ്തു.
11. നിന്റെ കോപത്തിന്റെ ശക്തിയും
നിന്റെ കോപത്തിന്റെ ഭീകരതയും ആരറിയുന്നു?
12. ഞങ്ങൾ വിവേകമതികളാകേണ്ടതിന്,
ഞങ്ങളുടെ ദിവസങ്ങളുടെ എണ്ണം ഞങ്ങളെ അറിയി
ക്കണമേ.
13. കർത്താവേ കടാക്ഷിക്കണമേ,
എത്രകാലത്തേയ്ക്ക് നിന്റെ ദാസരെ നീ ആശ്വസിപ്പി
ക്കാതിരിക്കും?
14. പ്രഭാതത്തിൽ നിന്റെ കൃപയാൽ ഞങ്ങളെ തൃപ്തരാക്ക
ണമേ;
ഞങ്ങളുടെ എല്ലാ ദിനങ്ങളിലും ഞങ്ങൾ നിന്നെ
സ്തുതിച്ച് സന്തോഷിക്കട്ടെ.
15. ഞങ്ങളുടെ ദുഷ്ടതയും ഞങ്ങൾക്കു കഷ്ടപ്പാടുകളു
ണ്ടായിരുന്ന വർഷങ്ങളും അവസാനിച്ചതിനാൽ;
നീ ഞങ്ങളെ സന്തോഷിപ്പിക്കണമേ.
16. നിന്റെ ദാസർക്കു നിന്റെ പ്രവൃത്തികൾ ദൃശ്യമാകട്ടെ;
നിന്റെ പ്രതാപം അവരുടെ മക്കൾക്കും.
17. നമ്മുടെ ദൈവമായ കർത്താവിന്റെ പ്രസാദം
നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.
അവന്റെ കൈവേലയാൽ അവൻ നമ്മെ നിർമ്മിച്ചു;
അവന്റെ കരങ്ങളുടെ പ്രവൃത്തിയാൽ നമ്മെ ഉറപ്പിക്കു
കയും ചെയ്തു.

## സങ്കീർത്തനം 91

അത്യുന്നതന്റെ സംരക്ഷണത്തിലും
ദൈവത്തിന്റെ തണലിലും വസിക്കുന്നവർ ഭാഗ്യവാ
ന്മാർ.
2. എന്റെ ശരണവും, എന്റെ സങ്കേതവും
ഞാൻ ആശ്രയിക്കുന്ന ദൈവവും നീയാകുന്നു എന്ന്
കർത്താവിനോടു നീ പറയുക.
3. ഇടർച്ചയുടെ കെണിയിൽനിന്നും,
വ്യർത്ഥ സംഭാഷണത്തിൽനിന്നും അവൻ നിന്നെ
രക്ഷിക്കും.
4. അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ ആവരണം
ചെയ്യും.
തന്റെ ചിറകുകളുടെ കീഴെ നിനക്ക് അഭയം നല്കും.
അവന്റെ നീതി നിനക്കു ചുറ്റും ആയുധമായിരിക്കും.
5. രാത്രിയുടെ ഭയാനകതയെയും പകൽപറക്കുന്ന അസ്ത്ര
ത്തെയും
6. ഇരുട്ടിൽ ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിലടി
ക്കുന്ന കാറ്റിനെയും നീ ഭയപ്പെടേണ്ട.
7. ആയിരങ്ങൾ നിന്റെ പാർശ്വത്തിൽനിന്നും,
പതിനായിരങ്ങൾ നിന്റെ വലത്തുവശത്തുനിന്നും നിപ
തിക്കും;
പക്ഷേ നിന്റെ അടുത്ത് അവ എത്തുകയില്ല.
8. എന്നാൽ നിന്റെ കണ്ണുകൊണ്ടു നീ കാണും.
ദുഷ്ടർക്കുള്ള പ്രതിഫലം നീ ദർശിക്കും.
9. നിന്റെ വാസസ്ഥലം ഉന്നതങ്ങളിൽ സ്ഥാപിച്ച കർ
ത്താവേ,
നീയാകുന്നു എന്റെ ശരണം.
10. തിന്മ നിന്നെ സമീപിക്കുകയില്ല.
നാശമൊന്നും നിന്റെ കൂടാരത്തെ സമീപിക്കയില്ല.
11. എന്തെന്നാൽ നിന്റെ എല്ലാവഴികളിലും നിന്നെക്കാ
ക്കുന്നതിനായി
അവൻ തന്റെ മാലാകാമാരോട് നിന്നെ സംബന്ധിച്ച്
കല്പിക്കും:
12. നിന്റെ കാല് തട്ടാതിരിക്കാൻ
അവർ തങ്ങളുടെ കൈകളിൽ നിന്നെ വഹിക്കും.
13. വരയൻ പാമ്പിനെയും മൂർഖനെയും നീ ചവിട്ടും.
സിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടിമെതി
ക്കും.
14. അയാൾ എന്നോടു പ്രാർത്ഥിച്ചതുകൊണ്ട് ഞാൻ
അയാളെ രക്ഷിച്ച് ശക്തനാക്കും.
എന്റെ നാമം അയാൾ അറിഞ്ഞതുകൊണ്ട്,
15. അയാൾ എന്നെ വിളിക്കും; ഞാൻ അയാൾക്ക് ഉത്ത
രം നൽകും.
കഷ്ടതയുടെ കാലത്ത് ഞാൻ അയാളോടൊപ്പമുണ്ടാ
കും;
ഞാൻ അയാളെ ശക്തനാക്കി ബഹുമാനിക്കും.
16. ദീർഘനാൾ ഞാൻ അയാളെ സംതൃപ്തനാക്കും.
എന്റെ രക്ഷ അയാൾക്കു കാണിച്ചുകൊടുക്കും.

## സങ്കീർത്തനം 92

കർത്താവിനെ സ്തുതിക്കുന്നത് ഉത്തമമാകുന്നു.
അത്യുന്നതാ, നിന്റെ നാമത്തെ പാടിപ്പുകഴ്ത്തുന്നതും.
2. പ്രഭാതത്തിൽ നിന്റെ നന്മയും
രാത്രിയിൽ നിന്റെ വിശ്വസ്തതയും വിളംബരം ചെയ്യു
ന്നത് ഉത്തമമാകുന്നു.
3. ഞാൻ ദശതന്ത്രിയുള്ള വീണവായിക്കും;
ഞാൻ കിന്നരവും വായിക്കും.
4. കർത്താവേ, നിന്റെ പ്രവൃത്തിയാൽ നീ എന്നെ
സന്തോഷിപ്പിച്ചിരിക്കുന്നുവല്ലോ.

നിന്റെ കൈവേലയാൽ ഞാൻ സ്തുതിക്കപ്പെടും.
5. കർത്താവേ നിന്റെ പ്രവൃത്തികൾ എത്ര മഹത്വമേറിയവയാണ്!
നിന്റെ ചിന്തകൾ അത്യഗാധം!
6. ഭോഷനായ മനുഷ്യൻ ഇത് അറിയുന്നില്ല;
മൂഢന് ഇത് മനസ്സിലാകയുമില്ല.
7. ആക്രമികൾ പുല്ലുപോലെ മുളയ്ക്കുകയും;
ദുഷ്ടത പ്രവർത്തിക്കുന്നവരെല്ലാം അഭിവൃദ്ധി പ്രാപിക്കയും ചെയ്യുന്നത്
നിത്യമായി നാശമടയാൻ തന്നെ.
8. നീയാകട്ടെ, കർത്താവേ, എന്നും മഹത്വമുള്ളവനാണ്.
9. എന്തെന്നാൽ കർത്താവേ, നിന്റെ ശത്രുക്കൾ നശിക്കും.
ദുർവൃത്തരെല്ലാം ചിതറിക്കപ്പെടും.
10. എന്റെ കൊമ്പ് കാണ്ടാമൃഗത്തിന്റേതുപോലെ നീ ഉയർത്തിയിരിക്കുന്നു.
സുഗന്ധതൈലംകൊണ്ട് നീ എന്നെ അഭിഷേചിച്ചു.
11. എന്റെ നയനങ്ങൾ എന്റെ ശത്രുക്കളെ ദർശിച്ചു
എന്റെ ചെവികൾ എനിക്കെതിരായി നില്ക്കുന്ന ദുഷ്ടന്മാരെ കേൾക്കും.
12. നീതിമാൻ പനപോലെ തളിർക്കും.
13. കർത്താവിന്റെ ഭവനത്തിലും
നമ്മുടെ ദൈവത്തിന്റെ മുറ്റത്തും നട്ടിരിക്കുന്ന
ലെബ്നാനിലെ അർസ്മരങ്ങൾപോലെ പുഷ്പിക്കും.
14. അവ വീണ്ടും തളിർക്കുകയും വാർദ്ധക്യത്തിൽപ്പോലും വളരുകയും ചെയ്യുന്നു.
അവ വണ്ണം വയ്ക്കുകയും സുഗന്ധികളാകുകയും ചെയ്യും.
15. കർത്താവ് പരമാർത്ഥതയുള്ളവനും, ശക്തനുമാണെന്ന് അവർ കാണിക്കും.
അവനിൽ ദുഷ്ടതയില്ല.

## സങ്കീർത്തനം 93

കർത്താവു ഭരണം നടത്തുന്നു;
അവൻ പ്രതാപമണിഞ്ഞിരിക്കുന്നു.
കർത്താവു ശക്തിധരിച്ച് പ്രബലപ്പെട്ടു.
അവൻ പ്രപഞ്ചത്തെ ഉറപ്പിച്ചു നിറുത്തി. അത് ഇളകുകയില്ല.
2. നിന്റെ സിംഹാസനം മുൻകൂട്ടി സജ്ജമായിരിക്കുന്നു.
അനാദിമുതലുള്ളവനാണല്ലോ നീ.
3. കർത്താവേ, നദികൾ ഉയർന്നു.
അരുവികൾ ആരവം ഉയർത്തി,
നദികൾ പരിശുദ്ധമായി ഒഴുകുന്നു.
4. ഏറിയ വെള്ളത്തിന്റെ ആരവത്തേക്കാൾ,
കടലിലെ തിരമാലകൾ ശക്തിയുള്ളവയാകുന്നു.
കർത്താവു ഉന്നതങ്ങളിൽ മഹത്വമുള്ളവനാകുന്നു.
5. നിന്റെ അനുശാസനങ്ങൾ എത്രയോ വിശ്വസനീയങ്ങൾ!
കർത്താവേ പരിശുദ്ധി നിന്റെ ഭവനത്തിന് എന്നേയ്ക്കും ഉചിതമാകുന്നു.

## സങ്കീർത്തനം 94

പ്രതികാരംചെയ്യുന്ന ദൈവമായ കർത്താവേ,
പ്രതികാരംചെയ്യുന്ന ദൈവമേ, നീ പ്രത്യക്ഷപ്പെടണമേ.
2. ഭൂമിയുടെ വിധികർത്താവേ, എഴുന്നേൽക്കണമേ,
അഹങ്കാരികൾക്കു തക്ക ശിക്ഷ കൊടുക്കണമേ!
3. കർത്താവേ ദുഷ്ടന്മാർ! എത്രനാൾ
എത്രകാലത്തേയ്ക്ക് ദുഷ്ടന്മാർ അഹങ്കരിക്കും?
4. അവർ തിന്മ സംസാരിക്കുന്നു.
അകൃത്യങ്ങളെല്ലാം അവർ സംസാരവിഷയമാക്കുന്നു.
5. കർത്താവേ, നിന്റെ ജനത്തെ അവർ അടിച്ചമർത്തി,
നിന്റെ അവകാശം പിടിച്ചെടുത്തു.
6. വിധവകളെയും പരദേശികളെയും അവർ കൊന്നു,
അനാഥരെ നശിപ്പിച്ചു.
7. എന്നിട്ട് കർത്താവ് കാണുന്നില്ലെന്നും,
യാക്കോബിന്റെ ദൈവം ഗ്രഹിക്കുന്നില്ലെന്നും, അവർ പറയുന്നു.
8. ജനത്തിലെ ബുദ്ധിശൂന്യരേ ഗ്രഹിക്കൂ
ഭോഷന്മാരേ, എത്രനാളത്തേയ്ക്ക് നിങ്ങൾ ഗ്രഹിക്കാതിരിക്കും?
9. കാതു തന്നവൻ കേൾക്കുന്നില്ലെന്നോ?
കണ്ണു സൃഷ്ടിച്ചവൻ ഗ്രഹിക്കുന്നില്ലെന്നോ?
10. ജനതകൾക്കു പ്രബോധനം നൽകുന്നവൻ, ശാസിക്കയില്ലെന്നോ?
മനുഷ്യരെ പഠിപ്പിക്കുന്നവൻ അറിയുകയില്ലെന്നോ?
11. മനുഷ്യന്റെ വിചാരങ്ങൾ കർത്താവറിയുന്നു.
അവർ പുകപോലെയാണ്.
12. കർത്താവേ നീ ശിക്ഷണം നൽകുകയും,
നിന്റെ പ്രമാണത്തെ പഠിപ്പിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.
13. ദുഷ്ടർക്കുവേണ്ടി കുഴിതോണ്ടുവോളം,
അവരെ അനർത്ഥദിനങ്ങളിൽനിന്ന് നീ വിമുക്തരാക്കും.
14. കാരണം, കർത്താവ് തന്റെ ജനത്തെ കൈവിടുകയില്ല;
അവൻ തന്റെ അവകാശത്തെ ഉപേക്ഷിക്കയുമില്ല.
15. നീതിമാന്റെ പിന്നാലെ ന്യായവിധി തിരിയുന്നു;
അയാളുടെ പിന്നാലെ ഹൃദയപരമാർത്ഥതയുള്ളവരും.
16. എന്നോടൊത്ത് ദുഷ്ടർക്കെതിരായി ആരുനില്ക്കും?
ദുർവൃത്തർക്കെതിരായി എനിക്കുവേണ്ടി നിലകൊള്ളാൻ ആരുണ്ട്?
17. കർത്താവ് എനിക്കു തുണയായിരുന്നില്ലെങ്കിൽ,
പെട്ടെന്ന് എനിക്കു നിർഭാഗ്യത്തിൽ വസിക്കേണ്ടിവരുമായിരുന്നു.
18. 'എന്റെ കാലു വഴുതി' എന്നു ഞാൻ പറഞ്ഞു;
എന്നാൽ കർത്താവേ, നിന്റെ കൃപ എന്നെ താങ്ങി.
19. എന്റെ ഹൃദയത്തിലെ ദുഃഖാധിക്യത്തിൽ
നിന്റെ സാന്ത്വനങ്ങൾ എന്റെ ആത്മാവിനെ രക്ഷിച്ചു.
20. നിന്റെ പ്രമാണത്തിനെതിരെ ദുഷ്ടത രൂപപ്പെടുത്തിയ
ദുഷ്ടന്മാരുടെ സിംഹാസനം നിന്നോടു സഖ്യംചെയ്യുന്നതിന് അനുവദിക്കരുതേ.

www.malankaralibrary.com

21. നീതിമാന്റെ ആത്മാവിനെ വലയിട്ടുപിടിക്കാൻ അവർ ശ്രമിക്കുന്നു.
നിഷ്ക്കളങ്കന്റെ രക്തത്തെ അവർ കുറ്റംവിധിക്കുന്നു.
22. കർത്താവ് എന്നെ ശക്തിപ്പെടുത്തുന്നു.
ബലവാനായ ദൈവം എന്റെ സഹായി.
23. അവരുടെ ദുഷ്ടത അവരുടെമേൽത്തന്നെ നീ തിരിക്കണമെ;
അവരുടെ തിന്മയിൽ അവരെ നിശ്ശബ്ദരാക്കണമേ;
ഞങ്ങളുടെ ദൈവമായ കർത്താവേ അവരെ നിശ്ശബ്ദരാക്കണമേ.

## സങ്കീർത്തനം 95

വരുവിൻ നമുക്കു കർത്താവിനെ സ്തുതിക്കാം.
രക്ഷകനായ ദൈവത്തിന് ഗാനമാലപിക്കാം.
2. കൃതജ്ഞതാഗീതങ്ങളോടെ നമുക്ക് അവന്റെ സന്നിധിയിൽ ചേരാം.
സങ്കീർത്തനങ്ങളാൽ പാടിപ്പുകഴ്ത്താം.
3. കർത്താവാണല്ലോ മഹോന്നത ദൈവം !
എല്ലാ ദേവന്മാരേക്കാളും വലിയ രാജാവ്.
4. ഭൂമിയുടെ അടിസ്ഥാനങ്ങളും
പർവതശൃംഗങ്ങളും അവന്റെ അധീനതയിലാകുന്നു.
5. സമുദ്രം അവന്റേതാകുന്നു; അവൻ അതിനെ സൃഷ്ടിച്ചു.
കരയും അവന്റെ കൈകൾ തന്നെ രൂപപ്പെടുത്തി.
6. വരുവിൻ നമുക്ക് അവനെ കുമ്പിട്ട് ആരാധിക്കാം;
നമ്മെ സൃഷ്ടിച്ച കർത്താവിനെ വാഴ്ത്താം.
7. അവൻ തന്നെയാണല്ലോ നമ്മുടെ ദൈവം,
നാം അവന്റെ ജനവും മേച്ചിൽ സ്ഥലത്തെ ആടുകളുമാകുന്നു.
8. ഇന്നു നിങ്ങൾ അവന്റെ സ്വരം ശ്രവിക്കുമെങ്കിൽ;
പിറുപിറുപ്പുകാരെപ്പോലെയും,
മരുപ്രദേശത്തെ പരീക്ഷണദിനംപോലെയും,
നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്.
9. നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു.
നാല്പതു സംവത്സരം എന്റെ പ്രവൃത്തികളെ
അവർ പരീക്ഷിച്ചറിഞ്ഞു.
10. എനിക്ക് ആ തലമുറയോടു നീരസമായി;
വഴി പിഴയ്ക്കുന്ന ഹൃദയമുള്ള ജനമാണ് അവർ എന്നും
എന്റെ വഴികൾ അവർ അറിഞ്ഞില്ലെന്നും ഞാൻ പറഞ്ഞു.
11. എന്റെ കോപത്തിൽ ഞാൻ സത്യം ചെയ്തു പറഞ്ഞതുപോലെ
അവർ എന്റെ ആശ്വാസത്തിൽ പ്രവേശിക്കുകയില്ല.

## സങ്കീർത്തനം 96

കർത്താവിന് ഒരു നവ്യഗീതം പാടുവിൻ
അഖില ഭുവനമേ, കർത്താവിനു ഗാനമാലപിക്കുവിൻ.
2. കർത്താവിനു സ്തോത്രം ചെയ്യ്; അവന്റെ നാമത്തെ വാഴ്ത്തുവിൻ
അനുദിനം അവന്റെ രക്ഷ ഉദ്ഘോഷിക്കുവിൻ!
3. അവന്റെ മഹത്വം വിജാതീയർക്കിടയിൽ പ്രസിദ്ധമാക്കുവിൻ,
എല്ലാ ജനപദങ്ങൾക്കിടയിലും അവന്റെ പ്രവൃത്തികളും.
4. എന്തെന്നാൽ കർത്താവു വലിയവനാകുന്നു;
അത്യന്തം സ്തുത്യർഹനും
സർവ ദേവന്മാർക്കുമുപരി ഭീതിദനുമാകുന്നു.
5. വിജാതീയരുടെ ദേവന്മാരെല്ലാം വ്യർത്ഥമാണ്.
കർത്താവാകട്ടെ ആകാശത്തെ നിർമ്മിച്ചു.
6. മഹത്വവും പ്രതാപവും അവന്റെ സന്നിധിയിലുണ്ട്;
ശക്തിയും സ്തുതിയും അവന്റെ വിശുദ്ധസ്ഥലത്ത്.
7. വിജാതീയരുടെ വംശങ്ങളേ,
സ്തുതിയും ബഹുമാനവും കർത്താവിനു നൽകുവിൻ.
8. കർത്താവിന്റെ നാമത്തിന് ബഹുമാനം നൽകുവിൻ;
കാഴ്ചകൾ വഹിച്ചുകൊണ്ട് അവന്റെ മുറ്റത്തേയ്ക്ക് പ്രവേശിപ്പിൻ.
9. കർത്താവിനെ അവന്റെ വിശുദ്ധാങ്കണത്തിൽ ആരാധിപ്പിൻ;
നിഖില ഭുവനവും അവന്റെ മുമ്പിൽ വിറകൊള്ളും.
10. കർത്താവ് ഭരണം നടത്തുന്നു എന്നും,
ഇളകാത്തവിധം ലോകത്തെ അവൻ ഉറപ്പിച്ചു എന്നും
ജനതകൾക്കിടയിൽ പറയൂ.
അവൻ ജനതകളെ ന്യായപൂർവ്വം വിധിക്കും.
11. ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും ചെയ്യട്ടെ.
സമുദ്രം അതിന്റെ നിറവിൽ ആഹ്ളാദിക്കട്ടെ.
12. വയലുകളും അവയിലുള്ളവയഖിലവും പുഷ്ടി പ്രാപിക്കട്ടെ.
അപ്പോൾ വനത്തിലെ വൃക്ഷങ്ങളെല്ലാം
13. ലോകത്തെ വിധിക്കാൻ വരുന്ന കർത്താവിന്റെ മുമ്പിൽ സ്തുതി പാടും.
അവൻ പ്രപഞ്ചത്തെ നീതിയോടെ വിധിക്കും;
ജനതകളെ വിശ്വസ്തതയോടും.

## സങ്കീർത്തനം 97

കർത്താവു ഭരണം നടത്തുന്നു, ഭൂമി ആനന്ദിക്കട്ടെ;
അനേകം ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.
2. അവനു ചുറ്റും മേഘങ്ങളും, മേഘപടലങ്ങളും;
പരിശുദ്ധതയിലും നീതിയിലും അവന്റെ സിംഹാസനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.
3. അവന്റെ മുമ്പാകെ അഗ്നി ജ്വലിക്കും;
അവന്റെ ശത്രുക്കളെ അതു ദഹിപ്പിക്കും.
4. അവന്റെ മിന്നൽപ്പിണരുകൾ ലോകത്തെ പ്രകാശിപ്പിച്ചു;
ഭൂമി (അതു) കണ്ട് വിറച്ചു.
5. അഖില ലോകത്തിന്റെയും നാഥനായ കർത്താവിന്റെ സന്നിധിയിൽ;
പർവ്വതങ്ങൾ മെഴുകുപോലെ ഉരുകി.
6. ആകാശം അവന്റെ പരിശുദ്ധത ഉദ്ഘോഷിച്ചു;
സർവ്വ ജനതകളും അവന്റെ മഹത്വം കണ്ടു.

www.malankaralibrary.com

7. വിഗ്രഹങ്ങളെ നിർമ്മിക്കയും, ബിംബങ്ങളിൽ ഊറ്റം
കൊള്ളുകയും ചെയ്യുന്നവരെല്ലാം ലജ്ജിക്കട്ടെ.
അവന്റെ സർവ്വമാലാകാമാരെ, അവനെ ആരാധിപ്പിൻ.
8. കർത്താവേ നിന്റെ ന്യായവിധികൾ കേട്ട് സെഹി
യോൻ സന്തോഷിക്കട്ടെ.
യൂദായുടെ പുത്രിമാർ ആനന്ദിക്കട്ടെ.
9. കാരണം, സർവ്വഭൂമിക്കുമുപരി അത്യുന്നതനായ കർ
ത്താവ് നീയാകുന്നു;
സർവ്വ ദേവന്മാരെക്കാളും നീ മഹത്വം പ്രാപിച്ചിരി
ക്കുന്നു.
10. കർത്താവിന്റെ സ്നേഹിതർ തിന്മ വെറുക്കുന്നു,
തന്റെ വിശുദ്ധരുടെ ആത്മാക്കളെ അവൻ പരിപാലി
ക്കുന്നു.
ദുഷ്ടരുടെ കയ്യിൽനിന്ന് അവൻ അവരെ രക്ഷിക്കും
11. നീതിമാന്മാർക്ക് പ്രകാശം ഉദിച്ചു;
ഹൃദയപരമാർത്ഥതയുള്ളവർക്കു സന്തോഷവും.
12. നീതിമാന്മാരേ നിങ്ങൾ കർത്താവിൽ സന്തോഷിക്കു
വിൻ,
അവന്റെ പരിശുദ്ധിയുടെ ഓർമ്മയ്ക്കു സ്തോത്രമർപ്പി
ക്കുവിൻ.

## സങ്കീർത്തനം 98

കർത്താവിന് ഒരു നവ്യകീർത്തനം പാടുവിൻ;
കാരണം അവൻ അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു.
അവന്റെ വലംകൈയും വിശുദ്ധ ഭുജവും(ഇസ്രായേ
ലിനെ) രക്ഷിച്ചു.
2. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
വിജാതീയരുടെ മുമ്പിൽ അവൻ തന്റെ നീതി വെളിപ്പെ
ടുത്തി.
3. ഇസ്രായേൽ ഭവനത്തോടുള്ള തന്റെ കൃപയും
വിശ്വസ്തതയും അവൻ ഓർത്തു.
നമ്മുടെ ദൈവത്തിന്റെ രക്ഷ
ഭൂമിയുടെ എല്ലാ അതിരുകളും ദർശിച്ചിരിക്കുന്നു.
4. അഖില ഭുവനമേ കർത്താവിനെ സ്തുതിക്കുവിൻ;
ആഹ്ളാദിച്ചു പാടി സ്തുതിക്കുവിൻ.
5. കിന്നരങ്ങളാലും സംഗീത നാദങ്ങളാലും
കർത്താവിനു ഗാനം പാടുവിൻ.
6. കൊമ്പുകളുടെ നാദത്താലും
രാജാവായ കർത്താവിന്റെ മുമ്പാകെ സ്തുതി പാടുവിൻ.
7. സമുദ്രം അതിന്റെ നിറവിൽ ഇളകും.
ലോകവും അതിലെ നിവാസികളും (ഇളകും).
8. നദികൾ ഒന്നിച്ചു കരഘോഷം മുഴക്കും.
9. ഭൂമിയെ വിധിക്കാൻ വരുന്ന കർത്താവിന്റെ സന്നിധി
യിൽ
മലകൾ സ്തോത്രം ആലപിക്കും,
അവൻ ലോകത്തെ നീതിയോടെ വിധിക്കും,
ജനതകളെ ന്യായയുക്തമായും.

## സങ്കീർത്തനം 99

കർത്താവു രാജാവായി വാഴുന്നു; ജനതകൾ വിറകൊ
ള്ളട്ടെ!
അവൻ ക്രോവേമാരുടെമേൽ സിംഹാസനാരൂഢനായി
രിക്കുന്നു:
ഭൂമി പ്രകമ്പനം കൊള്ളട്ടെ!
2. സെഹിയോനിൽ കർത്താവു വലിയവൻ;
സർവ ജനതകളുടെയുംമേൽ അവൻ ഉന്നതൻ!
3. നിന്റെ ശ്രേഷ്ഠവും ഭീതിജനകവുമായ നാമത്തെ
അവർ പുകഴ്ത്തട്ടെ;
എന്തെന്നാൽ, അത് പരിശുദ്ധമാകുന്നു.
4. രാജാവിന്റെ ശക്തി നീതിവിധിയെ സ്നേഹിക്കുന്നു;
നേരും നീതിയും നീ ക്രമപ്പെടുത്തി
യാക്കോബിൽ ധാർമ്മികത സ്ഥാപിച്ചു.
5. നമ്മുടെ ദൈവമായ കർത്താവിനെ മഹത്വപ്പെടുത്തു
വിൻ.
അവന്റെ പാദപീഠത്തെ വണങ്ങുവിൻ.
അവൻ പരിശുദ്ധനാകുന്നു.
6. മൂശെയും ആചാര്യന്മാരിൽ അഹ്റോനും
അവന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരിൽ ശ്മു
യേലും (പരിശുദ്ധരാകുന്നു)
അവർ കർത്താവിനോട് നിലവിളിച്ചു;
അവൻ അവർക്ക് ഉത്തരമരുളി.
7. മേഘസ്തംഭത്തിലൂടെ അവൻ അവരോടു സംസാരിച്ചു;
അവർ അവന്റെ സാക്ഷ്യത്തെയും അവൻ അവർക്കു
കൊടുത്ത ഉടമ്പടിയെയും പാലിച്ചു.
8. ഞങ്ങളുടെ ദൈവമായ കർത്താവേ, നീ അവർക്കു
ഉത്തരം നൽകി.
ദൈവമേ, നീ അവർക്കു പ്രതിഫലം നൽകുന്നവനാ
കുന്നു.
അവരുടെ പ്രവൃത്തിക്കനുസരിച്ച് നീ അവർക്കു പ്രതി
ഫലം നൽകണമേ.
9. നമ്മുടെ ദൈവമായ കർത്താവിനെ വാഴ്ത്തുക;
അവന്റെ പരിശുദ്ധ പർവതത്തിൽ അവനെ ആരാധി
ക്കുക;
കാരണം, നമ്മുടെ ദൈവമായ കർത്താവ് പരിശുദ്ധ
നാകുന്നു.

## സങ്കീർത്തനം 100

അഖിലഭുവനമേ, കർത്താവിനെ സ്തുതിക്കുക
2. സസന്തോഷം കർത്താവിനു ശുശ്രൂഷ ചെയ്യുക
കീർത്തനാലാപത്തോടെ അവന്റെ സന്നിധിയിൽപ്ര
വേശിക്കുക
3. നമ്മുടെ ദൈവമായ കർത്താവ് അവൻ തന്നെ
യാകുന്നു എന്ന് നിങ്ങൾ അറിയുക?
നാം അല്ല, അവനത്രെ നമ്മെ സൃഷ്ടിച്ചത് .
നാം അവന്റെ ജനവും, അവന്റെ ആലയിലെ അജങ്ങ
ളുമാണ്.
4. സ്തോത്രമർപ്പിച്ചുകൊണ്ട് അവന്റെ കവാടങ്ങളിൽ പ്ര
വേശിക്കുക
സ്തുതിയോടെ അവന്റെ അങ്കണത്തിൽ കടക്കുക.
അവനു സ്തോത്രം ചെയ്ത് അവന്റെ നാമം വാഴ്ത്തുക.
5. കർത്താവു നല്ലവനാകുന്നു.
അവന്റെ കൃപ എന്നേക്കും
അവന്റെ വിശ്വസ്തത തലമുറകളോളം.

www.malankaralibrary.com

## സങ്കീർത്തനം 101

കൃപയെയും ന്യായവിധിയെയും ഞാൻ പാടിപ്പുക
ഴ്ത്തും.
കർത്താവേ നിന്നെ ഞാൻ സ്തുതിക്കും.
2. നിന്റെ വഴിയിൽ കളങ്കരഹിതനായി ഞാൻ നടക്കും,
ഓ, എപ്പോഴാണു നീ എന്നിലേക്കു വരുക?
നിഷ്ക്കപടതയോടെ എന്റെ ഭവനത്തിൽ ഞാൻ
വ്യാപരിച്ചു.
3. എന്റെ കൺമുമ്പാകെ ഞാൻ ദുഷ്ക്കാര്യത്തെ സൂക്ഷി
ച്ചുവച്ചില്ല.
ദുഷ്കൃത്യം പ്രവർത്തിക്കുന്നവനെ ഞാൻ ദ്വേഷിച്ചു.
അയാൾ എന്നോടു പറ്റിച്ചേർന്നുമില്ല.
4. ദുഷ്ട ഹൃദയം എന്നിൽനിന്നു മാറിപ്പോയി.
തിന്മ ഞാൻ അറിഞ്ഞില്ല.
5. തന്റെ സ്നേഹിതനെതിരായി രഹസ്യത്തിൽ
ഏഷണി പറയുന്നവനെ ഞാൻ നശിപ്പിച്ചിരുന്നു.
കണ്ണുകളിൽ ഡംഭും ഹൃദയത്തിൽ അഹങ്കാരവും
ഉള്ളവനോടുകൂടെ ഞാൻ ഭക്ഷിച്ചിരുന്നില്ല.
6. ഭൂമിയിലെ വിശ്വസ്തർ എന്നോടുകൂടെ വസിക്കേണ്ട
തിന്
എന്റെ കണ്ണുകൾ അവരുടെമേൽ.
കുറ്റമറ്റ മാർഗ്ഗത്തിൽ വ്യാപരിക്കുന്നവൻ
എനിക്കു ശുശ്രൂഷ ചെയ്യും.
7. വഞ്ചന പ്രവർത്തിക്കുന്നവൻ
എന്റെ ഭവനത്തിൽ വസിക്കയില്ല.
അസത്യഭാഷണം
എന്റെ കൺമുമ്പിൽ നില്ക്കയില്ല.
8. പ്രഭാതത്തിൽ ഭൂമിയിലെ ദുഷ്ടരെയെല്ലാം ഞാൻ നിശ്ശ
ബ്ദരാക്കും;
കർത്താവിന്റെ നഗരത്തിൽനിന്ന്
സർവ ദുർവൃത്തരെയും ഞാൻ നശിപ്പിക്കും.

## സങ്കീർത്തനം 102

കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ;
എന്റെ നിലവിളി നിന്റെ സന്നിധിയിൽ എത്തട്ടെ;
2. എന്റെ കഷ്ടതയുടെ ദിനത്തിൽ
എന്നിൽനിന്ന് നിന്റെ മുഖം തിരിച്ചുകളയരുതേ;
ഞാൻ നിന്നെ വിളിക്കുന്ന നാളിൽ, ചെവി എന്നിലേ
യ്ക്കു ചായിച്ച്
വേഗം എനിക്ക് ഉത്തരമരുളണമേ.
3. കാരണം, എന്റെ ദിനങ്ങൾ പുകപോലെ കഴിഞ്ഞു
പോയി;
എന്റെ അസ്ഥികൾ വെണ്ണീർപോലെ വെളുത്തു.
4. അപ്പം ഭക്ഷിക്കുവാൻ ഞാൻ മറന്നുപോയതുകൊണ്ട്,
എന്റെ ഹൃദയം വാടി പുല്ലുപോലെ ഉണങ്ങി.
5. എന്റെ നെടുവീർപ്പിന്റെ ശബ്ദംമൂലം,
എന്റെ മാംസം എന്റെ അസ്ഥികളോട് ഒട്ടിച്ചേർന്നു.
6. മരുഭൂമിയിലെ ഞാറപ്പക്ഷിക്കു ഞാൻ സദൃശനായി,
ഞാൻ വിജനപ്രദേശത്തെ മൂങ്ങായെപ്പോലെ ആയി.
7. പുരമുകളിൽ പറന്നിരിക്കുന്ന കുരികിലിനെപ്പോലെ
ഞാൻ ഭ്രമിച്ച് ഏകാകിയായി.
8. ദിവസം മുഴുവൻ എന്റെ ശത്രുക്കൾ എന്നെ നിന്ദിച്ചു.
എന്നെ സ്തുതിക്കുന്നവർ എനിക്കെതിരായി സത്യം ചെ
യ്തു.
9. തന്മൂലം ഞാൻ ചാരമാണ് അപ്പമെന്നപോലെ ഭക്ഷി
ക്കുന്നത്.
എന്റെ പാനീയത്തിൽ ഞാൻ കണ്ണുനീർ കലർത്തി.
10. ഇതിനു കാരണം നിന്റെ കോപവും ക്രോധവും തന്നെ.
നീ എന്നെ ഉയർത്തുകയും മറിച്ചിടുകയും ചെയ്തല്ലോ.
11. എന്റെ ദിനങ്ങൾ നിഴലുപോലെ മാഞ്ഞുപോയി.
ഞാൻ പുല്ലുപോലെ ഉണങ്ങിപ്പോയി.
12. കർത്താവേ, നീയോ നിത്യമായി സ്ഥിതി ചെയ്യുന്നു;
നിന്റെ സ്മരണ സർവ്വ തലമുറകളോളം ഉണ്ടായിരിക്കും.
13. നീ എഴുന്നേറ്റ് സെഹിയോനോട് കരുണ കാണിക്ക
ണമേ;
അതിനോടു കൃപ ചെയ്യേണ്ട കാലം ആസന്നമായി.
14. നിന്റെ ദാസർക്ക് അതിന്റെ കല്ലുകൾ പ്രിയപ്പെട്ടവയാ
ണ്.
അതിന്റെ പൂഴിയെ അവർ സ്നേഹിക്കുന്നു.
15. കർത്താവേ വിജാതീയർ നിന്റെ നാമത്തെ ഭയപ്പെടും;
ഭൂമിയിലെ സർവ രാജാക്കന്മാരും നിന്റെ മഹത്വത്തെ
യും.
16. കാരണം, കർത്താവു സെഹിയോനെ പടുത്തുയ
ർത്തും.
അവൻ തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകും.
17. അവൻ ദരിദ്രരുടെ പ്രാർത്ഥനയ്ക്കു ചായുന്നു,
അവരുടെ യാചന അവൻ തിരസ്ക്കരിക്കുന്നില്ല.
18. മറ്റൊരു തലമുറയ്ക്കായി ഇതു എഴുതപ്പെടും;
അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ജനം കർത്താവിനെ
പ്രകീർത്തിക്കും.
19. ബന്ദിയുടെ ഞരക്കങ്ങൾ കേൾക്കാൻ,
20. മക്കളെ മരണത്തിൽനിന്നു മോചിപ്പിക്കാൻ
അവൻ തന്റെ ഉന്നതമായ വിശുദ്ധസ്ഥലത്തു നിന്നു
നോക്കി;
കർത്താവ് ആകാശത്തിൽനിന്നു ഭൂമിയിലേക്കു നോ
ക്കി.
21. ജനതകളും രാജ്യങ്ങളും കർത്താവിനെ സേവിക്കാൻ
സമ്മേളിക്കുമ്പോൾ
22. സെഹിയോനിൽ കർത്താവിന്റെ നാമം ഉദ്ഘോഷിക്ക
പ്പെടും.
ഓറെശ്ലേത്തു അവന്റെ സ്തുതിയും.
23. അവർ ഭൂമിയിൽ എന്റെ ശക്തിയെ താഴ്ത്തി.
എന്റെ ദിനങ്ങളുടെ ഹ്രസ്വതയെ അവൻ എന്നെ
അറിയിച്ചു.
24. എന്റെ ജീവിതത്തിന്റെ മദ്ധ്യത്തിൽ നീ എന്നെ എടു
ത്തു കളയരുതേ;
നിന്റെ വത്സരങ്ങൾ തലമുറ തലമുറയോളം ആകുന്നു
വല്ലോ.
25. ആദിയിൽ നീ ഭൂമിയെ സ്ഥാപിച്ചു.
ആകാശം നിന്റെ കൈവേലയാകുന്നു.

www.malankaralibrary.com

26. അവ കടന്നുപോകുന്നു, നീയോ നിലനില്ക്കുന്നു.
അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും,
ഉടുപ്പിനു തുല്യം അവ മാറ്റപ്പെടുന്നു.
27. എങ്കിലും നീയാകട്ടെ നീ ആയിരിക്കുന്നപോലെ തന്നെ ആയിരിക്കും.
നിന്റെ വത്സരങ്ങൾക്ക് അറുതിയില്ല.
28. നിന്റെ ദാസരുടെ മക്കൾ ഭൂമിയിൽ വസിക്കും;
അവരുടെ സന്തതി നിന്റെ സന്നിധിയിൽ നിലനില്ക്കും.

## സങ്കീർത്തനം 103

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക;
എന്റെ സകല അസ്ഥികളേ, അവന്റെ പരിശുദ്ധനാമത്തെ വാഴ്ത്തുക!
2. എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക
അവന്റെ ദാനങ്ങളൊന്നും വിസ്മരിക്കരുത്.
3. അവൻ നിന്റെ അപരാധമെല്ലാം പൊറുക്കുന്നു
അവൻ നിന്റെ രോഗങ്ങളെല്ലാം സൗഖ്യമാക്കുന്നു.
4. അവൻ നാശത്തിൽനിന്നു നിന്നെ രക്ഷിക്കുന്നു.
അവൻ കൃപകൊണ്ടും കരുണകൊണ്ടും നിന്നെ താങ്ങുന്നു.
5. അവൻ സദ്‌വിഭവങ്ങളാൽ നിന്റെ ശരീരത്തെ തൃപ്തിപ്പെടുത്തുന്നു.
തന്മൂലം കഴുകനു തുല്യം നിന്റെ യൗവനം നവീകരിക്കുന്നു.
6. എല്ലാ പീഡിതർക്കും കർത്താവ് നീതിയും ന്യായവും നടത്തുന്നു.
7. അവൻ തന്റെ വഴികളെ മൂശെയ്ക്കും,
തന്റെ പ്രവൃത്തികളെ ഇസ്രായേൽമക്കൾക്കും കാണിച്ചു കൊടുത്തു.
8. കർത്താവ് കരുണാമയനും, കൃപാലുവുമാകുന്നു;
ക്ഷമാശീലനും, സ്നേഹസമ്പന്നനുമാണവൻ.
9. എപ്പോഴും അവൻ കോപിക്കുന്നില്ല.
തന്റെ ക്രോധം നിത്യം നിലനിറുത്തുന്നുമില്ല.
10. അവൻ നമ്മുടെ പാപങ്ങൾക്കനുസരിച്ചല്ല നമ്മോടു പ്രവർത്തിച്ചത്,
നമ്മുടെ ദുഷ്ടതക്കനുസൃതമായി പകരം വീട്ടിയുമില്ല.
11. കാരണം, ആകാശം ഭൂമിയിൽനിന്ന് ഉയർന്നിരിക്കുന്നതുപോലെ
കർത്താവിന്റെ കൃപ, തന്നെ ഭയപ്പെടുന്നവരുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു.
12. കിഴക്ക് പടിഞ്ഞാറിൽനിന്ന് അകന്നിരിക്കുന്നതുപോലെ
നമ്മുടെ അതിക്രമങ്ങളെ അവൻ നമ്മിൽനിന്ന് അകറ്റിയിരിക്കുന്നു.
13. പിതാവു തന്റെ മക്കളോടു കരുണ കാണിക്കുന്നതുപോലെ
കർത്താവു തന്നെ ഭയപ്പെടുന്നവരോടു കരുണകാണിക്കുന്നു.
14. നാം മനയപ്പെട്ടത് എന്തുകൊണ്ടാണെന്ന് അവൻ അറിയുന്നു.
നാം പൂഴിയാണെന്ന് അവന് ഓർമ്മയുണ്ട്.
15. മനുഷ്യന്റെ ദിനങ്ങൾ പുല്ലിനോടു തുല്യമാകുന്നു.
പുൽച്ചെടിപോലെ അതു മുളച്ചുയരുന്നു.
16. അതിന്മേൽ കാറ്റടിക്കുമ്പോൾ അതില്ലാതാകുന്നു
അതിന്റെ സ്ഥാനവും അറിയപ്പെടുന്നില്ല.
17. എന്നാൽ കർത്താവിന്റെ കൃപ, തന്നെ ഭയപ്പെടുന്നവരുടെമേൽ
അനാദി മുതൽക്ക് എന്നെന്നും ഉണ്ടായിരിക്കും,
അവന്റെ നീതി അവരുടെ മക്കളുടെ മക്കളുടെമേലും.
18. അവന്റെ ഉടമ്പടി പാലിച്ച് അവന്റെ പ്രമാണങ്ങളെയോർത്ത്
അവ അനുഷ്ഠിക്കുന്നവരുടെമേലും.
19. കർത്താവ് ആകാശത്തിൽ തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.
അവന്റെ രാജത്വം എല്ലാറ്റിന്മേലും അധികാരമുള്ളതാണ്.
20. കർത്താവിന്റെ ശക്തരായ മാലാഖമാരേ, അവന്റെ പ്രമാണങ്ങൾ പാലിക്കുന്നവരേ,
കർത്താവിനെ വാഴ്ത്തുവിൻ.
21. അവന്റെ ഇഷ്ടം പ്രവർത്തിക്കുന്ന ശുശ്രൂഷകരേ,
അവന്റെ സർവ സൈന്യങ്ങളേ, കർത്താവിനെ വാഴ്ത്തുവിൻ!
22. അവന്റെ അധികാരം ഭൂമിയിലെല്ലാം
ആകയാൽ അഖില സൃഷ്ടികളേ
കർത്താവിനെ വാഴ്ത്തുവിൻ.
എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക.

## സങ്കീർത്തനം 104

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക
എന്റെ ദൈവമായ കർത്താവേ, നീ ഏറ്റം വലിയവനാകുന്നു.
നീ പ്രഭയും മഹത്വവും അണിഞ്ഞിരിക്കുന്നു.
2. ഒരു മേലങ്കിയാലെന്നപോലെ പ്രകാശത്താൽ നീ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു
തിരശ്ശീലപോലെ ആകാശത്തെ നീ വിരിച്ചിരിക്കുന്നു.
3. അവൻ തന്റെ മാളികകളെ ജലത്തിൽ നിർമ്മിച്ചു;
അവൻ മേഘങ്ങളിൽ തന്റെ രഥത്തെ സ്ഥാപിച്ചു.
കാറ്റിൻചിറകുകളിൽ അവൻ സവാരി ചെയ്യുന്നു.
4. അവൻ തന്റെ മാലാഖമാരെ അരൂപിയായും
തന്റെ ശുശ്രൂഷികളെ ജ്വലിക്കുന്ന തീയായും സൃഷ്ടിച്ചു.
5. ഭൂമിയെ ഒരിക്കലും ഇളകിപ്പോകാത്തവിധം,
അതിന്റെ അടിസ്ഥാനത്തിന്മേൽ അവൻ ഉറപ്പിച്ചുനിറുത്തി.
6. വസ്ത്രംകൊണ്ടെന്നപോലെ ആഴത്തെ അവൻ ആവരണം ചെയ്തു.
ജലരാശി പർവതങ്ങൾക്കുപരി നിലകൊണ്ടു.
7. നിന്റെ ശാസനയാൽ അവ ഓടുന്നു;
നിന്റെ ഇടിനാദത്താൽ അവ ഭ്രമിക്കുന്നു.
8. നീ അവയ്ക്കു നിശ്ചയിച്ച സ്ഥലത്ത് മലകൾ ഉയരുകയും
താഴ്വരകൾ താഴുകയും ചെയ്തു.

www.malankaralibrary.com


9. അവ അതിക്രമിച്ച് ഭൂമിയെ മൂടാതെ
നീ അവയ്ക്ക് അതിർത്തി നിശ്ചയിച്ചു.
10. നീരുറവകളെ നീ മലയിടുക്കുകളിൽ അയച്ചു;
അവ മലകൾക്കിടയിലൂടെ സഞ്ചരിക്കുന്നു.
11. വനത്തിലെ എല്ലാ മൃഗങ്ങളെയും അവ കുടിപ്പിക്കുന്നു.
ദാഹിക്കുന്ന കാട്ടുകഴുതകൾ തൃപ്തിപ്പെടുകയും ചെയ്യുന്നു.
12. അവയ്ക്കരികെ ആകാശപ്പറവകൾ വസിക്കുന്നു.
മലകൾക്കിടയിൽനിന്ന് അവ ശബ്ദം പുറപ്പെടുവിക്കുന്നു.
13. തന്റെ മാളികയിൽനിന്ന് അവൻ മലകളെ നനയ്ക്കുന്നു.
നിന്റെ പ്രവൃത്തിയുടെ ഫലങ്ങളാൽ ഭൂമി സംതൃപ്തയാകും.
14. നാല്ക്കാലികൾക്കായി അവൻ പുല്ലു മുളപ്പിക്കുന്നു.
മനുഷ്യന്റെ സേവനത്തിന് അവനായി ആഹാരമുല്പാദിപ്പിക്കാൻ ഭൂമിയിൽ
സസ്യങ്ങളെ വളർത്തുന്നു.
15. മനുഷ്യഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും,
മുഖം പ്രസന്നമാക്കുവാൻ തൈലവും;
ശക്തി ഏകുവാൻ അപ്പവും നല്കുന്നു.
16. കർത്താവിന്റെ വൃക്ഷങ്ങളും, താൻ നട്ട
ലെവ്നാനിലെ അർസ്സുമരങ്ങളും തൃപ്തിപ്പെടും.
17. അവിടെ കുരികിൽ കൂടുകെട്ടും.
കൊക്കിന്റെ കൂട് ദേവദാരു വൃക്ഷങ്ങളിൽ.
18. ഉയർന്ന മലകൾ കാട്ടാറുകൾക്കും
പാറകൾ മുള്ളൻപന്നികൾക്കും സങ്കേതം.
19. കാലങ്ങളെക്കാണിക്കാൻ അവൻ ചന്ദ്രനെ സൃഷ്ടിച്ചു.
സൂര്യൻ അതിന്റെ അസ്തമയകാലം അറിയുന്നു.
20. അവൻ ഇരുട്ടുണ്ടാക്കുന്നു: അങ്ങനെ രാത്രിയാകുന്നു.
അതിൽ എല്ലാ വന്യമൃഗങ്ങളും സഞ്ചരിക്കുന്നു.
21. സിംഹങ്ങൾ ഇരയ്ക്കായി അലറുന്നു.
ദൈവത്തോടു തങ്ങളുടെ ആഹാരം ചോദിക്കുന്നു.
22. സൂര്യോദയത്തിൽ അവ ഗുഹകളിൽ ഒന്നിച്ചുകൂടി
വാസസ്ഥലത്തു പതുങ്ങിക്കിടക്കുന്നു.
23. മനുഷ്യൻ വേല ചെയ്യാൻ പുറപ്പെടുന്നു;
അന്തിയോളം അദ്ധ്വാനത്തിനായും.
24. കർത്താവേ, എത്രയോ ഏറെയാണു നിന്റെ ചെയ്തികൾ!
ജ്ഞാനത്തോടെ നീ അവയെയെല്ലാം സൃഷ്ടിച്ചിരിക്കുന്നു.
നിന്റെ സമ്പത്തുകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.
25. കണ്ടാലും, സമുദ്രം എത്ര വലുതും, വിശാലവും!
അതിൽ എണ്ണമറ്റ ഇഴജന്തുക്കൾ;
ചെറുതും വലുതുമായ ജീവികൾ.
26. അതിലൂടെ കപ്പലുകൾ സഞ്ചരിക്കുന്നു;
അവിടെ വിളയാടാൻ നീ സൃഷ്ടിച്ച ലേവിയാത്തനും.
27. നീ അവയ്ക്ക് യഥാകാലം ആഹാരം കൊടുക്കുന്നതിനായി;
അവയെല്ലാം നിന്നെ കാത്തിരിക്കുന്നു.
28. നീ അവയ്ക്കു കൊടുക്കുമ്പോൾ അവ പോഷിപ്പിക്കപ്പെടുന്നു;
നീ കൈ തുറക്കുമ്പോൾ അവ സംതൃപ്തിയടയുന്നു.
29. നീ മുഖം തിരിക്കുമ്പോൾ അവ പരിഭ്രമിക്കുന്നു.
അവയുടെ ശ്വാസം നീ എടുത്തുകളയുമ്പോൾ അവ ചാകുന്നു;
അവ പൊടിയിലേയ്ക്കു മടങ്ങിപ്പോകുന്നു.
നിന്റെ അരൂപിയെ അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു;
നീ ഭൂമുഖത്തെ നവീകരിക്കുന്നു.
31. കർത്താവിനു മഹത്വം എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.
കർത്താവു തന്റെ സൃഷ്ടികളിൽ സന്തോഷിക്കട്ടെ.
32. അവൻ ഭൂമിയെ നോക്കുമ്പോൾ അതു വിറയ്ക്കുന്നു;
അവൻ മലകളെ ശാസിക്കുമ്പോൾ അവ പുകയുന്നു.
33. എന്റെ ആയുഷ്ക്കാലമത്രയും ഞാൻ കർത്താവിനെ സ്തുതിക്കും.
ഞാൻ ഉള്ളകാലത്തോളം എന്റെ ദൈവത്തെ ഞാൻ പാടി സ്തുതിക്കും.
34. എന്റെ സ്തുതി അവനു പ്രിയംകരമാകട്ടെ;
ഞാൻ കർത്താവിൽ ആനന്ദിക്കും;
പാപികൾ ഭൂമുഖത്തുനിന്നു ഇല്ലാതാകട്ടെ!
ദുഷ്ടന്മാർ തിരോധാനം ചെയ്യട്ടെ.
എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക.

## സങ്കീർത്തനം 105

കർത്താവിനു സ്തോത്രം അർപ്പിച്ച് അവന്റെ നാമം വിളിച്ച് അപേക്ഷിക്കുക;
ജനതകൾക്കിടയിൽ അവന്റെ പ്രവൃത്തികൾ അറിയിക്കുക;
2. അവനെ സ്തുതിച്ച് അവനു കീർത്തനം പാടുവിൻ.
അവന്റെ അത്ഭുതകൃത്യങ്ങളെല്ലാം വിളിച്ചറിയിക്കുവിൻ.
3. അവന്റെ പരിശുദ്ധ നാമത്തെ പ്രകീർത്തിക്കുവിൻ.
കർത്താവിനെ തേടുന്നവരുടെ ഹൃദയം ആനന്ദിക്കട്ടെ.
4. കർത്താവിനെ അന്വേഷിച്ചു ശക്തരാകുക,
അവന്റെ മുഖം നിരന്തരം തേടുക!
5. അവൻ ചെയ്തിട്ടുള്ള ആശ്ചര്യകരമായ കാര്യങ്ങൾ,
അവന്റെ അത്ഭുതങ്ങളും അവൻ
പ്രഖ്യാപിച്ച വിധികളും സ്മരിക്കുക,
6. അവന്റെ ദാസനായ അബ്രാഹത്തിന്റെ സന്തതിയേ,
അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരായ യാക്കോബിന്റെ പുത്രന്മാരേ,
7. അവനാണു നമ്മുടെ ദൈവമായ കർത്താവ്.
ഭൂമിയിലെല്ലാം അവന്റെ ന്യായവിധികൾ.
8. അവൻ തന്റെ ഉടമ്പടി എക്കാലവും,
താൻ കല്പിച്ച വാക്ക് സഹസ്രപുരുഷാന്തരങ്ങളിലും അനുസ്മരിക്കുന്നു.
9. കാരണം, അബ്രാഹത്തോട് താൻ ചെയ്ത ഉടമ്പടിയും,
ഇസഹാക്കിനോടു ചെയ്ത വാഗ്ദാനങ്ങളും
10. യാക്കോബിനോടുള്ള തന്റെ സാക്ഷ്യവും അവൻ സ്ഥിരപ്പെടുത്തി.

www.malankaralibrary.com


11. അത് ഇസ്രായേലിനു നിത്യമായ ഉടമ്പടിയാക്കി അവൻ അരുളിച്ചെയ്തു.
"നിനക്ക് അവകാശമായി ഞാൻ കാനാൻദേശം തരും".
12. നിങ്ങൾ എണ്ണത്തിൽ കുറവായിരുന്നപ്പോൾ,
നിസ്സാരരായിരുന്നപ്പോൾ, അവിടെ പ്രവാസികളായിരുന്നപ്പോൾ,
13. ഒരു ജാതിയെ വിട്ടു മറ്റൊരു ജാതിയിലേക്കും
ഒരു രാജ്യത്തുനിന്നു മറ്റൊരു ജനത്തിന്റെ അടുത്തേക്കും സഞ്ചരിച്ചിരുന്നു.
14. എങ്കിലും അവരെ പീഡിപ്പിക്കാൻ ആരെയും
അവൻ അനുവദിച്ചില്ല,
അവർക്കുവേണ്ടി അവൻ രാജാക്കന്മാരെ ശാസിച്ചു.
15. "എന്റെ അഭിഷിക്തരെ തൊട്ടുപോകരുത്.
എന്റെ പ്രവാചകരെ നിങ്ങൾ ഉപദ്രവിക്കരുത്.
16. അവൻ അവരുടെ ദേശത്തു ക്ഷാമം വരുത്തി.
അവരുടെ കോതമ്പുകൃഷിയെല്ലാം നശിപ്പിച്ചു.
17. ഒരു മനുഷ്യനെ അവർക്കു മുന്നാലെ അവൻ അയച്ചു.
അടിമത്തത്തിനു വില്ക്കപ്പെട്ട യൗസേപ്പിനെത്തന്നെ.
18. അയാളുടെ കാലുകൾ ചങ്ങലകൊണ്ട് അവർ ബന്ധിച്ചിരുന്നു.
വിലങ്ങുകൊണ്ട് അയാൾ ബന്ധിതനായിരുന്നു.
19. കർത്താവിന്റെ വചനം അയാളെ സ്വതന്ത്രനാക്കിയതുവരെ
അവന്റെ വചനം അയാളെ പരിശോധിച്ചു.
20. രാജാവ് ആളയച്ച് അയാളെ ബന്ധനവിമുക്തനാക്കി.
തന്റെ ജനത്തിനുമേൽ അയാളെ അധികാരിയാക്കി.
21. രാജാവ് അയാളെ തന്റെ ഭവനത്തിന്റെ നാഥനാക്കി.
തന്റെ സർവ സമ്പത്തുകളുടെയും അധികാരിയാക്കി.
22. തന്റെ ഭരണാധികാരികളെ യഥേഷ്ടം പ്രബോധിപ്പിക്കാനും
ജനപ്രമാണികൾക്ക് വിജ്ഞാനം ഉപദേശിക്കാനും
അയാളെ നിയോഗിച്ചു.
23. ഇസ്രായേൽ മെസ്രേനിലേക്കു വന്നു.
യാക്കോബ് ഹാമിന്റെ കൂടാരത്തിൽ വസിച്ചു.
24. കർത്താവു തന്റെ ജനത്തെ ഏറ്റം വർദ്ധിപ്പിച്ചു.
അവരെ അവരുടെ ശത്രുക്കളെക്കാൾ ബലവാന്മാരാക്കി.
25. അവന്റെ ജനത്തെ വെറുക്കുന്നതിലേക്കും.
അവന്റെ ദാസരെ ചതിക്കുന്നതിലേക്കും
അവരുടെ ഹൃദയത്തെ അവൻ തിരിച്ചു.
26. തന്റെ ദാസനായ മൂശെയെയും
താൻ തിരഞ്ഞെടുത്ത അഹറോനെയും അവൻ അയച്ചു.
27. അവൻ അവരുടെ ഇടയിൽ തന്റെ അടയാളങ്ങളെയും,
ഹാമിന്റെ ദേശത്തിൽ തന്റെ അദ്ഭുതങ്ങളെയും
പ്രവർത്തിച്ചു.
28. അവൻ അന്ധകാരത്തെ അയച്ച് ആ ദേശത്തെ ഇരുട്ടിലാക്കി;
അവർ അവന്റെ വചനത്തെപ്പറ്റി പിറുപിറുത്തു.
29. അവൻ അവരുടെ വെള്ളം രക്തമാക്കി.
അവരുടെ മത്സ്യങ്ങളെയും കൊന്നു.
30. അവരുടെ ദേശത്തും,
അവരുടെ രാജാക്കന്മാരുടെ ശയനമുറികളിൽപ്പോലും
അവൻ തവളകളെ കയറ്റി വിട്ടു.
31. അവൻ കല്പ്പിച്ചു; അപ്പോൾ അവരുടെ അതിർത്തിയിലുടനീളം ഈച്ചകളും ചെള്ളുകളും വന്നു.
32. അവൻ അവരുടെ മഴ കൽമഴയാക്കി.
അവരുടെ നാട്ടിൽ തീ കത്തിയെരിഞ്ഞു.
33. അവരുടെ മുന്തിരിവള്ളികളെയും അത്തിമരങ്ങളെയും
അവൻ നശിപ്പിച്ചു.
അവരുടെ അതിർത്തികളിലെ തരുനിരകളെ തകർത്തു.
34. അവൻ കല്പ്പിച്ചു; അപ്പോൾ അവരുടെ നാട്ടിലെങ്ങും
എണ്ണമറ്റ വെട്ടുക്കിളികളും ചാഴികളും എത്തി.
35. അവ അവരുടെ ദേശത്തിലെ സർവ സസ്യങ്ങളും
ഫലങ്ങളും തിന്നുകളഞ്ഞു.
36. മെസ്രേൻകാരുടെ ആദ്യജാതരായ ആൺകുട്ടികളെയെല്ലാം അവൻ സംഹരിച്ചു.
37. അവൻ ഇസ്രായേലിനെ വെള്ളിയും സ്വർണ്ണവും സഹിതം ആനയിച്ചു.
അവരുടെ ഗോത്രങ്ങളിൽ രോഗിയായി ആരുമുണ്ടായിരുന്നില്ല.
38. അവരുടെ പുറപ്പാടിൽ മെസ്രേൻ ആഹ്ലാദിച്ചു.
കാരണം, അവരെക്കുറിച്ചുള്ള സംഭീതി മെസ്രേൻകാരിൽ പതിച്ചിരുന്നു.
39. അവൻ അവരുടെമേൽ മേഘം വിരിച്ച്, അവർക്കു തണൽ നൽകി.
രാത്രിയിൽ പ്രകാശത്തിനായി അഗ്നിയും നൽകി.
40. അവർ ചോദിച്ചു; അവൻ ഭക്ഷണമെത്തിച്ചുകൊടുത്തു
ആകാശത്തിലെ അപ്പംകൊണ്ട് അവൻ അവരെ തൃപ്തരാക്കി.
41. അവൻ പാറ പിളർന്നു, വെള്ളം പാഞ്ഞൊഴുകി.
ഉണങ്ങിയ സ്ഥലത്തുകൂടെ ജലം പ്രവഹിച്ചു.
42. കാരണം, തന്റെ ദാസനായ അബ്രാഹത്തോടു
ചെയ്തിട്ടുള്ള തന്റെ വിശുദ്ധവചനത്തെ അവൻ ഓർത്തു.
43. സസന്തോഷം അവൻ തന്റെ ജനത്തെയും,
സ്തോത്രഗീതങ്ങളോടെ തന്റെ യുവാക്കളെയും ആനയിച്ചു.
44. അവൻ അവർക്കു വിജാതീയരുടെ ദേശങ്ങൾ നൽകി;
ജനതകളുടെ അദ്ധ്വാനഫലം അവർ അവകാശമായി നേടി.
45. ഇത് അവർ അവന്റെ കല്പനകൾ ആദരിക്കേണ്ടതിനും,
അവന്റെ നിയമങ്ങൾ പാലിക്കേണ്ടതിനുമായിരുന്നു.

## സങ്കീർത്തനം 106

കർത്താവിനു നിങ്ങൾ സ്തോത്രം അർപ്പിക്കുവിൻ.
എന്തെന്നാൽ അവൻ നല്ലവനാകുന്നു.
അവന്റെ കൃപ എന്നേക്കും.
2. കർത്താവിന്റെ അത്ഭുതങ്ങൾ ആരു വർണ്ണിക്കും?
അവന്റെ അപദാനങ്ങൾ ആരു പ്രകീർത്തിക്കും.

www.malankaralibrary.com


3. അവന്റെ ന്യായവിധികളെ പാലിക്കുന്നവരും
എപ്പോഴും നീതി പ്രവർത്തിക്കുന്നവരും ഭാഗ്യവാന്മാർ!
4. കർത്താവേ, നിന്റെ ജനത്തോടുള്ള താല്പര്യത്തിൽ
ഞങ്ങളെ ഓർക്കണമേ.
നിന്റെ രക്ഷയാൽ ഞങ്ങളെ നീ മോചിപ്പിക്കണമേ.
5. അങ്ങനെ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ നന്മ
കൾ
ഞങ്ങൾ ദർശിക്കും.
നിന്റെ ആനന്ദത്തിൽ ഞങ്ങൾ ആനന്ദിക്കും.
നിന്റെ അവകാശത്തിൽ സ്തുതിക്കപ്പെടും.
6. ഞങ്ങളുടെ പിതാക്കന്മാരെപ്പോലെ ഞങ്ങളും പാപം
ചെയ്തുപോയി.
ഞങ്ങൾ അപരാധം ചെയ്തു; ഞങ്ങൾ ദുഷ്ടത പ്രവർ
ത്തിച്ചു.
7. ഞങ്ങളുടെ പിതാക്കന്മാർ മെസ്രേനിൽ വച്ച് നിന്റെ
അത്ഭുതങ്ങൾ ഗ്രഹിച്ചില്ല.
നിന്റെ കരുണയുടെ സമൃദ്ധി അവർ അനുസ്മരിച്ചില്ല.
ചെങ്കടലിലെ വെള്ളത്തിനരികെവച്ച് അവർ കല
ഹിച്ചു.
8. എങ്കിലും അവൻ തന്റെ നാമത്തെപ്രതി,
തന്റെ മഹത്തായ ശക്തി അറിയിക്കുന്നതിന് അവരെ
രക്ഷിച്ചു.
9. അവൻ ചെങ്കടലിനെ ശാസിച്ചു. അതു വറ്റി വരണ്ടു
പോയി.
മരുഭൂമിയിലൂടെയെന്നപോലെ അവൻ ആഴത്തിലൂടെ
അവരെ നടത്തി.
10. അങ്ങനെ അവരെ ശത്രുവിന്റെ കൈയിൽനിന്ന്
അവൻ രക്ഷിച്ചു;
പീഡകന്റെ കൈയ്യിൽനിന്ന് അവരെ മോചിപ്പിച്ചു.
11. ജലരാശി അവരുടെ പീഡകന്മാരെ മൂടിക്കളഞ്ഞു.
അവരിൽ ഒരുവനും അവശേഷിച്ചില്ല.
12. അപ്പോൾ അവർ അവന്റെ വചനങ്ങൾ വിശ്വസിച്ചു;
അവർ അവന്റെ സ്തുതികൾ പാടി.
13. എന്നാൽ അവർ വേഗം ദൈവത്തെ മറന്നു;
അവർ അവനിൽ ശരണം വച്ചില്ല.
14. മരുപ്രദേശത്തുവച്ച് അവർ ദുർമോഹം പൂണ്ടു.
അശീമോനിൽ വച്ച് അവർ ദൈവത്തെ പരീക്ഷിച്ചു.
15. അവർ അപേക്ഷിച്ചത് അവൻ കൊടുത്തു;
അവരുടെ മനസ്സിനു സംതൃപ്തിയും നൽകി.
16. അവർ പാളയത്തിൽ വച്ച് മൂശെയോടും,
കർത്താവിന്റെ പരിശുദ്ധനായ അഹ്റോനോടും
അസൂയാലുക്കളായി.
17. അപ്പോൾ ഭൂമി പിളർന്ന് ദാസാനെ വിഴുങ്ങി;
അബീറാമിന്റെ സംഘത്തെയും മൂടിക്കളഞ്ഞു.
18. അവരുടെ സംഘങ്ങളിൽ തീ എരിഞ്ഞു.
ദുഷ്ടരെ തീജ്വാല ദഹിപ്പിച്ചു.
19. ഹോറീവിൽവച്ച് അവർ ഒരു കാളക്കുട്ടിയെ ഉണ്ടാക്കി.
വാർത്തുണ്ടാക്കിയതിനെ അവർ ആരാധിച്ചു.
20. അവരുടെ മഹത്വപൂർണ്ണനെ,
പുല്ലുതിന്നുന്ന കാളയുടെ പ്രതിമയ്ക്കു പകരം കൈ
മാറി.
21. അവരെ രക്ഷിച്ച ദൈവത്തെ അവർ മറന്നുകളഞ്ഞു.
മെസ്രേനിൽ മഹാകാര്യങ്ങളും,
22. ഹാം ദേശത്തുവച്ച് അത്ഭുത പ്രവൃത്തികളും
ചെങ്കടലിൽ ഭീതിജനകമായ കൃത്യങ്ങളും ചെയ്തവനെ
തന്നെ!
23. അവന്റെ തിരഞ്ഞെടുക്കപ്പെട്ടവനായ മൂശെ
അവന്റെ മുമ്പാകെ നിന്ന് ആ വിടവടച്ച്
അവരെ സംഹരിക്കുന്നതിൽനിന്ന് അവന്റെ കോപ
ത്തെ തിരിച്ചുവിടാതിരുന്നെങ്കിൽ
അവൻ അവരെ നശിപ്പിക്കുമായിരുന്നു, എന്ന് അവൻ
പറഞ്ഞു.
24. കർത്താവിന്റെ വചനത്തിൽ വിശ്വാസമില്ലാതെ,
അവർ അഭിലഷണീയമായ ആ ദേശത്തെ ഉപേ
ക്ഷിച്ചു.
25. തങ്ങളുടെ കൂടാരങ്ങളിൽ പിറുപിറുത്തു.
കർത്താവിന്റെ സ്വരം ചെവിക്കൊണ്ടതുമില്ല.
26. അതുകൊണ്ട് വിജാതീയരുടെ ഇടയിൽ അവരെ നശി
പ്പിക്കാനും
27. ജനതകളുടെ ഇടയിൽ അവരുടെ സന്തതിയെ ചിതറി
ക്കാനും.
ദേശങ്ങളിൽ അവരെ നിർമ്മൂലമാക്കുവാനുമായി,
അവൻ അവരുടെമേൽ തന്റെ കൈ ഉയർത്തി.
28. മാത്രമല്ല അവർ പ്ഗാറിന്റെ വിഗ്രഹങ്ങളോട് പറ്റിക്കൂടി.
മരിച്ചവർക്കുവേണ്ടിയുള്ള ബലികൾ ഭക്ഷിച്ചു.
29. തങ്ങളുടെ പ്രവൃത്തികളാൽ അവർ അവനെ പ്രകോ
പിപ്പിച്ചു;
അവരുടെ വിഗ്രഹങ്ങളാൽ അവനെ കോപാകുല
നാക്കി.
അതുകൊണ്ട് പെട്ടെന്നു അവർക്കെതിരെ വസന്ത
അവൻ ശക്തിപ്പെടുത്തി.
30. അപ്പോൾ പിൻഹെസ് എഴുന്നേറ്റു പ്രാർത്ഥിച്ചു;
വസന്ത നിലച്ചു.
31. അത് അയാൾക്ക് തലമുറകളോളവും
എന്നേക്കും വിജയമായി കണക്കാക്കപ്പെട്ടു.
32. വീണ്ടും കലാപ ജലത്തിങ്കൽ വച്ച് അവർ അവനെ
പ്രകോപിപ്പിച്ചു;
അവർ മൂലം മൂശെയ്ക്ക് അനർത്ഥം ഭവിച്ചു.
33. അവർ അവന്റെ മനസ്സ് കലുഷമാക്കി.
അയാളുടെ അധരങ്ങൾ അത് പ്രകടമാക്കി.
34. കർത്താവ് അവരോട് ആജ്ഞാപിച്ചിരുന്ന ജനതകളെ
അവർ നശിപ്പിച്ചില്ല.
35. മറിച്ച് അവർ വിജാതീയരോടു കലർന്ന്
അവരുടെ പ്രവൃത്തികൾ ശീലിച്ചു.
36. അവരുടെ വിഗ്രഹങ്ങളെ സേവിച്ചു.
അത് അവർക്കു ഇടർച്ചയായി ഭവിച്ചു.
37. അവരുടെ പുത്രീപുത്രന്മാരെ പിശാചുക്കൾക്ക് അവർ
ബലികഴിച്ചു.
38. അവർ നിഷ്കളങ്കരക്തം ചൊരിഞ്ഞു;
കനാനിലെ വിഗ്രഹങ്ങൾക്ക് ബലികഴിച്ച പുത്രീപുത്രന്മാ
രുടെ രക്തം.
ദേശം രക്തംകൊണ്ട് അശുദ്ധമായി.

www.malankaralibrary.com

39. തങ്ങളുടെ പ്രവൃത്തികളാൽ അവർ അശുദ്ധരായി;
തങ്ങളുടെ ദുഷ്കൃതികളാൽ അവർ വ്യഭിചരിച്ചു.
40. അതിനാൽ കർത്താവിന്റെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിച്ചു.
തന്റെ അവകാശത്തെ അവൻ തിരസ്കരിച്ചു.
41. അവൻ അവരെ വിജാതീയരുടെ കൈയിൽ ഏല്പിച്ചു;
അവരെ വെറുക്കുന്നവർ അവരുടെമേൽ ഭരണം നടത്തി.
42. അവരുടെ ശത്രുക്കൾ അവരെ കീഴ്പ്പെടുത്തി.
അവരുടെ കരങ്ങൾക്കുകീഴിൽ അവർ അടിമകളാക്കപ്പെട്ടു.
43. പലവട്ടം അവൻ അവരെ മോചിപ്പിച്ചു.
എങ്കിലും തങ്ങളുടെ ചിന്തകളിൽ അവർ അവനെതിരായി പിറുപിറുത്തു.
തങ്ങളുടെ ദുഷ്ടതയാൽ അവർ അധഃപതിച്ചു.
44. എന്നിട്ടും അവരുടെ ഞെരുക്കങ്ങൾ കണ്ടപ്പോൾ,
അവൻ അവരുടെ പ്രാർത്ഥന കേട്ടു.
45. അവൻ തന്റെ ഉടമ്പടി അനുസ്മരിച്ച് അവരിൽ മനസ്സലിഞ്ഞു.!
അവന്റെ ഭയാധിക്യത്തിൽ അവരെ അവൻ നയിച്ചു.
46. അവരെ ബന്ദികളാക്കി വച്ചിരുന്നവരിലെല്ലാം അവൻ അനുകമ്പയുളവാക്കി.
47. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ!
ജനതകളുടെ ഇടയിൽനിന്നു ഞങ്ങളെ ഒന്നിച്ചുകൂട്ടണമേ!
അങ്ങനെ ഞങ്ങൾ നിന്റെ പരിശുദ്ധനാമത്തിനു സ്തോത്രം അർപ്പിക്കുകയും
നിന്റെ അവകാശത്തിൽ ഞങ്ങൾ മഹത്വപ്പെടുകയും ചെയ്യട്ടെ.
48. ഇസ്രായേലിന്റെ ദൈവമായ കർത്താവ്
ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു.
ജനം മുഴുവൻ ആമ്മേൻ ആമ്മേൻ എന്നു പറയട്ടെ!

## സങ്കീർത്തനം 107

കർത്താവിനു സ്തോത്രം അർപ്പിക്കുവിൻ.
എന്തെന്നാൽ അവൻ നല്ലവനാകുന്നു.
അവന്റെ കൃപ എന്നേക്കും.
2. മർദ്ദകന്റെ കയ്യിൽനിന്ന് തങ്ങളെ അവൻ വീണ്ടെടുത്തുവെന്നും,
3. കിഴക്കും പടിഞ്ഞാറും വടക്കും കടലിനടുത്തുമുള്ള
എല്ലാ ദേശങ്ങളിൽനിന്നും തങ്ങളെ ഒരുമിച്ചുകൂട്ടിയെന്നും,
കർത്താവിനാൽ രക്ഷിക്കപ്പെട്ടവർ പറയട്ടെ.
4. അവർ അശീമോനിലെ വനത്തിൽ വഴിതെറ്റി നടന്നു.
ജനവാസമുള്ള നഗരത്തിലേക്കു അവർ വഴി കണ്ടെത്തിയില്ല.
5. വിശന്നും ദാഹിച്ചും അവരുടെ ഉള്ളം തളർന്നു.
6. തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോടു പ്രാർത്ഥിച്ചു;
അവരുടെ കഷ്ടപ്പാടുകളിൽ നിന്ന് അവൻ അവരെ മോചിപ്പിച്ചു.
7. ജനവാസമുള്ള പട്ടണങ്ങളിലേക്കു പോകാൻവേണ്ടി
അവൻ അവരെ നേർവഴിക്കു നയിച്ചു.
8. കർത്താവിനു മനുഷ്യരോടുള്ള കരുണയെക്കുറിച്ച്,
അവന്റെ നീതിമാന്മാർ അവനു സ്തോത്രം ചെയ്യട്ടെ!
9. കാരണം, അന്ധകാരത്തിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരെയും,
10. ദാരിദ്ര്യത്താലും വിലങ്ങിനാലും ബന്ധിതരായവരുടെ
വലഞ്ഞ ആത്മാക്കളെയും അവൻ തൃപ്തമാക്കുന്നു.
വിശപ്പുള്ളവരെ അവൻ ഭക്ഷണംകൊണ്ട് തൃപ്തരാക്കി;
11. അവർ ദൈവവചനത്തെ ധിക്കരിച്ചതിനാലും,
അത്യുന്നതന്റെ ആലോചന തിരസ്കരിച്ചതിനാലും,
12. അദ്ധ്വാനത്താൽ അവരുടെ മനസ്സു തകർന്നു;
അവർ ക്ഷീണിച്ചു; അവരെ സഹായിക്കാൻ ആരുമുണ്ടായിരുന്നില്ല.
13. (അപ്പോൾ) അവർ തങ്ങളുടെ ക്ലേശങ്ങളിൽ കർത്താവിനോടു പ്രാർത്ഥിച്ചു;
അവരുടെ ഞെരുക്കത്തിൽനിന്ന് അവൻ അവരെ മോചിപ്പിക്കുകയും ചെയ്തു.
14. അന്ധകാരത്തിൽനിന്നും മരണത്തിന്റെ നിഴലുകളിൽനിന്നും
അവൻ അവരെ പുറത്തുകൊണ്ടുവന്നു.
അവരുടെ ബന്ധനങ്ങൾ തകർത്തു.
15. കർത്താവിനു മനുഷ്യമക്കളോടുള്ള കരുണയെക്കുറിച്ച്
അവന്റെ നീതിമാന്മാർ അവന് സ്തോത്രം ചെയ്യട്ടെ.
16. എന്തെന്നാൽ അവൻ പിത്തളവാതിലുകൾ തകർത്തു;
ഇരുമ്പുസാക്ഷകളെ മുറിച്ചുകളഞ്ഞു.
17. പാപങ്ങളുടെ വഴിയിൽനിന്നും മാറുവാൻ അവൻ അവരെ സഹായിച്ചു.
എന്നാൽ അവരുടെ ദുഷ്ടതമൂലം അവർ ഭഗ്നഗർവരാക്കപ്പെട്ടു.
18. സർവവിധ ഭക്ഷണവും അവർ വെറുത്തു;
മരണകവാടംവരെ അവർ എത്തി.
19. അപ്പോൾ അവർ തങ്ങളുടെ കഷ്ടതകളിൽ
കർത്താവിനോടു നിലവിളിച്ചു;
അവരുടെ സങ്കടങ്ങളിൽനിന്ന് അവൻ അവരെ
മോചിപ്പിക്കുകയും ചെയ്തു.
20. അവൻ തന്റെ വചനം അയച്ച് അവരെ സൗഖ്യമാക്കി.
വിനാശത്തിൽനിന്ന് അവരെ രക്ഷിച്ചു.
21. കർത്താവിനു മനുഷ്യമക്കളോടുള്ള കരുണയെക്കുറിച്ച്
അവന്റെ നീതിമാന്മാർ അവനു സ്തോത്രം ചെയ്യട്ടെ.
22. നിങ്ങൾ അവനു സ്തുതിയുടെ ബലികൾ സമർപ്പിക്കുക;
അവന്റെ ദാസരേ, അവന്റെ അത്ഭുതങ്ങളെക്കുറിച്ച്
അവനെ സ്തുതിക്കുവിൻ.
23. കപ്പൽ യാത്ര ചെയ്ത് ജലരാശിയിൽ വ്യാപാരം നടത്തിപ്പോരുന്നവർ
24. കർത്താവിന്റെ പ്രവൃത്തികൾ കണ്ടു;
ആഴക്കടലിൽ അവന്റെ അത്ഭുതങ്ങളും.
25. കാരണം, അവൻ കൊടുങ്കാറ്റുളവാക്കി;
കടലിൽ തിരകൾ ഉയർന്നു.
26. അവ ആകാശത്തിലേക്കു ഉയർന്നു, അഗാധത്തിലേക്കു താണു.

www.malankaralibrary.com

അപ്പോൾ അവരുടെ മനസ്സ് അവ നിമിത്തം ഇളകി.
27. ലഹരി പിടിച്ചവരെപ്പോലെ അവർ ഇളകിയാടി,
അവരുടെ ബുദ്ധി മുഴുവനും നഷ്ടപ്പെട്ടു.
28. അവർ തങ്ങളുടെ കഷ്ടതയിൽ കർത്താവിനോടു നില വിളിച്ചു.
അവരുടെ അനർത്ഥങ്ങളിൽ നിന്ന് അവൻ അവരെ മോചിപ്പിച്ചു.
29. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി, അതു നിശ്ശബ്ദ മായി.
കടലിലെ തിരമാലകൾ ശാന്തമായി.
30. അവ നിശ്ശബ്ദമായപ്പോൾ അവർ സന്തോഷിച്ചു;
അവർ ആഗ്രഹിച്ച തുറമുഖത്തേക്കുതന്നെ അവൻ അവരെ നയിച്ചു.
31. കർത്താവിനു മനുഷ്യപുത്രരോടുള്ള കരുണയെക്കു റിച്ച്
അവന്റെ നീതിമാന്മാർ അവനു സ്തോത്രം ചെയ്യട്ടെ.
32. വിജാതീയരുടെ സമൂഹത്തിൽ നിങ്ങൾ അവനെ വാഴ് ത്തുവിൻ
മുതിർന്നവരുടെ യോഗത്തിൽ അവനെ മഹത്വപ്പെടു ത്തുവിൻ.
33. അവൻ നദികളെ മരുഭൂമിയായും,
നീരുറവകളെ വരണ്ട നിലമായും മാറ്റി.
34. ഫലഭൂയിഷ്ഠമായ ദേശത്തെ
അതിലെ നിവാസികളുടെ ദുഷ്പ്രവൃത്തികൾ മൂലം ഓർ നിലമാക്കിത്തീർത്തു.
35. അവൻ മരുഭൂമിയെ നീർത്തടാകമായും,
വരണ്ടുണങ്ങിയ ഭൂമിയെ നീരുറവകളായും മാറ്റി.
36. അവിടെ വിശക്കുന്നവരെ അവൻ പാർപ്പിച്ചു.
അവർ പട്ടണങ്ങൾ നിർമ്മിച്ച് അവയിൽ വസിച്ചു.
37. അവർ നിലങ്ങൾ വിതച്ചു; മുന്തിരിത്തോട്ടങ്ങൾ നട്ടു പിടിപ്പിച്ചു.
അവയുടെ വിളവിന്റെ ഫലങ്ങളിൽനിന്നു ഭക്ഷിക്കു കയും ചെയ്തു.
38. അവൻ അവരെ അനുഗ്രഹിച്ചു; അവർ അത്യധികം പെരുകി;
അവരുടെ നാല്ക്കാലികൾ കുറഞ്ഞുപോയില്ല.
39. ദുഷ്ടതയുടെയും കഷ്ടതയുടെയും ആധിക്യത്താൽ
അവർ ചുരുങ്ങുകയും താഴ്ത്തപ്പെടുകയും ചെയ്തു.
40. അവൻ ഭരണാധികാരികളുടെമേൽ നാശം വരുത്തി.
വഴിയില്ലാത്ത പാഴ്പരപ്പിൽ അവരെ അലഞ്ഞു തിരി യാൻ വിട്ടു.
41. ക്ഷീണിച്ചവരെ അവൻ ശക്തരാക്കി,
അവരുടെ ഗോത്രങ്ങളെ ആട്ടിൻപറ്റംപോലെയാക്കി
42. നീതിമാന്മാർ ഇതുകണ്ടു സന്തോഷിക്കട്ടെ.
ദുഷ്ടന്മാരെല്ലാം അവരുടെ വായ് അടയ്ക്കട്ടെ.
43. വിവേകമുള്ളവൻ ഇക്കാര്യങ്ങളിൽ ശ്രദ്ധയർപ്പിക്കും;
കർത്താവിന്റെ കാരുണ്യം ഗ്രഹിക്കുകയും ചെയ്യും.

## സങ്കീർത്തനം 108

എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു,
ദൈവമേ, എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു,
എനിക്കു ലഭിച്ച മഹത്വത്തെപ്പറ്റി ഞാൻ സ്തുതിച്ചു പാടും.
2. എന്റെ കിന്നരമേ ഉണരുക, വീണയേ, കിന്നരമേ ഉണരുക.
ഞാൻ പ്രഭാതത്തിൽ ജാഗരൂകനായിരിക്കും.
3. ദൈവമേ, വിജാതീയരുടെ ഇടയിൽ ഞാൻ നിന്നെ സ്തുതിക്കും.
ജനതകളുടെയിടയിൽ ഞാൻ നിന്റെ നാമം കീർ ത്തിക്കും.
4. എന്തെന്നാൽ, നിന്റെ കൃപ ആകാശത്തോളവും
നിന്റെ വിശ്വസ്തത ഉന്നതാകാശത്തോളവും ഉയർന്നതാ കുന്നു.
5. ദൈവമേ, നീ ആകാശത്തിനുപരി മഹത്വംപ്രാപി ച്ചാലും.
നിന്റെ മഹത്വം ഭൂമി മുഴുവനിലും!
6. നിന്റെ പ്രിയപ്പെട്ടവർ മോചിതരാകാൻ നിന്റെ വലം
കൈയാൽ ഞങ്ങളെ രക്ഷിച്ച് ഉത്തരമരുളണമേ!
7. ദൈവം തന്റെ വിശുദ്ധസ്ഥലത്തു നിന്നു ഇപ്രകാരം അരുളിച്ചെയ്തു;
ഞാൻ മഹത്വീകൃതനാകും, ശ്കേമിനെ ഞാൻ വിഭ ജിക്കും
സാകുസിന്റെ താഴ്വര അളന്നു തിരിക്കും.
8. ഗെല്ആദ് എന്റേതാകുന്നു, മ്നശ്ശെയും എന്റേതു തന്നെ.
അപ്രേം എന്റെ ശിരസ്സിനെ ബലപ്പെടുത്തുന്നവനും,
9. യൂദാ എന്റെ രാജാവും,
മൊആബ് ക്ഷാളനപാത്രവും ആകുന്നു.
ആദോമിൽവച്ച് പാദുകം ഞാൻ അഴിക്കും.
പ്ലശ്ത്തിൽവച്ച് കാഹളം മുഴക്കും.
10. സുശക്തമായ നഗരത്തിലേയ്ക്ക് ആരെന്നെക്കൊണ്ടു പോകും?.
ആദോംവരെ ആരെന്നെ നയിക്കും?
11. ഹാ ദൈവമേ, നീ ഞങ്ങളെ മറന്നുകളഞ്ഞില്ലേ?
ഞങ്ങളുടെ സൈന്യത്തോടൊത്തു നീ പുറപ്പെടുന്നി ല്ലല്ലോ?
12. ഞങ്ങളുടെ ശത്രുക്കളുടെമേൽ നീ ഞങ്ങൾക്കു ശക്തി തരണമേ,
മനുഷ്യനിൽനിന്നുള്ള രക്ഷ വ്യർത്ഥമാണല്ലോ.
13. ദൈവം നമുക്ക് ശക്തിതരും!
അവൻ നമ്മുടെ ശത്രുക്കളെ ചവിട്ടിമെതിക്കും.

## സങ്കീർത്തനം 109

എന്റെ സ്തുതിയുടെ വിഷയമായ ദൈവമേ,നീ മൗന മായിരിക്കരുതേ,
2. എന്തുകൊണ്ടെന്നാൽ ദുഷ്ടന്റെ വായും ചതിയന്റെ വായും
എനിക്കെതിരേ തുറന്നിരിക്കുന്നു,
3. കള്ളം പറയുന്ന നാവുകൊണ്ടും വിദ്വേഷവചനംകൊ ണ്ടും
അവർ എനിക്കെതിരേ സംസാരിച്ചു. കാരണംകൂടാതെ എന്നോടു പോരാടി.
4. എന്റെ സ്നേഹത്തിനു പകരം അവർ എന്നെ ദ്വേഷിച്ചു.

www.malankaralibrary.com


ഞാനോ, എന്നാൽ, അവർക്കുവേണ്ടി പ്രാർത്ഥിക്കുക
യായിരുന്നു.
5. അവർ നന്മയ്ക്കുപകരം തിന്മയും,
സ്നേഹത്തിനുപകരം ദ്വേഷവും എനിക്കു സമ്മാനിച്ചു.
6. അവരുടെമേൽ തിന്മ വരാൻ കല്പിക്കണമേ,
അവരുടെ വലതുവശത്ത് സാത്താൻ നില്ക്കും.
7. വിധിക്കപ്പെടുമ്പോൾ അവർ കുറ്റക്കാരായി പുറത്തു
വരും.
അവരുടെ പ്രാർത്ഥന പാപമായിത്തീരും.
8. അവരുടെ ജീവിതകാലം ഹ്രസ്വമായിരിക്കും,
അവർ തങ്ങൾക്കായി സൂക്ഷിച്ചവ അന്യർ കൈയ്ക്ക
ലാക്കും,
9. അവരുടെ മക്കൾ അനാഥരും
അവരുടെ സ്ത്രീകൾ വിധവകളും ആയിത്തീരും.
10. കടംകൊടുത്തവൻ അവർക്കുള്ളതെല്ലാറ്റിനുമെതിരായി
നില്ക്കും,
അന്യർ അവരുടെ ശക്തി പരീക്ഷിക്കും.
11. അയാൾ അവരോടു കരുണയുള്ളവനായിരിക്കയില്ല,
അവരുടെ അനാഥരോടു കാരുണ്യം കാണിക്കയുമില്ല.
12. അവരുടെ അവസാനം നാശമായിരിക്കും.
അനന്തര തലമുറയിൽനിന്ന് അവരുടെ നാമം തുടച്ചു
മാറ്റപ്പെടും.
13. അവരുടെ പിതാക്കന്മാരുടെ അപരാധം അവൻ അനു
സ്മരിക്കും.
അവരുടെ മാതാക്കളുടെ പാപവും മായിക്കപ്പെടുക
യില്ല.
14. അവ നിരന്തരം കർത്താവിന്റെ സന്നിധിയിൽ ഉണ്ടാ
യിരിക്കും,
അങ്ങനെ അവരുടെ സ്മരണ ഭൂമിയിൽനിന്ന് അവൻ
നശിപ്പിക്കും.
15. കാരണം, നന്മ ചെയ്യാൻ അവർ ഓർത്തില്ല,
ദരിദ്രനെയും അഗതിയെയും ഹൃദയവേദന ഉള്ളവനെ
യും മരണംവരെ അവർ പീഡിപ്പിച്ചു.
16. ശാപങ്ങളെ അവർ സ്നേഹിച്ചു;
അനുഗ്രഹങ്ങൾ അവർക്ക് ഇഷ്ടമില്ലായിരുന്നു.
ശാപം ഒരു ആയുധം എന്നപോലെ അവർ അണി
ഞ്ഞു.
17. അത് അവരിൽ വെള്ളംപോലെയും,
അവരുടെ അസ്ഥികളിൽ എണ്ണപോലെയും പ്രവേ
ശിച്ചു.
18. അത് അവർക്കു ധരിക്കുന്ന നിലയങ്കിപോലെയും
എപ്പോഴും അരക്കെട്ടുപോലെയും ആയിരിക്കും.
19. കർത്താവിനെ ദ്വേഷിക്കുകയും,
എനിക്കെതിരായി തിന്മ സംസാരിക്കയും ചെയ്യുന്നവ
രുടെ പ്രവൃത്തി ഇതാകുന്നു.
20. കർത്താവേ, നിന്റെ നാമത്തെപ്രതി എനിക്കുവേണ്ടി
ഇതുചെയ്യണമേ.
നിന്റെ കൃപ ശ്രേഷ്ഠമാകയാൽ എന്നെ രക്ഷിക്കണമേ.
21. ഞാൻ ദരിദ്രനും പാവപ്പെട്ടവനുമാണല്ലോ,
എന്റെ ഹൃദയം അകമേ കലങ്ങിയിരിക്കുന്നു.
22. എന്റെ നടപ്പ് നിഴൽപോലെ നീണ്ടു.
വെട്ടുക്കിളിയേപ്പോലെ ഞാൻ തട്ടിക്കളയപ്പെട്ടു.
23. ഉപവാസത്താൽ എന്റെ കാൽമുട്ടുകൾ ദുർബലമായി,
എന്റെ മാംസം മേദസ്സറ്റുമെലിഞ്ഞു.
24. ഞാൻ അവർക്കു പരിഹാസപാത്രമായി;
എന്നെക്കണ്ട് അവർ തലകുലുക്കി.
25. എന്റെ ദൈവമായ കർത്താവേ എന്നെ സഹായിക്ക
ണമേ,
നിന്റെ കൃപയ്ക്കൊത്തവിധം എന്നെ രക്ഷിക്കണമേ.
26. കർത്താവേ, ഇതു നിന്റെ കരമാണെന്നും
നീയാണ് ഇതു ചെയ്തതെന്നും അവർ അറിയട്ടെ.
27. അവർ ശപ്തരായിരിക്കും; നീയോ എന്നാൽ വാഴ്ത്ത
പ്പെട്ടവനാകുന്നു,
നിന്റെ ദാസൻ സന്തോഷിക്കട്ടെ.
28. എന്നെ ദ്വേഷിക്കുന്നവർ ലജ്ജ ധരിക്കും,
ഉടുതുണിപോലെ അവർ അതു ധരിക്കും.
29. എന്റെ അധരംകൊണ്ട് ഞാൻ കർത്താവിനു സ്തോത്രം
അർപ്പിക്കും,
പുരുഷാരത്തിന്റെ നടുവിൽ ഞാൻ അവനെ സ്തുതി
ക്കും.
30. എന്തെന്നാൽ അഗതിയെ വിധിയിൽനിന്നു രക്ഷി
ക്കാൻ,
അയാളുടെ വലതുഭാഗത്ത് അവൻ നിലകൊണ്ടു.

## സങ്കീർത്തനം 110

കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു,
ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കു
വോളം,
നീ എന്റെ വലതുഭാഗത്തിരിക്കുക.
2. കർത്താവു സെഹിയോനിൽനിന്ന് ശക്തിയുടെ ചെ
ങ്കോൽ അയയ്ക്കും.
അവൻ നിന്റെ ശത്രുക്കളുടെമേൽ ഭരണം നടത്തും.
3. നിന്റെ ശക്തിയുടെ ദിനത്തിൽ നിന്റെ ജനം മഹത്വമു
ള്ളതാകും.
ആദിയിൽ ഉദരത്തിൽനിന്ന്
വിശുദ്ധമഹിമപ്രതാപത്തോടെ
ഞാൻ നിന്നെ പൈതലായി ജനിപ്പിച്ചു.
4. മൽക്കിസ്ദേക്കിന്റെ സാദൃശ്യത്തിൽ
നീ എന്നേയ്ക്കും പുരോഹിതനാകുന്നു
എന്ന് കർത്താവ് ശപഥം ചെയ്തിരിക്കുന്നു,
അവൻ വ്യാജം പറയുകയില്ല.
5. കർത്താവു നിന്റെ വലതുഭാഗത്തുണ്ട്,
തന്റെ ക്രോധദിനത്തിൽ രാജാക്കന്മാരെ അവൻ തക
ർത്തു.
6. അവൻ വിജാതീയരെ ന്യായവിധി ചെയ്യും
അവരുടെ ജഡങ്ങൾ അവിടെ കുന്നുകൂട്ടും.
അനേകരുടെ ശിരസ്സു ഭൂമിയിൽ അവൻ വിച്ഛേദിക്കും.
7. വഴിയിൽവച്ച് അവൻ അരുവിയിൽനിന്നു കുടിക്കും,
തന്മൂലം അവന്റെ ശിരസ്സ് ഉയർത്തപ്പെടും.

## സങ്കീർത്തനം 111

പരമാർത്ഥികളുടെ ആലോചനപ്രകാരം,
സഭയിൽ പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു
സ്തോത്രം അർപ്പിക്കും.

2. കർത്താവിന്റെ പ്രവൃത്തികൾ മഹത്തായവയാണ്.
അവയെ സ്നേഹിക്കുന്നവർക്കെല്ലാം അവ ആവശ്യ
മത്രേ.
3. മഹത്തും ഉന്നതവുമാണ് അവന്റെ പ്രവൃത്തികൾ.
അവന്റെ നീതി എന്നേയ്ക്കും നിലനിൽക്കുന്നു.
4. അവൻ തന്റെ അദ്ഭുതങ്ങളുടെ ഒരു സ്മാരകം തന്നു.
കർത്താവു കൃപാലുവും കാരുണ്യവാനുമാണ്.
5. തന്നെ ഭയപ്പെടുന്നവർക്ക് അവൻ ഭക്ഷണം നൽകി.
അവൻ തന്റെ ഉടമ്പടി എന്നേയ്ക്കും ഓർമ്മിക്കുന്നു.
6. വിജാതീയരുടെ അവകാശം തന്റെ ജനത്തിനു കൊടു
ക്കുന്നതിനായി,
അവൻ തന്റെ പ്രവൃത്തികളിലുള്ള കരുത്ത് തന്റെ
ജനത്തെ കാണിച്ചു.
7. അവന്റെ കരവേല സത്യവും നീതിയുമത്രേ
അവ എന്നും നിലനിൽക്കുന്നു.
8. അവന്റെ പ്രമാണങ്ങളെല്ലാം ശാശ്വതങ്ങളാണ്
സത്യത്തിലും നീതിയിലും അധിഷ്ഠിതങ്ങളുമാണ്.
9. അവൻ തന്റെ ജനത്തിനു രക്ഷ നൽകി;
അവൻ തന്റെ ഉടമ്പടി എന്നേയ്ക്കും ഓർമ്മിക്കുന്നു;
പരിശുദ്ധവും ഭീതിജനകവുമാണ് അവന്റെ തിരുനാമം.
10. കർത്താവിനോടുള്ള ഭയമാണ് ജ്ഞാനത്തിന്റെ ആ
രംഭം.
ദൈവഭയത്തോടെ വ്യാപരിക്കുന്നവന്
അത് ഉത്തമവിവേകമായിരിക്കും.
അവന്റെ മഹത്വം നിത്യം നിലനില്ക്കും.

## സങ്കീർത്തനം 112

കർത്താവിനെ ഭയപ്പെടുകയും,
അവന്റെ കല്പനകളിൽ ശ്രദ്ധാലുവായിരിക്കയും ചെ
യ്യുന്നവൻ ഭാഗ്യവാൻ,
2. അയാളുടെ സന്തതി ഭൂമിയിൽ പ്രബലനാകും,
നീതിമാന്മാരുടെ തലമുറയിൽ അനുഗൃഹീതനുമാകും.
3. അയാളുടെ ഭവനത്തിൽ സമ്പത്തും ഐശ്വര്യവും വർ
ദ്ധിക്കും;
അയാളുടെ നീതി എന്നെന്നും നിലനിൽക്കും.
4. പരമാർത്ഥിക്ക് ഇരുട്ടിൽ പ്രകാശം ഉദിച്ചു;
അവൻ നീതിമാന്മാരോട് കാരുണ്യം കാണിക്കുന്നു.
5. അനുകമ്പതോന്നി കടം കൊടുക്കുകയും,
തർക്കത്തിൽ തന്റെ വചനങ്ങൾ ആലോചിച്ചു പറയു
കയും ചെയ്യുന്നവൻ നല്ലവനാകുന്നു.
6. അയാൾ ഒരിക്കലും ഇളകുകയില്ല,
നീതിമാൻ എന്നും സ്മരിക്കപ്പെടും.
7. അപകീർത്തിയെ അയാൾ ഭയപ്പെടുകയില്ല,
ഒരുക്കപ്പെട്ടിരിക്കുന്ന അയാളുടെ ഹൃദയം ദൈവ
ത്തിൽ ആശ്രയിച്ചിരിക്കുന്നു.
8. അയാളുടെ ഹൃദയം ഉറപ്പുള്ളതാകുന്നു.
തന്റെ ശത്രുക്കളുടെ(പരാജയം)കാണുവോളം അയാൾ
ഭയപ്പെടുന്നില്ല.
9. അയാൾ അഗതികൾക്കു ഔദാര്യപൂർവ്വം നൽകി.
അയാളുടെ നീതി എന്നേയ്ക്കും നിലനില്ക്കുന്നു.
അയാളുടെ കൊമ്പ് മഹത്വത്തോടെ ഉയർത്തപ്പെടും.
10. ദുഷ്ടൻ ഇതുകണ്ടു കോപിക്കും;
അയാൾ പല്ലുകടിച്ചു ക്ഷോഭിക്കും;
ദുഷ്ടന്മാരുടെ മോഹം നാശമടയും.

## സങ്കീർത്തനം 113

കർത്താവിന്റെ ദാസരേ, സ്തുതിക്കുവിൻ;
കർത്താവിന്റെ തിരുനാമത്തെ നിങ്ങൾ സ്തുതിക്കുവിൻ!
2. കർത്താവിന്റെ നാമം ആദിമുതൽ എന്നേയ്ക്കും വാഴ്
ത്തപ്പെടട്ടെ;
3. സൂര്യോദയം മുതൽ അസ്തമയം വരെ,
കർത്താവിന്റെ നാമം മഹനീയം ആകുന്നു.
4. കർത്താവു സർവജനതകൾക്കും മീതെ ഉയർന്നിരി
ക്കുന്നു,
അവന്റെ മഹിമ ആകാശത്തിനു മുകളിലും.
5. നമ്മുടെ ദൈവമായ കർത്താവിനു സദൃശനായി
ആരുണ്ട്!
അവൻ ഉന്നതത്തിലിരുന്ന്,
ആഴത്തേയും ആകാശത്തെയും ഭൂമിയെയും കാണു
ന്നു.
6. തന്റെ ജനത്തിലെ പ്രധാനികൾക്കൊപ്പം ഇരുത്താൻ
വേണ്ടി,
7. അഗതിയെ കുപ്പക്കുഴിയിൽനിന്ന് അവൻ ഉയർത്തും.
അവൻ വന്ധ്യയെ മക്കളോടൊത്തു സന്തോഷിക്കുന്ന
അമ്മയായി
ഭവനത്തിൽ പാർപ്പിക്കുന്നു.

## സങ്കീർത്തനം 114

ഇസ്രായേൽ മെസ്രേനിൽനിന്നും,
യാക്കോബിന്റെ ഭവനം അന്യഭാഷക്കാരായ ജനത്തിൽ
നിന്നും പുറപ്പെട്ടപ്പോൾ,
2. യൂദാ അവന്റെ വിശുദ്ധസ്ഥലവും,
ഇസ്രായേൽ അവന്റെ മഹത്വവും ആയിത്തീർന്നു.
3. കടൽ അതുകണ്ട് ഓടിയകന്നു!
യോർദ്ദനാൻ പിന്തിരിഞ്ഞു.
4. മലകൾ കലമാനെപ്പോലെയും
കുന്നുകൾ കുഞ്ഞാടുകളെപ്പോലെയും തുള്ളിച്ചാടി!
5. കടലേ നീ ഓടിയകന്നതെന്തിന്?
യോർദ്ദനാനേ, നീ പിന്തിരിഞ്ഞത് എന്തിന്?
6. മലകളേ, നിങ്ങൾ കലമാനെപ്പോലെയും,
കുന്നുകളേ, നിങ്ങൾ കുഞ്ഞാടുകളെപ്പോലെയും
തുള്ളിച്ചാടിയത് എന്തിന്?
7. ഭൂമി കർത്താവിന്റെ സന്നിധിയിൽ,
യാക്കോബിന്റെ ദൈവത്തിന്റെ സന്നിധിയിൽ, വിറ
കൊണ്ടു.
8. എന്തെന്നാൽ അവൻ പാറയെ ജലാശയമായും,
കരിങ്കല്ലിനെ നീരുറവയായും മാറ്റി.
9. ഞങ്ങൾക്കല്ലാ കർത്താവേ ഞങ്ങൾക്കല്ല
നിന്റെ കൃപയും വിശ്വസ്തതയും നിമിത്തം,
നിന്റെ നാമത്തിനു മഹത്വം നൽകണമേ.
10. അവരുടെ ദൈവം എവിടെ? എന്നു വിജാതിയർ പറ
യാതിരിക്കട്ടെ?

www.malankaralibrary.com


11. ഞങ്ങളുടെ ദൈവം ആകാശത്തിലുണ്ട്.
തനിക്കിഷ്ടമുള്ളതെല്ലാം അവൻ ചെയ്യുന്നു.
12. വിജാതീയരുടെ വിഗ്രഹങ്ങൾ, വെള്ളിയും സ്വർണ്ണവുമാണ്
അവ മനുഷ്യനിർമ്മിതങ്ങളത്രേ!
13. അവയ്ക്ക് വായുണ്ട്, പക്ഷേ സംസാരിക്കുന്നില്ല;
കണ്ണുണ്ട് എങ്കിലും കാണുന്നില്ല.
14. അവയ്ക്കു ചെവികളുണ്ട്, എങ്കിലും കേൾക്കുന്നില്ല,
മൂക്കുണ്ട്, എങ്കിലും ഘ്രാണിക്കുന്നില്ല.
15. അവ കൈകൾകൊണ്ടു സ്പർശിക്കുന്നില്ല,
കാലുകൾകൊണ്ട് നടക്കുന്നില്ല.
തൊണ്ടകൊണ്ട് ശബ്ദിക്കുന്നുമില്ല.
16. അവയെ നിർമ്മിക്കുന്നവരും
അവയിൽ ആശ്രയമർപ്പിക്കുന്നവരും അവയെപ്പൊലെ ആയിരിക്കും.
17. ഇസ്രായേൽ ഭവനം കർത്താവിൽ ആശ്രയമർപ്പിച്ചിരിക്കുന്നു;
അവൻ തന്നെയാണ് അവരുടെ സഹായിയും സഹകാരിയും.
18. അഹറോന്റെ ഭവനം കർത്താവിൽ ആശ്രയമർപ്പിച്ചിരിക്കുന്നു;
അവൻ തന്നെയാണ് അവരുടെ സഹായിയും സഹകാരിയും.
19. കർത്താവിനെ ഭയപ്പെടുന്നവർ, കർത്താവിൽ ആശ്രയമർപ്പിച്ചിരിക്കുന്നു.
അവൻ തന്നെയാണ് അവരുടെ സഹായിയും സഹകാരിയും.
20. കർത്താവ് നമ്മെ ഓർത്ത്; നമ്മെ അനുഗ്രഹിച്ചു;
അവൻ ഇസ്രായേൽ ഭവനത്തെ അനുഗ്രഹിക്കും;
അവൻ അഹറോൻ ഭവനത്തെയും അനുഗ്രഹിക്കും.
21. കർത്താവ് തന്നെ ഭയപ്പെടുന്ന ചെറിയവരെയും വലിയവരെയും അനുഗ്രഹിക്കും.
22. നിങ്ങളെയും നിങ്ങളുടെ മക്കളെയും കർത്താവു അഭിവൃദ്ധിപ്പെടുത്തട്ടെ.
23. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ അനുഗൃഹീതരാകുന്നു.
24. ആകാശങ്ങളുടെ ആകാശം കർത്താവിന്റേതാണ്,
ഭൂമിയോ അവൻ മനുഷ്യർക്കു നൽകിയിരിക്കുന്നു.
25. മരിച്ചവർ കർത്താവിനെ സ്തുതിക്കുന്നില്ല,
അന്ധകാരത്തിൽ ഇറങ്ങുന്നവരും അപ്രകാരം തന്നെ.
26. എന്നാൽ നാം ഇന്നുമുതൽ എന്നേയ്ക്കും കർത്താവിനെ വാഴ്ത്തും.

## സങ്കീർത്തനം 115

കർത്താവിനെ ഞാൻ സ്നേഹിക്കുന്നു,
കാരണം അവൻ എന്റെ രോദനം ശ്രവിച്ചു.
2. ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവൻ എന്നെ ചെവിക്കൊണ്ടു.
3. മരണവേദനകൾ എന്നെ വലയം ചെയ്തു,
ശിയോലിലെ ഞെരുക്കങ്ങൾ എന്നെ സമീപിച്ചു.
ഞെരുക്കവും കഷ്ടതയും ഞാൻ കണ്ടെത്തി.
4. അപ്പോൾ ഞാൻ കർത്താവിന്റെ നാമത്തെ വിളിച്ചു
കർത്താവേ, എന്റെ ആത്മാവിനെ രക്ഷിക്കണമേ.
5. കർത്താവേ, നീ കൃപാലുവും നീതിമാനുമാണ്.
ദൈവമേ, നീ കാരുണ്യവാനാണ്.
6. നിഷ്കപടരെ കർത്താവു പാലിക്കുന്നു.
അവൻ എന്നെ വിനീതനാക്കി എന്നെ രക്ഷിച്ചു.
7. എന്റെ ആത്മാവേ, നിന്റെ വിശ്രമത്തിനായി നീ പിന്തിരിയുക;
കർത്താവു നിനക്കു പ്രതിഫലം നല്കിയല്ലോ.
8. എന്തെന്നാൽ അവൻ എന്റെ ആത്മാവിനെ മരണത്തിൽനിന്നും
എന്റെ കാലുകളെ വീഴ്ചയിൽനിന്നും രക്ഷിച്ചു.
9. കർത്താവേ, ജീവിക്കുന്നവരുടെ നാട്ടിൽ ഞാൻ നിനക്കു ഇഷ്ടപ്പെട്ടവനായിരിക്കും.
10. ഞാൻ വിശ്വസിച്ചു സംസാരിച്ചു, ഞാൻ ഏറ്റം താഴ്ത്തപ്പെടുകയും ചെയ്തു.
11. എല്ലാ മനുഷ്യരും അസത്യവാദികളാണ് എന്ന്,
എന്റെ പരിഭ്രമത്തിൽ ഞാൻ പറഞ്ഞു.
12. എന്റെ നേർക്കുള്ള കർത്താവിന്റെ എല്ലാ അനുഗ്രഹങ്ങൾക്കും
ഞാൻ അവന് എന്തു പ്രതിഫലം നല്കും?
13. ഞാൻ രക്ഷയുടെ കാസാ എടുക്കും,
കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും.
14. സർവ ജനത്തിന്റെയും മുമ്പാകെ,
കർത്താവിന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും.
15. കർത്താവിന്റെ കണ്ണുകളിൽ തന്റെ നീതിമാന്മാരുടെ
മരണം വിലയേറിയതാകുന്നു.
16. ഓ കർത്താവേ, ഞാൻ നിന്റെ ദാസനാകുന്നു;
ഞാൻ നിന്റെ ദാസനും നിന്റെ ദാസിയുടെ പുത്രനും ആകുന്നു.
നീ എന്നെ ബന്ധനവിമുക്തനാക്കി.
17. ഞാൻ നിനക്കു കൃതജ്ഞതാബലി അർപ്പിക്കും.
കർത്താവിന്റെ നാമത്തെ ഞാൻ വിളിച്ചപേക്ഷിക്കും,
18. അവന്റെ സർവ്വ ജനത്തിന്റെയും സന്നിധിയിൽ,
കർത്താവിന്റെ ഭവനാങ്കണങ്ങളിലും
ഓറെശ്ലേമേ നിന്റെ ഉള്ളിലും
എന്റെ നേർച്ചകൾ കർത്താവിനു ഞാൻ സമർപ്പിക്കും.

## സങ്കീർത്തനം 116

സർവ്വജനതകളേ കർത്താവിനെ സ്തുതിക്കുവിൻ!
സർവ്വജനപദങ്ങളേ, അവനെ പുകഴ്ത്തുവിൻ!
2. എന്തുകൊണ്ടെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ശക്തിപ്രാപിച്ചിരിക്കുന്നു.
സത്യമായും അവൻ എന്നേയ്ക്കും കർത്താവാകുന്നു.

## സങ്കീർത്തനം 117

കർത്താവിനു സ്തോത്രം അർപ്പിക്കുവിൻ; അവൻ നല്ലവനാകുന്നു.
അവന്റെ കൃപ എന്നേയ്ക്കും നിലനില്ക്കുന്നു.
2. ഇസ്രായേൽ പറയട്ടെ:
അവന്റെ കൃപ എന്നേയ്ക്കും നിലനില്ക്കുന്നു.

www.malankaralibrary.com

3. അഹ്റോന്റെ ഭവനം പറയട്ടെ:
അവന്റെ കൃപ എന്നേയ്ക്കും നിലനില്ക്കുന്നു.
4. കർത്താവിനെ ഭയപ്പെടുന്നവൻ പറയട്ടെ:
അവന്റെ കൃപ എന്നേയ്ക്കും നിലനിൽക്കുന്നു.
5. കഷ്ടതകളിൽ ഞാൻ കർത്താവിനെ വിളിച്ചു.
കർത്താവു സന്തോഷത്തോടെ എനിക്കുത്തരം നൽകി.
6. കർത്താവു എന്റെ സഹായകനാകുന്നു; ഞാൻ ഭയപ്പെടുകയില്ല.
മനുഷ്യന് എന്നോട് എന്തു ചെയ്യാൻ കഴിയും?
7. കർത്താവു എന്റെ സഹായകൻ ആകുന്നു;
തന്മൂലം എന്നെ ദ്വേഷിക്കുന്നവരെ ഞാൻ നോക്കും.
8. കർത്താവിൽ ആശ്രയിക്കുന്നതാണ് മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ ഉത്തമം.
9. കർത്താവിൽ അഭയം തേടുന്നതാണ്, ഭരണാധിപനിൽ ആശ്രയിക്കുന്നതിനെക്കാൾ ഉത്തമം.
10. വിജാതീയരെല്ലാം എന്നെ വളഞ്ഞു;
കർത്താവിന്റെ നാമത്തിൽ ഞാൻ അവരെ വകവരുത്തി.
11. അവർ എന്നെ ചുറ്റി വളഞ്ഞു;
എങ്കിലും കർത്താവിന്റെ നാമത്തിൽ ഞാൻ അവരെ നശിപ്പിച്ചു.
12. തേനീച്ചപോലെ അവർ എന്നെപ്പൊതിഞ്ഞു;
എങ്കിലും അവർ ഉണക്കപ്പുല്ലിലെ തീപോലെ കെട്ടുപോയി.
ഞാൻ കർത്താവിന്റെ നാമത്തിൽ അവരെ നശിപ്പിച്ചു.
13. ഞാൻ മറിഞ്ഞു വീഴത്തക്കവണ്ണം അവർ എന്നെ തള്ളി
എന്നാൽ കർത്താവെന്നെ സഹായിച്ചു.
14. കർത്താവാണ് എന്റെ കരുത്തും എന്റെ മഹിമയും;
അവൻ എനിക്കു രക്ഷകനായി.
15. നീതിമാന്മാരുടെ കൂടാരത്തിൽ സ്തുതിയുടെയും രക്ഷയുടെയും കീർത്തനം.
കർത്താവിന്റെ വലംകൈ അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു.
16. കർത്താവിന്റെ വലംകൈ എന്നെ ഉയർത്തി,
കർത്താവിന്റെ വലംകൈ അത്ഭുതം പ്രവർത്തിച്ചു.
17. ഞാൻ മരിക്കയില്ല; ഞാൻ ജീവിക്കും;
കർത്താവിന്റെ പ്രവൃത്തികൾ ഞാൻ വിവരിക്കും.
18. കർത്താവ് എന്നെ കഠിനമായി ശിക്ഷിച്ചു.
എന്നാൽ അവൻ എന്നെ മരണത്തിന് ഏല്പിച്ചുകൊടുത്തില്ല.
19. നീതിയുടെ കവാടങ്ങൾ എനിക്കായി തുറക്കണമേ,
ഞാൻ അവയിലൂടെ കടന്നുചെന്ന്,
കർത്താവിനു സ്തോത്രം അർപ്പിക്കട്ടെ.
20. ഇതാണ് കർത്താവിൻെറ കവാടം;
നീതിമാന്മാർ ഇതുവഴി പ്രവേശിക്കും.
21. നീ എനിക്ക് ഉത്തരമരുളിയതിനും
എനിക്കു നീ രക്ഷകനായിത്തീർന്നതിനും, നിനക്കു [illegible] സ്തോത്രം പാടും.
22. പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ
പണിയുടെ മൂലക്കല്ലായിത്തീർന്നു.
23. ഇത് കർത്താവിൻെറ സന്നിധിയിൽ സംഭവിച്ചു;
നമ്മുടെ കണ്ണുകളിൽ ഇത് അദ്ഭുതമാകുന്നു.
24. ഇതു കർത്താവു നിശ്ചയിച്ച ദിവസമാണ്;
വരുവിൻ നമുക്കിന്നു ആനന്ദിക്കാം.
25. കർത്താവേ, എന്നെ രക്ഷിക്കണമേ!
കർത്താവേ, എന്നെ വീണ്ടെടുക്കണമേ!
26. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
കർത്താവിന്റെ ഭവനത്തിൽനിന്ന് ഞങ്ങൾ നിങ്ങളെ അനുഗ്രഹിച്ചു.
27. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പ്രകാശിപ്പിക്കണമേ;
മദ്ബഹാവരെയും ഞങ്ങളുടെ തിരുനാൾ ആഘോഷങ്ങളെ ചങ്ങലയാൽ ബന്ധിക്കണമേ.
28. നീയാണ് എന്റെ ദൈവം, ഞാൻ നിനക്ക് സ്തോത്രം അർപ്പിക്കും.
നീ എന്റെ ദൈവമാണ്, ഞാൻ നിന്നെ പുകഴ്ത്തും.
29. നല്ലവനായ കർത്താവിനു നന്ദിപറയുവിൻ.
അവന്റെ കൃപ എന്നേയ്ക്കും.

## സങ്കീർത്തനം 118

### ആലപ്

തങ്ങളുടെ മാർഗ്ഗത്തിൽ കുറ്റമറ്റവരും
കർത്താവിന്റെ പ്രമാണമനുസരിച്ച് വ്യാപരിക്കുന്നവരും ഭാഗ്യവാന്മാർ.
2. അവൻെറ സാക്ഷ്യങ്ങൾ പാലിക്കുന്നവരും,
പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവരും ഭാഗ്യവാന്മാർ.
3. അവർ അപരാധം പ്രവർത്തിക്കാതെ
അവന്റെ മാർഗ്ഗങ്ങളിൽ വ്യാപരിക്കുന്നു.
4. നിന്റെ കല്പനകൾ ഏറ്റം താല്പര്യമായി പാലിക്കണമെന്ന് നീ കല്പിച്ചിരിക്കുന്നു.
5. നിന്റെ കല്പനകൾ പാലിക്കാൻ തക്കവണ്ണം
എന്റെ വഴികൾ ക്രമീകരിക്കപ്പെട്ടതായിരുന്നെങ്കിൽ!
6. നിൻെറ കല്പനകൾ ഞാൻ പാലിച്ചതിനാൽ,
ലജ്ജിക്കാൻ എനിക്കിടയാകുകയില്ല.
7. നിൻെറ നീതിവിധികൾ ഞാൻ പഠിച്ചതിനാൽ
എന്റെ ഹൃദയത്തിന്റെ നിഷ്കപടതയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും.
8. ഞാൻ നിന്റെ കല്പനകൾ പാലിച്ചു,
എന്നെ ഒരിക്കലും നീ ഉപേക്ഷിക്കരുതേ.

### ബേസ്

9. നിന്റെ കല്പന പാലിക്കാൻ എങ്ങനെ ഒരുവന് തന്റെ
വഴി നിർമ്മലമാക്കാൻ കഴിയും?
10. പൂർണ്ണ ഹൃദയത്തോടെ ഞാൻ നിന്നെ അന്വേഷിച്ചു.
നിന്റെ കല്പനകൾ വിട്ടുനടക്കാൻ എനിക്കു ഇടവരുത്തരുതേ
11. നിനക്കെതിരായി പാപം ചെയ്യാതിരിക്കാൻ
ഞാൻ നിന്റെ വചനം എന്റെ ഹൃദയത്തിൽ സൂക്ഷിച്ചു.
12. കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു.
നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കണമേ.

www.malankaralibrary.com


13. നിന്റെ നീതിയുടെ വിധികളെല്ലാം
എന്റെ അധരങ്ങൾകൊണ്ടു ഞാൻ ഉരുവിടുന്നു.
14. സർവസമ്പത്തിനെക്കാളും നിന്റെ സാക്ഷ്യത്തിന്റെ വഴിയെ ഞാൻ സ്നേഹിച്ചു.
15. ഞാൻ നിന്റെ കല്പനകളെപ്പറ്റി ധ്യാനിച്ചു.
നിന്റെ വഴികളെ ഞാൻ അറിഞ്ഞു.
16. നിന്റെ വചനങ്ങൾ മറക്കാതിരിക്കാൻ വേണ്ടി,
നിന്റെ നിയമം ഞാൻ ധ്യാനവിഷയമാക്കി.

ഗാമൽ

17. ഞാൻ ജീവനോടിരുന്ന് നിന്റെ വചനങ്ങൾ പാലിക്കേണ്ടതിന്,
നിന്റെ ദാസന് ഉത്തരം നൽകണമേ.
18. നിന്റെ നിയമത്തിലെ വിസ്മയാവഹങ്ങളായ കാര്യങ്ങൾ കാണാൻ
എന്റെ കണ്ണു തെളിക്കണമേ.
19. ഞാൻ നിന്നോടൊത്ത് ഒരു പ്രവാസിയാണ്
നിന്റെ കല്പനകൾ എന്നിൽ നിന്ന് മറയ്ക്കരുതേ.
20. എന്റെ ആത്മാവ് എപ്പോഴും നിന്റെ വിധികളെ സ്നേഹിച്ച് അതിയായി ആഗ്രഹിച്ചു.
21. നീ വിജാതീയരെ ശാസിച്ചു.
നിന്റെ കല്പനകളിൽ നിന്നും തെറ്റിനടക്കുന്നവർ ശപിക്കപ്പെട്ടവരാകുന്നു.
22. നിന്ദ എന്നിൽ നിന്ന് നീ നീക്കിക്കളയണമേ!
ഞാൻ നിന്റെ സാക്ഷ്യങ്ങൾ പാലിച്ചിട്ടുണ്ടല്ലോ.
23. ദുഷ്ടന്മാർ ഇരുന്ന് എന്നെക്കുറിച്ച് ആലോചിച്ചു.
എന്നാൽ ഞാൻ നിന്റെ കല്പനകളെക്കുറിച്ചു ധ്യാനിച്ചിരുന്നു.
24. ഞാൻ നിന്റെ സാക്ഷ്യത്തെയും ഉത്തമമായ വിചാരഗതിയെയും പറ്റി ധ്യാനിച്ചു.

ദാലദ്

25. എന്റെ ആത്മാവു പൊടിയിൽ അടിഞ്ഞു.
നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.
26. എന്റെ മാർഗ്ഗങ്ങൾ നിന്നെക്കാണിച്ചപ്പോൾ നീ എനിക്ക് ഉത്തരം നൽകി.
നിന്റെ നിയമം എന്നെ പഠിപ്പിക്കണമേ.
27. നിന്റെ കല്പനകളുടെ വഴി എന്നെ കാണിക്കണമേ;
നിന്റെ അത്ഭുതങ്ങളെക്കുറിച്ച് ഞാൻ ധ്യാനിക്കട്ടെ.
28. ചിന്തയാൽ എന്റെ ആത്മാവു വലഞ്ഞു.
നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.
29. ദുഷ്ടന്മാരുടെ വഴി എന്നിൽ നിന്നു അകറ്റണമേ;
നിന്റെ പ്രമാണം എന്നെ പഠിപ്പിക്കണമേ.
30. നിന്റെ വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.
നിന്റെ ന്യായവിധികൾ എനിക്ക് ഇഷ്ടപ്പെട്ടു.
31. കർത്താവേ, നിന്റെ സാക്ഷ്യത്തോട് ഞാൻ പറ്റിച്ചേർന്നു നിന്നു;
എന്നെ ലജ്ജിതനാക്കരുതേ.
32. നീ എന്നെ സന്തോഷിപ്പിച്ചതുകൊണ്ട്,
ഞാൻ നിന്റെ കല്പനകളുടെ മാർഗ്ഗത്തിലൂടെ നടന്നു.

ഹെ

33. കർത്താവേ, നിന്റെ പ്രമാണങ്ങളുടെ മാർഗ്ഗം എന്നെ പഠിപ്പിക്കണമേ
ഞാൻ അവ പാലിച്ചുകൊള്ളാം.
34. നിന്റെ നിയമം പാലിക്കുന്നതിനായി എന്നെ നീ വിജ്ഞാനിയാക്കണമേ;
എന്റെ പൂർണ്ണ ഹൃദയത്തോടെ ഞാനതു പാലിക്കും.
35. നിന്റെ കല്പനകൾ എനിക്കിഷ്ടപ്പെട്ടു.
അതിന്റെ ഊടുവഴിയിലൂടെ എന്നെ നടത്തണമേ.
36. കടം കഥകളിലേയ്ക്കല്ലാ, നിന്റെ സാക്ഷ്യത്തിലേയ്ക്ക്
നീ എന്റെ ഹൃദയത്തെ തിരിക്കണമേ.
37. വഞ്ചനയിൽപ്പെടാതിരിക്കാൻ എന്റെ കണ്ണുകളെ തിരിക്കണമേ;
നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കണമേ.
38. നിന്നെ ഭയപ്പെടുന്ന നിന്റെ ദാസന്,
നിന്റെ വാഗ്ദാനം സ്ഥിരീകരിച്ചു തരണമേ.
39. നിന്റെ വിധികൾ നല്ലവയാകുന്നു.
അപകീർത്തി എന്നിൽ നിന്നും അകറ്റിക്കളയണമേ.
40. നിന്റെ കല്പനകൾ എനിക്ക് ഇഷ്ടപ്പെട്ടു.
നിന്റെ നീതിയിൽ എന്നെ ജീവിപ്പിക്കണമേ.

വാവ്

41. കർത്താവേ നിന്റെ അനുഗ്രഹവും
നീ പറഞ്ഞിട്ടുള്ള രക്ഷയും എന്റെമേൽ വരുമാറാകട്ടെ.
42. ഞാൻ നിന്റെ വചനത്തിൽ ആശ്രയിച്ചതുകൊണ്ട്
നിന്നെ നിന്ദിക്കുന്നവരോടു ഞാൻ മറുപടി പറയും.
43. നിന്റെ നീതിവിധികളെ ഞാൻ കാത്തിരുന്നതിനാൽ,
സത്യത്തിന്റെ വചനം എന്റെ വായിൽനിന്നു നശിക്കാതിരിക്കട്ടെ;
44. ഞാൻ നിന്റെ പ്രമാണം എന്നേയ്ക്കും പാലിക്കും.
45. നിന്റെ പ്രമാണങ്ങൾ എനിക്കിഷ്ടമായതിനാൽ
ആശ്വാസത്തോടെ ഞാൻ വ്യാപരിക്കും.
46. രാജാക്കന്മാരുടെ മുമ്പിലും ഞാൻ നീതിയോടെ സംസാരിക്കും;
ഞാൻ ലജ്ജിക്കുകയില്ല.
47. നിന്റെ കല്പനകളെ ഞാൻ സ്നേഹിച്ചു;
അവയെപ്പറ്റി ഞാൻ ധ്യാനിക്കും.
നിന്റെ പ്രമാണം എനിക്കിഷ്ടപ്പെട്ടു.
അതിന്റെ പക്കലേക്ക് ഞാൻ കൈ ഉയർത്തും.
48. നിന്റെ കല്പനകളെപ്പറ്റി ഞാൻ ധ്യാനിക്കും;
നിന്റെ വിശ്വസ്തതയാൽ ഞാൻ മഹത്വം പ്രാപിക്കും.

സൈൻ

49. ഈ ദാസനോടു വാഗ്ദാനം ചെയ്ത നിന്റെ വചനം അനുസ്മരിക്കണമേ;
50. എന്റെ താഴ്മയിൽത്തന്നെ ഞാൻ ആശ്വാസം കണ്ടെത്തി.
കാരണം നിന്റെ വാക്ക് എനിക്കു ജീവൻ നൽകി.
51. ദുഷ്ടന്മാർ എന്നെ ഞെരുക്കിയെങ്കിലും,
നിന്റെ നിയമത്തിൽ നിന്നു ഞാൻ വ്യതിചലിച്ചില്ല.
52. കർത്താവേ, ആദിമുതലേയുള്ള നിന്റെ വിധികളെ ഓർത്ത് ഞാൻ ആശ്വാസം പ്രാപിച്ചു;
അവ എനിക്ക് ശിക്ഷണമായി.

53. നിന്റെ നിയമത്തെ ത്യജിച്ച പാപികൾമൂലം ദുഃഖം
എന്നെ ഗ്രസിച്ചു.
54. എന്റെ പ്രവാസഭൂമിയിൽ
നിന്റെ കല്പനകൾ ആയിരുന്നു എന്റെ ഗാനങ്ങൾ
55. കർത്താവേ, രാത്രിയിൽ നിന്റെ നാമം ഞാൻ ഓർത്തു.
നിന്റെ നിയമം ഞാൻ പാലിച്ചു.
56. നിന്റെ കല്പനകൾ പാലിച്ചതുകൊണ്ട് ഞാൻ
ആശ്വാസം പ്രാപിച്ചു.

ഹേസ്സ്

57. നിന്റെ കല്പനകൾ പാലിക്കുന്നതിനായി,
കർത്താവേ, നിന്റെ ഓഹരിയെക്കുറിച്ച് ഞാൻ
ധ്യാനിച്ചു.
58. പൂർണ്ണഹൃദയത്തോടെ നിന്റെ വദനത്തെ ഞാൻ
കാത്തിരുന്നു;
നിന്റെ വാക്കനുസരിച്ച് എന്നെ ജീവിപ്പിക്കണമേ.
59. എന്റെ വഴികളെക്കുറിച്ച് ഞാൻ ചിന്തിച്ചു;
നിന്റെ ഊടുവഴികളിലേയ്ക്കു എന്റെ കാലുകൾ
ഞാൻ തിരിച്ചു.
60. നിന്റെ കല്പനകൾ പാലിക്കുന്നതിന്
ഞാൻ ഒട്ടും വൈകാതെ ഒരുങ്ങി.
61. ദുഷ്ടരുടെ പാശങ്ങൾ എന്നെ ചുറ്റിപ്പിണഞ്ഞു.
എങ്കിലും നിന്റെ പ്രമാണത്തിൽ നിന്നു ഞാൻ മാറി
യില്ല.
62. നീതിമാനേ; നിന്റെ നീതിനിഷ്ഠമായ വിധികളെക്കു
റിച്ച്
നിന്നെ സ്തുതിക്കാൻ അർദ്ധരാത്രിയിൽ ഞാൻ എഴു
ന്നേറ്റു.
63. നിന്നെ ഭയപ്പെടുന്ന എല്ലാവരുടെയും,
നിന്റെ കല്പന പാലിക്കുന്നവരുടെയും, സ്നേഹിതനാണ്
ഞാൻ.
64. കർത്താവേ, ഭൂമി നിന്റെ കൃപകൊണ്ടു നിറഞ്ഞിരി
ക്കുന്നു;
നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കണമേ.

ഥേസ്

65. കർത്താവേ, നീ അരുളിച്ചെയ്തതുപോലെ നിന്റെ ദാസ
നോടു നന്മ ചെയ്യണമേ.
66. വിവേകവും നന്മയും ജ്ഞാനവും എന്നെ പഠിപ്പിക്ക
ണമേ:
ഞാൻ നിന്റെ കല്പനകളിൽ വിശ്വസിക്കുന്നല്ലോ
67. വിനീതനാക്കപ്പെടുന്നതിനു മുമ്പു തന്നെ ഞാൻ വിശ്വ
സിക്കയും
നിന്റെ ഉപദേശത്തെ പാലിക്കയും ചെയ്തു.
68. കർത്താവേ, നീ നല്ലവനും നന്മചെയ്യുന്നവനുമാകുന്നു;
നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കണമേ.
69. അഹങ്കാരികളുടെ ദുഷ്ടത വർദ്ധിച്ചു;
എന്നാൽ ഞാൻ പൂർണ്ണഹൃദയത്തോടെ നിന്റെ കല്പ
നകൾ പാലിച്ചു.
70. അവരുടെ ഹൃദയം പാലുപോലെ പിരിഞ്ഞു;
എന്നാൽ ഞാൻ നിന്റെ നിയമം പാലിച്ചു.
71. നിന്റെ കല്പനകൾ പഠിക്കാൻ
ഞാൻ താഴ്ത്തപ്പെട്ടത് എനിക്കു നന്നായി.
72. പൊന്നിന്റെയും വെള്ളിയുടെയും ആയിരങ്ങളെക്കാൾ,
നിന്റെ വായിൽ നിന്നുള്ള നിയമം എനിക്കു ഗുണകര
മായി.

യോദ്

73. നിന്റെ കരങ്ങൾ എന്നെ സൃഷ്ടിച്ച് ക്രമീകരിച്ചു.
നിന്റെ നിയമം എന്നെ പഠിപ്പിക്കണമേ.
74. ഞാൻ നിന്റെ വചനത്തിൽ ആശ്രയിച്ചു എന്ന്
നിന്റെ ഭക്തന്മാർ കണ്ട് സന്തോഷിക്കട്ടെ.
75. കർത്താവേ, നിന്റെ ന്യായവിധികൾ ശരിയെന്നും,
നിന്റെ വിശ്വസ്തത എന്നെ താഴ്ത്തിയെന്നും ഞാൻ
അറിഞ്ഞു.
76. നിന്റെ ഈ ദാസനോട് നീ അരുളിച്ചെയ്തതനുസരിച്ച്,
നിന്റെ കൃപ എന്റെ സമാശ്വാസത്തിനാകട്ടെ;
77. എന്റെമേൽ നിന്റെ കൃപ വരുമാറാകട്ടെ;
നിന്റെ പ്രമാണത്തിൽ പരിശീലനം നേടിയതുകൊണ്ട്
ഞാൻ ജീവിക്കും.
78. ദുഷ്ടതയാൽ എന്നെത്താഴ്ത്തിയ അക്രമികൾ ലജ്ജി
തരാകട്ടെ;
ഞാനോ നിന്റെ കല്പനകളെക്കുറിച്ചു ധ്യാനിച്ചു.
79. നിന്റെ ഭക്തന്മാരും നിന്റെ സാക്ഷ്യത്തെ അറിയുന്ന
വരും
എന്നിലേക്കു തിരിയട്ടെ.
80. എന്റെ ഹൃദയം നിന്റെ കല്പനകളെപ്പറ്റി ധ്യാനിക്കും;
ഞാൻ ലജ്ജിക്കയില്ല.

കാപ്പ്

81. എന്റെ ആത്മാവ് നീ നൽകുന്ന രക്ഷക്കായി ആഗ്ര
ഹിച്ചു;
നിന്റെ വചനത്തിൽ ഞാൻ പ്രത്യാശ അർപ്പിക്കുന്നു.
82. എപ്പോൾ നീ എന്നെ ആശ്വസിപ്പിക്കുമെന്ന്,
എന്റെ കണ്ണുകൾ നിന്റെ വചനം കാത്തിരുന്നു.
83. മഞ്ഞിലെ തുകൽക്കുടംപോലെ ഞാൻ ആയിത്തീ
രുന്നു.
എങ്കിലും നിന്റെ കല്പനകളെ ഞാൻ മറന്നില്ല.
84. എത്രയാണ് നിന്റെ ദാസന്റെ നാളുകൾ?
എന്നെ പീഡിപ്പിക്കുന്നവരെ എപ്പോഴാണു നീ ന്യായം
വിധിക്കുക?
85. നിന്റെ നിയമത്തിൽ നിന്നല്ലാത്ത ദുഷ്ടന്മാർ എനിക്കു
വേണ്ടി കുഴികുഴിച്ചു.
86. നിന്റെ കല്പനകളെല്ലാം വിശ്വാസ്യങ്ങളാകുന്നു;
കശ്മലന്മാർ എന്നെ പീഡിപ്പിച്ചു.
87. അവർ ഭൂമിയിൽ എന്നെ മിക്കവാറും നശിപ്പിച്ചിരി
ക്കുന്നു;
എങ്കിലും നിന്റെ കല്പനകളെ ഞാൻ ഉപേക്ഷിച്ചില്ല.
88. നിന്റെ വായിൽ നിന്നു പുറപ്പെട്ട സാക്ഷ്യം ഞാൻ
പാലിക്കേണ്ടതിന്
നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നെ ജീവിപ്പിക്ക
ണമേ.

ലാമ്മദ്

89. കർത്താവേ, നീ എന്നേയ്ക്കും ഉണ്ട്,
നിന്റെ വചനം ആകാശത്ത് നിലനിൽക്കുന്നു.
90. നിന്റെ വിശ്വസ്തത എന്നേയ്ക്കുമാകുന്നു.
നീ ഭൂമിയെ സ്ഥാപിച്ചുറപ്പിച്ചു.

www.malankaralibrary.com

92. നിന്റെ നിയമം എന്റെ ധ്യാനവിഷയം അല്ലായിരുന്നു
എങ്കിൽ,
ഞാൻ എന്റെ അധഃസ്ഥിതിയിൽ നശിച്ചുപോകുമായി
രുന്നു.
93. നിന്റെ കല്പനകൾ ഞാൻ ഒരിക്കലും മറക്കുകയില്ല;
അവയിലാണല്ലോ എന്റെ ജീവൻ.
94. ഞാൻ നിന്റേതാണ്, എന്നെ രക്ഷിക്കണമേ;
ഞാൻ നിന്റെ കല്പനകൾ പാലിച്ചല്ലോ.
95. ദുഷ്ടന്മാർ എന്നെ നശിപ്പിക്കാൻ കാത്തിരുന്നു.
എങ്കിലും നിന്റെ സാക്ഷ്യം എന്നെ വിവേകിയാക്കി.
96. എല്ലാ അതിർത്തിക്കും അന്ത്യമുണ്ടെന്ന് ഞാൻ കണ്ടു;
നിന്റെ കല്പനയാകട്ടെ അതീവ വിശാലമാണ്.

മിം

97. ഞാൻ നിന്റെ പ്രമാണത്തെ എത്രയോ സ്നേഹിച്ചു!
അതുതന്നെയാണ് ദിവസം മുഴുവൻ എന്റെ ധ്യാനവി
ഷയം.
98. നിന്റെ കല്പനകളെ ഞാൻ പാലിച്ചതുകൊണ്ട്,
എന്റെ ശത്രുക്കളെക്കാൾ എന്നെ വിജ്ഞാനിയാക്ക
ണമേ!
99. നിന്റെ സാക്ഷ്യം എനിക്കു ധ്യാനമായതുകൊണ്ട്;
എന്റെ എല്ലാ ഗുരുക്കന്മാരെക്കാൾ എന്നെ വിവേകി
യാക്കണമേ.
100. നിന്റെ കല്പനകളെ ഞാൻ പാലിക്കുന്നതുകൊണ്ട്,
മുതിർന്നവരെക്കാൾ ഞാൻ ധാരണാശക്തി ഉള്ളവ
നായി.
101. നിന്റെ കല്പനകളെ പാലിക്കേണ്ടതിന്,
എല്ലാ ദുർമ്മാർഗ്ഗത്തിൽനിന്നും ഞാൻ എന്റെ കാലുക
ളെ തടഞ്ഞു.
102. നീ എന്നെ പഠിപ്പിച്ചതുകൊണ്ട്,
നിന്റെ വിധികളിൽ നിന്നു ഞാൻ വ്യതിചലിച്ചില്ല.
103. വായ്ക്ക് തേൻ എന്നതിനെക്കാൾ, നിന്റെ വചനങ്ങൾ
എന്റെ അണ്ണാക്കിനു മധുരമുള്ളവയാകുന്നു.
104. നിന്റെ കല്പനകളെ ഞാൻ ധ്യാനിച്ചു;
അതിനാൽ ദുഷ്ടന്മാരുടെ വഴിയെല്ലാം ഞാൻ വെ
റുത്തു.

നൂൻ

105. നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും
എന്റെ ഊടുവഴിയിൽ വെളിച്ചവുമാകുന്നു.
106. നിന്റെ നീതിയുടെ അനുശാസനങ്ങൾ പാലിക്കുമെന്ന്
ഞാൻ സത്യം ചെയ്തുറപ്പിച്ചു.
107. കർത്താവേ, ഞാൻ വളരെ താഴ്ത്തപ്പെട്ടു;
നിന്റെ വചനമനുസരിച്ച് എന്നെ ജീവിപ്പിക്കണമേ.
108. കർത്താവേ, എന്റെ വായിൽ നിന്നുള്ള വചനങ്ങളിൽ
നീ പ്രസാദിക്കണമേ;
നിന്റെ വിധികളിൽനിന്ന് എന്നെ പഠിപ്പിക്കണമേ!
109. എന്റെ ആത്മാവ് സദാ നിന്റെ കൈകളിലാകുന്നു;
ഞാൻ നിന്റെ നിയമം മറന്നില്ല.
110. പാപികൾ എനിക്കു കെണികൾ വച്ചു;
ഞാൻ നിന്റെ കല്പനകളിൽ നിന്നു മാറിയില്ല.
111. നിന്റെ സാക്ഷ്യമാണു ഞാൻ ശാശ്വതമായി അവകാ
ശപ്പെടുത്തിയിരിക്കുന്നത്;
അതേ, അവയാണ് എന്റെ ഹൃദയത്തിന്റെ ആനന്ദം.
112. നിന്റെ കല്പനകൾ യഥാർത്ഥത്തിൽ എന്നേയ്ക്കും
നിറവേറ്റാൻ;
എന്റെ ഹൃദയത്തെ ഞാൻ തിരിച്ചു.

സെമക്കസ്

113. ദുഷ്ടരെ ഞാൻ ദ്വേഷിച്ചു;
നിന്റെ നിയമത്തെ ഞാൻ സ്നേഹിച്ചു:
114. നീയാണ് എന്റെ സങ്കേതവും അഭയസ്ഥാനവും;
നിന്റെ വചനത്തിൽ ഞാൻ പ്രത്യാശയർപ്പിച്ചിരിക്കുന്നു.
115. എന്റെ ദൈവത്തിന്റെ കല്പനകളെ ഞാൻ പാലിക്കേ
ണ്ടതിന്,
അക്രമികളേ, നിങ്ങൾ എന്നെ വിട്ടകലുക!
116. നിന്റെ വചനത്താൽ എന്നെ നീ ഉറപ്പിക്കണമേ.
എന്നാൽ ഞാൻ ജീവിക്കും;
എന്റെ പ്രത്യാശയിൽ എന്നെ ലജ്ജിതനാക്കരുതേ.
117. എന്നെ സഹായിക്കണമേ; ഞാൻ രക്ഷിക്കപ്പെടുകയും
നിന്റെ കല്പനകളിൽ അഭ്യസ്തനാകയും ചെയ്യും.
118. നിന്നിൽനിന്നു തെറ്റിപ്പോയവരെയെല്ലാം ഞാൻ നിര
സിച്ചു.
ദുഷ്ടതയാണല്ലോ അവർ ചിന്തിക്കുക
119. എന്നെ നീ താങ്ങണമേ; ഞാൻ രക്ഷിക്കപ്പെടും;
നിന്റെ കല്പനകളെപ്പറ്റി എപ്പോഴും ഞാൻ ധ്യാനിക്കും;
120. നിന്നെക്കുറിച്ചുള്ള ഭയത്താൽ എന്റെ മാംസം ശുഷ്
കിച്ചു;
നിന്റെ ന്യായവിധികളെ ഞാൻ ഭയപ്പെടുന്നു.

എ

121. വിധിയും നീതിയും ചെയ്യുന്നവനേ,
എന്റെ മർദ്ദകരുടെ കയ്യിൽ എന്നെ നീ ഉപേക്ഷിക്ക
രുതേ,
122. നന്മകളാൽ നിന്റെ ദാസനെ സന്തോഷിപ്പിച്ചാലും;
എന്നാൽ അഹങ്കാരികൾ എന്നെ ഞെരുക്കുകയില്ല.
123. എന്റെ കണ്ണുകൾ നിന്റെ രക്ഷയും, നിന്റെ നീതിയുടെ
വചനവും പാർത്തിരിക്കുന്നു.
124. നിന്റെ കൃപയ്ക്കനുസൃതമായി നിന്റെ ദാസനോടു
പെരുമാറണമേ.
നിന്റെ പ്രമാണം എന്നെ പഠിപ്പിക്കണമേ.
125. ഞാൻ നിന്റെ ദാസനാണ്;
ഞാൻ നിന്റെ സാക്ഷ്യം അറിയേണ്ടതിന്,
എനിക്കു ധാരണാശക്തി നൽകണമേ.
126. കർത്താവിനെ സേവിക്കാനുള്ള കാലമായിരിക്കുന്നു;
എന്നാൽ അവർ നിന്റെ പ്രമാണത്തെ തിരസ്ക്കരിച്ചു.
127. അതുകൊണ്ട് ഞാൻ നിന്റെ കല്പനകളെ സ്വർണ്ണത്തെ
ക്കാളും വിലയേറിയ രത്നങ്ങളെക്കാളും സ്നേഹിച്ചു.
128. നിന്റെ കല്പനകളെയെല്ലാം ഞാൻ സ്നേഹിച്ചു;
ദുഷ്ടന്മാരുടെ മാർഗ്ഗമെല്ലാം ഞാൻ വെറുത്തു.

പെ

129. നിന്റെ സാക്ഷ്യങ്ങൾ മഹത്തായവയാണ്;
തന്മൂലം എന്റെ ആത്മാവ് അവ പാലിച്ചു.
130. നിന്റെ വചനം നീ ആവിഷ്കരിക്കണമേ;
അങ്ങനെ നിഷ്കപടരെ പ്രകാശിപ്പിച്ച് ജ്ഞാനികളാ
ക്കിയാലും.

www.malankaralibrary.com


131. ഞാൻ നെടുവീർപ്പിട്ട്,
നിന്റെ രക്ഷയെ പ്രതീക്ഷിച്ചിരുന്നു.
132. നിന്റെ നാമത്തെ ഞാൻ സ്നേഹിച്ചതിനാൽ;
എന്റെ നേർക്കു തിരിഞ്ഞ് എന്നിൽ കനിയണമേ.
133. ദുഷ്ടൻ എന്റെമേൽ ശക്തിപ്പെടാതിരിക്കുന്നതിന്
നിന്റെ ഊടുവഴികളിൽ എന്റെ കാലടികൾ ഉറപ്പിക്കണമേ.
134. ഞാൻ നിന്റെ കല്പനകൾ പാലിക്കേണ്ടതിന്,
എന്നെ മനുഷ്യരുടെ മർദ്ദനത്തിൽനിന്നു രക്ഷിക്കണമേ,
135. നിന്റെ ദാസന്റെ മേൽ നിന്റെ മുഖം പ്രകാശിപ്പിച്ച്.
നിന്റെ പ്രമാണം എന്നെപ്പഠിപ്പിക്കണമേ.
136. അവർ നിന്റെ നിയമം പാലിക്കാതിരുന്നതുകൊണ്ട്
എന്റെ കണ്ണുകളിൽനിന്ന് വെള്ളപ്പാത്തികൾ പുറപ്പെട്ടു.

### സാദെ

137. കർത്താവേ, നീ നീതിമാനാണ്;നിന്റെ ന്യായവിധികൾ ഏറ്റം നീതിയുക്തങ്ങളത്രെ.
138. നീതിയിലും വിശ്വസ്തതയിലും നീ നിന്റെ സാക്ഷ്യം കല്പിച്ചിരിക്കുന്നു.
139. നിന്റെ ശത്രുക്കൾ നിന്റെ വാക്കു വിസ്മരിച്ചതുകൊണ്ട്,
തീക്ഷ്ണത എപ്പോഴും എന്നെ ഞെരുക്കിയിരുന്നു.
140. നിന്റെ വചനം വളരെ വിശിഷ്ടമാകുന്നു;
തന്മൂലം നിന്റെ ദാസൻ അതിനെ സ്നേഹിച്ചു.
141. ഞാൻ ചെറിയവനും നിന്ദ്യനും ആകുന്നു;
എങ്കിലും നിന്റെ കല്പനകൾ ഞാൻ മറന്നില്ല.
142. നിന്റെ നീതി എന്നേയ്ക്കും നിലനില്ക്കുന്നു.
നിന്റെ നിയമം സത്യമായും സ്ഥിരമത്രേ.
143. ദുരിതവും ദുഃഖവും എന്നെ ബാധിച്ചു;
എങ്കിലും നിന്റെ കല്പനകളെപ്പറ്റി ഞാൻ ധ്യാനിച്ചു.
144. നിന്റെ സാക്ഷ്യം എന്നേയ്ക്കും നീതിയുള്ളതാണ്;
എന്നെ പഠിപ്പിക്കണമേ; ഞാൻ ജീവിക്കും.

### ഖോപ്

145. പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ വിളിച്ചപേക്ഷിച്ചു.
കർത്താവേ എനിക്കുത്തരം നൽകണമേ;
ഞാൻ നിന്റെ കല്പനകൾ പാലിക്കും.
146. ഞാൻ നിന്നെ വിളിച്ചു;
എന്നെ രക്ഷിക്കണമേ;
ഞാൻ നിന്റെ സാക്ഷ്യം പാലിക്കും.
147. ഞാൻ പ്രഭാതത്തിൽ എഴുന്നേറ്റ് പ്രാർത്ഥിച്ചു.
നിന്റെ വചനത്തെ ഞാൻ കാത്തിരുന്നു.
148. നിന്റെ വചനത്തെപ്പറ്റി ധ്യാനിക്കാൻ,
എന്റെ കണ്ണുകൾ ഉറക്കമൊഴിഞ്ഞിരുന്നു.
149. കർത്താവേ, നിന്റെ കൃപയ്ക്കനുസൃതം എന്റെ സ്വരം കേൾക്കണമേ;
നിന്റെ ന്യായവിധികളാൽ എന്നെ നീ ജീവിപ്പിക്കണമേ;
150. ദുർവൃത്തരായ പീഡകർ എന്റെ അടുത്തെത്തിയിരിക്കുന്നു;
നിന്റെ നിയമത്തിൽനിന്ന് അവർ അകന്നിരിക്കുന്നു.
151. കർത്താവേ, നീ സമീപത്തുണ്ടല്ലോ. നിന്റെ കല്പനകളെല്ലാം സത്യമുള്ളവ.
നിന്റെ വചനത്തെപ്പറ്റി ധ്യാനിക്കുന്നതിന്
എന്റെ കണ്ണുകൾ ഉറക്കമൊഴിഞ്ഞിരുന്നു.
152. നിന്റെ സാക്ഷ്യത്തെ ഞാൻ പണ്ടേതന്നെ അറിഞ്ഞു.
എന്തുകൊണ്ടെന്നാൽ ആദിമുതൽക്കേ നീ അതിനെ ക്രമപ്പെടുത്തിയിരുന്നു.

### റേശ്

153. എന്റെ ശോച്യാവസ്ഥ കണ്ട് നീ എന്നെ വീണ്ടെടുക്കണമേ.
എന്തെന്നാൽ ഞാൻ നിന്റെ നിയമം വിസ്മരിച്ചില്ല.
154. എന്റെ ന്യായംകേട്ടു വിധിച്ച് എന്നെ മോചിപ്പിക്കണമേ;
നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.
155. രക്ഷ ദുഷ്ടരിൽനിന്നു അകലെയാണ്;
എന്തെന്നാൽ അവർ നിന്റെ കല്പനകൾ അന്വേഷിച്ചില്ല.
156. കർത്താവേ, നിന്റെ കാരുണ്യം വലുതാണ്.
നിന്റെ വിധിയാൽ എന്നെ ജീവിപ്പിക്കണമേ.
157. എന്നെ പീഡിപ്പിക്കുന്നവരും എന്റെ എതിരാളികളും വർദ്ധിച്ചിരിക്കുന്നു.
എങ്കിലും ഞാൻ നിന്റെ സാക്ഷ്യത്തിൽനിന്ന് വിട്ടുമാറിയില്ല
158. ഞാൻ ദുഷ്ടന്മാരെക്കണ്ടു;
അവർ നിന്റെ പ്രബോധനം പാലിക്കുന്നില്ലെന്നു ഞാൻ മനസ്സിലാക്കി.
159. കർത്താവേ, ഞാൻ നിന്റെ കല്പനകളെ സ്നേഹിച്ചു എന്നു കാണണമേ;
നിന്റെ കൃപയാൽ എന്നെ ജീവിപ്പിക്കണമേ.
160. നിന്റെ വചനം സത്യമാണ്.
നിന്റെ നീതിനിഷ്ഠമായ അനുശാസനങ്ങളെല്ലാം, നിത്യം നിലനിൽക്കുന്നു.

### ശീൻ

161. പ്രമാണികൾ അകാരണമായി എന്നെ പീഡിപ്പിച്ചു.
എന്നാൽ എന്റെ ഹൃദയം നിന്റെ വചനത്തെ ഭയപ്പെട്ടു.
162. വളരെ കൊള്ളമുതൽ കണ്ടെത്തിയവനെപ്പോലെ
നിന്റെ പ്രബോധനത്തിൽ ഞാൻ സന്തോഷിച്ചു.
163. അന്യായത്തെ ഞാൻ ദ്വേഷിച്ചു തള്ളിക്കളഞ്ഞു
നിന്റെ നിയമത്തെ ഞാൻ സ്നേഹിച്ചു.
164. നീതിമാനേ നിന്റെ വിധിയെക്കുറിച്ച്,
ദിവസേന ഏഴുപ്രാവശ്യം ഞാൻ നിന്നെ മഹത്വപ്പെടുത്തി.
165. നിന്റെ നിയമത്തെ സ്നേഹിക്കുന്നവർക്ക് വളരെ സമാധാനമുണ്ട്.
അവർക്കു യാതൊരു കുറവുമില്ല.
166. കർത്താവേ നീയേകുന്ന രക്ഷയിൽ ഞാൻ പ്രത്യാശയർപ്പിച്ചു.
കർത്താവേ ഞാൻ നിന്റെ കല്പനകൾ നിറവേറ്റി.
167. എന്റെ ആത്മാവ് നിന്റെ സാക്ഷ്യത്തെ പാലിച്ചു.
ഞാൻ അതിനെ അത്യധികം സ്നേഹിച്ചു.
168. ഞാൻ നിന്റെ കല്പനകളും സാക്ഷ്യങ്ങളും പാലിച്ചു
എന്റെ മാർഗ്ഗങ്ങളെല്ലാം നിന്റെ സന്നിധിയിൽ ഉണ്ടല്ലോ.

www.malankaralibrary.com

താവ്

169. കർത്താവേ, എന്റെ സ്തുതി നിന്റെ മുമ്പാകെ എത്തട്ടെ.
നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.
170. എന്റെ പ്രാർത്ഥന നിന്റെ സന്നിധിയിൽ എത്തട്ടെ.
നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.
171. എന്റെ അധരങ്ങൾ നിന്റെ പ്രബോധനം പ്രചരിപ്പിക്കട്ടെ.
നിന്റെ കല്പനകളെല്ലാം നീതിയുക്തമാണല്ലോ.
172. നിന്റെ കല്പനകൾ നീ എന്നെ പഠിപ്പിച്ചതിനാൽ
എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ സംസാരിക്കും.
173. നിന്റെ പ്രമാണങ്ങളെ ഞാൻ സ്നേഹിച്ചതുകൊണ്ട്
നിന്റെ കൈ എന്നെ സഹായിക്കട്ടെ.
174. എന്റെ ആത്മാവ് നിന്റെ രക്ഷയെ പാർത്തിരുന്നു
നിന്റെ നിയമത്തെപ്പറ്റി ഞാൻ ധ്യാനിച്ചു.
175. നിന്നെ പാടി സ്തുതിക്കാൻ ഞാൻ ജീവിക്കട്ടെ.
നിന്റെ നീതിവിധി എന്നെ സഹായിക്കട്ടെ.
176. നഷ്ടപ്പെട്ട ആടിനെപ്പോലെ ഞാൻ വഴിതെറ്റിപ്പോയിരിക്കുന്നു;
നിന്റെ ദാസനെ നീ അന്വേഷിക്കണമേ;
നിന്റെ കല്പനകൾ ഞാൻ മറന്നില്ലല്ലോ.

## സങ്കീർത്തനം 119

എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചു.
കർത്താവ് എനിക്ക് ഉത്തരം നൽകി.
2. ദുഷ്ടന്മാരുടെ അധരങ്ങളിൽനിന്നും
വഞ്ചനയുള്ള നാവുകളിൽ നിന്നും, എന്റെ ആത്മാവിനെ രക്ഷിക്കണമേ.
3. വഞ്ചനയുള്ള നാവേ, നിനക്ക് എന്തു ലഭിക്കും?
നിനക്ക് എന്തു കൂടുതലായിക്കിട്ടും?
4. ശക്തന്റെ അസ്ത്രങ്ങൾ കരുവേലകത്തിന്റെ കനൽ പോലെയാകുന്നു.
5. എന്റെ വിപ്രവാസം നീണ്ടുപോയതിനാലും,
കേദാറിന്റെ കൂടാരത്തിൽ ഞാൻ വസിച്ചതിനാലും
എനിക്കു നിർഭാഗ്യം.
6. സമാധാനത്തെ വെറുക്കുന്നവരോടുകൂടെ
എന്റെ ആത്മാവ് വളരെക്കാലം വസിച്ചു.
7. ഞാൻ സമാധാനത്തെക്കുറിച്ചു സംസാരിച്ചിരുന്നു
അവരോ എന്നോടു ശണ്ഠകൂടിയിരുന്നു.

## സങ്കീർത്തനം 120

ഞാൻ മലയിലേക്ക് എന്റെ കണ്ണുകൾ ഉയർത്തി.
എവിടെനിന്നാണ് എന്റെ സഹായകൻ വരുക?
2. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ പക്കൽ നിന്നത്രേ.
3. നിന്റെ കാലിടറാൻ അവൻ അനുവദിക്കുകയില്ല.
നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.
4. ഇസ്രായേലിന്റെ കാവൽക്കാരൻ ഉറങ്ങുകയില്ല! മയങ്ങുകയുമില്ല.
5. കർത്താവാണു നിന്റെ സംരക്ഷകൻ.
വലതുകരംകൊണ്ട് അവൻ നിനക്കു തണലേകും.
6. പകൽ സൂര്യൻ നിന്നെ ഉപദ്രവിക്കുകയില്ല.
രാത്രിയിൽ ചന്ദ്രനും.
7. സർവ തിന്മകളിൽനിന്നും കർത്താവു നിന്നെ സംരക്ഷിക്കും
നിന്റെ ആത്മാവിനെ അവൻ കാത്തുകൊള്ളും.
8. അവൻ നിന്റെ പുറപ്പാടിനെയും പ്രവേശനത്തെയും
ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

## സങ്കീർത്തനം 121

'നാം കർത്താവിന്റെ ഭവനത്തിലേക്കു പോകുന്നു'
എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.
2. ഓറശ്ലേമേ, എന്റെ കാലുകൾ നിന്റെ കവാടങ്ങളിൽ ഊന്നിയിരുന്നു.
3. കോട്ടയാൽ ചുറ്റപ്പെട്ട പട്ടണം പോലെ,
ഓറശ്ലേം പണിയപ്പെട്ടിരിക്കുന്നു.
4. ഇസ്രായേലിന്റെ സാക്ഷ്യത്തിനായി കർത്താവിന്റെ
നാമത്തിനു നന്ദി പറയാൻ,
കർത്താവിന്റെ ഗോത്രങ്ങൾ അവിടേയ്ക്ക് ആരോഹണം ചെയ്തു.
5. ന്യായവിധിക്കുള്ള സിംഹാസനങ്ങൾ- ദാവീദിന്റെ ഭവനത്തിന്റെ സിംഹാസനങ്ങൾ-
അവർ അവിടെ സ്ഥാപിച്ചു.
6. ഓറെശ്ലേത്തിന് അഭിവാദനമർപ്പിക്കുവിൻ.
നിന്നെ സ്നേഹിക്കുന്നവർ ഐശ്വര്യം പ്രാപിക്കട്ടെ.
7. നിന്റെ സൈന്യത്തിനു സമാധാനമുണ്ടാകട്ടെ.
നിന്റെ ഗോപുരങ്ങളിൽ സമൃദ്ധിയും!
8. എന്റെ സഹോദരന്മാരെയും സ്നേഹിതരെയും പ്രതി ഞാൻ പറയും:
നിനക്കു സമാധാനം.
9. നമ്മുടെ ദൈവമായ കർത്താവിന്റെ ഭവനത്തെ പ്രതി
ഞാൻ നിന്റെ നന്മ അന്വേഷിക്കും.

## സങ്കീർത്തനം 122

സ്വർഗ്ഗത്തിൽ വസിക്കുന്നവനേ,
നിന്റെ അടുക്കലേക്ക്, ഞാൻ എന്റെ കണ്ണുകൾ ഉയർത്തി.
2. ദാസന്മാരുടെ കണ്ണുകൾ തങ്ങളുടെ യജമാനന്മാരുടെ പക്കലേക്കും
ദാസിയുടെ കണ്ണുകൾ അവളുടെ സ്വാമിനിയുടെ പക്കലേക്കും എന്നപോലെ.
ഞങ്ങളുടെ ദൈവമായ കർത്താവേ,
നിന്റെ കരുണ ഞങ്ങളുടെമേൽ ഉണ്ടാകുവോളം
ഞങ്ങളുടെ കണ്ണുകൾ നിന്റെ പക്കലേക്കായിരിക്കും.
3. ഞങ്ങളോടു കൃപയുണ്ടാകണമേ,
കർത്താവേ, ഞങ്ങൾ വളരെ അധിക്ഷേപം കേട്ടതു നിമിത്തം
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.
4. ദുഷ്ടന്മാരുടെ നിന്ദയും,
അഹങ്കാരികളുടെ അക്ഷേപാധിക്യവുംകൊണ്ട്
ഞങ്ങളുടെ ആത്മാവു നിറഞ്ഞു.

www.malankaralibrary.com

## സങ്കീർത്തനം 123

കർത്താവു ഞങ്ങൾക്കായി നിലകൊള്ളാതിരുന്നെ
ങ്കിൽ
2. മനുഷ്യർ ഞങ്ങളോടു എതിർത്തു നിന്നപ്പോൾ,
കർത്താവു ഞങ്ങൾക്കു സഹായമായി നിൽക്കാതിരു
ന്നെങ്കിൽ
3. അവരുടെ കോപം ഞങ്ങളുടെമേൽ ജ്വലിച്ചപ്പോൾ
അവർ ഞങ്ങളെ ജീവനോടെ വിഴുങ്ങിക്കളയുമായി
രുന്നു
എന്നു ഇസ്രായേൽ പറയട്ടെ.
4. അവർ ഞങ്ങളെ വെള്ളത്തിൽ മുക്കിക്കളയുമായി
രുന്നു;
ജലപ്രവാഹം ഞങ്ങളുടെ ആത്മാവിന്റെമേൽ കവിയു
മായിരുന്നു.
5. ഏറിയ ജലം ഞങ്ങളുടെ ആത്മാവിന്റെമേൽ കവി
ഞ്ഞൊഴുകുമായിരുന്നു.
6. അവരുടെ പല്ലിനു ഞങ്ങളെ ഇരയായി കൊടുക്കാതി
രുന്ന
കർത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ.
7. വേട്ടക്കാരന്റെ വലയിൽ നിന്നു് പക്ഷിയെന്നപോലെ
ഞങ്ങളുടെ ആത്മാവ് രക്ഷപ്രാപിച്ചു.
വലകീറിപ്പോയി ഞങ്ങൾ സ്വതന്ത്രരായി.
8. ആകാശവും ഭൂമിയും സൃഷ്ടിച്ച
കർത്താവിന്റെ നാമത്തിലാണ് നമ്മുടെ സഹായം.

## സങ്കീർത്തനം 124

സെഹിയോൻ പർവതത്തിൽ, കർത്താവിൽ ആശ്രയ
മർപ്പിച്ചിരിക്കുന്നവർ ഇളകുകയില്ല.
അവർ എന്നേയ്ക്കും വസിക്കും.
2. ഓറെശ്ലത്തെ പർവതങ്ങൾ വലയം ചെയ്തിരിക്കുന്നു
കർത്താവു ഇന്നുമുതൽ എന്നേയ്ക്കും തന്റെ ജന
ത്തെയും ചുറ്റിയിരിക്കുന്നു.
3. ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ ഓഹരിയിൽ
വാഴുകയില്ല;
നീതിമാന്മാർ തങ്ങളുടെ കൈകൾ ദുഷ്ടതയിലേക്കു
നീട്ടുകയില്ല.
4. കർത്താവേ, നല്ലവർക്കും ഹൃദയ പരമാർത്ഥതയുള്ള
വർക്കും നന്മചെയ്യണമേ!
5. തങ്ങളുടെ വഴികളെ തിന്മയിലേക്ക് തിരിക്കുന്നവരെ,
ദുർവൃത്തരോടുകൂടി കർത്താവു നടത്തും
ഇസ്രായേലിനു സമാധാനവും ഉണ്ടാകും.

## സങ്കീർത്തനം 125

കർത്താവു സെഹിയോന്റെ അടിമത്തം നീക്കിയപ്പോൾ
ഞങ്ങൾ ആനന്ദഭരിതരായി.
2. അപ്പോൾ ചിരികൊണ്ടു ഞങ്ങളുടെ വായും
സ്തുതികൊണ്ടു ഞങ്ങളുടെ നാവും നിറഞ്ഞു,
കർത്താവ് അവർക്ക് വളരെ കാര്യങ്ങൾ ചെയ്തിരി
ക്കുന്നു എന്ന്
വിജാതീയരുടെ ഇടയിൽ സംസാരമുണ്ടായി.
3. കർത്താവു നമുക്ക് വളരെ കാര്യങ്ങൾ ചെയ്തു;
അതുകൊണ്ട് നാം ആനന്ദമുള്ളവരായിരിക്കുന്നു
4. കർത്താവേ തെക്കുള്ള അരുവികൾ എന്നപോലെ
ഞങ്ങളുടെ അടിമത്തം മാറ്റിക്കളയണമേ.
5. കണ്ണുനീരോടെ വിതയ്ക്കുന്നവൻ
സന്തോഷത്തോടെ കൊയ്യും.
6. വിത്തുവിതയ്ക്കുന്നവൻ
നടന്നു നടന്നു കരയുന്നു;
കറ്റ ചുമക്കുന്നവനാകട്ടെ
സന്തോഷത്തോടെ വരുന്നു.

## സങ്കീർത്തനം 126

കർത്താവു വീടു പണിയുന്നില്ലെങ്കിൽ
പണിക്കാർ വെറുതേ അധ്വാനിക്കുന്നു.
കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ
കാവൽക്കാർ വെറുതേ ഉറക്കമിളയ്ക്കുന്നു.
2. അതിരാവിലെ എഴുന്നേൽക്കുന്നതും വൈകി വിശ്രമി
ക്കാൻ പോകുന്നതും,
ദുഃഖത്തോടെ അപ്പം ഭക്ഷിക്കുന്നതും പ്രയോജനര
ഹിതമാകുന്നു
കർത്താവ് തന്റെ പ്രിയപ്പെട്ടവർക്കു നിദ്ര നൽകും.
3. മക്കൾ കർത്താവിന്റെ അവകാശമാകുന്നു;
ഉദരഫലങ്ങൾ അവന്റെ സമ്മാനവും.
4. ബലവാന്റെ കൈയ്യിലെ അസ്ത്രംപോലെയാണ്,
യൗവനയുക്തരായ മക്കൾ.
5. ഇവരെക്കൊണ്ടുതന്റെ ആവനാഴി നിറയ്ക്കുന്നവൻ
ഭാഗ്യവാനാകുന്നു.
നഗരകവാടത്തിൽവച്ച് ശത്രുനിരയെ എതിരിടുമ്പോൾ
അയാൾക്ക് ലജ്ജിക്കേണ്ടി വരികയില്ല.

## സങ്കീർത്തനം 127

കർത്താവിനെ ബഹുമാനിച്ച് അവന്റെ ഊടുവഴികളി
ലൂടെ വ്യാപരിക്കുന്നവർ ഭാഗ്യവാന്മാർ.
2. മനുഷ്യാ നിന്റെ കൈവേലയുടെ ഫലം നീ ആസ്വദി
ക്കുമ്പോൾ
നിനക്കു ഭാഗ്യം; നിനക്കു ശുഭം ഭവിക്കും.
3. നിന്റെ ഭവനപരിസരത്തുള്ള വിശിഷ്ടമായ മുന്തിരിപോ
ലെയാണ് നിന്റെ ഭാര്യ.
നിന്റെ മക്കൾ മേശയ്ക്കു ചുറ്റും സൈത്തിന്റെ മുള
കൾ പോലെയും.
4. കർത്താവിനെ ഭയപ്പെടുന്ന മനുഷ്യൻ ഇപ്രകാരം
അനുഗ്രഹിക്കപ്പെടും.
5. സെഹിയോനിൽ നിന്നു കർത്താവു നിന്നെ അനുഗ്ര
ഹിക്കും.
നിന്റെ ആയുസ്സിന്റെ നാളുകളിലെല്ലാം ഓറശ്ലത്തിന്റെ
നന്മ നീ ദർശിക്കും.
6. നിന്റെ മക്കളുടെ മക്കളെയും നീ കാണും.
ഇസ്രായേലിനു സമാധാനം!

www.malankaralibrary.com


## സങ്കീർത്തനം 128

എന്റെ ബാല്യം മുതൽക്കേ എന്നെ ഉപദ്രവിക്കുന്നവർ വർദ്ധിച്ചു വന്നു.
2. ഇസ്രായേൽ ഇങ്ങനെ പറയട്ടെ:
എന്റെ ബാല്യം മുതൽ എന്നെ ഉപദ്രവിക്കുന്നവർ വർദ്ധിച്ചുവന്നു.
എങ്കിലും എന്റെ ശക്തിയെ ഉല്ലംഘിക്കുവാൻ അവർക്കു കഴിഞ്ഞില്ല.
3. എന്റെ പുറത്ത് അവർ ചമ്മട്ടികൊണ്ടു അടിച്ചു.
അവർ ദീർഘനേരം എന്നെ എളിമപ്പെടുത്തി.
4. കർത്താവു നീതിമാനത്രേ.
ദുഷ്ടരുടെ ശാഖകളെ അവൻ ഛേദിച്ചു കളയും.
5. സെഹിയോനെ ദ്വേഷിക്കുന്നവരെല്ലാം
ലജ്ജിച്ചു പിന്തിരിയട്ടെ.
6. അവർ, കാറ്റൂതുമ്പോൾ പറിഞ്ഞുണങ്ങിപ്പോകുന്ന
പുരപ്പുറത്തെ പുല്ലുപോലെ ആയിത്തീരട്ടെ.
7. കൊയ്യുന്നവൻ അതുകൊണ്ടു തന്റെ കൈനിറയ്ക്കുന്നില്ല.
കറ്റകെട്ടുന്നവൻ തന്റെ മടിയും നിറയ്ക്കുന്നില്ല.
8. നിങ്ങൾക്കു കർത്താവിന്റെ അനുഗ്രഹം ഉണ്ടാകട്ടെ.
കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു!
എന്നു കടന്നു പോകുന്നവർ പറയുകയുമില്ല.

## സങ്കീർത്തനം 129

കർത്താവേ, അഗാധത്തിൽ നിന്നു നിന്നെ ഞാൻ വിളിച്ചു;
നീ എന്റെ സ്വരം ശ്രവിച്ചു.
2. നിന്റെ ചെവികൾ എന്റെ പ്രാർത്ഥനയുടെ സ്വരത്തിനു ചാഞ്ഞിരിക്കട്ടെ
3. കർത്താവേ, നീ പാപങ്ങൾ പരിഗണിക്കുമെങ്കിൽ ആർക്കു നില്ക്കാൻ കഴിയും
4. എന്തെന്നാൽ പാപമോചനം നിന്റെ പക്കൽ നിന്നാകുന്നു.
5. ഞാൻ കർത്താവിൽ ശരണപ്പെട്ടു;
എന്റെ ആത്മാവ് അവന്റെ വചനം പാർത്തിരിക്കുന്നു.
6. പ്രഭാതം മുതൽ പ്രഭാതം വരെ ഞാൻ കർത്താവിനെ പ്രതീക്ഷിച്ചിരുന്നു.
7. ഇസ്രായേൽ കർത്താവിനെ കാത്തിരിക്കട്ടെ,
എന്തെന്നാൽ അവന്റെ പക്കൽ കരുണയുണ്ട്;
സമൃദ്ധമായ രക്ഷയും അവന്റെ പക്കലുണ്ട്.
8. അവൻ ഇസ്രായേലിനെ അതിന്റെ സർവാപരാധങ്ങളിൽ നിന്നും രക്ഷിക്കും.

## സങ്കീർത്തനം 130

കർത്താവേ, എന്റെ ഹൃദയം അഹങ്കരിച്ചില്ല;
എന്റെ കണ്ണുകൾ ഗർവ്വ് കാട്ടിയില്ല.
എന്റെ പരിധിയിൽക്കവിഞ്ഞ കാര്യങ്ങളിൽ ഞാൻ വ്യാപരിച്ചില്ല.
2. പിന്നെയോ അമ്മയുടെയടുക്കൽ മുലകുടി കഴിഞ്ഞിരിക്കുന്ന ശിശുവിനെപ്പോലെ
ഞാൻ എന്നെത്തന്നെ വിനീതനാക്കി.
എന്റെ ആത്മാവ് എനിക്ക് മുലകുടിമാറിയ ശിശുവിനെപ്പോലെ ആയിത്തീർന്നു.
3. ഇസ്രായേൽ ഇന്നുമുതൽ എന്നേയ്ക്കും കർത്താവിനെ കാത്തിരിക്കട്ടെ.

## സങ്കീർത്തനം 131

കർത്താവേ, ദാവീദിനെയും അയാൾക്കുണ്ടായ കഷ്ടപ്പാടുകളെയും ഓർക്കണമേ.
2. അയാൾ കർത്താവിനോടു സത്യം ചെയ്ത്,
യാക്കോബിന്റെ ദൈവത്തിന് നേർച്ച നേർന്നതായത്:
3. ഞാൻ കർത്താവിനു ഒരു സ്ഥലവും,
യാക്കോബിന്റെ ദൈവത്തിന് ഒരു കൂടാരവും കണ്ടെത്തുന്നതുവരെ
4. ഞാൻ എന്റെ ഭവനത്തിന്റെ തണലിൽ പ്രവേശിക്കുകയില്ല;
എന്റെ കട്ടിലിന്റെ വിരിയിൽ കയറുകയില്ല.
5. എന്റെ കണ്ണുകൾക്കു ഉറക്കവും,
കൺപോളകൾക്കു മയക്കവും നൽകുകയില്ല.
6. ഇതാ, അതിനെക്കുറിച്ച് ആപർസായിൽവച്ചു ഞങ്ങൾ കേട്ടു.
വയലുകളിൽ അത് ഞങ്ങൾ കണ്ടെത്തി.
7. ഞങ്ങൾ അവന്റെ കൂടാരത്തിൽ പ്രവേശിച്ച്,
അവന്റെ പാദപീഠത്തെ ആരാധിക്കും!
8. കർത്താവേ, നിന്റെ വിശ്രമസ്ഥലത്ത് നീ സന്നിഹിതനാകണമേ.
നീയും നിന്റെ ശക്തിയുടെ പേടകവും.
9. നിന്റെ ആചാര്യന്മാർ നീതിയും,
നിന്റെ നീതിമാന്മാർ മഹത്വവും ധരിക്കട്ടെ.
10. നിന്റെ ദാസനായ ദാവീദിനെപ്രതി
നിന്റെ അഭിഷിക്തന്റെ മുഖം നീ തിരിച്ചു കളയരുതേ.
11. കർത്താവ് ദാവീദിനോട് പ്രതിജ്ഞ ചെയ്തു;
അവൻ അതിൽ നിന്നു പിന്മാറുകയില്ല
നിന്റെ ഔരസപുത്രരിൽ നിന്നുള്ളവരെ,
നിന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും.
12. നിന്റെ മക്കൾ, ഞാൻ അവരെ പഠിപ്പിക്കുന്ന
എന്റെ ഉടമ്പടിയാകുന്ന
ഈ സാക്ഷ്യം പാലിച്ചാൽ
അവരുടെ മക്കളിൽനിന്നു എക്കാലവും
നിന്റെ സിംഹാസനത്തിൽ ഞാൻ വാഴിക്കും.
13. എന്തെന്നാൽ കർത്താവു സെഹിയോനിൽ സംപ്രീതനായി
അവൻ അതിനെ തന്റെ വസതിയായി തിരഞ്ഞെടുത്തു.

www.malankaralibrary.com

14. ഇത് എന്റെ ശാശ്വത വിശ്രമസങ്കേതമാകുന്നു
ഇവിടെ ഞാൻ വസിക്കും.
കാരണം, അതിനെ ഞാൻ സ്നേഹിച്ചു.
15. അതിലെ നായാട്ടുകാരെ ഞാൻ അനുഗ്രഹിക്കും.
അവിടെയുള്ള ദരിദ്രരെ അപ്പംകൊണ്ടു ഞാൻ സംതൃപ്തരാക്കും.
16. അവിടത്തെ പുരോഹിതന്മാരെ ഞാൻ രക്ഷ അണിയിക്കും.
നീതിമാന്മാരെ മഹത്വവും.
17. അവിടെ ദാവീദിനായി ഞാൻ ഒരു കൊമ്പു മുളപ്പിക്കും.
അയാളുടെ അഭിഷിക്തന് ഞാൻ ഒരു വിളക്കു കത്തിക്കും.
18. അയാളുടെ ശത്രുക്കളെ ഞാൻ ലജ്ജ ധരിപ്പിക്കും.
അയാളിൽ എന്റെ വിശുദ്ധി വർദ്ധമാനമാക്കും.

## സങ്കീർത്തനം 132

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്,
എത്ര നല്ലതും മനോഹരവുമാകുന്നു.
2. (അത്) തലയിലും താടിയിലും
ഒഴുകുന്ന തൈലം പോലെയാണ്.
അഹറോന്റെ അങ്കിയുടെ കഴുത്തുപടിയിലൂടെ
ഇറങ്ങിവരുന്ന താടിമീശപോലെയും
3. സെഹിയോൻ പർവതത്തിൽ കൂടി
വഴുതി വരുന്ന ഹെർമ്മോന്റെ മഞ്ഞുപോലെയും (ആകുന്നു)
എന്തെന്നാൽ അവിടെ എന്നേയ്ക്കും അനുഗ്രഹവും ജീവനും (ഉണ്ടായിരിക്കട്ടെ)
എന്നു കർത്താവു കല്പിച്ചു.

## സങ്കീർത്തനം 133

രാത്രികാലത്ത് കർത്താവിന്റെ ഭവനത്തിൽ നില്ക്കുന്നവരായ
കർത്താവിന്റെ ദാസരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ;
2. വിശുദ്ധ സ്ഥലത്തേയ്ക്കു കൈകൾ ഉയർത്തി
നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.
3. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ്
സെഹിയോനിൽനിന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ!

## സങ്കീർത്തനം 134

കർത്താവിന്റെ നാമത്തെ സ്തുതിക്കുവിൻ,
കർത്താവിന്റെ ദാസരേ, സ്തുതി പാടുവിൻ.
2. കർത്താവിന്റെ ഭവനത്തിലും,
നമ്മുടെ ദൈവത്തിന്റെ ഭവനാങ്കണത്തിലും നില്ക്കുന്നവരേ
3. കർത്താവിനെ സ്തുതിക്കുവിൻ.
എന്തെന്നാൽ അവൻ നല്ലവനാകുന്നു.
അവന്റെ നാമത്തിനു നിങ്ങൾ സ്തുതി പാടുവിൻ.
കാരണം, അവൻ മാധുര്യവാനാകുന്നു.
4. എന്തെന്നാൽ, കർത്താവു തനിക്കായി യാക്കോബിനെയും,
തന്റെ ജനമായി ഇസ്രായേലിനെയും തിരഞ്ഞെടുത്തു.
5. നമ്മുടെ നാഥനായ കർത്താവ് എല്ലാ ദേവന്മാരെക്കാൾ വലിയവനാണെന്ന്
ഞാൻ അറിയുന്നു.
6. ആകാശത്തിലും ഭൂമിയിലും
സമുദ്രങ്ങളിലും, സർവ അഗാധങ്ങളിലും,
കർത്താവു തനിക്ക് ഇഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുന്നു.
7. അവൻ ഭൂമിയുടെ അതിർത്തികളിൽ നിന്നു മേഘങ്ങളെ ഉയർത്തുന്നു.
മഴയ്ക്കായി മിന്നൽ ഉല്പാദിപ്പിക്കുന്നു.
അറപ്പുരകളിൽ നിന്ന് കാറ്റുകളെ പുറപ്പെടുത്തുന്നു.
8. മനുഷ്യൻ മുതൽ മൃഗം വരെയുള്ള
മെസ്രേനിലെ കടിഞ്ഞൂലുകളെ അവൻ സംഹരിച്ചു.
9. അവൻ മെസ്രേന്റെ ഉള്ളിൽ പെറഓന്റെമേലും
അയാളുടെ ദാസന്മാരുടെ മേലും
തന്റെ അടയാളങ്ങളും അത്ഭുതങ്ങളും അയച്ചു;
10. അവൻ ഒട്ടേറെ ജനതകളെ സംഹരിച്ചു;
ശക്തരായ രാജാക്കന്മാരെ നിഗ്രഹിച്ചു.
11. ആമ്മോറായരുടെ രാജാവായ സീഹോനെയും,
ബൈശാൻ രാജാവായ ഓഗിനെയും,
ക്നാനിലെ എല്ലാ രാജ്യങ്ങളെയും (നശിപ്പിച്ചു).
12. അവരുടെ ഭൂമി, അവൻ തന്റെ ജനമായ
ഇസ്രായേലിന് അവകാശമായി നൽകി.
13. കർത്താവേ, നിന്റെ നാമം എന്നേയ്ക്കും
കർത്താവേ നിന്റെ ഓർമ്മ തലമുറകളോളം.
14. എന്തെന്നാൽ കർത്താവു തന്റെ ജനത്തെ വിധിക്കുന്നു;
തന്റെ ദാസരെ അവൻ ആശ്വസിപ്പിക്കുന്നു.
15. വിജാതീയരുടെ വിഗ്രഹങ്ങൾ വെള്ളിയും സ്വർണ്ണവുമാകുന്നു.
അവ മനുഷ്യന്റെ കരങ്ങൾ നിർമ്മിച്ചവയത്രേ.
16. അവയ്ക്കു വായുണ്ട്, എങ്കിലും അവ സംസാരിക്കുന്നില്ല.
കണ്ണുണ്ടെങ്കിലും അവ കാണുന്നില്ല.
17. അവയ്ക്കു ചെവിയുണ്ട്; പക്ഷേ അവ കേൾക്കുന്നില്ല;
അവയുടെ വായിൽ ശ്വാസവുമില്ല.
18. അവ നിർമ്മിക്കുന്നവരും അവയെപ്പോലെ ആകും.
അവയിൽ ആശ്രയമർപ്പിക്കുന്ന ഏവരും (അങ്ങനെ തന്നെ!)
19. ഇസ്രായേൽഭവനമേ കർത്താവിനെ വാഴ്ത്തുക
അഹറോന്റെ ഭവനമേ, കർത്താവിനെ വാഴ്ത്തുക
20. ലേവിയുടെ ഭവനമേ, കർത്താവിനെ വാഴ്ത്തുക
കർത്താവിനെ ഭയപ്പെടുന്നവരേ, കർത്താവിനെ വാഴ്ത്തുക.

www.malankaralibrary.com

21. ഓറെശ്ലേത്തു വസിക്കുന്ന കർത്താവു, സെഹിയോനിൽ വാഴ്ത്തപ്പെട്ടവനാകുന്നു.

## സങ്കീർത്തനം 135

കർത്താവിനെ വാഴ്ത്തുവിൻ: കാരണം അവൻ നല്ലവനാകുന്നു
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനിൽക്കുന്നു.
2. മഹോന്നതദൈവത്തെ സ്തുതിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനിൽക്കുന്നു.
3. സർവ്വാധിപനായ കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനില്ക്കുന്നു.
4. മറ്റാർക്കും കഴിയാത്ത മഹാത്ഭുതങ്ങൾ പ്രവർത്തിച്ചവനെ വാഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനിൽക്കുന്നു.
5. വിജ്ഞാനപൂർവം പ്രപഞ്ച സൃഷ്ടി ചെയ്തവനെ പ്രകീർത്തിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനില്ക്കുന്നു.
6. ജലരാശിക്കുമേൽ ഭൂമിയെ സ്ഥിരമായി ഉറപ്പിച്ചവനെ സ്തുതിക്കുവിൻ.
അവന്റെ കാരുണ്യം എന്നേക്കും നിലനില്ക്കുന്നു
7. മഹാജ്യോതിസ്സുകളെ സൃഷ്ടിച്ചവന് കീർത്തനം പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും നിലനിൽക്കുന്നു.
8. പകലിനെ ഭരിക്കുവാൻ സൂര്യനു രൂപം നല്കിയവനെ സ്തുതിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
9. രാത്രിയെ ഭരിക്കാൻ ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ വാഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
10. മെസ്രേനിലെ കടിഞ്ഞൂലുകളെ സംഹരിച്ചവനെ പ്രകീർത്തിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
11. അവരുടെ ഇടയിൽനിന്ന് ഇസ്രായേലിനെ രക്ഷിച്ചവന് സ്തോത്രം പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
12. കരുത്തുറ്റ കരത്താലും ഉന്നത ഭുജത്താലും മോചനമേകിയവനെ പുകഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
13. ചെങ്കടൽ വിഭജിച്ചവനെ വാഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
14. ഇസ്രായേലിനെ അതിന്റെ നടുവിലൂടെ നടത്തിയവന് സ്തുതി പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
15. ഫെറവോനെയും സൈന്യത്തെയും ചെങ്കടലിൽ പീഡിപ്പിച്ചവനെ സ്തുതിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
16. തന്റെ ജനത്തെ വനത്തിലൂടെ നയിച്ചവനെ പുകഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
17. ഉന്നത രാജാക്കന്മാരെ ശിക്ഷിച്ചവനു കീർത്തനം പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
18. ശക്തരായ രാജാക്കന്മാരെ നിഹനിച്ചവനു ഗീതമാലപിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
19. ആമ്മോറായരുടെ രാജാവായ സീഹോനെ സംഹരിച്ചവനെ വാഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
20. ബൈശാൻ രാജാവായ ഓഗിനെ നിഹനിച്ചവനെ സ്തുതിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
21. അവരുടെ ദേശം അവകാശമായി നല്കിയവനു സ്തുതി പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
22. തന്റെ ദാസനായ ഇസ്രായേലിന് അവകാശം നല്കിയവനു സ്തോത്രം പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
23. താഴ്മയിൽ നമ്മെ ഓർത്തവനെ കീർത്തിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
24. വൈരികളിൽ നിന്നു രക്ഷിച്ചവനെ വാഴ്ത്തുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
25. സർവജീവികൾക്കും ആഹാരം നല്കുന്നവനെ സ്തുതിക്കുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.
26. സ്വർഗ്ഗസ്ഥനായ ദൈവത്തിനു സ്തോത്രം പാടുവിൻ
അവന്റെ കാരുണ്യം എന്നേയ്ക്കും.

## സങ്കീർത്തനം 136

ബാബേലിലെ നദികൾക്കരികെ ഇരുന്ന്
സെഹിയോനെക്കുറിച്ചോർത്തപ്പോൾ ഞങ്ങൾ കരഞ്ഞു.
2. അവിടെയുള്ള അലരിവൃക്ഷങ്ങളിൽ ഞങ്ങളുടെ കിന്നരങ്ങൾ തൂക്കിയിട്ടു
3. കാരണം, ഞങ്ങളെ അടിമപ്പെടുത്തിയവർ
സ്തോത്രഗാനങ്ങളുടെ ശീലുകൾ പാടാൻ ഞങ്ങളോടു ആവശ്യപ്പെട്ടു
ഞങ്ങളെ അടിമകളാക്കിക്കൊണ്ടുപോയവർ ഞങ്ങളോടു പറഞ്ഞു:
സെഹിയോന്റെ ഗാനങ്ങളിൽ നിന്ന് ചിലത് ഞങ്ങൾക്കായി ആലപിക്കുവിൻ.
4. അന്യദേശത്തു വച്ചു കർത്താവിന്റെ കീർത്തനങ്ങൾ
നിങ്ങൾക്കായി ഞങ്ങൾ എങ്ങനെ ആലപിക്കും?
5. ഓറെശ്ലേമേ, നിന്നെ ഞാൻ മറക്കുന്നു എങ്കിൽ
എന്റെ വലതു കൈ എന്നെ മറക്കട്ടെ.
6. നിന്നെ ഞാൻ സ്മരിക്കുന്നില്ലെങ്കിൽ എന്റെ നാവ് അണ്ണാക്കിനോടു പറ്റിച്ചേരട്ടെ.
ഓറെശ്ലേത്തെ എന്റെ പ്രധാന സന്തോഷവിഷയമാക്കി ഞാൻ ഉയർത്തും.

7. ഇടിച്ചുനിരത്തൂ, അതിന്റെ അടിത്തറ വരെ ഇടിച്ചു നിരത്തൂ
എന്നുപറയുന്ന ആദോംകാരെ,
കർത്താവേ, ഓറശ്ലെത്തിന്റെ നാളിൽ നീ ഓർക്കണമേ
8. കൊള്ളക്കാരിയായ ബാബേൽ നഗരമേ,
നീ അതിനോടു പ്രവർത്തിച്ചതുപോലെ
നിന്നോടു പകരം വീട്ടുന്നവൻ ഭാഗ്യവാൻ!
9. നിന്റെ സന്തതികളെപ്പിടിച്ച് കല്ലിൽ അടിക്കുന്നവൻ ഭാഗ്യവാൻ!

## സങ്കീർത്തനം 137

കർത്താവേ, പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ വാഴ്ത്തും.
രാജാക്കന്മാരുടെ മുമ്പിൽ ഞാൻ നിന്നെ കീർത്തിക്കും.
2. നിന്റെ വിശുദ്ധാലയത്തിൽ ഞാൻ നിന്നെ ആരാധിക്കും.
നിന്റെ കൃപയെക്കുറിച്ചും നിന്റെ സത്യത്തെക്കുറിച്ചും നിന്റെ നാമത്തെ സ്തുതിക്കും.
എന്തെന്നാൽ, എല്ലാ നാമത്തിനും ഉപരിയായി
നിന്റെ വചനത്തെ നീ മഹത്വപ്പെടുത്തി
3. ഞാൻ നിന്നെ വിളിച്ച നാളിൽ നീ എനിക്ക് ഉത്തരം നൽകി.
എന്റെ ആത്മാവിന്റെ ശക്തി നീ വർദ്ധിപ്പിച്ചു.
4. കർത്താവേ, ഭൂമിയിലെ എല്ലാ രാജാക്കന്മാരും നിന്നെ പ്രകീർത്തിക്കും.
കാരണം അവർ നിന്റെ വായിൽനിന്നുള്ള വചനം കേട്ടു.
5. കർത്താവിന്റെ വഴികളെ അവർ വാഴ്ത്തും.
എന്തെന്നാൽ കർത്താവിന്റെ മഹത്വം വലുതാകുന്നു.
6. കർത്താവ് ഉന്നതനാണ്.
ഭൂമിയിലുള്ളവരെ അവൻ തൃക്കൺപാർക്കുന്നു.
എന്നാൽ അഹങ്കാരിയെ വിദൂരത്തുനിന്നു തന്നെ അവൻ അറിയുന്നു.
7. എന്റെ ശത്രുക്കളുടെ കോപത്തിൽ ഞാൻ ഞെരുക്കത്തിലൂടെ സഞ്ചരിച്ചാലും;
നീ എന്നെ രക്ഷിക്കും; കൈനീട്ടി നീ എന്നെ മോചിപ്പിക്കും.
8. കർത്താവേ, നിന്റെ വലതുകൈ എന്റെമേൽ നിഴലിപ്പിക്കണമേ.
കർത്താവേ, നിന്റെ കാരുണ്യം എന്നേയ്ക്കും.
നിന്റെ കൈകളുടെ പ്രവൃത്തിയെ നീ പരിത്യജിക്കരുതേ.

## സങ്കീർത്തനം 138

കർത്താവേ നീ എന്നെ പരിശോധിച്ചറിഞ്ഞിരിക്കുന്നു.
2. എന്റെ ഇരിപ്പും നില്പും നീ അറിയുന്നു.
ഉന്നതത്തിൽ നിന്ന് എന്റെ ചിന്തകൾ നീ അറിഞ്ഞു.
3. എന്റെ വഴികളും ഊടുവഴികളും നീ അറിയുന്നു.
എന്റെ മാർഗ്ഗങ്ങളെല്ലാം നീ നിരീക്ഷിച്ചു
4. എന്റെ വാക്കിൽ വ്യത്യാസമുണ്ടെങ്കിൽ
കർത്താവേ, നീ അതറിയുന്നു.
5. ആദ്യം മുതൽ അവസാനം വരെയുള്ളതെല്ലാം നീ അറിയുന്നു.
നീ എന്നെ രൂപപ്പെടുത്തി, എന്റെമേൽ നിന്റെ കൈ വച്ചു.
6. ഇത് എന്റെ അറിവിലും ഉപരിയാണ്. അത്ഭുതമാണ്.
എനിക്കതു മനസ്സിലാക്കാൻ കഴിയുന്നില്ല.
7. നിന്റെ ചേതസ്സിൽനിന്ന് ഞാൻ എവിടെപ്പോകും?
നിന്റെ സന്നിധിയിൽനിന്ന് ഞാൻ എവിടെ ഒളിക്കും?
8. ഞാൻ ആകാശത്തിലേക്ക് ആരോഹണം ചെയ്താൽ നീ അവിടെയുണ്ട്.
ഞാൻ ശിയോലിലേക്കിറങ്ങിയാൽ നീ അവിടെയും ഉണ്ട്.
9. ഞാൻ കഴുകനെപ്പോലെ എന്റെ ചിറകുകൾ വിടർത്തി
കടലിന്റെ അറുതിയിൽപ്പോയി വസിച്ചാലും
10. അവിടെയും നിന്റെ കരം എന്നെ പിടിക്കയും
നിന്റെ വലംകൈ എന്നെ നയിക്കുകയും ചെയ്യും.
11. ഇരുട്ട് എനിക്ക് പ്രകാശമായിത്തീരും.
രാത്രി എന്റെ മുഖത്തുതെളിയും, എന്നു ഞാൻ പറഞ്ഞു.
എന്തെന്നാൽ ആ ഇരുട്ടു നിനക്കൊരു ഇരുട്ടല്ല.
12. രാത്രി നിന്റെ മുമ്പിൽ പകൽ പോലെ പ്രകാശിക്കും.
അന്ധകാരം പ്രകാശംപോലെയും.
13. എന്റെ അന്തഃകരണത്തെ രൂപപ്പെടുത്തിയത് നീയാണ്.
എന്റെ അമ്മയുടെ ഉദരത്തിൽനിന്ന് നീ എന്നെ സ്വീകരിച്ചു.
14. നീ ചെയ്ത അത്ഭുതത്തെ പ്രതി ഞാൻ നിന്നെ സ്തുതിക്കും.
നിന്റെ പ്രവൃത്തികൾ ഏറ്റം മഹനീയമാകുന്നു.
എനിക്കത് നന്നായി അറിയാം.
15. നീ രഹസ്യത്തിൽ ഉണ്ടാക്കിയ എന്റെ അസ്ഥികൾ
നിന്നിൽനിന്ന് മറയ്ക്കപ്പെട്ടവയല്ലല്ലോ.
ഞാൻ ഭൂമിയുടെ അഗാധങ്ങളിലേക്കിറങ്ങി
എന്റെ കണ്ണുകൾ എന്റെ സമ്മാനം കണ്ടു
16. സകലവും നിന്റെ പുസ്തകങ്ങളിൽ എഴുതപ്പെടും.
ഇതാ (ആയുസ്സിന്റെ) ദിവസങ്ങൾ ചുരുക്കപ്പെട്ടു.
അവയിൽ ആരുമില്ല.
17. ദൈവമേ, നിന്റെ കരുണ എനിക്ക് വളരെ വിലപ്പെട്ടതായി.
എന്നാൽ അവരുടെ അധികാരികൾ വളരെ ശക്തരായിരുന്നു.
18. ഞാൻ അവരെ എണ്ണിയാൽ
മണൽത്തരികളെക്കാൾ അവർ അധികമാണ്.
ഞാൻ ഉണർന്നെഴുന്നേറ്റു
ഞാൻ വീണ്ടും നിന്നോടുകൂടെത്തന്നെ.

www.malankaralibrary.com

19. ദൈവമേ, നീ പാപികളെ നിഗ്രഹിക്കുന്നെങ്കിൽ
രക്തദാഹികൾ എന്നിൽനിന്നു അകന്നു പോകും.
20. കാരണം, അവർ നിന്നെ ദുഷിച്ചു സംസാരിച്ചു.
നിന്റെ നഗരത്തെ അകാരണമായി പിടിച്ചെടുക്കുകയും
ചെയ്തു.
21. കർത്താവേ, നിന്നെ ദ്വേഷിക്കുന്നവരെ ഞാനും
ദ്വേഷിച്ചു.
നിനക്ക് എതിരായി നിൽക്കുന്നവരോട് ഞാൻ കോ
പിച്ചു.
22. പൂർണ്ണദ്വേഷത്തോടെ ഞാൻ അവരെ വെറുത്തു.
അവർ എനിക്കു ശത്രുക്കളായിത്തീർന്നു.
23. ദൈവമേ, എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ
അറിയണമേ!
എന്നെ പരീക്ഷിച്ച് എന്റെ നടപടികളെ അറിയണമേ!
24. വഞ്ചനയുടെ വഴി എന്നിൽ ഉണ്ടോ എന്നു നോക്ക
ണമേ!
നിന്റെ നിത്യമായ വഴിയിലൂടെ എന്നെ നയിക്കണമേ.

## സങ്കീർത്തനം 139

കർത്താവേ, ദുഷ്ടമനുഷ്യനിൽ നിന്ന് എന്നെ രക്ഷിക്ക
ണമേ;
അധർമ്മികളിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.
2. അവർ ഹൃദയത്തിൽ തിന്മ വിചാരിച്ചു.
ദിവസം മുഴുവൻ അവർ കലഹമുണ്ടാക്കി.
3. അവർ സർപ്പത്തിന്റേതുപോലെ തങ്ങളുടെ നാവിന്
മൂർച്ചകൂട്ടി.
അണലിയുടെ കോപം അവരുടെ അധരങ്ങൾക്കു
കീഴിൽ.
4. കർത്താവേ, ദുഷ്ടരുടെ കയ്യിൽ നിന്ന് എന്നെക്കാത്തു
കൊള്ളണമേ
കവർച്ചക്കാരായ ആളുകളിൽനിന്നു എന്നെ കാത്തു
രക്ഷിക്കണമേ.
എന്തെന്നാൽ എന്റെ വഴി മാറ്റിക്കളയാൻ അവർ
ആലോചിച്ചു.
5. അഹങ്കാരികൾ എനിക്കു കെണികൾ വച്ചു;
അവരുടെ വലച്ചരടുകൾ എന്റെ ഊടുവഴികളിൽ
അവർ വിരിച്ചു.
അവർ എനിക്ക് എതിരായി വല വീശി.
6. 'നീയാണ് എന്റെ ദൈവം' എന്ന് കർത്താവിനോടു
ഞാൻ പറഞ്ഞു
എന്റെ യാചനാസ്വരം നീ കേൾക്കണമേ
7. കർത്താവേ, എന്റെ ശക്തനായ രക്ഷകാ,
യുദ്ധദിനത്തിൽ നീ എന്റെ ശിരസ്സിന്റെ ആവരണമാ
കുന്നു
8. കർത്താവേ, ദുഷ്ടന്റെ ആഗ്രഹം സാധിച്ചു കൊടുക്ക
രുതേ.
അയാളുടെ ആലോചന എന്റെ ശിരസ്സിൽ പതിക്കാൻ
ഇടയാക്കരുതേ.
9. അവരുടെ അധരങ്ങളുടെ ദുഷ്ടത അവരെ മൂടട്ടെ!
10. തീക്കനലുകൾ അവരുടെ മേൽ ഇറങ്ങട്ടെ.
അവർ തീയിൽ വീഴും എന്നാൽ എഴുന്നേല്ക്കാൻ
അവർക്കു സാധിക്കുകയില്ല
11. നാവാടിയായ മനുഷ്യൻ ഭൂമിയിൽ നിലനില്ക്കുകയില്ല.
ദുഷ്ടനായ മനുഷ്യന്റെ നാശത്തിനായി തിന്മ അയാളെ
വേട്ടയാടും.
12. കർത്താവു ദരിദ്രർക്കു ന്യായം നടത്തിക്കൊടുക്കു
മെന്നും,
അഗതികൾക്കായി നീതിവിധി നടത്തുമെന്നും എനി
ക്കറിയാം
13. നീതിമാന്മാർ നിന്റെ നാമത്തെ സ്തുതിക്കും;
പരമാർത്ഥികൾ നിന്റെ സന്നിധിയിൽ വസിക്കും.

## സങ്കീർത്തനം 140

കർത്താവേ നിന്നെ ഞാൻ വിളിക്കുന്നു എനിക്ക്
ഉത്തരമരുളണമേ.
ചെവിചായ്ച്ച് എന്റെ വാക്കു സ്വീകരിക്കണമേ.
2. എന്റെ യാചന നിന്റെ സന്നിധിയിൽ
സുഗന്ധധൂപംപോലെ ആയിരിക്കട്ടെ.
എന്റെ കരങ്ങളുടെ അർച്ചന സായാഹ്നബലിപോലെ
യുമായിരിക്കട്ടെ.
3. കർത്താവേ, എന്റെ നാവിന് ഒരു നിയന്താവിനെയും
അധരങ്ങൾക്ക് കാവൽക്കാരനെയും ഏർപ്പെടുത്ത
ണമേ.
4. എന്റെ ഹൃദയം തിന്മയിലേക്കു ചായാതിരിക്കട്ടെ.
ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്യാതിരിക്കട്ടെ
ദുഷ്കർമ്മികളോടു ഞാൻ സഹവസിച്ചില്ല.
5. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെ
യ്യട്ടെ.
ദുഷ്ടന്മാരുടെ തൈലം എന്റെ ശിരസ്സിൽ സ്പർശിക്കാ
തിരിക്കട്ടെ.
എന്റെ പ്രാർത്ഥന അവരുടെ തിന്മയ്ക്ക് എതിരായി
ട്ടാണല്ലോ.
6. അവരുടെ ന്യായാധിപന്മാർ ശിലാഹസ്തത്താൽ തട
യപ്പെട്ടു
അവർ എന്റെ മധുരവചനങ്ങൾ ശ്രവിച്ചു.
7. ഭൂമിയെ കീറുന്ന കുറ്റിപോലെ
അവരുടെ അസ്ഥികൾ ശിയോലിന്റെ വാതില്ക്കൽ
ചിതറിക്കപ്പെട്ടിരിക്കുന്നു.
8. എന്തെന്നാൽ കർത്താവേ, ഞാൻ നിന്റെ പക്കലേക്കു
എന്റെ കണ്ണുകൾ ഉയർത്തി
ഞാൻ നിന്നിൽ ആശ്രയിച്ചിരിക്കുന്നു;
എന്റെ ആത്മാവിനെ തിരസ്ക്കരിക്കരുതേ.
9. എനിക്കായി കെണികൾ മറച്ചുവച്ചിരിക്കുന്ന,
അഹങ്കാരികളുടെ കയ്യിൽ നിന്ന് എന്നെ കാത്തു
കൊള്ളണമേ.
10. ദുഷ്ടന്മാർ ഒന്നടങ്കം തങ്ങളുടെ വലകളിൽ നിപതിക്കും
ഞാനോ കടന്നുപോകട്ടെ.

## സങ്കീർത്തനം 141

സ്വരമുയർത്തി ഞാൻ കർത്താവിനെ വിളിച്ചു
ഉച്ചസ്വരത്തിൽ ഞാൻ കർത്താവിനോടു യാചിച്ചു
2. അവന്റെ മുമ്പാകെ എന്റെ പ്രാർത്ഥന ഞാൻ സമർപ്പിച്ചു
അവന്റെ മുമ്പാകെ എന്റെ ക്ലേശം ഞാൻ കാണിച്ചു.
3. എന്റെ ആത്മാവ് വലഞ്ഞിരുന്നപ്പോൾ നീ എന്റെ ഊടുവഴികൾ അറിഞ്ഞു.
എന്റെ നടപ്പിന്റെ വഴിയിൽ അവർ എനിക്കു കെണികൾവച്ചു.
4. ഞാൻ വലത്തോട്ടു തിരിഞ്ഞുനോക്കി
എന്നാൽ, എന്നെ അറിയുന്നവർ ആരുമില്ല എന്നു ഞാൻ കണ്ടു.
എനിക്കു സങ്കേതം ഇല്ലാതായി.
എനിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല.
5. കർത്താവേ, ഞാൻ നിന്നോടു നിലവിളിച്ചു പറഞ്ഞു:
നീയാണ് എന്റെ ശരണം
ജീവിക്കുന്നവരുടെ നാട്ടിൽ എന്റെ അവകാശവും നീ തന്നെ.
6. എന്റെ യാചന നീ കേൾക്കണമേ
ഞാൻ അത്യന്തം താഴ്ത്തപ്പെട്ടിരിക്കുന്നല്ലോ.
എന്റെ പീഡകരിൽ നിന്ന് എന്നെ മോചിപ്പിക്കണമേ.
അവർ എന്നേക്കാൾ പ്രബലപ്പെട്ടിരിക്കുകയാണല്ലോ.
7. ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന്
എന്നെ തടവറയിൽ നിന്ന് പുറത്തുകൊണ്ടുവരണമേ.
നീ എനിക്ക് സമ്മാനം തരുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ പാർത്തിരിക്കും.

## സങ്കീർത്തനം 142

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ!
എന്റെ യാചന ചെവിക്കൊള്ളണമേ
നിന്റെ വചനപ്രകാരവും നിന്റെ നീതിയിലും എനിക്ക് ഉത്തരമരുളണമേ
2. നിന്റെ (ഈ) ദാസനെ ന്യായവിധിയിൽ പ്രവേശിപ്പിക്കരുതേ;
എന്തെന്നാൽ ജീവിക്കുന്ന ഒരുവനും നിന്റെ മുമ്പാകെ നീതീകരിക്കപ്പെടുന്നില്ല.
3. ശത്രു എന്നെ പീഡിപ്പിച്ചു;
എന്നെ അയാൾ ഭൂമിയോളം താഴ്ത്തി.
മരിച്ചവനെപ്പോലെ എന്നേയ്ക്കും എന്നെ ഇരുട്ടിൽ ഇരുത്തി
4. എന്റെ ആത്മാവ് കലങ്ങി,
എന്റെ ഹൃദയം പരിഭ്രാന്തമായി.
5. കർത്താവേ, പണ്ടുമുതലേ ഞാൻ നിന്നെ ഓർക്കുന്നു.
നിന്റെ എല്ലാ ചെയ്തികളെയും ഞാൻ ധ്യാനിക്കുന്നു
നിന്റെ കൈകളുടെ പ്രവൃത്തിയെ ഞാൻ മനനം ചെയ്യുന്നു.
6. എന്റെ കൈകൾ നിന്റെ പക്കലേക്കു ഞാൻ നീട്ടി
ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കുവേണ്ടി ദാഹിക്കുന്നു.
7. കർത്താവേ, എനിക്കു വേഗം ഉത്തരം തരണമേ.
എന്റെ ആത്മാവ് തളർന്നു പോകുന്നു
നിന്റെ മുഖം എന്നിൽ നിന്നു തിരിച്ചുകളയരുതേ.
അല്ലെങ്കിൽ പടുകുഴിയിൽ താഴുന്നവരുടെകൂടെ ഞാൻ ഏല്പിക്കപ്പെടും.
8. പ്രഭാതത്തിൽ നിന്റെ കൃപ എന്നെ അറിയിക്കണമേ
കാരണം, നിന്നിലാണു ഞാൻ ആശ്രയം അർപ്പിച്ചിരിക്കുന്നത്.
ഞാൻ ചരിക്കേണ്ടതിന് നിന്റെ മാർഗ്ഗം എന്നെ കാണിക്കണമേ;
എന്തെന്നാൽ നിന്റെ പക്കലേക്കാണല്ലോ എന്റെ ഹൃദയം ഞാനുയർത്തിയത്.
9. എന്റെ ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കണമേ
നിന്റെ ഇഷ്ടം നിറവേറ്റാൻ എന്നെ പഠിപ്പിക്കണമേ
10. നീയാണല്ലോ എന്റെ ദൈവം!
നിന്റെ മാധുര്യമുള്ള ചൈതന്യം ജീവന്റെ മാർഗ്ഗത്തിൽ എന്നെ നയിക്കട്ടെ.
11. കർത്താവേ, നിന്റെ നാമത്തെ പ്രതി എന്നെ ആശ്വസിപ്പിക്കണമേ
നിന്റെ നീതിയാൽ എന്നെ ഞെരുക്കത്തിൽ നിന്നും വിമുക്തനാക്കണമേ.
12. നിന്റെ കൃപയാൽ എന്റെ വിരോധികളെ നിശ്ശബ്ദരാക്കണമേ
എന്റെ ശത്രുക്കളെ നശിപ്പിക്കണമേ
ഞാൻ നിന്റെ ദാസനാണല്ലോ.

## സങ്കീർത്തനം 143

എന്റെ കൈകളെ യുദ്ധം ചെയ്യുന്നതിനും
വിരലുകളെ പോരാടുന്നതിനും അഭ്യസിപ്പിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.
2. എന്റെ അഭയവും എന്റെ രക്ഷകനും
എന്റെ സഹായകനുമായവനിൽ ഞാൻ ആശ്രയിക്കുന്നു.
അവൻ വിജാതീയരെ എനിക്കു വിധേയരാക്കി
3. കർത്താവേ, നീ മനുഷ്യനെ ശ്രദ്ധിക്കാൻ അവൻ എന്താണ്?
മനുഷ്യനെ പരിഗണിക്കാൻ അവൻ ആരാണ്?
4. മനുഷ്യൻ പുകയ്ക്കു സദൃശനാകുന്നു
അയാളുടെ ദിനങ്ങൾ നിഴൽപോലെ കടന്നുപോകുന്നു
5. കർത്താവേ, നീ ആകാശം ചായിച്ച് ഇറങ്ങി വരണമേ
മലകളെ നീ ശാസിക്കണമേ അവ പുകയട്ടെ
6. നിന്റെ ഇടിമിന്നലുകൾ അയച്ച് അവയെ കലക്കണമേ;
നിന്റെ അസ്ത്രങ്ങൾ അയച്ച് അവയെ ചിതറിക്കണമേ;
7. ഉന്നതത്തിൽനിന്ന് നിന്റെ കൈനീട്ടി
പെരുവെള്ളത്തിൽ നിന്നും ദുഷ്ടന്മാരുടെ കൈയിൽ നിന്നും എന്നെ രക്ഷിക്കണമേ.

www.malankaralibrary.com



8. അവരുടെ വായ് വ്യർത്ഥത സംസാരിച്ചു.
അവരുടെ വലംകൈ തിന്മയുടെ വലംകൈയാകുന്നു.
9. ദൈവമേ, ഞാൻ നിനക്കൊരു പുതിയ പാട്ടു പാടും.
പത്തു തന്ത്രിയുള്ള കിന്നരംകൊണ്ടു ഞാൻ നിനക്കു കീർത്തനം ആലപിക്കും.
10. കാരണം രാജാവിനു നീ രക്ഷ നൽകി.
നിന്റെ ദാസനായ ദാവീദിനെ ദുഷ്ടന്മാരുടെ വാളിൽ നിന്നു നീ രക്ഷിച്ചു.
11. ദുഷ്ടന്മാരുടെ കൈയിൽനിന്നു എന്നെ രക്ഷിക്കണമെ.
അവരുടെ വായ് വ്യർത്ഥത സംസാരിച്ചു.
അവരുടെ വലംകൈ തിന്മയുടെ വലംകൈയാകുന്നു.
12. അവരുടെ പുത്രന്മാർ ബാല്യംമുതൽ സസ്യം പോലെ തഴച്ചു വളരുന്നു
അവരുടെ പുത്രിമാർ ദൈവാലയങ്ങൾക്കു തുല്യം അലങ്കരിക്കപ്പെട്ട മണവാട്ടികളെപ്പോലെയാകുന്നു.
13. അവരുടെ അറകൾ നിറഞ്ഞ് ഒന്നു മറ്റൊന്നിലേക്കു കവിയുന്നു
അവരുടെ ആട്ടിൻപറ്റം തെരുവീഥികളിൽ പെറ്റുപെരുകുന്നു
14. അവരുടെ കന്നുകാലികൾ കരുത്തുള്ളവ;
അവയിൽ വന്ധ്യമായതില്ല
അവരുടെ തെരുവുകളിൽ നാശവും നിലവിളിയും ഇല്ല
15. ഇപ്രകാരമുള്ള ജനം ഭാഗ്യമുള്ളതാകുന്നു.
കർത്താവു തങ്ങളുടെ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളതാകുന്നു.

## സങ്കീർത്തനം 144

രാജാവായ എന്റെ കർത്താവേ, ഞാൻ നിന്നെ പുകഴ്ത്തും
നിന്റെ നാമത്തെ എന്നുമെന്നേയ്ക്കും ഞാൻ വാഴ്ത്തും
2. അനുദിനം ഞാൻ നിന്നെ വാഴ്ത്തും
എന്നേയ്ക്കും നിന്റെ നാമത്തെ പുകഴ്ത്തും.
3. നമ്മുടെ കർത്താവ് വലിയവനും അത്യന്തം സ്തുത്യർഹനുമാകുന്നു
അവന്റെ മഹത്വം അപ്രമേയമാകുന്നു.
4. ഒരു തലമുറ മറ്റൊന്നിനോട് നിന്റെ പ്രവൃത്തികൾ വിവരിക്കും.
നിന്റെ ശക്തി കാണിച്ചുകൊടുക്കുകയും ചെയ്യും.
നിന്റെ ഭീതിദമായ ശക്തിയെ അവർ പ്രകീർത്തിക്കും
നീ ചെയ്ത വൻകാര്യങ്ങൾ അവർ ഉദ്ഘോഷിക്കയും ചെയ്യും.
6. നിന്റെ ശക്തിയുടെ ഗാംഭീര്യം അവർ പ്രഘോഷിക്കും.
നിന്റെ മഹത്വം അവർ വിവരിക്കും.
നിന്റെ നിരവധി നന്മകളുടെ സ്മരണ നിന്റെ നീതിമാന്മാർ അന്വേഷിക്കും
അവർ അതു കണ്ടെത്തുകയും ചെയ്യും.

8. കർത്താവ് കൃപാലുവും കാരുണ്യവാനും ആകുന്നു
അവന്റെ അരൂപി ദീർഘശാന്തതയുള്ളതും അവന്റെ നന്മ ബഹുലവുമാകുന്നു.
9. കർത്താവ് നല്ലവനാണ്.
അവന്റെ കാരുണ്യം അവന്റെ എല്ലാ ദാസരുടെമേലും (ഉണ്ട്).
കർത്താവേ, നിന്റെ ദാസർ നിനക്കു സ്തോത്രം അർപ്പിക്കും
നിന്റെ നീതിമാന്മാർ നിന്നെ സ്തുതിക്കും
അവർ നിന്റെ രാജ്യത്തിന്റെ മഹത്വത്തെക്കുറിച്ച് സംസാരിക്കും
നിന്റെ ശക്തിയെ പ്രകീർത്തിക്കുകയും ചെയ്യും.
11. അവർ നിന്റെ ശക്തിയെയും
നിന്റെ രാജ്യത്തിന്റെ പ്രതാപത്തെയും മനുഷ്യർക്കു കാണിച്ചു കൊടുക്കും.
12. നിന്റെ രാജ്യം ശാശ്വതമായ രാജ്യമാണ്
നിന്റെ അധികാരം എല്ലാ തലമുറകളിലും.
13. കർത്താവ് തന്റെ വാക്കുകളിൽ വിശ്വസ്തനാകുന്നു
തന്റെ എല്ലാ പ്രവൃത്തികളിലും അവൻ നീതിമാനാകുന്നു
14. വീഴുന്നവരെയെല്ലാം കർത്താവു താങ്ങുന്നു
കൂനുള്ളവരെയെല്ലാം നേരെയാക്കുന്നു.
15. എല്ലാവരുടെയും കണ്ണുകൾ നിന്നിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു
എന്തെന്നാൽ തക്കസമയത്ത് നീ അവർക്ക് ഭക്ഷണം കൊടുക്കുന്നു.
16. നീ കൈ തുറന്ന് സർവ ജീവികളുടെയും ആഗ്രഹം പൂർത്തിയാക്കുന്നു
17. കർത്താവു തന്റെ മാർഗ്ഗങ്ങളിലെല്ലാം നീതിമാനും,
തന്റെ പ്രവൃത്തികളിലെല്ലാം ദയാലുവുമാകുന്നു
18. പരമാർത്ഥമായി തന്നെ വിളിക്കുന്നവർക്ക്
കർത്താവ് സമീപസ്ഥനാകുന്നു
19. തന്നെ ഭയപ്പെടുന്നവരുടെ ഇഷ്ടം അവൻ നിറവേറ്റുന്നു.
അവരുടെ അപേക്ഷകേട്ട് അവൻ അവരെ രക്ഷിക്കുന്നു.
20. തന്നെ ഭയപ്പെടുന്നവരെയെല്ലാം കർത്താവ് കാക്കുന്നു
ദുഷ്ടരെയെല്ലാം അവൻ നശിപ്പിക്കുന്നു.
21. കർത്താവിന്റെ സ്തുതികളെ എന്റെ വായ് പ്രഘോഷിക്കും
സർവജഡവും അവന്റെ തിരുമാനത്തെ എന്നേയ്ക്കും വാഴ്ത്തും.

## സങ്കീർത്തനം 145

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക
2. എന്റെ ജീവിതകാലം മുഴുവൻ ഞാൻ കർത്താവിനെ സ്തുതിക്കും
ഞാൻ ജീവിച്ചിരിക്കുന്നടത്തോളംകാലം എന്റെ ദൈവത്തിനു സ്തുതിപാടും.

www.malankaralibrary.com



3. അധികാരികളിലോ മറ്റുമനുഷ്യരിലോ നിങ്ങൾ പ്രത്യാശ വയ്ക്കരുത്.
കാരണം രക്ഷ നൽകാൻ അവർക്കു കഴിവില്ല.
4. അവരുടെ ആത്മാവു വിട്ടുപോകുമ്പോൾ അവർ മണ്ണിലേക്കു മടങ്ങുന്നു
ആ ദിവസം തന്നെ അവരുടെ എല്ലാ പദ്ധതികളും നശിക്കുന്നു.
5. യാക്കോബിന്റെ ദൈവം തുണയായിട്ടുള്ളവൻ ഭാഗ്യവാൻ.
അയാളുടെ പ്രത്യാശ ദൈവമായ കർത്താവിലാണ്.
6. അവൻ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിച്ചു
അവൻ സത്യം എന്നേയ്ക്കും സംരക്ഷിക്കുന്നു.
7. പീഡിതർക്ക് ന്യായം നടത്തിക്കൊടുക്കുന്നു;
കർത്താവു വിശക്കുന്നവർക്കു ഭക്ഷണംകൊടുക്കുന്നു
ബന്ധിതരെ സ്വതന്ത്രരാക്കുന്നു.
8. കർത്താവ് അന്ധരുടെ കണ്ണു തുറക്കുന്നു
കൂനുള്ളവരെ നിവർത്തുന്നു.
നീതിമാന്മാരെ കർത്താവു സ്നേഹിക്കുന്നു.
9. അവൻ ദരിദ്രരെ പരിപാലിക്കുന്നു
അനാഥരെയും വിധവകളെയും പോറ്റുന്നു
എന്നാൽ ദുഷ്ടന്റെ മാർഗ്ഗം അവൻ നശിപ്പിക്കുന്നു.
10. കർത്താവ് എന്നേയ്ക്കും വാണരുളുന്നു.
സെഹിയോനേ, നിന്റെ ദൈവം തലമുറ തലമുറയോളം.

## സങ്കീർത്തനം 146

നമ്മുടെ ദൈവത്തിന് സ്തുതിപാടുന്നത് നല്ലതും ആഹ്ലാദപ്രദവുമാകുന്നു.
അവന് സ്തുതി ഉചിതമാകുന്നു
2. കർത്താവ് ഓറെശ്ലെമ്മിനെ പടുത്തുയർത്തുന്നു.
ഇസ്രായേലിൽ ചിതറിക്കപ്പെട്ടവരെ അവൻ ഒരുമിച്ചു കൂട്ടുന്നു.
3. ഹൃദയം തകർന്നവരെ അവൻ സൗഖ്യമാക്കും;
അവരുടെ വ്യഥകളെ അവൻ ശമിപ്പിക്കും.
4. നക്ഷത്രങ്ങളുടെ സംഖ്യ അവൻ എണ്ണി
അവയ്ക്കെല്ലാം പേരു കൊടുത്തു.
5. നമ്മുടെ കർത്താവ് വലിയവനാണ്
അവന്റെ ശക്തി പ്രബലമായത്.
അവന്റെ ധാരണാശക്തി അതിരില്ലാത്തതാകുന്നു.
6. കർത്താവ് ദരിദ്രരെ ഉയർത്തുന്നു.
ദുഷ്ടരെ നിലംവരെ താഴ്ത്തുന്നു
7. സ്തുതിയാൽ കർത്താവിനെ പുകഴ്ത്തുവിൻ
കിന്നരങ്ങൾകൊണ്ട് കർത്താവിനെ പാടി സ്തുതിക്കുവിൻ.
8. അവൻ ആകാശത്തെ മേഘങ്ങൾ കൊണ്ടുമൂടുന്നു
ഭൂമിയ്ക്കു അവൻ മഴ കൊടുക്കുന്നു
അവൻ മലകളിൽ പുല്ലുമുളപ്പിക്കുന്നു
9. അവൻ മൃഗത്തിനും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും തീറ്റകൊടുക്കുന്നു
10. കുതിരയുടെ ശക്തിയിൽ കർത്താവു പ്രസാദിക്കുന്നില്ല
മല്ലന്റെ വംശത്തിലും അവൻ പ്രസാദിക്കുന്നില്ല.
11. എന്നാൽ തന്നെ ഭയപ്പെടുന്നവരെയും,
തന്റെ കൃപയെ കാത്തിരിക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

## സങ്കീർത്തനം 147

12. ഓറെശ്ലേമേ കർത്താവിനെ സ്തുതിക്കുക
സെഹിയോനേ നിന്റെ ദൈവത്തെ പുകഴ്ത്തുക
13. കാരണം, അവൻ നിന്റെ വാതിലുകളുടെ സാക്ഷാകൾ ബലപ്പെടുത്തി
നിന്നിൽ വസിക്കുന്ന നിന്റെ മക്കളെ അവൻ അനുഗ്രഹിച്ചു
14. അവൻ നിന്റെ അതിർത്തികളിൽ സമാധാനം സ്ഥാപിച്ചു
വിശിഷ്ടമായ കോതമ്പുകൊണ്ട് നിന്നെ തൃപ്തയാക്കി.
15. അവൻ തന്റെ വചനം ഭൂമിയിലേക്ക് അയയ്ക്കുന്നു
അവന്റെ വചനം ശീഘ്രം പായുന്നു.
16. അവൻ കമ്പിളിരോമംപോലെ മഞ്ഞു നൽകുന്നു
അവൻ ചാരംപോലെ മൂടൽമഞ്ഞു വിതറുന്നു
17. അവൻ അപ്പക്കഷണംപോലെ മഞ്ഞുകട്ട വീഴ്ത്തുന്നു
അതിന്റെ തണുപ്പിനു മുമ്പിൽ ആർക്കു നില്ക്കാൻ കഴിയും
18. അവൻ തന്റെ വചനം അയച്ച് അവ ഉരുക്കുന്നു
അവൻ കാറ്റ് ഊതിക്കുകയും, അതുവെള്ളം ഒഴുക്കിക്കളയുകയും ചെയ്യുന്നു
19. അവൻ തന്റെ വചനം യാക്കോബിനെയും
തന്റെ നിയമവും കല്പനകളും ഇസ്രായേലിനെയും അറിയിക്കുന്നു
20. എല്ലാ ജനതകളോടും അവൻ ഇങ്ങനെ പ്രവർത്തിച്ചിട്ടില്ല
തന്റെ വിധികൾ അവരെ അറിയിച്ചിട്ടുമില്ല.

## സങ്കീർത്തനം 148

ആകാശത്തിൽനിന്നു നിങ്ങൾ കർത്താവിനെ സ്തുതിക്കുവിൻ.
ഉന്നതങ്ങളിൽ അവനെ മഹത്വപ്പെടുത്തുവിൻ.
2. സർവമാലാകാമാരേ, അവനെ സ്തുതിക്കുവിൻ
സർവസൈന്യങ്ങളേ അവനെ പുകഴ്ത്തുവിൻ
3. പകലോനേ, പനിമതിയേ അവനെ സ്തുതിക്കുവിൻ.
സർവനക്ഷത്രങ്ങളേ പ്രകാശമേ, അവനെ സ്തുതിക്കുക
4. അത്യുന്നതാകാശമേ അവനെ സ്തുതിക്കുക
ആകാശത്തിനു മുകളിലുള്ള ജലരാശിയേ അവനെ സ്തുതിക്കുക
5. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.
എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി.

www.malankaralibrary.com


അവന്‍ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.
6. അവന്‍ അവയെ ശാശ്വതമായി സ്ഥാപിച്ചു.
അവന്‍ നിയമം കൊടുത്തു, അവ അത് ലംഘിക്കുന്നില്ല.
7. ഭൂമിയില്‍നിന്ന് നിങ്ങള്‍ കര്‍ത്താവിനെ സ്തുതിക്കുക;
തിമിംഗലങ്ങളേ ആഗാധതകളേ,
8. അഗ്നിയേ, ആലിപ്പഴമേ, മഞ്ഞേ, മഞ്ഞുകട്ടയേ കര്‍ത്താവിനെ സ്തുതിക്കുവിന്‍
അവന്റെ വചനത്തിന്റെ പ്രവൃത്തിയായ കാറ്റുകളേ, ചുഴലിക്കാറ്റുകളേ,
9. മലകളേ സര്‍വകുന്നുകളേ,
ഫലവൃക്ഷങ്ങളേ, സര്‍വ അര്‍സുമരങ്ങളേ അവനെ സ്തുതിക്കുവിന്‍.
10. വന്യമൃഗങ്ങളേ, വളര്‍ത്തുമൃഗങ്ങളേ,
ഇഴജന്തുക്കളേ, പറവകളേ, പക്ഷികളേ, കര്‍ത്താവിനെ സ്തുതിക്കുവിന്‍.
11. ഭൂമിയിലെ രാജാക്കന്മാരേ, സര്‍വജനപദങ്ങളേ
കര്‍ത്താവിനെ സ്തുതിക്കുവിന്‍.
പ്രധാനികളേ, ഭൂമിയിലെ സര്‍വന്യായാധിപന്മാരേ കര്‍ത്താവിനെ സ്തുതിക്കുവിന്‍.
12. തരുണരും കന്യകകളും, വൃദ്ധരും യുവാക്കളും,
കര്‍ത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.
13. അവന്റെ നാമം മാത്രമാണ് അത്യുല്‍ക്കൃഷ്ടം.
ആകാശത്തിലും ഭൂമിയിലും അത് പ്രകീര്‍ത്തിക്കപ്പെടുന്നു
അവന്റെ മഹത്വം സ്വര്‍ഗ്ഗത്തിലും ഭൂമിയിലും.
14. തനിക്കു പ്രിയപ്പെട്ട ജനമായ ഇസ്രായേലിന്റെ കൊമ്പും,
തന്റെ സര്‍വനീതിമാന്മാരുടെയും മഹത്വവും അവന്‍ ഉയര്‍ത്തുന്നു.

## സങ്കീര്‍ത്തനം 149

കര്‍ത്താവിനു ഒരു നവ്യഗാനം ആലപിക്കുക;
അവന്റെ സ്തുതി നീതിമാന്മാരുടെ സഭയില്‍.
2. ഇസ്രായേല്‍ തന്റെ സ്രഷ്ടാവില്‍ സന്തോഷിക്കട്ടെ.
സെഹിയോന്റെ മക്കള്‍ തങ്ങളുടെ രാജാവില്‍ ആനന്ദിക്കട്ടെ.
3. അവര്‍ തപ്പുകള്‍കൊണ്ടും വീണകള്‍കൊണ്ടും അവന്റെ നാമത്തെ സ്തുതിക്കട്ടെ
കിന്നരങ്ങളാല്‍ അവനെ പാടിപ്പുകഴ്ത്തട്ടെ.
4. കാരണം കര്‍ത്താവു തന്റെ ജനത്തില്‍ പ്രസാദിച്ചു;
അവന്‍ ദരിദ്രര്‍ക്കു രക്ഷ നല്‍കി.
5. നീതിമാന്മാര്‍ മഹത്വത്തില്‍ ശക്തിപ്പെടട്ടെ;
തങ്ങളുടെ കിടക്കകളില്‍വച്ച് അവര്‍ അവനെ സ്തുതിക്കട്ടെ
6. അവര്‍ ദൈവത്തെ തങ്ങളുടെ കണ്ഠാരവംകൊണ്ടു മഹത്വപ്പെടുത്തട്ടെ.
7. വിജാതീയരോടു പ്രതികാരം ചെയ്യാനും
ജനതകളെ ശിക്ഷിക്കാനും,
ഇരുമുനവാള്‍ അവരുടെ കയ്യില്‍ ഉണ്ടായിരിക്കട്ടെ.
8. രാജാക്കന്മാരെ ചങ്ങലകളാലും
പ്രധാനികളെ ഇരുമ്പുതുടലുകളാലും അവര്‍ ബന്ധിക്കട്ടെ.
9. എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേല്‍ നടത്തട്ടെ.
അവന്റെ നീതിമാന്മാര്‍ക്കെല്ലാം സ്തുതി ഉണ്ടായിരിക്കട്ടെ.

## സങ്കീര്‍ത്തനം 150

കര്‍ത്താവിനെ തന്റെ വിശുദ്ധസ്ഥലത്തു സ്തുതിക്കുവിന്‍
അവന്റെ ബലമേറിയ ആകാശത്തട്ടില്‍ അവനെ സ്തുതിക്കുവിന്‍.
2. അവന്റെ പ്രാബല്യത്തില്‍ അവനെ സ്തുതിക്കുവിന്‍
അവന്റെ മഹത്വത്തിന്റെ പെരുപ്പത്തിന് അനുസൃതമായി അവനെ സ്തുതിക്കുവിന്‍
3. കാഹളനാദത്താല്‍ അവനെ സ്തുതിക്കുവിന്‍
വീണയും കിന്നരവുംകൊണ്ട് അവനെ സ്തുതിക്കുവിന്‍.
4. തപ്പുകൊണ്ടും മദ്ദളങ്ങള്‍കൊണ്ടും അവനെ സ്തുതിക്കുവിന്‍
ഇമ്പമുള്ള തന്ത്രികളാല്‍ അവനെ സ്തുതിക്കുവിന്‍
5. നാദമുള്ള കൈത്താളങ്ങളാല്‍ അവനെ സ്തുതിക്കുവിന്‍
സ്വരത്താലും ആര്‍പ്പുവിളികളാലും അവനെ സ്തുതിക്കുവിന്‍
6. എല്ലാ ശ്വാസത്തിലും നമുക്ക് കര്‍ത്താവിനെ സ്തുതിക്കാം.